

എടവക ഗ്രാമപഞ്ചായത്ത്

# സമഗ്ര
# വികസന രേഖ '96

# കേരളം




● എടവക

137-5

അധികാരം ജനങ്ങളിലേക്ക്

# ഒമ്പതാം പദ്ധതി ജനകീയ പദ്ധതി
# എടവക ഗ്രാമപഞ്ചായത്ത്

## ഗ്രാമപഞ്ചായത്ത് വികസന സെമിനാർ
## സമഗ്ര വികസന രേഖ



വികസന സെമിനാർ – '96 ഡിസംബർ 5ന് വ്യാഴാഴ്ച

ദ്വാരക എ. യു. പി. സ്കൂളിൽ

# വയനാട് ജില്ല



# എടവക ഗ്രാമപഞ്ചായത്ത് - വാർഡുകൾ



*"ദരിദ്രരുടെ സ്വരാജ് എന്റെ ഭാവനയിലുള്ള സ്വരാജ്.*
*ഭീരുക്കൾക്കുള്ളതല്ല സ്വരാജ്.*
*തൂക്കുമരം പോലും കയറാൻ തയ്യാറുള്ളവർക്കേ*
*സ്വരാജിലെത്തിച്ചേരാൻ കഴിയൂ"*

**- മഹാത്മാഗാന്ധി**

❖❖

***എഡിറ്റർ***

ജോസ് പള്ളത്ത്

❖❖

***എഡിറ്റോറിയൽ ബോർഡ്***

കെ. ജെ മത്തായി
സി. ടി അബ്രാഹം മാസ്റ്റർ
രാജൻ കൊല്ലിയിൽ
ശശിമാസ്റ്റർ
വി. പി ബാലചന്ദ്രൻ മാസ്റ്റർ
ജസ്റ്റിൻ ബേബി

❖❖

***കവർ***

സണ്ണി ആർട്ടോൺ

❖❖

***പ്രിന്റിംഗ്***

ലൂക്കോസ് ബ്ലോക്സ്, കോഴിക്കോട്.

1. മുന്നുര.......................................................9
2. എടവക.......................................................10
3. സാമൂഹിക-സാംസ്കാരിക ചരിത്രം.......................................................11
4. ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം.......................................................17
5. സാമൂഹിക-സാമ്പത്തിക മേഖലകൾ
കൃഷിയും ജലസേചനവും.......................................................21
മൃഗസംരക്ഷണവും, മത്സ്യബന്ധനവും.......................................................36
കുടിവെള്ളവും പൊതുജന ആരോഗ്യവും.......................................................41
വിദ്യാഭ്യാസം.......................................................48
ഗതാഗതം, ഊർജ്ജം, മാർക്കറ്റ്.......................................................57
വ്യവസായം.......................................................72
പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമം.......................................................78
പാർപ്പിടവും സാമൂഹ്യക്ഷേമവും.......................................................84
സംസ്കാരം.......................................................91
വനിത.......................................................97
സഹകരണം.......................................................101
വിഭവസമാഹരണം.......................................................106
6. പിന്നുര.......................................................111
കോർടീം.......................................................112

# എടവക ഗ്രാമപഞ്ചായത്ത്

## ഭരണസമിതി



കെ. ജെ മത്തായി (പ്രസിഡന്റ്)



ബ്രാൻ പോക്കർ (വൈ. പ്രസി



രാജൻ കൊല്ലിയിൽ (ചെയർമാൻ, സ്റ്റാന്റിംഗ് കമ്മറ്റി)

### മുൻ പഞ്ചായത്ത് പ്രസിഡണ്ടുമാർ



ഇ. എം ശങ്കരൻ മാസ്റ്റർ



പി. കുഞ്ഞിരാമൻ നാ

### മെമ്പർമാർ

ഇ. എം ശങ്കരൻ മാസ്റ്റർ

മേരി ജോസ് പ്രകാശ്

കെ.എം ലില്ലിക്കുട്ടി ടീച്ചർ

ലീലാ കൃഷ്ണൻ

സിന്ധു കുഴിവേലി

ജസ്റ്റിൻ ബേബി

തോമസ് ഇല്ലിക്കൽ

തോമസ് വന്മേലിൽ

# മുന്നുര

ദേശീയവും അന്തർദേശീയവുമായ തലത്തിൽ വികസനത്തിലൂന്നി പ്രവർത്തിക്കുന്ന സംഘടനകളുടെയും പണ്ഡിതരുടെയും ശ്രദ്ധപിടിച്ചുപറ്റിയിട്ടുള്ള ഒന്നാണ് വികസനത്തിന്റെ കേരളീയ മാതൃക. ഒരു ജനതയുടെ ഭൗതിക പുരോഗതിയുടെ സൂചകങ്ങളായ സാക്ഷരത, പ്രതീക്ഷിത ആയുസ്സ്, താഴ്ന്ന ശിശു മരണനിരക്ക് എന്നിവയുടെ കാര്യത്തിൽ വികസിത രാഷ്ട്രങ്ങളെപ്പോലും പിൻതള്ളിക്കൊണ്ട് കേരളം മുന്നേറി. എന്നാൽ സ്ഥായിയായ വികസനത്തിന് അവശ്യം ഉണ്ടായിരിക്കേണ്ട ഉല്പാദന കാർഷികമേഖലകളിൽ നമുക്ക് മുരടിപ്പാണുണ്ടായത്. ഇതിന്റെ ഫലമായി സാമ്പത്തിക വളർച്ച നേടിയെടുക്കാനും സേവനങ്ങളുടെ പ്രയോജനം ജനസാമാന്യത്തിനാകെ എത്തിക്കാനും കഴിയാത്ത ഒരവസ്ഥ സംജാതമായി. വസ്തുനിഷ്ഠമായ ഈ സാഹചര്യം നിലനിൽക്കുമ്പോഴാണ്, 73, 74 ഭരണഘടനാഭേദഗതികൾ നിലവിൽ വരികയും പുതിയ പഞ്ചായത്ത് ഭരണസമിതികൾ ഉണ്ടാവുകയും ചെയ്തിരിക്കുന്നത്. ഭരണഘടനാഭേദഗതിയോടു കൂടി നിലവിൽ വന്നിരിക്കുന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതികൾക്ക് വിപുലമായ അധികാരങ്ങൾ നൽകാൻ സ്വാതന്ത്ര്യത്തിനുശേഷം 40 വർഷം കഴിഞ്ഞിട്ടാണെങ്കിലും കേന്ദ്രസംസ്ഥാന സർക്കാരുകൾ തയ്യാറായി.

മേൽ സൂചിപ്പിച്ച ഭേദഗതികളുടെ ഭാഗമായി നിലവിൽവന്ന നമ്മുടെ സംസ്ഥാനത്തിലെ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് 1997 ൽ ആരംഭിക്കുന്ന ഒമ്പതാം പഞ്ചവത്സര പദ്ധതിക്കാലത്ത് എന്തെന്ത് വികസന പ്രവർത്തനങ്ങളാണ് നടത്തേണ്ടതെന്ന് തീരുമാനിക്കാനുള്ള അവസരമാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ കൈവന്നിരിക്കുന്നത്. ഇക്കാലമത്രയും നമ്മുടെ രാജ്യത്ത് കേന്ദ്രീകൃതവും ഉദ്യോഗസ്ഥമേധാവിത്വപരവുമായിരുന്ന ആസൂത്രണപ്രക്രിയയാണ് നടന്നു വന്നിരുന്നത്. പദ്ധതികൾ നടപ്പാക്കേണ്ടുന്ന പ്രദേശത്തെ ജനങ്ങൾക്ക് അവ സംബന്ധിച്ച തീരുമാനങ്ങളിലോ നിർവ്വഹണത്തിലോ പങ്കുണ്ടായിരുന്നില്ല. ഇതുവരെ തുടർന്നു വന്നിരുന്ന ഈ സാമ്പ്രദായിക ആസൂത്രണ രീതി മാറ്റിമറിച്ച് ജനങ്ങൾക്കു കൂടി പങ്കാളിത്തം നൽകിക്കൊണ്ടുള്ള ആസൂത്രണ രീതി നടപ്പിൽ വരുത്താനുള്ള ധീരമായ കാൽവെയ്പാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ സംസ്ഥാന ഗവൺമെന്റും പ്ലാനിംഗ് ബോർഡും ചെയ്തിരിക്കുന്നത്.

നാടിന്റെ വികസന പ്രശ്നങ്ങൾ എന്താണെന്ന് കണ്ടെത്തലായിരുന്നു ജനകീയാസൂത്രണ പരിപാടിയുടെ ഒന്നാം ഘട്ടം. ഇതിനായി എടവക പഞ്ചായത്തിലെ പതിനൊന്ന് വാർഡുകളിലും സെപ്തംബർ 21 മുതൽ ഒക്ടോബർ 4 വരെയുള്ള ദിവസങ്ങളിൽ ഗ്രാമസഭകളിൽ പങ്കെടുക്കാൻ ജനങ്ങൾ കാണിച്ച ആവേശവും താല്പര്യവും യഥാർത്ഥ ജനാധിപത്യ സമ്പ്രദായത്തിൽ പങ്കാളികളാകുന്നതിന് ജനങ്ങൾക്കുള്ള അദമ്യമായ സന്തോഷം വെളിപ്പെടുത്തുന്നതായിരുന്നു. വികസന തുറകളിൽ നടപ്പാക്കേണ്ട പദ്ധതികളെക്കുറിച്ച് ഗ്രാമസഭകൾ തയ്യാറാക്കിയ വിവരങ്ങൾ ക്രോഡീകരിക്കാൻ ഗ്രാമപഞ്ചായത്ത് തലത്തിൽ 13 ഉപസമിതികൾ രൂപീകരിച്ചു. ഈ സമിതികളുടെ നേതൃത്വത്തിൽ പഞ്ചായത്തിൽ ഇതുവരെ നടപ്പാക്കിക്കൊണ്ടിരുന്ന പദ്ധതികളുടെ വികസനപ്രവർത്തനത്തെക്കുറിച്ച് മനസ്സിലാക്കുന്നതിനുവേണ്ടി പ്രഥമ, ദ്വിതീയ വിവര ശേഖരണം നടത്തുകയുണ്ടായി. കൂടാതെ പഞ്ചായത്തിന്റെ സാമൂഹ്യ സാംസ്കാരിക പശ്ചാത്തലങ്ങളെക്കുറിച്ച് പഠിക്കാൻ കാരണവൻമാരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു ചർച്ചയും നടത്തിയിരുന്നു. ഇങ്ങനെ ലഭിച്ച സ്ഥിതിവിവരക്കണക്കുകളുടെയും ഗ്രമസഭാറിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിലാണ് എടവക പഞ്ചായത്ത് ഗ്രമവികസന രേഖ തയ്യാറാക്കിയിരിക്കുന്നത്.

# എടവക

| | | |
|---|---|---|
| 1. ഉൾപ്പെടുന്ന വില്ലേജുകൾ | : | എടവക.നല്ലൂർനാട് |
| 2. ബ്ളോക്ക് പഞ്ചായത്ത് ഡിവിഷൻ | : | എടവക. |
| 3. ബ്ളോക്ക് പഞ്ചായത്ത് | : | മാനന്തവാടി |
| 4. ജില്ലാപഞ്ചായത്ത് ഡിവിഷൻ | : | തൊണ്ടർനാട് |
| 5. താലൂക്ക് | : | മാനന്തവാടി |
| 6. അസംബ്ളി മണ്ഡലം | : | വടക്കേ വയനാട് |
| 7. വിസ്തീർണ്ണം | : | 47.26 squ.kms |
| 8. അതിരുകൾ | : | വടക്ക് :മാനന്തവാടിപ്പുഴ (തവിഞ്ഞാൽ, മാനന്തവാടി പഞ്ചായത്തുകൾ)<br>കിഴക്ക്: പനമരം പഞ്ചായത്ത്<br>തെക്ക് : വെള്ളമുണ്ട പഞ്ചായത്ത്<br>പടിഞ്ഞാറ് : തെണ്ടർനാട് പഞ്ചായത്ത് |
| 9. ജനസംഖ്യ | : | 24746 |
| 10. പുരുഷൻ | : | 12494 |
| 11. സ്ത്രീകൾ | : | 12252 |
| 12. ജനസാന്ദ്രത | : | 524 |
| 13. അക്ഷരാഭ്യസമുള്ളവർ | : | 21986 |
| 14. വാർഡുകൾ | : | 11 |
| 15. പ്രസിഡണ്ടിന്റെ പേര് | : | കെ.ജെ. മത്തായി |
| 16. വൈസ് പ്രസിഡണ്ടിന്റെ പേര് | : | ബ്രാൻ പോക്കർ |
| 17. സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ | : | രാജൻ കൊല്ലിയിൽ |



# സാമൂഹിക - സാംസ്കാരിക ചരിത്രം

**എ**ടവകയുടെ ചരിത്രപശ്ചാത്തലങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ അത് വയനാടിന്റെ ചരിത്രവുമായി കെട്ടുപിണഞ്ഞുകിടക്കുന്നതു തന്നെ എന്ന് മനസ്സിലാക്കാം. ഡക്കാൻ പീഠഭൂമിയുടെ ഭാഗവും ദക്ഷിണകർണ്ണാടകത്തിന്റെ കാലാവസ്ഥയും ഈ ഭൂവിഭാഗത്തെ തികച്ചും പ്രത്യേകതയുള്ളതാക്കി ത്തീർക്കുന്നു. ഒരു കുടിയേറ്റ ചരിത്രകഥനം കൊണ്ടു മാത്രം ഈ മണ്ണിന്റെ കഥതീരില്ല. ചരിത്രാതീത കാലത്തു തന്നെ ഇവിടെ ജനവാസവും തനത് സംസ്കാരവും ഉണ്ടെന്ന് മനസ്സിലാക്കാം.

എടക്കൽ ഗുഹയും അവിടെ കണ്ടെത്തുന്ന ശിലാലിഖിതങ്ങളും അതി പുരാതനകാലത്തെ മനുഷ്യനിർമ്മിതികളുടെ കഥകളാണ് വിളിച്ചു പറയുന്നത്. ഇത് ഒറ്റപ്പെട്ട മനുഷ്യജീവിതത്തിന്റെ കുറിമാനങ്ങളാണെന്നുമാത്രം കരുതുക വയ്യ.

ഇന്ത്യയുടെ മറ്റുഭാഗങ്ങളിലെന്നതു പോലെ ഒരു കാലത്ത് വയനാട്ടിലും ജൈനൻമാർ തിങ്ങിതാമസിച്ചിരുന്നു. ഗണപതിവട്ടം എന്നറിയപ്പെട്ടിരുന്ന സുൽത്താൻ ബത്തേരിയും കൽബട്ട എന്നറിയപ്പെട്ടിരുന്ന കൽപറ്റയും കണിയാംപേട്ട എന്നറിയപ്പെട്ടിരുന്ന കണിയാംപറ്റയും അവിടെ കാണുന്ന ജൈനമത ക്ഷേത്രങ്ങളും കുടുംബങ്ങളും മറ്റൊന്നല്ലല്ലോ വിളിച്ചോതുന്നത്.

എടവക പഞ്ചായത്തിൽ പാണ്ടിക്കടവിനോടു ചേർന്നുള്ള പ്രദേശത്ത് ജൈനൻമാർ തിങ്ങിതാമസിച്ചിരുന്നു എന്നതിന് തെളിവുകളുണ്ട്. തരകനങ്ങാടി എന്ന് പ്രസിദ്ധിപ്പെട്ടിരുന്ന ഈ പ്രദേശത്ത് ഇന്ന് രണ്ട് ജൈനകുടുംബങ്ങൾ മാത്രമേയുള്ളൂ.

തരകൻ എന്ന പേര് അന്നത്തെ സർക്കാരിന്റെ റവന്യൂ ഉദ്യോഗസ്ഥരെ വിളിച്ചിരുന്ന പേരാണ്. അത് പിന്നീട് പാരമ്പര്യമായി ഉപയോഗിച്ചു പോന്നു. ഇവിടെ ഇപ്പോൾ പുനരുദ്ധാരണം കഴിച്ച ഒരു ജൈന ക്ഷേത്രം സ്ഥിതിചെയ്യുന്നുണ്ട്.

ആയുർ വേദ വൈദ്യശാസ്ത്രത്തിൽ നിക്ഷ്ണാതരായ പലവൈദ്യൻമാരും ജൈനൻമാരുടെ കാലത്ത് അവിടെ ഉണ്ടായിരുന്നു. അങ്ങാടി മരുന്നുകൾ സുലഭമായി ലഭിച്ചിരുന്നതിനാൽ അവിടെ തരകനങ്ങാടി എന്ന് പ്രസദ്ധിപ്പെട്ടു. പള്ളിക്കൽ 'അങ്ങാടിയും' ഇപ്രകാരം സ്മർത്തവ്യമാണ്.

പള്ളി എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ആധ്യാത്മിക ഉപദേശം, വിദ്യാഭ്യാസം, രാജശാസനങ്ങൾ, നാടുവാഴികളുടെ വിളംബരങ്ങൾ മുതലായവ നൽകിയിരുന്ന സ്ഥലമെന്നാണ്. പള്ളിചേർന്നുള്ള സ്ഥലനാമങ്ങൾ വരുന്ന സ്ഥലങ്ങളിലെല്ലാം മേൽപറഞ്ഞ പള്ളികൾ ഉണ്ടായിരുന്നു എന്നു വേണം അനുമാനിക്കാൻ. പാണ്ടിക്കടവിന് സമീപം കാണുന്ന പള്ളിയറക്കൽ ക്ഷേത്രത്തിനും ഇത്തരമൊരു കഥപറയാനുണ്ടത്രേ!.

തമിഴ് കൃതികളിൽ കാണുന്ന കണ്ണകിയുടെ കഥകളുമായി പള്ളിയറക്ഷേത്രത്തിനു ബന്ധമുണ്ട്. കൊടുങ്ങല്ലൂരിൽ കണ്ണകി ഭക്തന്മാർ നടത്തിവരാറുണ്ടായിരുന്ന ഉത്സവത്തിൽ പങ്കെടുക്കാൻ പോയ

ഏതോ ഒരു ഭക്തൻ അവിടെനിന്നും കൊണ്ടുവന്ന ഒരു വാൾ ഇവിടെ പള്ളിയോടു ചേർന്ന് അറ നിർമ്മിച്ച് അതിൽ പ്രതിഷ്ഠിച്ചതിനാൽ ഈ പള്ളി പിന്നീട് പള്ളിയറ എന്നപേരിൽ അറിയപ്പെട്ടു.

കോട്ടയം രാജാക്കന്മാർ വയനാടിനെ ആക്രമിക്കുന്നതു വരെ ഇവിടെ ഉണ്ടായിരുന്ന സംസാര ഭാഷ കർണ്ണാടകമായിരുന്നു. വയനാട്ടിൽത്തന്നെ പലരാജാക്കന്മാർ അധികാരങ്ങൾ കൈയ്യാളി. അവരിൽ പ്രബലൻ 'ബട്ടത് ദ്വരൈ' എന്ന് സംബോധന ചെയ്യപ്പെട്ടിരുന്ന 'ബേഡ'രാജാവായിരുന്നു.

കോട്ടയം രാജാക്കന്മാർ വയനാടിനെ ആക്രമിച്ച് ബേഡരാജാവിനെ വധിച്ചു. കീഴ്പ്പെടാൻ കൂട്ടാക്കാതിരുന്ന ജൈനന്മാരിൽ വലിയൊരു ഭാഗം കർണ്ണാടകത്തിലേക്കു പാലായനം ചെയ്തു. മറ്റു ചിലർ കാടുകയറി. എതിർത്തുനിന്നവർ വധിക്കപ്പെട്ടു. കാടുകയറിയവരിൽ ചിലർ കാലങ്ങൾക്കു ശേഷം നാട്ടിൻ പുറങ്ങളിലേക്ക് വന്ന് പണികൾ ചെയ്ത് ഉപജീവനം കഴിച്ചുപോന്നു. അവരാണ് പണിയരുടെ പൂർവ്വികരെന്ന് വിശ്വസിച്ചു പോരുന്നു. പണിയരുടെ ഭാഷയിൽ കാണുന്ന കർണ്ണാടക സ്വാധീനം ഇതിന് കൂടുതൽ ഊന്നൽ നൽകുന്നു. അതുപോലെ തന്നെ ഒരു സംസ്ക്കാര വിശേഷത്തിനും രൂപം നൽകാൻ കഴിയാതെ അവരിന്നും 'പണിയാള'രായിത്തന്നെ നിലനിന്നു പോരുന്നു. കാടുകയറിയവരിൽ തിരിച്ചു നാട്ടിൻ പുറങ്ങളിലേക്കു വരാതെ കാട്ടിൽ തന്നെ കഴിഞ്ഞുകൂടിയവരാണ് കുറുമരും അടിയാൻമാരും മറ്റും. ജീവരക്ഷാർത്ഥം ബ്രഹ്മസൂരി എന്ന ജൈനൻ പള്ളിയറ ക്ഷേത്രത്തിൽ സൂക്ഷിച്ചിരുന്ന വാൾ തൃപ്പാദങ്ങളിൽ അർപ്പിച്ച് തൊഴുത് അഭയം യാചിച്ചു. ആ വാൾ സ്വന്തം ഗൃഹത്തിൽ സൂക്ഷിച്ച് പൂജാദികൾ അനുഷ്ഠിക്കണമെന്ന് രാജാവ് കല്പനയായി. പാരമ്പര്യമായി വാൾ കൈമാറി പൂജിച്ചുവരുന്ന ഒരു ജൈന കുടുംബം ഇപ്പോൾ പാണ്ടിക്കടവിൽ താമസിക്കുന്നുണ്ട്. ഈ വാൾ വള്ളൂർക്കാവിലേക്ക് എഴുന്നള്ളിച്ച് കൊണ്ടുപോകാറുണ്ട്. വള്ളൂർക്കാവിലേക്കുള്ള ഒപ്പനക്കോപ്പുകൾ കല്ലോടിക്കടുത്തുള്ള ചേരംകോട് ക്ഷേത്രത്തിൽ നിന്നാണ് എഴുന്നള്ളിക്കാറുള്ളത്.

1500 ാം മാണ്ട് കണ്ണൂരിനടുത്തുള്ള ചൊവ്വ എന്നസ്ഥലത്ത് താമസിച്ചിരുന്ന ആഴ്വാഞ്ചേരി നമ്പ്യാൻമാർ തെറ്റിപ്പിരിഞ്ഞ്വയവയാനാടുകേറി എടവക വില്ലേജിലെത്തി അവർ താമസിക്കുന്ന സ്ഥലത്തിന് പുറപ്പെട്ടു വന്ന സ്ഥലത്തിന്റെ പേരായ 'ചൊവ്വ'എന്ന് നാമകരണവും നടത്തി. അവിടെ അവരുടെ കുടുംബദേവതമാരെ പ്രതിഷ്ഠിച്ചുകൊണ്ടുള്ള ഒരു ക്ഷേത്രം നിർമ്മിക്കുകയും ചെയ്തു. അത് ഇന്നും അവിടെ നിലനിൽക്കുന്നു.

കന്നുകാലികളും വിവിധ ഇനം നെല്ലുമായിരുന്നു വയനാട്ടിലെ ധനാഗമ മാർഗ്ഗം. ഇവിടെ സുലഭമായിരുന്ന ഗന്ധകശാലപോലുള്ള നെല്ലും പശുവിനെയും ശേഖരിക്കുന്നതിന് നാദാപുരം കുറ്റ്യാടി തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും കച്ചവടക്കാർ ഇവിടെ വരികയും പകരമായി വെളിച്ചെണ്ണ തേങ്ങ പുകയില മുതലായവ കൈമാറുകയും ചെയ്തിരുന്നു. ഇവർ സ്വാർത്ഥവാഹക വാണിക്കുകളായിരുന്നു. കച്ചവടക്കാരിൽ മുസ്ളീംങ്ങളും മറ്റു മതസ്തരുമുണ്ടായിരുന്നു. അവരിൽ പലരും കോറോത്ത് താമസം തുടങ്ങി. പ്രസിദ്ധരായ വൈദ്യൻമാർ അവിടെ താമസിച്ച് ചികിത്സ നടത്തിയിരുന്നതിനാലാണ് അവിടം കോറോത്ത് 'അങ്ങാടി' ആയത്. എടവക പഞ്ചായത്ത് ഉൾക്കൊള്ളുന്ന പലസ്ഥലങ്ങളിൽ നിന്നും ചികിത്സക്കായി ആൾക്കാർ കോറോത്ത് അങ്ങാടിയിൽ പോയിരുന്നു. ഇന്ന് കാണുന്ന പള്ളിക്കലിനടുത്ത് താമസിച്ചിരുന്ന ഏതോഹൈന്ദവ കുടുംബത്തിൽ ചികിത്സക്കായി വന്നശൈഖ് ശാഹുൽ മുർതളയാണ് പള്ളിക്കലിൽ ആദ്യംതാമസമാക്കിയ മുസ്ളീം. ഇദ്ദേഹം ഒരു സിദ്ധനായിരുന്നു എന്നും വിശ്വസിച്ചുവരുന്നു. മേൽപ്രസ്താവിച്ച കുടുംബത്തിലെ രോഗിയായിരുന്ന പെൺകുട്ടിയുടെ രോഗം സുഖപ്പെടുത്തിയതിനാൽ കുട്ടിയുടെ പിതാവ് സന്തോഷിച്ച് ശൈഖിന് സമ്മാനിച്ചതാണത്രേ കല്യാണത്തും പള്ളി ഇരിക്കുന്ന സ്ഥലവും മറ്റും. കുട്ടിയുടെ പേര് കല്യാണി എന്നായിരുന്നതിനാലാണത്രേ പള്ളിക്ക് കല്യാണത്തും പള്ളി എന്നു പേരിടാൻ കാരണം. 1626ൽ ഇന്ന് കാണുന്ന കല്യാണത്തും പള്ളി നിർമ്മിക്കുന്നതിന് ശ്രമം ആരംഭിച്ചു. ഹൈന്ദവ ക്ഷേത്ര മാതൃകയിലാണ് ഈ പള്ളി നിർമ്മിക്കപ്പെട്ടിരിക്കുന്നത്.

ഒരു പക്ഷേ പേർഷ്യൻ ശില്പകലയോ അറേബ്യൻ ഗുഹാനിർമ്മാണ ചാതുരിയോ അന്ന് ഇവിടെ നിലവിലില്ലാതിരുന്നതിനാലായിരിക്കാം പള്ളിയുടെ കേടുപാടുകൾ തീർത്തും സ്വത്തുക്കൾ സംരക്ഷിച്ചും

നടത്തുന്നതിന് കുറുവംമ്പത്ത് ചെക്കോൻ കാക്ക എന്നൊരാളെ ചുമതലപ്പെടുത്തിയിരുന്നതായും കാണുന്നു. ഇന്ന് പള്ളിക്കലിൽ കാണുന്ന പല മുസ്ളീം തറവാടുകളിലെയും പൂർവ്വികൻമാർ നാദാപുരം കുറ്റ്യാടിഭാഗങ്ങളിൽ നിന്നും കുടിയേറിവരാണ്. ലോഗൻ സായിപ്പിന്റെ മലബാർ മാന്വലിൽ കുറ്റ്യാടി പക്രന്തളം മാനന്തവാടി റോഡ്പരാമർശിക്കപ്പെട്ടിട്ടുണ്ട്. ഈ വഴി നടന്നുവന്നാണ് ഇവർ വയനാടൻ മണ്ണിൽ പാർപ്പുറപ്പിച്ചിരുന്നത്.

ഹൈദറിന്റെയും ടിപ്പുവിന്റെയും പടയോട്ടക്കാലത്ത് എല്ലാം നഷ്ടപ്പെട്ട് ബന്ധുജനങ്ങളുടെ ആശ്രയം തേടിയെത്തിയവരാണ് ഇന്ന് പയിങ്ങാട്ടരിയിലുള്ള ബ്രാഹ്മണ സമൂഹം. അവരുടെ പൂർവ്വികൻമാരിൽ ചിലർകോട്ടയം തമ്പുരാക്കാന്മാരുടെ കൽപന പ്രകാരം പൂജാജി കാര്യങ്ങൾക്കായി തഞ്ചാവൂരിൽ നിന്നും പാലക്കാടുനിന്നും കൊണ്ടുവരപ്പെട്ട തമിഴ് ബ്രാഹ്മരാണ്. അഗ്രഹാരത്ത് ഒരു തെലുങ്ക് ബ്രാഹ്മണ കുടുംബവും താമസിച്ചുവരുന്നുണ്ട്.

കോട്ടയം തമ്പുരാക്കൻമാരുടെ പടനായകൻമാരെ വയനാട്ടിൽ പലയിടത്തും കുടിയിരുത്തി ഭൂമിയുടെ ജന്മികളും സംരക്ഷകരുമായി നിയമിച്ചു. നാടുവാഴികളെയും ദേശവാഴികളേയും കൽപിച്ചു വാഴിച്ചു. ഈ കാലഘട്ടം വരെയും ഈ പഞ്ചായത്തുൾക്കൊള്ളുന്ന സ്ഥലത്ത് താമസത്തിനെത്തുന്നവർ അവർക്കിഷ്ടമുള്ള സ്ഥലങ്ങളിൽ യഥേഷ്ടം പാർക്കുകയായിരുന്നു. ഈ കാലഘട്ടം മുതലാണ് വയനാട്ടിൽ ജന്മികുടിയാൻ വ്യവസ്ഥ നിലവിൽ വന്നത്. കോട്ടയം തമ്പുരാക്കൻമാരുടെ യോദ്ധാക്കളായി വയനാട്ടിൽ എത്തിയവരായിരുന്നു കുറിച്യർ. ബ്രിട്ടീഷുകാരെ കിടുകിടാവിറപ്പിച്ച പഴശ്ശിപ്പടയുടെ ഗറില്ലായുദ്ധതന്ത്രങ്ങളുടെ സൂത്രധാരൻമാരായിരുന്നു കുറിച്യർ. അവർക്കുണ്ടായിരുന്ന തനതായ ജീവിത ശൈലി ഇന്നും ഇവർ കൈവിടാതെ കാത്തുപോരുന്നുണ്ട്.

പഴശ്ശിരാജാവിന്റെ പടനായകരിൽ പ്രധാനിയായിരുന്നു ഇടച്ചന കുങ്കൻ. ആദ്ദേഹത്തിന്റെ വീട് സ്ഥിതി ചെയ്തിരുന്നത് എടച്ചനദേശത്ത് കല്ലോടിക്കടുത്താണ്. എടച്ചനദേശത്തിന്റെ ഊരാളനും ജന്മിയും കുങ്കനായിരുന്നു. പഴശ്ശിയുടെ വീരചരമത്തിനുശേഷം പഴശ്ശിപ്പട വയനാട്ടിൽ ചിതറിക്കപ്പെട്ടു. കുങ്കനെ വധിച്ചു. കലികയറിയ വെള്ളക്കാർ പ്രതികാരത്തിനായി അദ്ദേഹത്തിന്റെ സ്വത്തുക്കൾ കണ്ടുകെട്ടുകയും ഭൂമി റവന്യൂ ആക്കി മാറ്റുകയും ചെയ്തു. കുങ്കന് സ്മാരകം നിർമ്മിക്കാൻ പഞ്ചായത്ത് ബാധ്യസ്ഥമാണ്.

കുറിച്യർ പ്രത്യേക ആചാരാനുഷ്ഠാനങ്ങളോടെ പൗരാണിക കാലത്ത് നടത്തിവന്നിരുന്ന ഉത്സവമാണ് 'തോണിച്ചാൽ തിറ'. പ്രകൃത്യാരാധനയാണ് ഇതിൽ അടങ്ങയിരിക്കുന്ന അന്ത:സത്ത. ഇതിന്റെ സംരക്ഷണചുമതലയും ഊരായ്മയും കരിങ്ങാരി നായൻമാർക്കാണ്. കോട്ടയം തമ്പുരാക്കൻമാരിൽ വയനാടുമായി ആത്മബന്ധം പുലർത്തിയിരുന്നത് പഴശ്ശിരാജാവായിരുന്നു. അദ്ദേഹം പാണ്ടിക്കടവിൽ കൊട്ടാരം നിർമ്മിച്ച് താമസിച്ചിരുന്നു. അതിന്റെ അവശിഷ്ടങ്ങൾ ഇന്നും അവിടെ ദൃശ്യമാണ്.

ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൽ വിലപ്പെട്ട സേവനങ്ങൾ അനുഷ്ഠിച്ചിട്ടുള്ള വ്യക്തി ഇവിടെ ഉണ്ടായിരുന്നു. അവരിൽ പ്രമുഖനായിരുന്ന വി.എ.കുഞ്ഞിരാമൻ നമ്പ്യാരുടെ നേതൃത്വത്തിൽ അയിലമൂല ആരംഭിച്ച വിദ്യാലയമാണ് 'നാഷണൽ' എൽ.പി.സ്കൂൾ. പേരിലെ ദേശീയത പ്രത്യേകം ശ്രദ്ധേയമാണ്. സ്വാതന്ത്ര്യ സമരത്തോട് ബന്ധപ്പെട്ട് പള്ളിക്കലിലെ വാലിയാടൻ അമ്മത് എന്നൊരാളുടെ പേരും പരാമർശിക്കപ്പെടുന്നുണ്ട്.

1940 കാലഘട്ടമാവുമ്പോഴേയ്ക്കും മധ്യതിരുവിതാംകൂറിൽ നിന്നുള്ള കുടിയേറ്റം ആരംഭിച്ചു. പാലാ, മൂവാറ്റുപുഴ, കൂത്താട്ടുകുളം തുടങ്ങിയ പ്രദേശങ്ങളിൽ നിന്നുമുള്ളവരായിരുന്നു അധികകൂറും. രണ്ടാം ലോക മഹായുദ്ധത്തെതുടർന്നുള്ള ഭക്ഷ്യക്ഷാമവും ജനസംഖ്യാ വിസ്ഫോടനവുമാണ് ഇതിനുകാരണം. കോഴിക്കോട്ടുനിന്നും തലശ്ശേരിയിൽ നിന്നും ബസ്സിനാണ് ഇവർ എത്തിയിരുന്നത്. ഇന്ന് കാണുന്ന മാനന്തവാടി കോഴിക്കോട് റോഡ് എടവക പഞ്ചായത്തിന്റെ ഹൃദയഭാഗത്തുകൂടി അന്നും ഉണ്ടായിരുന്നു. കൊടിയ തണുപ്പ്, പെരുമഴ, വള്ളപ്പൊക്കം, വേനൽ, ഇടതൂർന്ന കാടുകൾ, മലമ്പനി,

രക്തദാഹികളായ ക്ഷുദ്രജീവികൾ ഇവയെല്ലാം കുടിയേറ്റക്കാരെ കൂടുതൽ സാഹസികരാക്കി. കല്ലോടിയിൽ ആദ്യമായി എത്തിയ കുടിയേറ്റക്കാരൻ വെട്ടിയാങ്കൽ മത്തായിയാണ്. അദ്ദേഹം മാനന്തവാടിയിൽ എത്തിയ കുടിയേറ്റക്കാരെ എടവക എടച്ചന ദേശങ്ങളിലേക്ക് ക്ഷണിച്ചു. എടച്ചന റവന്യൂഭൂമിയായിരുന്നതിനാൽ പണം കൊടുക്കാതെ ഭൂമി വെട്ടിപ്പിടിക്കുകയായിരുന്നു കർഷകർ.

കുടിയേറ്റക്കാരുടെ കഠിനപ്രയത്നം ഒന്നുമാത്രമാണ് പഞ്ചായത്തിനെ ഇന്നു കാണുന്ന വികസനത്തിന്റെ പാതയിലെത്തിച്ചത്. അവർക്ക് സമർത്ഥമായ നേതൃത്വം നൽകിയ ക്രൈസ്തവ പുരോഹിതരിൽ ഫാ: തോമസ്കളം, ഫാ:ലൂക്കോസ് പൂണ്ടിക്കുളം, ഫാ:ജോസഫ് മേമന എന്നിവരുടെ പേരുകൾ പ്രത്യേകമായി സ്മരിക്കുന്നു. എടവക പഞ്ചായത്തിലെ റോഡുകളുടെ മൺപണികൾ തീർത്ത് സഞ്ചാരയോഗ്യമാക്കിയത് ശ്രമദാനയജ്ഞങ്ങൾ നടത്തിയ കുടിയേറ്റക്കാരാണ്. എടവക പഞ്ചാത്തിലെ ഏറ്റവും പ്രധാന റോഡായ മാനന്തവാടി കണ്ടോത്തു വയൽ റോഡ് ഒറ്റ ദിവസം പതിനായിരം ആൾക്കാരുടെ ശ്രമദാന യജ്ഞത്തിലൂടെ ഉണ്ടായിട്ടുള്ളതാണ്. കമ്മനയിലും ഇത്തരം ഉദാഹരണങ്ങൾ ഉണ്ടായിട്ടുണ്ട്.

എടവകയുടെ കാർഷികവും സാമ്പത്തികവുമായ പുരോഗതിയിൽ കുടിയേറ്റക്കാരുടെ പങ്ക് നിർണ്ണായകമാണ്. ആദ്യകാലത്ത് കപ്പയും നെല്ലും തെരുവയും ആയിരുന്നു പ്രധാന കൃഷി എന്നാൽ ഇന്ന് തെങ്ങ്, കവുങ്ങ്, കാപ്പി, കുരുമുളക്, റബ്ബർ എന്നിങ്ങനെയുള്ള നാണ്യവിളകൾകൊണ്ട് സമൃദ്ധമാണ് കുന്നിൻ ചെരിവുകൾ. പാടങ്ങളിൽ കമ്മന ഭാഗംഒഴിച്ചാൽ വാഴക്കൃഷിയാണ് പ്രധാനം കാപ്പിയുടെ സ്വതന്ത്ര വിപണിയും വാഴക്കൃഷിയും പഞ്ചായത്തിലെ കൃഷിക്കാരുടെ സാമ്പത്തികനില മെച്ചപ്പെടുത്തിയിട്ടുണ്ട്. കുരുമുളക് ചെടിക്ക് രോഗം പിടിച്ച് നശിച്ച് കൊണ്ടിരിക്കുന്ന അവസ്ഥയാണുള്ളത്. ചെറുകിട ചായത്തോട്ടങ്ങളും അങ്ങിങ്ങായി പച്ചപിടിച്ചുവരുന്നുണ്ട്.

എടവക നിവാസികൾക്ക് മുഴുവൻ അഭിമാനകരമാം വിധം ഇവിടുത്തെ കർഷകർ ഉൽപാദിപ്പിച്ചെടുത്ത 'എടവക'നെൽവിത്ത് കേരളത്തിലെ വയലേലകൾക്ക് റാണിയാണ്. പ്രതിരോധശേഷിയിലും അത്യുല്പാദനത്തിലും കിടയറ്റത് എന്ന് കൃഷി ശാസ്ത്രജ്ഞൻമാരുടെ അംഗീകാരവും ഇതിനുണ്ട്.

എല്ലാ പാടങ്ങളുടെയും ആരംഭത്തിൽ പണ്ട് ചിറകളോ കുളങ്ങളോ ഉണ്ടായിരുന്നു. അവയെല്ലാം നികത്തി ഇപ്പോൾ കൃഷിയിറിക്കിയിരിക്കുകയാണ്. പാടങ്ങളിൽ വലിയൊരു ഭാഗം ചതുപ്പായിരുന്നു എന്നുള്ള കാര്യം ഇന്നുള്ളവർ വിശ്വസിക്കുമോ ആവോ? അശാസ്ത്രീയമായ കൃഷിരീതിയും ക്രമാതീതമായ നീർവാർച്ച ഉണ്ടാക്കുന്നതിനാൽ ജല ലഭ്യത ഒരു വലിയ പ്രശ്നമാണ്. വാളേരി മുതൽ കമ്മന വരെ 20കി.മീ. നീളം വരുന്ന മാനന്തവാടിപ്പുഴയോരം പഞ്ചായത്തിന് ഒരു മുതൽ കൂട്ടാണ്. തിങ്ങിനിറഞ്ഞ മരക്കൂട്ടങ്ങൾകൊണ്ടും മുളങ്കാടുകൾ കൊണ്ടും മനോഹരമായ പുഴയുടെ തീരങ്ങൾ ഊഷരമാക്കപ്പെട്ടിരിക്കുന്നു. യാതൊരു വിവേചനവും കൂടാതെ മണൽ വാരുന്നതിനാൽ തീരങ്ങൾ ഇടിഞ്ഞു ആഴം കൂടിയും ഭൂഗർഭ ജലത്തിന്റെ വിതാനം താണുകൊണ്ടുമിരിക്കുന്നു.

വിദ്യഭ്യാസ കാര്യങ്ങൾക്കായി പള്ളിക്കലും പയിങ്ങാട്ടരിയിലും രണ്ട് എൽ.പി.സ്കൂളുകളേ പണ്ട് ഉണ്ടായിരുന്നുള്ളൂ. എന്നിട്ടും വയനാടിന് ആദ്യത്തെ ഡോക്ടറെസംഭാവന ചെയ്തത് നമ്മുടെ പഞ്ചായത്താണ്. എള്ളുമന്ദം സ്വദേശിയായ ഡോ.പി.നാരായണൻ നായർ (MBBS, DCH). കുടിയേറ്റമേഖലയായ കല്ലോടിയിൽ ഇന്ന് ഒരു യൂ.പി.സ്കൂളും ഹൈസ്കുളും ഉണ്ട്. വാളേരിയിൽ ഗവ.യു.പി.സ്കൂളും ഉണ്ട്. എള്ളുമന്ദത്തും പാണ്ടിക്കടവിലും ഒരു യു.പി. സ്കൂളും എൽ.പി.സ്കൂളും പ്രവർത്തിച്ചുവരുന്നുണ്ട്. മാനന്തവാടി ഗവ:കോളേജ്, ബി.എഡ് സെന്റർ എന്നിവ ഈ പഞ്ചായത്തിലെ തോണിച്ചാലിലാണ് സ്ഥിതിചെയ്യുന്നത്. പട്ടിക ജാതി പട്ടികവർഗ്ഗക്കാർക്കായുള്ള സംസ്ഥാനത്തെ രണ്ട് റസിഡൻഷ്യൽ സ്കൂളുകളിൽ ഒന്ന് ഈ പഞ്ചായത്തിലാണ്. കൂടാതെ പുതിയിടം കുന്നിലും കമ്മനയിലും ഓരോ എൽ.പി.സ്കൂളും ഉണ്ട്.

കല്ലോടി പള്ളിയിലെ പരിശുദ്ധ കന്യാ മറിയത്തിന്റെ തിരുനാൾ, തോണിച്ചാൽ തിറ, ചൊവ്വ അമ്പലത്തിലെ ഉത്സവം, അമ്പലവയൽ തിറ, ശൈഖ് ശാഹുൽ മുർതളാ മഖാം ഉറൂസ്, കരിമ്പിൻ ചാൽ തിറ എന്നിവയാണ് പ്രധാനഉത്സവങ്ങളും മതചടങ്ങുകളും.

സ്ഥലനാമങ്ങളെക്കുറിച്ച് ചിന്തിക്കുന്നതും രസകരമായിരിക്കും. എടവക എന്ന പേര് മന്ദിരത്തെ ആസ്പദമാക്കി ലഭച്ചതാണ് വളക്കൂറുകൊണ്ടും മണൽപറ്റുകൊണ്ടും മേൽവകയുമല്ല കീഴ്വകയുമല്ല ഇടവകയാണത്രേ. അങ്ങനെ 'എടവക'ആയി. നല്ലൂർനാട് നല്ലവർനാടായിരുന്നു. തോണിയുടെ ആകൃതി ഭൂപ്രകൃതിയിൽ ദർശിക്കാൻ സാധിക്കുന്ന നാട് തോണിച്ചാലായി. അതിപുരാതനകാലത്തു തന്നെ കല്ലോടിക്കടുത്ത് 'ചോരൻകുന്ന്' എന്നു പേരുള്ള ഒരു കുന്നുണ്ട്. ഇത് മാനന്തവാടി പക്രന്തളം റോഡുവക്കത്താണ്. അവിടെ വച്ച് സാധാരണയായി കൊള്ളക്കാർ യാത്രാക്കാരെ കൊള്ളയടിച്ചിരുന്നു. ഇതിനടുത്ത സ്ഥലത്തെത്തുമ്പോൾ യാത്രക്കാർ മുണ്ടുംഭാണ്ഡവും മുറുക്കി വേണ്ടിവന്നാൽ കൊള്ളക്കാരെ നേരിടാൻ ആയുധമായി കല്ലുകൾ എടുത്ത് ഭയപ്പാടോടെ ചോരൻകുന്ന് കടക്കാൻ ഓട്ടമാരംഭിക്കും അങ്ങനെ കല്ലെടുത്ത് ഓടുന്ന സ്ഥലമാണത്രെ കല്ലോടി. ദ്വാരക യു.പി. സ്കൂൾ സ്ഥാപിച്ച സി.കെ.നാരായണൻ നായരുടെ വസതിയുടെ പേരായിരുന്നു ദ്വാരക. പുലികൾ യഥേഷ്ടം വിഹരിച്ചിരുന്ന നാടാണ് പുലിക്കാട്.

അവിടെ അടുത്തായി ബംഗ്ളാവ്കുന്ന് എന്നറിയപ്പെടുന്ന സ്ഥലവുമുണ്ട്. സായിപ്പൻമാർ ഇവിടെ കല്ലുകൊണ്ട് വീടുണ്ടാക്കി താമസിച്ചിരുന്നുവത്രെ. ആ 'കൽമന'യാണ് കമ്മന.

ജനങ്ങളിലധികവും കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. ഇവരിൽ അധികവും ചെറുകിട കർഷകരു കർഷകത്തൊഴിലാളികളുമാണ്. വ്യവസായ സംരംഭങ്ങളൊന്നും തന്നെ ഇവിടെയില്ല. വയനാട്ടിലെ തന്നെ പ്രധാനപ്പെട്ട കന്നുകാലിച്ചന്തകളിലൊന്ന് എടവക പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ പാണ്ടിക്കടവിലുള്ളതാണ്.

സാക്ഷരതയിലും വിദ്യാഭ്യാസത്തിലും ജനത മുൻനിരയിലെത്തിയിട്ടുണ്ടെങ്കിലും 35 വയസ്സിനു മേൽ പ്രായമുള്ളവരിൽ SSLC വരെ വിദ്യാഭ്യാസമുള്ളവരുടെ സംഖ്യ കുറയും. ഇന്ന് അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ ഒരു മുഖ്യപ്രശ്നമാണ്.

വയനാടിന്റെ കാലാവസ്ഥ തകിടം മറിയുന്നതിനനുസരിച്ച് പഞ്ചായത്തിലും അതിന്റെ പ്രതിഫലനങ്ങൾ ഉണ്ടാവുന്നുണ്ട്. മൺസൂൺ മഴക്കാലങ്ങളിൽ വരൾച്ചയും കാലംതെറ്റി വരുന്ന മഴയും വെള്ളപ്പൊക്കവും കൊടും വേനലും കർഷകരെ തീരാ ദു:ഖത്തിലാക്കുന്നു. മരം കോച്ചുന്ന വയനാടൻ തണുപ്പും കോടമഞ്ഞും ചാറ്റൽ മഴയും ഇന്ന് കേട്ടുകേൾവി മാത്രമാണ്.

ഇനി നമുക്ക് പഞ്ചായത്തിന്റെ ഭരണചരിത്രത്തിലേക്ക് കടക്കാം. അന്നത്തെ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിലായിരുന്ന പഞ്ചായത്ത് നിലവിൽ വന്നത് 1962ൽ ആണ്. 1962മുതൽ 1964 ജനുവരി വരെ ഭരണം സ്പെഷൽ ഓഫീസറുടെ ചുമതലയിലായിരുന്നു.

1964ലാണ് തെരഞ്ഞെടുക്കപ്പെട്ട പ്രഥമഭരണ സമിതി നിലവിൽ വന്നത്. ഭരണ സമിതിയുടെ പ്രസിഡന്റ് ശ്രീ.പി.കുഞ്ഞിരാമൻ നായരും വൈസ്പ്രസിഡണ്ട് പി.എസ്.പരമേശ്വര അയ്യരുമായിരുന്നു. ഇവരെ കൂടാതെ പി.സി.ദേവകിയമ്മ, പൂളക്കൽ വെള്ളൻ, എ.ശങ്കരൻ നമ്പ്യാർ, മൂഞ്ഞനാട്ട് പൈലി, പി.ഇ.ഗോപാലൻ എന്നിവർ അംഗങ്ങളുമായിരുന്നു. അന്ന് പഞ്ചായത്തിൽ ഉണ്ടായിരുന്നത് ഏഴു വാർഡുകൾ മാത്രമായിരുന്നു. ഈ ഭരണസമിതിയാണ് ദീർഘകാലം നിലനിന്നത്. 1979 വരെ ഈ സമിതിയാണ് പഞ്ചായത്ത് ഭരിച്ചത്.

1979ൽ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിയുടെ പ്രസിഡന്റ് ഇ.എം.ശങ്കരൻ മാസ്റ്ററും വൈസ്പ്രസിഡണ്ട് വി.ഇബ്രാഹീമുമായിരുന്നു. വാർഡ് വിഭജനത്തോടെ നിലവിലുണ്ടായിരുന്ന വാർഡുകളുടെ

എണ്ണം ഏഴിൽ നിന്നും ഒമ്പതായി. എം.എൻ.ശംഭുമാസ്റ്റർ, എ.എം.കുഞ്ഞിരാമൻ, സി.യു.ഏലമ്മ, ചെറിയരാമൻ, വി.കുഞ്ഞിക്കോയ, ഇറക്ക തറുവൈ, പി. കുഞ്ഞിരാമൻ നായർ എന്നിവരായിരുന്നു മറ്റംഗങ്ങൾ.

1984ൽ ഈ ഭരണസമിതിയുടെ കാലാവധി അവസാനിച്ചെങ്കിലും 84ൽ തെരഞ്ഞെടുപ്പു നടക്കാത്തത് കാരണം പഞ്ചായത്തിന്റെ ഭരണം താലൂക്ക് പഞ്ചായത്ത് ഓഫീസറുടെ കീഴിലായി.

തുടർന്ന് 1988ൽ നടന്ന തെരഞ്ഞെടുപ്പിൽ പുതിയ ഭരണ സമിതി നിലവിൽ വന്നു. വാർഡുകളുടെ എണ്ണം പത്തായിരുന്നു. ഇ. എം ശങ്കരൻമാസ്റ്റർ പ്രസിഡന്റും, ഏലമ്മ വൈസ്പ്രസിഡന്റുമായി രൂപീകരിക്കപ്പെട്ട ഭരണസമിതിയിൽ, ഒ.ടി.കുഞ്ഞനന്തൻ നമ്പ്യാർ, കെ.ബാലകൃഷ്ണൻ, എ.എം.കുഞ്ഞിരാമൻ, മൂടമ്പത്ത് മുഹമ്മദ്, മേരി ജോൺ, കെ.കെ.വെള്ളൻ, കെ.ടി.പ്രകാശ് അണിയാരത്ത് അമ്മത് എന്നിവരായിരുന്നു അംഗങ്ങൾ. ഈ ഭരണസമിതിയുടെ കാലാവധി 1995ൽ അവസാനിച്ചു.

ഇന്നത്തെ പഞ്ചായത്ത് ഭരണസമിതി നിലവിൽ വന്നത് 1995 ഒക്ടോബർ രണ്ടിനാണ്. വാർഡ് വിഭജനത്തോടെ പഞ്ചായത്തിലെ ഇപ്പോഴത്തെ വാർഡുകളുടെ എണ്ണം പതിനൊന്നാണ്. അഞ്ചാം വാർഡിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട കെ.ജെ.മത്തായിയാണ് ഇപ്പോഴത്തെ ഗ്രാമസഭാ പ്രസിഡന്റ്. വൈസ്പ്രസിഡന്റ് ബ്രാൻ പോക്കർ. കൂടാതെ മേരി ജോസ്പ്രകാശ്, ലീലാകൃഷ്ണൻ, ഇല്ലിക്കൽ തോമസ്, സിന്ധുകുഴി വേലി, ഇ.എം.ശങ്കരൻ മാസ്റ്റർ, ജസ്റ്റിൻ ബേബി, ലില്ലിക്കുട്ടി ടീച്ചർ, വൻമേലിൽ തോമസ്, രാജൻ കൊല്ലിയിൽ എന്നിവർ അംഗങ്ങളുമാണ്. ഭരണസമിതിയിൽ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ടത് രാജൻ കൊല്ലിയിലാണ്.

1964ൽ പാണ്ടിക്കടവിലെ ആലിയസ്സൻ മൊയ്തു എന്നയാളുടെ വാടകകെട്ടിടത്തിലാണ് പഞ്ചായത്ത് ഓഫീസ് പ്രവർത്തനമാരംഭിച്ചത്. ചാലിയാടൻ കുഞ്ഞബ്ദുള്ള ഹാജി സൗജന്യമായി പഞ്ചായത്തിന് നൽകിയ പത്ത് സെന്റ് സ്ഥലത്താണ് ഇന്നുള്ള ഓഫീസ് കെട്ടിടവും പഞ്ചായത്ത് സാംസ്കാരികനിലയവും നിർമ്മിച്ചത്. പഞ്ചായത്ത് ഓഫീസിന്റെ ഉദ്ഘാടനം 29-5-1976 ൽ അന്നത്തെ തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി അബുക്കാദർ കുട്ടിനഹയും സാംസ്കാരിക നിലയത്തിന്റെ ഉൽഘാടനം 13-1-1990 ൽ അന്നത്തെ വിദ്യുച്ഛക്തി ഗ്രാമവികസന വകുപ്പ് മന്ത്രി ടി.ശിവദാസ മേനോനും നിർവ്വഹിച്ചു.

ഭിന്ന കാലഘട്ടങ്ങളിൽ വിവിധ ദേശങ്ങളിൽ നിന്നു വന്ന് വാസമുറപ്പിച്ചവരാണ് ഇവിടുള്ളവരിൽ അധികവും മത, വർഗ്ഗ, ഭാഷാ, വേഷങ്ങൾക്കതീതമായ കൂട്ടായ്മയുടെ ഒരു ഗതകാല സംസ്ക്കാരത്തിന്റെ ഉടമകളാണ് നാം. ചരിത്രം ചികയുമ്പോൾ ഇതിനുള്ള ഉത്തമ ഉദാഹരണങ്ങൾ കണ്ടെത്താവുന്നതാണ്. തേറ്റമലയിൽ നിന്ന് വള്ളൂർക്കാവിലേക്ക് എഴുന്നള്ളത്ത് പോകുമ്പോൾ ഭക്തന്മാർ കല്യാണത്തും പള്ളിയ്ക്ക് നേർച്ചകൾ നൽകിയിരുന്നു. നാടിന്റെ പുരോഗതിയിൽ എല്ലാവരും കൈ മെയ്യ് മറന്ന് സഹകരിച്ചിരുന്നു. ഒരു റോഡിന് ഒറ്റ ദിവസം പതിനായിരം പേരുടെ ശ്രമദാനം എന്നത് കേരളത്തിൽ തന്നെ ഒറ്റപ്പെട്ട സംഭവമാണ്. സമത്വസുന്ദരമായ നാളേക്കുവേണ്ടി മെയ്യോട് മെയ് ചേർന്ന് സഹകരിക്കാൻ ഈ ജനതയ്ക്ക് കഴിയും. വികസനത്തിന്റെ പുതിയ മാനങ്ങൾ കീഴടക്കാൻ നമുക്ക് കരളും കാതും മനവും മിഴിയും ഒരുമിപ്പിക്കാം.



# ഭൂപ്രകൃതി ,ജനപ്രകൃതി, ജലപ്രകൃതി

പേരിയ മലകളിൽ നിന്നുത്ഭവിച്ച് കുറേ ദൂരം തവിഞ്ഞാൽ പഞ്ചായത്തിലൂടെ ഒഴുകിയതിനു ശേഷം ഏതാണ്ട് ഇരുപതു കിലോമീറ്ററോളം പഞ്ചായത്തിനെ വലംവെച്ചൊഴുകുന്ന മാനന്തവാടിപ്പുഴ ഈ പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ ഒരതിരായിത്തീർന്നിരിക്കുന്നു. പുഴയോരത്ത് താമസിക്കുന്ന കർഷകർ പുഴവെള്ളം പരിമിതമായ തോതിൽ കൃഷി ആവശ്യത്തിന് ഉപയോഗിച്ചുവരുന്നു. കുന്നുകളും വയലുകളും പുഴയോരവും അങ്ങിങ്ങായുള്ള ചതുപ്പു നിലങ്ങളുമടമങ്ങിയ ഒരു പ്രദേശമായതിനാൽ ഭൂപ്രകൃതിയനുസരിച്ച് കൃത്യമായ ഒരു തരം തിരിവ് അസാധ്യമാണ്.

**ഭൂമിയുടെ സ്വഭാവം സംബന്ധിച്ച പട്ടിക.**

| ഭൂമിയുടെ സ്വഭാവം | എടവക | നല്ലൂർനാട് | ആകെ |
|---|---|---|---|
| പുരയിടം | 4337.7 | 3214.76 | 7552.46 |
| നിലം | 1339.00 | 1274.76 | 2613.76 |
| പുറമ്പോക്ക് | 116.85 | 138.37 | 255.22 |
| തരിശ് | 379.03 | 362.82 | 741.85 |
| ആകെ | 6212.58 | 5266.33 | 11478.91 |

## ജനപ്രകൃതി

പതിനാറാം നൂറ്റാണ്ടു മുതൽക്കു തന്നെ ഇവിടം ജനവാസമുള്ളതായിരുന്നുവെന്നതിന് തെളിവുകളുണ്ട്. ദുർഘടമായ ഒരു പ്രദേശമല്ലാതിരുന്നതിനാൽ കുടിയേറ്റക്കാരും കച്ചവടക്കാരും മറ്റും റോഡു സൗകര്യവും കൃഷി സൗകര്യവും കണക്കിലെടുത്ത് ഇവിടെ കൂട്ടമായിത്തന്നെ താമസിച്ചു പോന്നു.

1991 ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ആകെ ജനസംഖ്യ 24746 ആണ്. ഇതിൽ പുരുഷൻമാരുടെ എണ്ണം 12494 ഉം സ്ത്രീകളുടേത് 12252 ഉം ആണ്.

**ജനസംഖ്യാ കണക്ക്**

| വാർഡ് നമ്പർ | പുരുഷൻമാർ | സ്ത്രീകൾ | ആകെ |
|---|---|---|---|
| I | 1392 | 1426 | 2818 |
| II | 1226 | 1109 | 2335 |
| III | 938 | 942 | 1880 |
| IV | 989 | 929 | 1918 |
| V | 1554 | 1582 | 3136 |
| VI | 1298 | 1313 | 2611 |
| VII | 1533 | 1449 | 2982 |
| VIII | 1072 | 1059 | 2131 |
| Ix | 1514 | 1489 | 3003 |
| X | 978 | 954 | 1932 |
| ആകെ | 12494 | 12252 | 24746 |

ഇതിൽ കർഷകർ 4324 ഉം കർഷകത്തൊഴിലാളികൾ 3862 ഉം ആണ്. ബാക്കിയുള്ളവർ മറ്റു തൊഴിലുകളിലും ഏർപ്പെട്ടിരിക്കുന്നു.

## ജലപ്രകൃതി

എടവക പഞ്ചായത്തിലെ പ്രാധാന ജല സ്രോതസ്സ് പഞ്ചായത്തിലൂടെ ഏതാണ്ട് 20 കിലോമീറ്റർ ഒഴുകുന്ന മാനന്തവാടിപ്പുഴയാണ്. കൂടാതെ ചെറുതും വലുതുമായി 70 കിലോമീറ്റർ തോടും 27 കുളങ്ങളും ഉണ്ട്. പുഴയോരം ഒഴിച്ചുള്ള ഭാഗങ്ങളിൽ ജല ലഭ്യത പ്രശ്നം തന്നെയാണ്.

“പരിശീലിച്ച ഭാഗവതരുടെ സംഗീതത്തിലുള്ളതിനേക്കാൾ
താളം കൂട്ടായ ജീവിതത്തിന്റെ താളത്തിലടങ്ങിയിരിക്കുന്നു”

– മഹാത്മ

“ഇന്നലെ അസാധ്യമെന്ന് പറഞ്ഞ പലകാര്യങ്ങളും
ഇന്ന് സാധ്യമായിരിക്കുന്നു എന്ന് ഓർക്കുക”

– മഹാത്മ

അരുതിനിയുമൊറ്റയ്ക്ക് പോകാതെ.
'നീ' യല്ല 'ഞാനി'ല്ല 'നമ്മളെ'ന്നാണിനി

ആൾ തള്ളിയമ്മയെ, മലയാണ്മയെ വെട്ടുന്ന
ചതുരങ്കം മറക്കുക, നമ്മളൊന്നാണിനി

കൈകൾ കൊരുത്തു നാമീഗ്രാമവൃത്തത്തി
ലൊത്തു ചേരുമ്പോൾ വിരൽത്തുമ്പിലൂടെ
പകർന്നൊഴുകീടട്ടെ ചോരയും കണ്ണീരു
മോർമ്മയും താന്തമാം സദ്‌വികാരങ്ങളും.

ആകയാലിവിടെ നാം എതിരറ്റ് നിൽക്കുക.
പുതിയൊരീ സൂര്യനെ എതിരേറ്റ് പാടുക.



# കൃഷിയും ജലസേചനവും

**ആ**യിരത്തി തൊള്ളായിരത്തി നാല്പതുകളോടെ ആരംഭിച്ച കുടിയേറ്റമാണ് വയനാടിന്റെ ഇതരമേഖലകൾ എന്നപോലെ എടവക പഞ്ചായത്തിലെയും കാർഷിക മേഖലയെ സജീവമാക്കിയത്. അതിന് മുൻപുള്ള കാർഷിക മേഖലയുടെ ചരിത്രം സംബന്ധിച്ച് 'ലോഗന്റെ' മലബാർ ചരിത്രത്തിൽ പരാമർശമുണ്ട്. 1805ലാണ് ആദ്യമായി മലബാറിൽ ഭൂമി കൈവശ അവകാശം സംബന്ധിച്ച നിയമങ്ങൾക്ക് ഒരു ഏകീകൃത രൂപമുണ്ടാകുന്നത്. ബ്രിട്ടീഷ് ഉദ്യോഗസ്ഥനായിരുന്ന ബാബറുടെ നിർദ്ദേശപ്രകാരം മിസ്റ്റർ വാർഡൻ ഇതിനായി നിയോഗിക്കപ്പെടുകയും പുതിയ ഭൂനിയമങ്ങൾ അദ്ദേഹം ആവിഷ്കരിക്കുകയും ചെയ്തു. 'വാർഡൻ' പാട്ടവ്യവസ്ഥ ഇതോടെ നിലവിൽ വന്നു. ബ്രിട്ടീഷ് അധീനതയിലായിരുന്ന മാനന്തവാടി താലൂക്കിലെ പതമൂന്ന് പാരിഷുകളിൽ (അംശം)പെട്ടതായിരുന്നു നല്ലൂർനാടും എടവകയും ഈ രണ്ട് അംശങ്ങളിലും 1822ൽ ഒരു രൂപ, പതിമൂന്ന് അണ പത്ത് പൈസ ആയിരുന്നു പാട്ടമായി നിശ്ചയിച്ചിരുന്നത്. ആകെ ഉത്പാദനത്തിൽ കൃഷിച്ചെലവിലേക്ക് ആറിൽ മൂന്ന് ഭാഗം മാറ്റി വെച്ച് ബാക്കി മൂന്നിൽ ഒരു ഭാഗം ഗവൺമെന്റിലേക്കും ഒരു ഭാഗം ജൻമിക്കും ഒരു ഭാഗം കൃഷിക്കാരുനുമായിട്ടായിരുന്നു വീതിച്ചിരുന്നത്. വിത വിത്തിന്റെ പതിമൂന്ന് ഇരട്ടി ഉത്പാദനം ലഭിച്ചിരുന്നതായി 'ലേഗൻ' രേഖപ്പെടുത്തിയിട്ടുണ്ട്.

കോട്ടയം രാജാവിന്റെ അധീനതയിലായിരുന്ന വയനാട്ടിലെ ഭൂമിയിൽ ഏറിയ പങ്കും രാജാക്കന്മാർ വാഴിച്ച പടനായകരുടെ കീഴിലായിരുന്നു. ദേവീദേവന്മാരുടെ പേരിൽ ഭൂമി ഇവർക്ക് ചാർത്തിക്കൊടുത്ത് ജൻമികളും ദേശവാഴികളും രാജാവും ഇവരെ കല്പിച്ചു വാഴിച്ചു. ഇവരിൽ പ്രധാനി ആയിരുന്ന എടച്ചന കുങ്കന്റെ വാസസ്ഥലം എടവകയിലായിരുന്നു. കോട്ടയം രാജാവായ പഴശ്ശിയുടെ പതനത്തോടെ വയനാട് പൂർണ്ണമായും ബ്രിട്ടീഷ് അധീനതയിലായി.

1921–28 ലെ സെൻസസ് (വില്ലേജ് ഓഫീസ് രേഖ) പ്രകാരം 700ഓളം വീടുകളിലായി 3000ത്തോളം ജനങ്ങളാണ് അധിവസിച്ചിരുന്നത്. 60%ഹിന്ദുക്കൾ 45% മുസ്ലീങ്ങളും ആയിരുന്നു. ചൊവ്വയിൽ ഭഗവതി ദേവസ്വ ഊരാളനായ ആലഞ്ചേരി മൂപ്പിൽ നമ്പ്യാർ, പുതുശ്ശേരി പള്ളിയറ ദേവസ്വം ഊരാളനായ കോട്ടയത്ത് കിഴക്കേകോവിലത്ത് വലിയ രാജാ തുടങ്ങിയവരായിരുന്നു പ്രധാന ഭൂ ഉടമസ്ഥർ. ഏറ്റവും കൂടുതൽ ഭൂമി ചാർത്തികിട്ടിയ മുസ്ളീം ഭൂവുടമ ബ്രാൻ അലി ആയിരുന്നു.

1940കളിലെ കുടിയേറ്റം കാർഷിക മേഖലയിൽ വലിയ മാറ്റങ്ങൾക്ക് ഇടനൽകി. പാട്ടവ്യവസ്ഥയിൽ ജൻമിമാരിൽ നിന്നും കിട്ടിയ ഭൂമിയിൽ കൃഷിക്കാർ അധ്വാനിച്ചു. കൂടാതെ സർക്കാർ ഭൂമി കൈയ്യേറി കൃഷിയിറക്കുകയും ചെയ്തിരുന്നു. കാർഷി ഉത്പന്നങ്ങളായിരുന്നു പാട്ടമായി നൽകിയിരുന്നത്. പ്രധാനകൃഷി നെല്ല് ആയിരുന്നു. വയലുകളിൽ പച്ചക്കറികൃഷിയും ഉണ്ടായിരുന്നു. പ്രധാന നെൽ വിത്തുകൾ ഉരുളൽ കയമ, പെരുവാഴ, തവളക്കണ്ണൻ, തൊണ്ടി, ചെന്താടി, ഞവരപുഞ്ച, ചോമാല, ഓക്കൽ പുഞ്ച എന്നിവയായിരുന്നു. ഏറെ പ്രസിദ്ധമായ ഗന്ധകശാലയും വ്യാപകമായി കൃഷി ചെയ്തിരുന്നു. കാടും, കനത്തമഴയും കൊടും ശൈത്യവുമായ അന്നത്തെ കാവാവസ്ഥക്ക് യോജിച്ചവയായിരുന്നു ഈ നാടൻ കൃഷിയിനങ്ങൾ. കാപ്പി, കുരുമുളക് എന്നിവ തോട്ടങ്ങളിൽ കൃഷിചെയ്തിരുന്നു. ഓറഞ്ച് കൃഷി വ്യാപകമായിരുന്നു. പാടങ്ങളിൽ മുത്താറി, ചാമ, പയർ, എള്ള്, എന്നിവ കൃഷി ചെയ്തിരുന്നു. പുകയില

കൃഷിയും നാമമാത്രമായി ഉണ്ടായിരുന്നു. തെരുവപുൽകൃഷി വ്യാപകമായിരുന്നു.

മഴയെ ആശ്രയിച്ചായിരുന്നു കൃഷിയിറക്കിയിരുന്നത്. ക്രമേണ ജലസേചനത്തിനായി തോട്, കുളങ്ങൾ എന്നിവ മുള, കൈത തുടങ്ങിയവകൊണ്ട് ചിറകെട്ടി വെള്ളം കൃഷിസ്ഥലങ്ങളിലേക്ക് എത്തിക്കുന്ന രീതി നിലവിൽ വന്നു. ഏത്തം, ചക്രം തുടങ്ങിയവയായിരുന്നു നാടൻ ജലസേചന ഉപകരണങ്ങൾ. 1950കൾക്ക് ശേഷം തെങ്ങ്, കവുങ്ങ്, കശുമാവ്, റബർ, ഏലം തുടങ്ങിയവ കൃഷിചെയ്യാൻ ആരംഭിച്ചു. 1957ലെ ഭൂപരിഷ്കരണ നിയമം കൃഷിക്കാർക്ക് കുടികിടപ്പ് അവകാശം നൽകിയത് കാർഷിക മേഖലയിൽ മറ്റൊരു വലിയ മുന്നേറ്റത്തിന് ഇടവരുത്തി. സ്വന്തമായി കിട്ടിയ ഭൂമിയിൽ പരമാവധി അധ്വാനിക്കാൻ കൃഷിക്കാർ തയ്യാറായി.

## ഭൂവിനിയോഗം

എടവക പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 47.27 ചതുരശ്ര കിലോമീറ്ററാണ്. ഇത് നെൽപാടം. ചതുപ്പുനിലം, കുത്തനെ ചെരിഞ്ഞപ്രദേശങ്ങൾ, ചരിവ് കുറഞ്ഞകുന്നുകൾ ഉയർന്ന പ്രദേശം എന്നിങ്ങനെയാണ് കാണുന്നത്. ഫലഭൂയിഷ്ഠത കുറഞ്ഞ അമ്ളാംശം കൂടുതലുള്ള ചെമ്മണ്ണും മണൽ മണ്ണുമാണ് കൂടുതൽ. നെൽപ്പാടങ്ങളിൽ കമ്മന, പായോട്, ഒരപ്പ് തുടങ്ങിയ പ്രദേശങ്ങളിൽ എക്കൽ മണ്ണും കണ്ടുവരുന്നു. പഞ്ചായത്തിലാകെ 11813 ഭൂഉടമസ്ഥരാണുള്ളത്. ഒരു ഏക്കറിൽ താഴെയുള്ള 885പേരും ഒരേക്കറിനും അഞ്ച് (5)ഏക്കറിനും ഇടയിൽ ഭൂമിയുള്ള 3250 ഇടത്തരം കർഷകരും അഞ്ച് ഏക്കറിനു മേൽ ഭൂമിയുള്ള 78 വൻകിട കർഷകരുമാണുള്ളത്.

### പട്ടിക 1

**ഭൂമിസംബന്ധിച്ച വിവരങ്ങൾ** (ഭൂമിയുടെ വിസ്തീർണ്ണം ഏക്കറിൽ) **ഉടമസ്ഥരുടെ എണ്ണം**

| വില്ലേജ് | പുരയിടം | നിലം | പുറം പോക്ക് | തരിശ് | ആകെ | 1-10 സെന്റ് | 10-25 സെന്റ് | 25-50 സെന്റ് | 50-100 സെന്റ് | 1-2 ഏക്കർ | 2-5 ഏക്കർ | 5ഏക്കർ |
|---|---|---|---|---|---|---|---|---|---|---|---|---|
| എടവക | 4337.7 | 1339.0 | 116.85 | 379.03 | 6212.58 | 250 | 700 | 1700 | 2200 | 1100 | 500 | 50 |
| നല്ലൂർ നാട് | 3214.76 | 1274.76 | 1138.27 | 362.52 | 5266.33 | 230 | 625 | 1800 | 1980 | 1200 | 450 | 28 |
| ആകെ | 7552.76 | 2613.76 | 155.22 | 741.85 | 11478.91 | 480 | 1325 | 2500 | 4150 | 2300 | 950 | 78 |

അവലംബം വില്ലേജ് ഓഫീസ് രേഖ

മൊത്തം കുടംബങ്ങളിൽ 93% കൃഷിമുഖ്യ ഉപജീവനമായി സ്വീകരിച്ചവരാണ്. സേവനമേഖലകളിലും മറ്റുമായി ജോലിചെയ്യുന്നവരിലും നല്ലൊരു പങ്ക് കൃഷിക്കാർ കൂടിയാണ്. നാമമാത്ര കൃഷിക്കാർ കൂടുതലായതുകൊണ്ട് തന്നെ വിള സാന്ദ്രത കൂടുതലാണ്.

## മുഖ്യവിളകളും അവയുടെ ചേരുവകളും

**ഹ്രസ്വകാല വിളകൾ**: നെല്ല്, പയർ, പച്ചക്കറി, എള്ള് വാർഷിക വിളകൾ : വാഴ, ഇഞ്ചി, മരച്ചീനി, ചേന, ചേമ്പ്, കാച്ചിൽ, മഞ്ഞൾ, കൈതച്ചക്ക.

**ദീർഘകാലവിളകൾ :** കാപ്പി, കുരുമുളക്, റബർ, തെങ്ങ്, കവുങ്ങ്, കശുമാവ്, ഏലം.

ഹ്രസ്വകാല വിളകളും വാഴ, ഇഞ്ചി, കിഴങ്ങ് വർഗ്ഗങ്ങൾ തുടങ്ങിയ വാർഷിക വിളകളും നെൽപ്പാടത്താണ് മുഖ്യമായി കൃഷിചെയ്യുന്നത്. പുരയിടങ്ങളിൽ ദീർഘകാല വിളകൾക്ക് പുറമെ വാർഷിക വിളകൾ ഇടവിളയായി കൃഷിചെയ്തു വരുന്നു.

## പട്ടിക II

**ഭൂവിനിയോഗം** *(അവലംബം കൃഷിഭവൻ രേഖ)*

| വിള | വിസ്തീർണ്ണം ഹെക്ടറിൽ |
|---|---|
| നെല്ല് ഒന്നാം വിള | 764.18 |
| നെല്ല് രണ്ടാംവിള | 428.34 |
| തെങ്ങ് | 68.83 |
| പ്ളാവ് | 15.38 |
| മാവ് | 15.90 |
| മരച്ചീനി | 142.90 |
| കുരുമുളക് | 445.34 |
| റബർ | 242.90 |
| കാപ്പി | 1599.10 |
| വാഴ | 316.20 |
| കവുങ്ങ് | 93.20 |

## പട്ടിക III

**ഭൂമിസംബന്ധിച്ച വിവരങ്ങൾ** (അവലംബം കൃഷിഭവൻ)

| ഇനം | വിസ്തീർണ്ണം ഹെക്ടറിൽ |
|---|---|
| നിലം | 1058.20 |
| പുരയിടം | 3057.38 |
| പുറമ്പോക്ക് | 103.33 |
| കൃഷിയോഗ്യമായ തരിശ് | 200.45 |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 100.00 |
| ആകെ | 4519.66 |

പഴയകാലത്തെ ശ്രദ്ധയും പരിചരണവും ഇന്ന് മുഖ്യകൃഷിയായ നെൽകൃഷിക്ക് കിട്ടുന്നില്ല. തികച്ചും മഴയെ ആശ്രയിച്ചാണ് നെൽകൃഷി നടത്തിയിരുന്നത്. തോടകൾ, കുളങ്ങൾ തുടങ്ങിയവ കൃഷിയുമായി ബന്ധപ്പെട്ട് കൂട്ടായി പരമ്പരാഗത രീതിയിൽ സംരക്ഷിച്ചിരുന്നു. ബണ്ട് കെട്ടി ജലം തടഞ്ഞ് നിർത്തി കൃഷിക്കുപയോഗിച്ചിരുന്നു. മൊത്തം പാടങ്ങളിൽ 60%വും നെൽകൃഷി ചെയ്തിരുന്നു. നാടൻ വിത്തിനങ്ങളായിരുന്നു ഉപയോഗിച്ചിരുന്നത്. വൻകിടകൃഷിക്കാരുടെ കാർഷിക വൃത്തിയോടനുബന്ധിച്ച് കന്നുകാലികളെ വളർത്തിയിരുന്നതിനാൽ കന്നുകാലിവളവും മറ്റു ജൈവവളങ്ങളും കൃഷിയിടങ്ങളിൽ ഉപയോഗിച്ചിരുന്നു. രാസകീടനാശിനികളുടെ ഉപയോഗം തീരെ ഇല്ലായിരുന്നുവെന്ന് പറയാം. 1970കൾക്ക് ശേഷമാണ് പുതിയ നെൽവിത്തിനങ്ങൾ ഉപയോഗിക്കാൻ തുടങ്ങുന്നത്. IR.8, കനകം, ത്രിവേണി, എടവക, ഭാരതി HE4 എന്നിവയാണ് ഇന്ന് ഉപയോഗിക്കുന്ന വിത്തിനങ്ങൾ. പഴയകാല വിത്തിനത്തിൽ തൊണ്ടി മാത്രമാണ് ഇന്നും വ്യാപകമായി ഉപയോഗിക്കുന്നത്. രാസവളങ്ങളുടെ പ്രയോഗവും രാസകീടനാശിനിയുടെ ഉപയോഗവും 1970-കൾക്ക് ശേഷമാണ് ഉപയോഗിക്കപ്പെട്ട് തുടങ്ങിയത്. ഇതോടൊപ്പം ജലസേചനത്തിനായിട്ടുള്ള പമ്പ് സെറ്റുകളും ഉപയോഗത്തിൽ വന്നു.

ലഭ്യമായ കണക്കുകൾ പ്രകാരം 2613.76 ഏക്കർ നെൽപ്പാടമാണ് പഞ്ചായത്തിലുള്ളത്. നഷ്ടമാണ് എന്നുള്ളതുകൊണ്ട് തന്നെ നെൽകൃഷിയിൽ നിന്നും കർഷകർ വ്യാപകമായി പിൻവാങ്ങിക്കൊണ്ടിരിക്കുകയാണ്. മുൻപ് നെൽകൃഷിക്ക് ഉപയോഗിച്ചിരുന്ന ചതുപ്പ് പ്രദേശങ്ങളിൽ ഇപ്പോൾ കവുങ്ങ്,തെങ്ങ് എന്നീ ദീർഘകാല നാണ്യവിളകളും വാഴ, ഇഞ്ചി തുടങ്ങിയ ഹ്രസ്വകാല വിളകളുമാണ് കൃഷിചെയ്യുന്നത്. 70% ത്തോളം നെൽപ്പാടങ്ങളെങ്കിലും ഇപ്രകാരം നാണ്യവിളകൃഷിമേഖലകളായി മാറിയിട്ടുണ്ട്. കൃഷിച്ചിലവ് വർദ്ധിച്ചതുമൂലം മഴയെ മാത്രം ആശ്രയിച്ചിട്ടുള്ള ഒരു പൂ കൃഷി കൊണ്ട് കർഷകർക്ക് കാര്യമായ നേട്ടങ്ങൾ ഒന്നും ഉണ്ടാവുന്നില്ല. ഇതാണ് നെൽകൃഷിയിൽ നിന്നും പിന്തിരിയാൻ പ്രധാന കാരണം. ജലസേചന സൗകര്യമുള്ള പ്രദേശങ്ങളിൽ വിളമാറ്റ പ്രവണത താരതമ്യേന കുറവാണ്. ചതുപ്പുനിലങ്ങളിൽ നാണ്യവിളകൾ കൃഷിചെയ്യുന്നതുമൂലം നെല്ലിന്റെ ഉൽപാദനം കുറയുന്നു. അതൊടൊപ്പം പരമ്പരാഗത ചെറുജലസ്രോതസ്സുകൾ ഇല്ലാതാവുന്നു. ഇത് ഗുരുതരമായ പരിതസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുന്നു. നിലവിൽ 70% നെൽപ്പാടങ്ങളും ഇരുപ്പൂ കൃഷിയിടങ്ങളാണ്. ജലസേചനസൗകര്യം ലഭ്യമാവുന്നതിനനുസരിച്ച് ഇവ ഇരുപ്പൂ കൃഷിനിലങ്ങളാക്കിയാൽ ഒരു പരിധിവരെ നെൽകൃഷി നേരിടുന്ന ഭീഷണി ഒഴിവാക്കാനാവും. ജൈവവളത്തിന്റെ ക്ഷാമം, അമിതമായ രാസവള പ്രയോഗത്തിന് ഇടയാക്കുന്നു. പൊതുവെ പഞ്ചായത്തിൽ ഉത്പാദനക്ഷമതകുറവാണ്. രാസവളം, കീടനാശിനി എന്നിവ അശാസ്ത്രീയമായാണ് ഉപയോഗിക്കുന്നത്. ഭൂമിയുടെ തുണ്ടവൽക്കരണം, ആധുനിക യന്ത്രവൽകൃത കൃഷിക്ക് തടസ്സമായി നിൽകുന്നു. നിലവിലുള്ള പാടശേഖര സമിതികൾ വഴി കൃഷിഭവൻ മൂന്ന് ട്രാക്ടറും ട്രില്ലറും ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. ഇവ ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നില്ല.

## കുരുമുളക് കൃഷി

ദീർഘകാല വിളകളിൽ മുഖ്യമായ കുരുമുളകിന്റെ ഉൽപ്പാദനം സമീപകാലത്ത് ദ്രുതവാട്ടം സാവധാനവാട്ടം എന്നീ രോഗങ്ങൾ മൂലം ഗണ്യമായി കുറഞ്ഞു. 60%-70%ത്തോളം ഉത്പാദന ഇടിവാണ് സംഭവിച്ചിട്ടുള്ളത്. ഈ രോഗങ്ങൾക്ക് നിലവിലുള്ള പ്രതിവിധികൾ ഫലപ്രദമല്ല. അശാസ്ത്രീയമായും ഒറ്റപ്പെട്ടരീതിയിലുമാണ് മരുന്നു തളി പ്രയോഗം നടത്തുന്നത്. നശിച്ച കുരുമുളക് തോട്ടങ്ങളിൽ വീണ്ടും കൃഷിയിറക്കുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നില്ല. രോഗബാധ ഏൽക്കാത്തതും ഉൽപാദന ക്ഷമതയുള്ളതുമായ തൈകളുടെ ലഭ്യത കുറവും മുഖ്യ പ്രശ്നമാണ്. ഇത് പരിഹരിക്കണം. താരതമ്യേന മെച്ചപ്പെട്ട വിലയുള്ളത് കൊണ്ട് തന്നെ മേൽ പ്രശ്നങ്ങൾ പരിഹരിച്ചാൽ കൂടുതൽ കർഷകരെ ആകർഷിക്കാനാവും. കരിപാലൻ കോട്ട, വാലൻ കോട്ട, ഉതിരൻ, അങ്കോട്ട. കല്ലുവള്ളി, വലുന്തേരി, ചെറുവള്ളി എന്നീ പഴയ കുരുമുളക് ഇനങ്ങൾ പുതിയ ഇനങ്ങളായ പന്നിയൂർ കരിമുണ്ട, ജീരകമുണ്ട, എന്നിവയ്ക്ക് വഴി മാറികൊടുത്തിരിക്കുന്നു.

**കാപ്പി:–** വിലയിടിവ് മൂലവും മഴയെമാത്രം ആശ്രയിക്കുന്നതു മൂലവും കാപ്പികൃഷിയോട് കൃഷിക്കാർക്ക് തീരെ താത്പര്യം ഇല്ലാതായി. ഒട്ടേറെ തോട്ടങ്ങൾ പൂർണ്ണമായി നശിപ്പിക്കുകയും മറ്റ് കൃഷികളിറക്കുകയും ചെയ്തു. സമീപകാലത്ത് വില വർദ്ധനവ് വീണ്ടും കാപ്പികൃഷിയിറക്കാൻ കർഷകനെ പ്രേരിപ്പിക്കുന്നു. ക്രമം തെറ്റിയുള്ള മഴ കാപ്പിക്ക് ദോഷം ചെയ്യുന്നു. ചുരുക്കം ചില കർഷകർ മാത്രമാണ് സ്വന്തം ചെലവിൽ ജലസേചനം നടത്തി കൃഷിചെയ്യുന്നത്. ഭൂരിഭാഗം കർഷകർക്കും ഇതിന്റെ സാമ്പത്തിക ഭാരം താങ്ങാനാവില്ല. പൊതു ജലസേചന സൗകര്യങ്ങൾ വ്യാപകമായി ഏർപ്പെടുത്തിയാൽ മാത്രമേ കാപ്പി കൃഷി പുനഃരുജ്ജീവിപ്പിക്കാനും ഉത്പാദനം വർദ്ധിപ്പിക്കാനും സാധിക്കൂ. മുഞ്ഞ, സെറിസേഗർ എന്നിവയാണ് പ്രധാന രോഗങ്ങൾ. റോബസ്റ്റ്, അറബിക്ക എന്നിവയ്ക്ക് പുറമേ കാവേരി എന്ന ഇനം കൂടി ഈയിടെയായി കൃഷിചെയ്യാൻ സാധിച്ചിട്ടുണ്ട്.

**തെങ്ങ്:–** വ്യാപകമായ തെങ്ങിൻ തോപ്പുകൾ പഞ്ചായത്തിൽ കുറവാണ്. കമ്മന, എള്ളുമന്ദം, പാണ്ടിക്കടവ്, ദ്വാരക, അകമനച്ചാൽ എന്നിവിടങ്ങളിൽ കൃഷി ആപേക്ഷികമായി കൂടുതലാണ്. ജലസേചന സൗകര്യമില്ലായ്മയാണ് മുഖ്യ പ്രശ്നം മണ്ടചീയലും, കൊമ്പൻ ചെല്ലിയുടെ ഉപദ്രവവും തെങ്ങിനെ ബാധിക്കുന്നു ജൈവവളത്തിന്റെ ഉപയോഗമില്ലായ്മ. അശാസ്ത്രീയമായ കൃഷി രീതി (ഇടയകലക്കുറവ്) എന്നിവയാണ് മറ്റ് പ്രശ്നങ്ങൾ. കുറ്റ്യാടി പേരാമ്പ്ര എന്നീ പഴയ ഇനങ്ങളും TxD, DxT എന്നിവയും ഇന്ന് കൃഷിചെയ്യുന്നുണ്ട്.

**കവുങ്ങ്:–** ഏറ്റവും വേഗത്തിൽ വ്യാപിക്കുന്ന ഒരു കൃഷിയാണ് ഇത്. നെൽപ്പാടങ്ങളിൽ ആദ്യം വാഴകൃഷി ആരംഭിച്ച് പിന്നീട് കവുങ്ങ് കൃഷിയിലേക്ക് മാറുന്നു. താരതമ്യേന മെച്ചപ്പെട്ട വിലയും കുറഞ്ഞ ജോലിയും ഈ കൃഷിയിലേക്ക് ജനങ്ങളെ ആകർഷിക്കാൻ കാരണമാവുന്നു. ഉത്പാദനക്ഷമത താരതമ്യേന മെച്ചപ്പെട്ടതാണ്. മഹാളി രോഗമാണ് പ്രധാനം. രോഗ പ്രതിരോധ നടപടിക്ക് ഒറ്റയ്ക്കൊറ്റയ്ക്ക് കർഷകർക്ക് കഴിയാത്തതുമൂലം പാട്ടമടിസ്ഥാനത്തിൽ മുൻകൂട്ടി ഇതിന്റെ വിപണനം നടക്കുന്നു. ഇത് ഇടനിലക്കാരുടെ ചൂഷണത്തിന് കർഷകനെ ഇരയാക്കുന്നു. കാസർഗോഡൻ, വയനാടൻ, നാടൻ, മംഗള എന്നിവയാണ് പ്രധാന കവുങ്ങിനങ്ങൾ.

**വാഴ :–** നേന്ത്രവാഴനെൽപ്പാടങ്ങളിൽ വ്യാപകമായി കൃഷിചെയ്യുന്നു. മെച്ചപ്പെട്ട വില ഫലപ്രദമായ രോഗ പ്രതിരോധ നടപടികൾ എന്നിവ ഈ കൃഷി വ്യാപകമാകാൻ കാരണമാണ്. കുറുനാമ്പ് രോഗം, മാണപ്പുഴു, മഞ്ഞളിപ്പ് രോഗം എന്നിവ പ്രധാന രോഗങ്ങളാണ്. ജലസേചന സൗകര്യമില്ലായ്മ ഇതിനെയും പ്രതികൂലമായി ബാധിക്കുന്നു. കാറ്റടിച്ചുള്ള കൃഷിനാശമാണ് പ്രധാനപ്പെട്ട മറ്റൊരു പ്രശ്നം.

**ഇഞ്ചി:–** ഇടക്കാലത്ത് വ്യാപകമായിരുന്നെങ്കിലും വിലക്കുറവും മഹാളി, മൂട് ചീയൽ, തണ്ട് തുരപ്പൻ എന്നീ രോഗങ്ങളും ഈ കൃഷിയെ ഗണ്യമായി കുറച്ചു. രോഗപ്രതിരോധ നടപടികൾ ഫലപ്രദമായെങ്കിലേ ഈ കൃഷിയെ രക്ഷിക്കാനാവൂ. മാരൻ, റിഗോഡി, ഹിമാചൽ എന്നിവയാണ് മുഖ്യ ഇനങ്ങൾ.

**റബർ :–** കാപ്പിയുടെയും കുരുമുളകിന്റെയും നാശം റബർ കൃഷി വ്യാപകമാകാൻ ഇടയായി. ആപേക്ഷികമായി മെച്ചപ്പെട്ട വിലകിട്ടുന്നു. ഉത്പാദനം ആരംഭിച്ചാൽ കാര്യമായ സംരക്ഷണ ജോലികളൊന്നും ഇല്ലെന്നതും ജലസേചനം ആവശ്യമില്ല എന്നതും കൃഷി വ്യാപകമാകാൻ കാരണമാണ്. പട്ടമരപ്പ്, ചീക്ക്, ഇല കൊഴിച്ചിൽ തുടങ്ങിയവയാണ് പ്രധാന രോഗങ്ങൾ. ടാപ്പിങ് തൊഴിലാളികളുടെ ക്ഷാമവും മെച്ചപ്പെട്ട തൈകളുടെ ലഭ്യതക്കുറവും പ്രശ്നങ്ങളാണ്.

ഏലം, കശുമാവ് എന്നീ കൃഷികൾ താരതമ്യേന കുറവാണ് മരച്ചീനി കൃഷി, തരിശുഭൂമിയുടെ അഭാവം നിമിത്തം തീരെ ഇല്ലാതായി എന്ന് പറയാം. മഞ്ഞൾ, കിഴങ്ങ് വർഗങ്ങൾ എന്നിവ വാണിജ്യാടിസ്ഥാനത്തിലല്ലാതെ പുരയിടങ്ങളിലും വയലുകളിലും കൃഷിചെയ്യുന്നുണ്ട്.

**പച്ചക്കറി കൃഷി :–** മുൻകാലത്ത് വെള്ളരിക്കണ്ടങ്ങൾ എന്ന പേരിൽ വേനൽക്കാല പച്ചക്കറി കൃഷി വ്യാപകമായിരുന്നു. ഇന്ന് ഈ മേഖലയിൽ കൃഷിക്കാർ തൽപ്പരരല്ല. ആധുനിക ജീവിത രീതിയാണ് മുഖ്യകാരണം. ബോധവൽക്കരണം വഴി സന്നദ്ധ സംഘടനകൾ മുഖേന സഹകരണ അടി

സ്ഥാനത്തിൽ പച്ചക്കറി കൃഷി സംഘടിപ്പിക്കാനാവും. വിപണന സൗകര്യമില്ലായ്മ പരിഹരിക്കപ്പെടണം.

## പട്ടിക IV

**ഉൽപ്പാദനക്ഷമത** (അവലംബം – കൃഷിഭവൻ രേഖ)

| വിള | കിലോഗ്രാം / ഹെക്ടർ | ക്വിന്റൻ / ഹെക്ടർ |
|---|---|---|
| നെല്ല് (1ാം വിള) | 1990 | 19.90 |
| നെല്ല് (2ാം വിള) | 2000 | 20.00 |
| തെങ്ങ് | 6000 | 30/1 തെങ്ങ് |
| തെങ്ങ് മരച്ചീനി | 5000 | 50.00 |
| കുരുമുളക് | 500 | 5.00 |
| റബർ | 833 | 8.33 |
| കാപ്പി | 617 | 6.17 |
| വാഴ | 20700 | 207.00 |
| കവുങ്ങ് | 400 | 4.00 |
| ഇഞ്ചി | 10000 | 100.00 |

## പട്ടിക V

**പുഴപുറമ്പോക്ക് ഭൂമികൾ സംബന്ധിച്ച വിവരങ്ങൾ**

(അവലംബം വില്ലേജ് ഓഫീസർ)

| വില്ലേജ് | വിസ്തീർണ്ണം ഏക്കറിൽ | | | |
|---|---|---|---|---|
| | റോഡ് | പുഴ | റവന്യൂ | ആകെ |
| എടവക | 28.56 | 68.35 | 155.13 | 252.04 |
| നല്ലൂർ നാട് | 25.44 | 138.37 | 7.38 1/4 | 171.19 1/2 |
| ആകെ | 54.00 | 206.72 | 162.51 1/4 | 443.23 1/4 |

പഞ്ചായത്തിലെ ജലസേചന സൗകര്യങ്ങൾ വളരെ പരിമിതമാണ്. പൊതു ജലസേചന സൗകര്യങ്ങൾ അല്പമെങ്കിലും ലഭിച്ചത് നെൽകൃഷിക്കാണ്. പുരയിടകൃഷിക്ക് ഈ സൗകര്യം പഞ്ചായത്തിലെവിടെയും ഇല്ല. 1976 ഏക്കർ നെൽപ്പാടത്ത് ജലസേചനസൗകര്യമുണ്ട്. 1966മുതൽ '94 വരെയുള്ള വർഷങ്ങളിലായി 13 (പതിമൂന്ന്) ചെറുകിട ജലസേചന പദ്ധതികൾ പൂർത്തിയായി. CCDP പദ്ധതി

പ്രകാരം അകമനച്ചാൽ പദ്ധതി 18500രൂപ ചിലവോടെ പൂർത്തയായി. എള്ളുമന്ദം, വാളേരി പദ്ധതികൾ പ്രാരംഭ പ്രവർത്തനത്തിലാണ്. പൂർത്തിയാക്കാനുള്ള പദ്ധതികൾ പൂർത്തിയാകുന്നതോടെ 515.8 ഏക്കർ പാടം കൂടി ജലസേചന സൗകര്യമുള്ളതാകും. എങ്കിലും ഇത് ആകെ നെൽപാടത്തിന്റെ നാലിൽ ഒരു ഭാഗം മാത്രമേ വരൂ എന്നതാണ് സത്യം. നെൽ കൃഷി വികസനത്തിനായി മാത്രം 21 (ഇരുപത്തൊന്ന്) പമ്പ് സെറ്റുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ ഏഴെണ്ണം സ്വകാര്യ വ്ക്തികളുടേതാണ്. പായോട്, എള്ളുമന്ദം, വാളേരി, കമ്മന എന്നിവിടങ്ങളിൽ സ്ഥാപിച്ച പമ്പ് സെറ്റുകൾക്ക് ഇതുവരെ കണക്ഷൻ ലഭിച്ചിട്ടില്ല.

## പട്ടിക VI
## ആകെ ജല ആസ്തി

(അവലംബം - ഗ്രാമസഭചർച്ച)

| നമ്പർ | ആസ്തികൾ | കിലോമീറ്റർ | എണ്ണം |
|---|---|---|---|
| 1. | പുഴ (കബനി) | 20.കിമീ | |
| 2. | തോട് | 70.കിമീ | |
| 3. | കുളം | | 27 എണ്ണം |
| 4. | ചെക്ക് ഡാം -പുഴയിൽ | | 2എണ്ണം |

## പട്ടിക VI

### പൂർത്തിയാക്കിയ ചെറുകിട ജലസേചന പദ്ധതികൾ (CCDD പദ്ധതി) (അവലംബം മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് രേഖ)

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ആരം ഭിച്ച വർഷം | പൂർത്തീക രിച്ച വർഷം | എസ്റ്റിമേറ്റ് (തുക ലക്ഷത്തിൽ) | ആയകെട്ട് വിസ്തീർണ്ണം ഏക്കറിൽ | മറ്റുവിവര ങ്ങൾ |
|---|---|---|---|---|---|---|
| 1. | പൈങ്ങാട്ടിരി ദേശം പാലയോട് തോട് പി.സി.ബി | 1964 | 1966 | 0.128 | 13.42 | |
| 2. | കമ്മന ലിഫ്റ്റ് ഇറിഗേഷൻ | 1968 | 1972 | 1.30 | 48.96 | |
| 3. | നല്ലൂർ നാട് പുലിക്കാട് തോടിന് കുറുകെ വി.സി.ബി | 1977 | 1978 | .57 | 10.40 | |
| 4. | മൂളിത്തോട് കുറുകെ വി.സി.ബി | 1978 | 1979 | 1.26 | 21.79 | |
| 5. | ഓടയോട്ട് കുറുകെ വി.സി.ബി | 1978 | 1979 | .68 | 12.22 | |
| 6. | തിരുമംഗലംതോട്ടിൽ വി.സി.ബി | 1980 | 1981 | 2.15 | 4.57 | |
| 7. | അരീക്കൽ വയലിന്റെ പാർശ്വഭിത്തി സംരക്ഷണം | 1982 | 1982 | .491 | 8.32 | |
| 8. | കമ്മന ജലസേചന ടാങ്ക് | 1982 | 1983 | 1.20 | 14.17 | |
| 9. | ചെറുവയൽ ജലസേചന ടാങ്ക് | 1983 | 1984 | 1.10 | 11.13 | |
| 10. | ചേമ്പിലോട് ജലസേചന ടാങ്ക് | 1992 | 1992 | 1.25 | 11.13 | പൂർത്തി |
| 11. | അകമനച്ചാൽ ജലസേചന ടാങ്ക് | 1993 | 1994 | 2.40 | 14.17 | യാക്കി |
| 12. | പനങ്കറ്റിമൂല ജലസേചന ടാങ്ക് | 1993 | 1994 | 1.85 | 12.15 | യിട്ടില്ല |
| 13. | കുന്ദമംഗലം ജലസേചനടാങ്ക് | 1994 | 1995 | 3.00 | 14.17 | |

## പട്ടിക VII

## പണിനടന്നുകൊണ്ടിരിക്കുന്ന സ്കീമുകൾ

(അവലംബം മൈനർ ഇറിഗേഷൻ ഡിപ്പാർട്ടമെന്റ് - രേഖ)

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ആരംഭിച്ച വർഷം | പൂർത്തിയായ വർഷം | എസ്റ്റിമേറ്റ് തുക ലക്ഷത്തിൽ | ആയക്കെട്ട് വിസ്തീർണ്ണം ഏക്കറിൽ | മറ്റുവിവരങ്ങൾ |
|---|---|---|---|---|---|---|
| 1. | പായോട് ലിഫ്റ്റി ഇറിഗേഷൻ പദ്ധതി | 1991 | | 3.00 | 240.00 | |
| 2. | മൂളിത്തോട് മെതിയറ വി.സി.ബി | 1990 | | 1.85 | 17.72 | |
| 3. | ജലധാര പദ്ധതി പായോട് തോട് വി.സി.ബിയും പാർശ്വ സംരക്ഷണ പ്രവർത്തിയും | 1993 | | 7.00 | 5.00 | |
| 4. | വള്ളംചിറ ജലസേചന ടാങ്ക് | 1994 | | 2.00 | 10.60 | |

## പട്ടിക VIII B

## കൃഷിഭവൻ വിതരണം ചെയ്ത നടീൽ വസ്തുക്കൾ സംബന്ധിച്ച വിവരം

(അവലംബം കൃഷിഭവൻ)

| ഇനം | 1993-94 | 1994-95 | 1995-96 |
|---|---|---|---|
| തെങ്ങ് | 4575 | 5380 | 6245 |
| കുരുമുളക് | 21300 | 30800 | 19900+800 കിറ്റ് |
| കശുമാവ് | 700 | 500 | - |
| നെല്ല് | - | - | 60കിറ്റ് |
| കവുങ്ങ് | - | - | 350 |
| സ്ക്കൂൾപച്ചക്കറി തോട്ടം | 700 | 800 | 469 |
| മാവ് | - | 100 | 165 |
| സപ്പോട്ട | 100 | 100 | 150 |
| മമ്പയർ | 80കിറ്റ് | 70കിറ്റ് | - |
| പച്ചക്കറി വിത്ത് | - | - | 62കിറ്റ് |
| എള്ള് | 100kg | 125kg | 175kg |

പുഴയോരങ്ങളും തോടുകളും കുളങ്ങളും പഴയ കാലങ്ങളിലെ പോലെ സംരക്ഷിക്കാൻ സാമൂഹിക (കൂട്ടായ) ശ്രമങ്ങൾ ഇല്ല. അതുകൊണ്ട്തന്നെ പുഴയോരങ്ങളിലെ മണ്ണ് ഇടിഞ്ഞ് തൂർന്ന് പുഴയുടെ വിസ്തൃതി വർദ്ധിക്കുന്നുണ്ട്. കുളങ്ങളും തോടുകളും ഇപ്രകാരം നശിച്ചുകൊണ്ടിരിക്കുന്നു. നെൽപ്പാടങ്ങളിലെ നാണ്യവിളകൃഷിയും ജലസ്രോതസ്സുകൾ വറ്റാൻ ഇടയാക്കുന്നു. നിലവിലുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കാനും വികസിപ്പിക്കാനുമുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കാേണ്ടിയിരിക്കുന്നു. പഞ്ചായത്തിന്റെ വടക്കു കിഴക്ക് അതിർത്തിയിലൊഴുകുന്ന മാനന്തവാടി പുഴ എട്ട് വാർഡുകളെ സ്പർശിച്ച് ഏതാണ്ട് 20 കിലോമീറ്റർ ഒഴുകുന്നു. കമ്മന വള്ളിയൂർക്കാവ് ഭാഗത്ത് പായോട് മാനന്തവാടി ഭാഗത്തുമായി പുഴയ്ക്ക് രണ്ട് ചെക്ക് ഡാമുകൾ ഉണ്ട്. കൂടാതെ ഉദ്ദേശം 70 കിലോമീറ്റർ ദൂരത്തിൽ ഒഴുകുന്ന ചെറുതും വലതുമായ തോടുകളുമുണ്ട്. പൊതുകുളങ്ങളും സ്വകാര്യകുളങ്ങളുമായി 27 എണ്ണമുണ്ട്. ഇതിൽ രണ്ടെണ്ണം വേനൽക്കാലത്ത് വറ്റുന്നവയാണ്. ഈ ജലസ്രോതസ്സുകൾ ഫലപ്രദമായി വിനിയോഗിക്കാനായാൽ കാർഷിക മേഖലയിൽ ഗണ്യമായ ഉൽപ്പാദന വർദ്ധനവ് നേടാം.

പൊതു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിവഴിയും ഗ്രൂപ്പ് അടിസ്ഥാനത്തിലും ജലസേചന സൗകര്യമേർപ്പെടുത്താൻ ധനസഹായം ലഭ്യമാക്കണം. തോടുകൾക്ക് നിർമ്മിച്ചിട്ടുള്ള തടയണകൾ മിക്കതും ഉപയോഗശൂന്യമായിരിക്കുകയാണ്.

## കൃഷിഭവൻ

എടവക പഞ്ചായത്ത് കൃഷി ഭവൻ കല്ലോടിയിലാണ് സ്ഥിതിചെയ്യുന്നത്. 1987 സെപ്റ്റംബർ ഒന്നിനാണ് ആരംഭിച്ചത്. ഒരു കൃഷി ഓഫീസർ മൂന്ന് കൃഷി അസിസ്റ്റന്റ് മാർ, ഒരു പാർട്ട് ടൈം സ്വീപ്പർ അടക്കം അഞ്ച് ജീവനക്കാരാണ് നിലവിലുള്ളത്. കൃഷിഭവന്റെ പ്രവർത്തനം കാര്യക്ഷമമല്ല.

## പാടശേഖരസമിതികൾ കുരുമുളക് സമിതികൾ

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ വിവിധ പ്രദേശങ്ങളിൽ കൃഷിക്കാരെ യോജിപ്പിച്ചുകൊണ്ട് ഇരുപത്തൊന്ന് പാടശേഖരസമിതികൾ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. 13 കുരുമുളക് സമിതികളും നിലവിലുണ്ട്. വേണ്ടത്ര ഫലപ്രദമായ രീതിയിലല്ല ഇത് പ്രവർത്തിക്കുന്നത്. നിയമ പ്രകാരം നിശ്ചിത സമയത്ത് ഭരണസമിതികളെ തിരഞ്ഞെടുക്കാറില്ല കൃഷിഭവനിൽ നിന്ന് ലഭ്യമാവുന്ന ആനുകൂല്യങ്ങൾ കർഷകർക്ക് എത്തിച്ചുകൊടുക്കുന്നതിൽ കാര്യക്ഷമത പ്രകടിപ്പിക്കാറില്ല.

### പട്ടിക VIII A

### പാടശേഖരകുരുമുളക് സമിതികൾ

| നമ്പർ | പാടശേഖര സമിതി | കുരുമുളക് സമിതി |
|---|---|---|
| 1. | എള്ളുമന്ദം പാടശേഖരസമിതി | വാളേരി കുരുമുളക് സമിതി |
| 2. | എടവക ചൊവ്വ പാടശേഖരനെല്ലുൽപാദന സമിതി | ചൊവ്വ കുരുമുളക് സമിതി |
| 3. | കാക്കഞ്ചേരി-പെരിഞ്ചോല നെല്ലുല്പാദന സമിതി | എള്ളുമന്ദം കുരുമുളക് സമിതി |
| 4. | മയ്ലാടി പാടശേഖര നല്ലുൽപാദന സമിതി | കാക്കഞ്ചേരി കുരുമുളക് സമിതി |
| 5. | വാളേരി പാടശേഖരസമിതി | പള്ളിക്കൽ കുരുമുളക് സമിതി |

| | | |
|---|---|---|
| 6. | അയിലമൂല പാടശേഖര സമിതി-വാളേരി | കാവറ്റ കുന്ദമംഗലം കുരുമുളക് സൊസൈറ്റി |
| 7. | പാലമുക്ക് നെല്ലുൽപാദന സമിതി നല്ലൂനാട് | അകമനച്ചാൽ കുരുമുളക് സമിതി |
| 8. | കുന്ദമംഗലം നെല്ലുൽപാദന സമിതി | പൈങ്ങാട്ടിരി കുരുമുളക് സമിതി |
| 9. | പുതിയിടം കുന്ന് പാടശേഖര സമിതി കുന്ദമംഗലം | പുലിക്കാട്കുന്ന് കുരുമുളക് സമിതി (1) |
| 10. | പുലിക്കാട് പാടശേഖരസമിതി നല്ലൂനാട് | പുലിക്കാട് കുന്ന് കുരുമുളക് സമിതി (2) |
| 11. | തോണിച്ചാൽ നെല്ല് ഗ്രൂപ്പ് ഫാമിങ്ങ് സൊസൈറ്റി | കമ്മന കുരുമുളക് സമിതി (1) |
| 12. | കമ്മന മുക്കത്ത് വയൽ പാടശേഖരസമിതി | കമ്മന കുരുമുളക് സമിതി (2) |
| 13. | കാവനക്കുന്ന് പാടശേഖര നെല്ലുല്പാദന സമിതി കമ്മന | കല്ലോടി കുരുമുളക് സമിതി |
| 14. | നഞ്ഞോത്ത് പാടശേഖര സമിതി കമ്മന | |
| 15 | കല്ലോടി നെല്ലുല്പാദന സമിതി എടവക | |
| 16. | കുണ്ടിച്ചിറ പാടശേഖര സമിതി എടവക | |
| 17. | ചേമ്പിലോട് നെല്ല് ഗ്രൂപ്പ് ഫാമിങ്ങ് സൊസൈറ്റി | |
| 18. | പൈങ്ങാട്ടിരി പാടശേഖര സമിതി നല്ലൂർ നാട് | |
| 19. | പായോട് നെല്ല് ഗ്രൂപ്പ് ഫാമിങ്ങ് സൊസൈറ്റി നല്ലൂർ നാട് | |
| 20. | അകമനച്ചാൽ കുന്ദമംഗലം നെല്ലുത്പാദന സമിതി | |
| 21. | കുണ്ടാല പാടശേഖര നെല്ലുല്പാദന സമിതി കമ്മന | |

1990-93 കാലയളവിൽ ആണ് പാടശേഖര സമിതികളും കുരുമുളക് സമിതികളും നിലവിൽ വന്നത്. ഈ സമിതികൾ മുഖേന ട്രില്ലർ, സ്പ്രിംഗ്ളർ, രാസവളങ്ങൾ, കീടനാശിനികൾ, മേൽത്തരം നടീൽ വസ്തുക്കൾ എന്നിവ കർഷകർക്ക് വിതരണം ചെയ്യാറുണ്ട്. മേൽപാടശേഖരങ്ങളിൽ ഒന്നാം വിളയായും രണ്ടാം വിളയായി നെല്ലും വാഴയും കൃഷിചെയ്യുന്നു. മൂന്നാം വിളയായി പച്ചക്കറി മരച്ചീനി പയർ വർഗ്ഗങ്ങൾ എന്നിവയാണ് കൃഷി ചെയ്യുന്നത്.

## കൃഷി തൊഴിലാളികളും കൂലിനിരക്കും.

കർഷക തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചു വരികയാണെങ്കിലും ചില പ്രത്യേക സീസണിൽ തൊഴിലാളികളെ കിട്ടാനില്ലാത്ത സ്ഥിതി ഉണ്ടാവാറുണ്ട്. സമീപസംസ്ഥാനമായ കർണ്ണാടകത്തിന്റെ അതിർത്തിപ്രദേശങ്ങളിൽ ഇഞ്ചികൃഷിക്കായി കർഷകർ വ്യാപകമായി പോയത് കർഷകതൊഴിലാളികളുടെ ദൗർലഭ്യത്തിന് കാരണമാവുന്നു. നെൽപ്പാടങ്ങൾ കുറഞ്ഞതുമൂലം സ്ത്രീതൊഴിലാളികൾക്ക് ജോലി ലഭ്യത വളരെ കുറഞ്ഞിട്ടുണ്ട്. തൊഴിലാളികളുടെ കർത്തവ്യ ബോധത്തിലും കാര്യക്ഷമത

യിലും കുറവുണ്ടായിട്ടുണ്ട്. കർഷക തൊഴിലാളികളുടെ. കൂലി നിരക്ക് ശരാശരി 70 രൂപ പുരുഷനും, സ്ത്രീക്ക് 40 രൂപയുമാണ്. നിലം ഉഴൽ തെങ്ങ്, കവുങ്ങ് കയറ്റം റബ്ബർ ടാപ്പിങ്ങ് തുടങ്ങിയ ചില പ്രത്യേക തൊഴിലുകൾക്ക് കൂലി നിരക്ക് കൂടുതലാണ്.

**മാർക്കറ്റ്:-** കാർഷിക ഉത്പന്നങ്ങളുടെ പ്രധാന മാർക്കറ്റ് മാനന്തവാടിയിലാണ്. പച്ചക്കറികൾ വിപണനം ചെയ്യാൻ പ്രാദേശിക ചന്തകൾ ഇല്ല. സഹകരണാടിസ്ഥാനത്തിലുള്ള പ്രാദേശിക മാർക്കറ്റുകൾ നിലവിലുണ്ടെങ്കിൽ ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും കൃഷിക്കാർക്ക് മോചനം ലഭിക്കും.

**പട്ടിക IX**

**കാർഷിക വായ്പ**

| നമ്പർ | ബേങ്കിന്റെ പേര് | വിതരണം ചെയ്ത വായ്പ | | |
|---|---|---|---|---|
| | | 93-94 | 94-95 | 95-96 |
| 1 | നല്ലൂർനാട് സർവ്വീസ് സഹകരണ ബാങ്ക് | 14030141 | 23257433 | 24985779 |
| 2. | മാനന്തവാടി ഫാർമേഴ്സ് സഹകരണ ബാങ്ക് എടവക ശാഖ | 1733957 | 2043373 | 1930015 |
| 3. | കല്ലോടി നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക് | 5272600 | 8272600 | 8427000 |

രണ്ട് സഹകരണ ബാങ്കുകളടക്കം മൂന്ന് ബാങ്കുകളാണ് പഞ്ചായത്തിലുള്ളത്. മൂന്ന് ബാങ്കുകളും കാർഷിക വായ്പകൾ നൽകാറുണ്ടെങ്കിലും കൃഷിക്കാരുടെ ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ ഇത് തുലോം തുച്ഛമാണ്.

## കാർഷിക മേഖലയിലെ മുഖ്യ പ്രശ്നങ്ങൾ

1. ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത
2. നെൽപ്പാടങ്ങളിൽ മറ്റ് കൃഷികൾ വ്യാപകമാകുന്നു
3. രാസവളം, കീടനാശിനി എന്നിവയുടെ അമിതഉപയോഗം
4. ജൈവവളത്തിന്റെ അപര്യാപ്തത
5. മണ്ണൊലിപ്പ്
6. ഫലഭൂയിഷ്ഠതകുറഞ്ഞമണ്ണ്
7. മേൽത്തരം നടീൽ വസ്തുക്കളുടെ ക്ഷാമം
8. കുറഞ്ഞ ഉത്പാദനക്ഷമത
9. കർഷകതൊഴിലാളികളുടെ ഉയർന്ന കൂലിനിരക്ക്

10. കാർഷികോല്പന്നങ്ങളുടെ കുറഞ്ഞവില

11. ശാസ്ത്രീയമായ കൃഷിസമ്പ്രദായത്തിനുള്ള സാങ്കേതിക സൗകര്യങ്ങളുടെയും ഉപദേശ - നിർദ്ദേശങ്ങളുടെയും അഭാവം

12. ഉത്പന്നങ്ങളുടെ സംസ്ക്കരണത്തിനും വിപണനത്തിനുമുള്ള സൗകര്യമില്ലായ്മ

13. വായ്പാസൗകര്യത്തിന്റെ അപര്യാപ്തതയും സങ്കീർണ്ണമായ വായ്പാവ്യവസ്ഥയും.

## സാധ്യതകൾ

1. നിലവിലുള്ള ജല സ്രോതസ്സുകൾ ഉപയോഗപ്പെടുത്താൻ പുതിയ ജലസേചന പദ്ധതികൾ ആരംഭിക്കുക.

2. നിലവിലുള്ള ജലസേചനപദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക.

3. മണ്ണൊലിപ്പ് തടയുന്നതിന് പൊതുജന പങ്കാളിത്തത്തോടെ പദ്ധതികൾ ആവിഷ്കരിക്കുക.

4. നെൽപാടം നികത്തുന്നതിനെതിരെ പൊതുജനങ്ങളിൽ ബോധവത്കരണവും സാമൂഹ്യസമ്മർദ്ധവും ഉയർത്തിക്കൊണ്ടുവരിക

5. സഹകരണാടിസ്ഥാനത്തിലോ കൃഷിഭവന്റ നേതൃത്വത്തിലോ നഴ്സറികൾ ആരംഭിക്കുക.

6. പാടശേഖര - കുരുമുളക് സമിതികളുടെ പ്രവർത്തനം ജനാധിപത്യാടിസ്ഥാത്തിൽ കാര്യക്ഷമമാക്കി ശാസ്ത്രീയവും സാങ്കേതികവുമായ സഹായം ഗ്രൂപ്പടിസ്ഥാനത്തിൽ ലഭ്യമാക്കുക.

7. ഇടത്തട്ട്കാരുടെ ചൂഷണം അവസാനിപ്പിക്കാൻ സഹകരണ മാർക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്തുക.

## നിർദ്ദേശങ്ങൾ

1.പഞ്ചായത്തിലെ 4വാർഡുകളിൽ (5,6,10,11) നെൽപ്പാടകൃഷിക്കും, ഭാഗികമായ തോട്ടകൃഷിക്കും ജലസേചനം ലഭ്യമാക്കാൻ കഴിയും വിധം നാടുകാണി-പുലിക്കാട്കുന്നിൽ ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കണം.

2. രണ്ടു വാർഡുകളി (8,9)ലെ നെല്പാടങ്ങളിൽ ജലസേചനം ലഭ്യമാക്കുമാറ് പായോട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തി ഉടൻ പൂർത്തീകരിക്കുക.

3. നിർദ്ധിഷ്ട ചേടിക്കൽ പദ്ധതി, പൂളക്കൽ പദ്ധതി എന്നിവ നടപ്പിലാക്കിയാൽ 6,11 വാർഡുകളിലെ കൃഷിക്കാർക്ക് നെൽകൃഷിക്ക് ജലം ലഭ്യമാകും.

4. 3-ാം വാർഡിലെ കാവൂരിച്ചാൽ, വാളേരി, 3ഉം 1ഉം വാർഡിലെ മെതിയറ-വേങ്ങാരംകടവ് എന്നിവിടങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക. വാളേരി ലിഫ്റ്റ് ഇറിഗേഷൻ അടിയന്തിരമായി പൂർത്തിയാക്കുക.

5. കമ്മന കാവണക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ, മുക്കത്ത് വയൽ (വാർഡ് 11) പദ്ധതി എന്നിവയുടെ ഇന്ന് നിലവിലുള്ള ശേഷി വർദ്ധിപ്പിക്കാൻ കഴിഞ്ഞാൽ കൂടുതൽ സ്ഥലങ്ങളിൽ ജലമെത്തിക്കാൻ കഴിയും.

## കുളങ്ങൾ :- നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ നിലവിലുള്ള ചെറുതും വലുതുമായ പൊതു- സ്വകാര്യകുളങ്ങളിൽ പ്രധാനപ്പെട്ട കുണ്ടറമൂല, പുതിയിടം കുന്ന്, കാവറ്റവയൽ, ചേമ്പിലോട്, കമ്മോം, കമ്മന നഞ്ഞോത്ത് കുളം, നിട്ടറകുളം, പൈങ്ങാട്ടിരി, അമ്പലവയൽ എന്നിവയുടെ ജലസംഭരണി ശേഷി ഉയർത്തി പമ്പുസെറ്റുകൾ സ്ഥാപിച്ചാൽ സമീപ പ്രദേശങ്ങളിൽ പുരയിട കൃഷിക്ക് ജലസേചന സൗകര്യം ലഭ്യമാക്കാൻ സാധിക്കും.

2. നിലവിലുള്ള ചെറുതും വലുതുമായ കുളങ്ങളുടെയും തോടുകളുടെയും സംരക്ഷണത്തിനു വേണ്ടി പ്രത്യേക പദ്ധതി ആവിഷ്കരിക്കുകയും, പരമ്പരാഗത രീതിയിലുള്ള പാർശ്വസംരക്ഷണത്തിന് ഊന്നൽ കൊടുക്കുകയും ചെയ്യണം.

3. പുലിക്കാട് (വാർഡ് 11) പുറമംഗലം, കണ്ടോണിവയൽ, പത്തിൽ വയൽ (10-ാം വാർഡ്) എരണക്കൊല്ലി കല്ലോടി വയൽ (വാർഡ് 7) പാലമുക്ക് കോറോത്തുമ്മൽ, പനങ്കുറ്റിമൂല, മങ്കൊല്ലി മൂല, വെള്ളാച്ചിറ മൂല (വാർഡ് 4), വെങ്ങച്ചെന്നി വയൽ കാപ്പും കുന്ന് എന്നീ പ്രദേശങ്ങളിൽ ജലസംഭരണത്തിന് കുളങ്ങൾ നിർമ്മിക്കണം.

4. മൈനർ ഇറിഗേഷൻ ഡിപ്പാർട്ടമെന്റ് അകമനച്ചാലിൽ നിർമ്മിച്ച ജലസേചന ടാങ്കിൽ പമ്പ് സ്ഥാപിക്കണം. 100 ഏക്കർ സ്ഥലം ഇതുകൊണ്ട് കൃഷിയോഗ്യമാക്കാം

## ചെക്ക് ഡാം

1. കബനീ നദിക്ക് കുറുകേ കമ്മന കരിന്തിരിക്കടവിലും കൊയിലേതി കമ്മന ഭാഗത്തും ഒരപ്പിലും ആയി ചെക്ക് ഡാം പണിയണം. ഇതുമൂലം ഭൂമിയുടെ ഊർപ്പം നിലനിർത്താനും നശിച്ചുകൊണ്ടിരിക്കുന്ന ജലസ്രോതസ്സുകളെ പുനരുജ്ജീവിപ്പിക്കാനും കഴിയും.

2. പഞ്ചായത്തിൽ ഉദ്ദേശം 70 കിലോമീറ്റർ നീളത്തിൽ ചെറുതും വലുതുമായ തോടുകളുണ്ട്. വേനൽക്കാലത്തും വെള്ളം ലഭിക്കുന്ന തോടുകൾക്ക് കുറുകെ തടയണകൾ നിർമ്മിക്കണം. തോടുകളുടെ പാർശ്വഭിത്തി സംരക്ഷിക്കുന്നതിന് പാടശേഖരസമിതികളുടെ മുൻകൈയ്യോടെ പദ്ധതി ആവിഷ്കരിക്കുക.

3. മെതിയറ - മൂളിത്തോടിന്റെ ചെക്ക്ഡാമിന്റെ പണിപൂർത്തിയാക്കുക.

4. പെരിഞ്ചോല കാക്കഞ്ചേരി തോട് (വാർഡ് 2) പേറ്റ്കര തോട് (വാർഡ് 3) അത്തേരി തോട്, ഓടയോട് തോട് (വാർഡ് 4) പുളിക്കൽ തോട്. പായോടി തോട് കരിമ്പിൻചാൽ (വാർഡ് 8) പത്തിൽ തോട് എന്നീ തോടുകൾക്ക് പല പദ്ധതികളിലായി ചെക്ക് ഡാം നിർമ്മിക്കുകയുണ്ടായെങ്കിലും യഥാകാലങ്ങളിൽ സംരക്ഷണപ്രവർത്തനങ്ങൾ നടത്താത്തതുമൂലം ചീപ്പുകൾ നശിച്ച് പദ്ധതി ഉപയോഗശൂന്യമായിരിക്കുകയാണ്. ആവശ്യമായ അറ്റകുറ്റപ്പണികൾ അടിയന്തിരമായി നടത്തി പദ്ധതി ഉപയോഗയോഗ്യമാക്കുക.

## ഗ്രൂപ്പ് ഫാമിങ്ങ്

1. നിലവിലുള്ള കർഷക സമിതികളെ ഉപയോഗിച്ചുകൊണ്ട് ഗ്രൂപ്പ് ഫാമിങ്ങ് രീതി പുനരുജ്ജീവിപ്പിക്കണം.

## പച്ചക്കറി കൃഷി

1. കർഷക സമിതികൾ, മഹിളാ സമാജങ്ങൾ, ക്ളബുകൾ, വായനശാലകൾ എന്നിവയുടെ മുൻകൈയ്യോടെ പച്ചക്കറി കൃഷി സംഘടിപ്പിക്കുക. ആവശ്യമായ അത്യുല്പാദന ശേഷിയുള്ള നടീൽ വസ്തുക്കളും മറ്റ് സാങ്കേതിക മാർഗ്ഗ നിർദ്ദേശങ്ങളും കൃഷിഭവനിൽ നിന്നും ലഭ്യമാക്കുക. സഹകരണ മേഖല ഉപയോഗപ്പെടുത്തി പച്ചക്കറി വിപണന സൗകര്യ ഒരുക്കുക.

## വിത്തിനങ്ങൾ

അത്യുല്പാദന ശേഷിയുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള സൗകര്യം ഉണ്ടാവണം. കൃഷിഭവന്റെ മുൻകൈയ്യോടെ രണ്ട് വില്ലേജിലും ഓരോ നഴ്സറികളെങ്കിലും ആരംഭിക്കുക. ഈ രംഗത്തെ സ്വകാര്യ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതികൾ ആവിഷ്കരിക്കുക.

## വളങ്ങളും കീടനാശിനികളും

രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിതഉപയോഗം നിയന്ത്രിക്കുക. ജൈവവളങ്ങളും ജൈവകീടനാശനികളും ഉത്പാദിപ്പിക്കാൻ കൃഷിക്കാർക്ക് പരിശീലനം നൽകാൻ പരിപാടി ആവിഷ്കരിക്കുക. കൃഷിഭവൻ മുഖേന ഇതിനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കണം. കീടനാശിനി പ്രയോഗം ഗ്രൂപ്പടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

## പുതിയ ഇനം കൃഷികൾ

1. പുഷ്പ കൃഷി, കൂൺകൃഷി മുതലായ പുതിയ കൃഷികളിൽ കൃഷിക്കാർക്ക് പരിശീലനം നൽകണം.

2. ഇവയ്ക്കാവശ്യമായ മാർക്കറ്റിംഗ് സൗകര്യം ഏർപ്പെടുത്തുക.

## ഔഷധ സസ്യങ്ങൾ

1. നശിച്ചുകൊണ്ടിരിക്കുന്ന ഔഷധ സസ്യങ്ങൾ കണ്ടെത്തി സംരക്ഷിക്കാനും വിപുലമായി കൃഷി ചെയ്യാനും പദ്ധതി തയ്യാറാക്കുക.

2. പാരമ്പര്യ വൈദ്യന്മാർക്കും മറ്റും ഇതിനാവശ്യമായ സഹായം ലഭ്യമാക്കണം.

3. സന്നദ്ധ സംഘടനകൾ, സ്കൂളുകളിലെ ക്ളബുകൾ എന്നിവ മുഖേന ഔഷധ സസ്യകൃഷി സംഘടിപ്പിക്കണം.

## കർഷകനും കൃഷിക്കും സംരക്ഷണ പദ്ധതി

1. കർഷകർക്ക് പെൻഷൻ സമ്പ്രദായം നടപ്പിലാക്കണം

2. സ്കൂൾ കുട്ടികൾക്ക് കാർഷിക വൃത്തിയോട് ആഭിമുഖ്യം ഉണ്ടാക്കുന്നതിനാവശ്യമായ പ്രായോഗിക പരിശീലനം നൽകണം.

3. കൃഷി സംരക്ഷിക്കുന്നതിന് നിലവിലുള്ള വിള ഇൻഷൂറൻസ് പദ്ധതി വിപുലമായി നടപ്പിലാക്കണം.

4. കൃഷിക്കാവശ്യമായ വൈദ്യുതിക്കും മറ്റ് ഇന്ധനങ്ങൾക്കും സബ്സിഡി ഏർപ്പെടുത്തണം.

5. കർഷകത്തൊഴിലാളികളുടെ പെൻഷൻ വർദ്ധിപ്പിക്കുക. കൂലിനിരക്ക് ജില്ലാ അടിസ്ഥാനത്തിൽ ഏകീകരിക്കുക.

## വിപണി

1. ഇടത്തട്ടുകാരുടെ ചൂഷണം ഇല്ലാതാക്കാൻ സഹകരണ മേഖലയിൽ പൊതു വിപണന കേന്ദ്രം പഞ്ചായത്തിൽ രണ്ടെണ്ണം ആരംഭിക്കണം. പച്ചക്കറി ചന്തകളും സഹകരണ അടിസ്ഥാനത്തിൽ ഏർപ്പെടുത്തണം. തോണിച്ചാൽ, ദ്വാരക, കല്ലോടി, രണ്ടേ നാല്, പാണ്ടിക്കടവ്, കമ്മന എന്നിവിടങ്ങളിലാണ് പച്ചക്കറി സ്റ്റാളുകൾ തുടങ്ങാൻ സാധിക്കുക.

## കൃഷിഭവൻ

1.കൃഷിഭവന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. കൂടുതൽ ജീവനക്കാരെ നിയമിക്കണം. രണ്ട് വില്ലേജുകളിലും സബ്സെന്ററുകൾ ആരംഭിക്കണം.

2. സ്ഥിരമായ ബോധവത്കരണ പരിശീലന പരിപാടികൾ കൃഷിഭവൻ സംഘടിപ്പിക്കണം.

3. ആധുനിക രീതിയിൽ കൃഷിക്കാർക്ക് പരിശീലനം നൽകണം.

4. കാർഷികോപകരണങ്ങൾ സബ്സിഡി നിരക്കിൽ കൃഷിഭവൻ വിതരണം ചെയ്യണം.

## മണ്ണൊലിപ്പ്.

മണ്ണൊലിപ്പ് തടയാനുള്ള ബോധവത്കരണ പരിപാടികൾ നടത്തണം. ഇതിന് പ്രാദേശിക അടിസ്ഥാനത്തിലും കൃഷിസമിതികൾ മുഖേന ഗ്രൂപ്പടിസ്ഥാനത്തിലും പ്രവർത്തിക്കണം. കൃഷിഭവൻ, സോയിൽ കൺസർവേഷൻ ഡിപ്പാർട്ട്മെന്റ് എന്നിവ ഏകീകരിച്ചുകൊണ്ടുള്ള പദ്ധതി ആവിഷ്കരണമാണ് ആവശ്യം. മണ്ണ് പരിശോധന നടത്തുന്നതിനുള്ള സംവിധാനം കൃഷിഭവനിൽ ആരംഭിക്കണം. മൊബൈയിൽ മണ്ണു പരിശോധന യൂണിറ്റുകൾ ആരംഭിക്കണം.

## പുഴയോര സംരക്ഷണം

ഇടിഞ്ഞു തൂർന്നു കൊണ്ടിരിക്കുന്ന പുഴയോരങ്ങളിൽ കായൽ, മുള, കൈത മറ്റ് പുഴയോര വൃക്ഷങ്ങൾ എന്നിവ വെച്ച് പിടിപ്പിച്ച് സംരക്ഷണ പ്രവർത്തനം നടത്തണം. പുഴയോര സംരക്ഷണ ജനകീയ കമ്മറ്റികൾ സംഘടിപ്പിക്കണം.

## കാർഷിക വായ്പ

സഹകരണ ബാങ്കുകളും മറ്റ് പൊതുമേഖലാ ബേങ്കുകളും കാർഷിക മേഖലയുടെ പുരോഗതിക്ക് കൂടുതൽ തുക നീക്കിവെക്കണം. ഇന്നുള്ള പലിശനിരക്ക് കുറയ്ക്കണം. നൽകുന്ന വായ്പാതുകയുടെ പരിധി വർദ്ധിപ്പിക്കണം.



# മൃഗസംരക്ഷണം

പുരാതന കാലം മുതൽക്കു തന്നെ എടവക പഞ്ചായത്തിൽ കൃഷിയുടെ അവിഭാജ്യഘടകമായി കാലി വളർത്തൽ നിലനിന്നിരുന്നു. ഉഴവു കാലികളെന്ന നിലയിലും, പാലുൽപ്പാദിപ്പിക്കുന്നതിനും വണ്ടിവലിക്കുന്നതിനും മാത്രമല്ല കൃഷിക്കാവശ്യമായ ജൈവവളങ്ങളുടെ മുഖ്യ സ്രോതസ്സെന്ന നിലയിലും കാലി വളർത്തലിനു പ്രാധാന്യം ഉണ്ടായിരുന്നു.

സ്വന്തമായി കൃഷി ഭൂമിയുള്ള മിക്കവാറും എല്ലാ കുടുംബങ്ങളിലും കാലിവളർത്തൽ നിലനിന്നിരുന്നു. പ്രധാന തറവാടുകളിൽ മുപ്പത് മുതൽ നാൽപ്പതുവരെ കാലികളുടെ കൂട്ടങ്ങളാണ് ഉണ്ടായിരുന്നത്. കുടുംബങ്ങളുടെ സമ്പൽ സമൃദ്ധിയുടെ പ്രതീകമായി കാലികളുടെ എണ്ണത്തെ കരുതിയിരുന്നു.

വിശാലമായ പാടങ്ങളിലും കുന്നിൻ പുറങ്ങളിലെ തരിശു ഭൂമികളിലും കാലികളെ ഇളക്കിമേയ്ക്കുന്ന പതിവാണ് അന്നുണ്ടായിരുന്നത്. നൂറുകണക്കിന് കാലികളെ ഒന്നോ രണ്ടോ ജോലിക്കാർ കൊണ്ടുനടന്ന് മേയ്ക്കുകയും വേനൽ കാലങ്ങളിൽ മുളയും മറ്റും കൊണ്ട് കെട്ടിയുണ്ടാക്കുന്ന (പിടാവ് എന്നറിയപ്പെട്ടിരുന്ന) കൂട്ടിലും, മഴക്കാലത്ത് ആലയിലും സംരക്ഷിക്കുകയും ചെയ്തിരുന്നു. സ്വന്തമായി കാലികളില്ലാത്തവർ മറ്റുള്ളവരുടെ കാലികളെ പോറ്റാൻ എടുക്കുകയും രണ്ടാമത്തെ പ്രസവത്തോടുകൂടി തിരിച്ചേൽപ്പിക്കുകയും ചെയ്തിരുന്നു. ഉഴവു കാളകളെ പോറ്റാനെടുത്താൽ വർഷത്തിൽ 36 പറനെല്ലും പോത്താണെങ്കിൽ 40 പറനെല്ലും ഉരുക്കളുടെ ഉടമസ്ഥന് പതിവുണ്ടായിരുന്നു. അക്കാലങ്ങളിൽ പാലിന്റെ വിപണനം നാമമാത്രമായിരുന്നു. നെയ്യായിരുന്നു മുഖ്യമായും വിറ്റിരുന്നത്.

കൃഷി വിപുലപ്പെടുത്തുകയും പാടങ്ങളും തരിശു ഭൂമികളും കുറഞ്ഞു വരികയും ചെയ്തതോടെ ഇളക്കിമേയ്ക്കൽ നിർത്തലാവുകയും കെട്ടിമേയ്ക്കുന്ന ഇന്നത്തെ രീതി നിലവിൽ വരികയും ചെയ്തു. എടവക പഞ്ചായത്തിൽ പ്രധാന വളർത്തു മൃഗങ്ങൾ, പശു, കാള, എരുമ, പോത്ത്, ആട്, എന്നിവയും പക്ഷികളിൽ പ്രധാനം കോഴികളുമാണ്.

| പശു | 1972 | 1987 | 1996 |
|---|---|---|---|
| പശു | 1414 | 3125 | 2190 |
| എരുമ | 238 | 317 | 159 |
| കാള | 1293 | 895 | 539 |
| ആട് | 511 | 1088 | 1275 |
| കോഴി | 3699 | 15334 | 14325 |
| താറാവ് | 20 | 78 | 325 |

മേൽ കാണിച്ച പട്ടിക എടവക പഞ്ചായത്തിലെ വളർത്തു മൃഗ സംഖ്യയിൽ കാൽ നൂറ്റാണ്ടുകാലത്തെ മാറ്റം സൂചിപ്പിക്കുന്നു. കഴിഞ്ഞ കാൽനൂറ്റാണ്ടു കാലത്തിനിടയിൽ പശു, എരുമ, കാള എന്നിവയെല്ലാം എണ്ണത്തിൽ കുറഞ്ഞിട്ടുണ്ട്. കാർഷിക മേഖലയിലെ യന്ത്രവൽക്കരണവും നെൽകൃഷിയിലുണ്ടായ കുറവും ഉഴവുമാടുകളുടെ എണ്ണം ഗണ്യമായി കുറയാൻ കാരണമായി. പരമ്പരാഗതമായി വളർത്തി വന്നിരുന്ന നാടൻ പശുക്കളിൽ നിന്നും അത്യുൽപാദന ശേഷിയുള്ള സങ്കരയിനം പശുക്കളിലേക്കുണ്ടായ മാറ്റം മൂലം നാടൻ പശുക്കളുടെയും, എരുമകളുടെയും എണ്ണം കുറഞ്ഞു. അതേ സമയം, ഉൽപാദനത്തിലും, ഉല്പാദനക്ഷമതയിലും വൻ വർദ്ധനവ് കാണാവുന്നതാണ്. പശുക്കളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് കൃത്രിമ ബീജദാനം സുപ്രധാനമായ പങ്കു വഹിച്ചിട്ടുണ്ട്. ഇപ്പോൾ ഈ പഞ്ചായത്തിൽ ആകെയുള്ള പശുക്കളിൽ പകുതിയിൽ അധികവും അത്യുൽപാദനശേഷിയുള്ള സങ്കരയിനങ്ങളിൽപെട്ടതാണ്. മാനന്തവാടി താലൂക്കിലെ ഏക കാലിച്ചന്ത എടവക പഞ്ചായത്തിലെ പാണ്ടിക്കടവിലാണ് നടക്കുന്നത്.

***എടവക ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള മൃഗസംരക്ഷണ സംവിധാനങ്ങൾ താഴെ വിവരിയ്ക്കുന്നു.***

1. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ കല്ലോടിയിൽ പ്രവർത്തിക്കുന്ന എടവക മൃഗാശുപത്രി.

2. കമ്മന, തോണിച്ചാൽ, പുതിയിടം കുന്ന് എന്നിവിടങ്ങളിൽ പ്രവൃത്തിക്കുന്ന ഊർജ്ജിത കന്നുകാലി വികസന ഉപകേന്ദ്രങ്ങൾ (ICDP Sub center കൾ) ഇതിൽ എടവക മൃഗാശുപത്രി 1995 മാർച്ചിലാണ് പ്രവർത്തനം തുടങ്ങിയത്. മൃഗ സംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ (Place schemes) എടവക മൃഗാശുപത്രി വഴിയാണ് നടപ്പാക്കുന്നത്.

## നടപ്പു പദ്ധതികൾ

1. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (S.L.B.P) നല്ലൂർനാട്, ദീപ്തിഗിരി, പാൽ സൊസൈറ്റി മുഖേന നടത്തിവരുന്നു.

2. പേ വിഷ നിയന്ത്രണം.

3. കാലിവസന്ത നിവാരണ പദ്ധതിയുടെ ഭാഗമായി സിറംസർ വീലിയൻസ്

4. കാലിരോഗ നിയന്ത്രണ പദ്ധതി.

5. കന്നുകാലി വികസനത്തിനുള്ള മൃഗ സംരക്ഷണ സേവനങ്ങൾ (പരിശീലനവും വിജ്ഞാന വ്യാപനവും)

6. ആടു വളർത്തൽ

7. വീട്ടുവളപ്പിലെ കോഴി വളർത്തൽ

8. കന്നുകാലി വന്ധ്യതാ നിവാരണ ക്യാമ്പുകൾ

9. ഗോരക്ഷാക്യാമ്പുകൾ

10. മുൻ വർഷങ്ങളിൽ പട്ടിക വർഗ്ഗ കോളനികളിൽ വിതരണം ചെയ്ത ജീവനോപാധികളുടെ ഫോളോ അപ്പ്.

11. കുളമ്പു രോഗ പ്രതിരോധ പദ്ധതി.

പട്ടിക ജാതി പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്ക് ജീവനോപാധികൾ വിതരണം നടത്തുമ്പോൾ അവ ദുരുപയോഗം ചെയ്യുന്നില്ലെന്ന് ഉറപ്പ് വരുത്തുവാൻ പ്രാദേശിക മോണിറ്ററിങ്ങ് കമ്മിറ്റികൾ രൂപീകരിക്കേണ്ട ആവശ്യകതയുണ്ട്.

പുതുതായി തുടങ്ങിയതിനാൽ എടവക മൃഗാശുപത്രിയ്ക്ക് അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ഉണ്ട്.

സ്വന്തമായി കെട്ടിടം ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ്, വൈദ്യുതി, വെള്ളം , ആധുനിക ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. മേൽ വിവരിച്ച I.C.D.P സബ് സെന്ററുകളിൽ ആവശ്യമായ സാങ്കേതിക ജീവനക്കാരില്ലാത്തതുകൊണ്ട് അവയുടെ സേവനം വേണ്ട വിധത്തിൽ കർഷകർക്ക് ലഭിക്കുന്നില്ല.

ഇവയ്ക്കും കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കേണ്ടതുണ്ട്.

പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും ദൂരക്കൂടുതൽ കാരണം കന്നുകാലി ചികിത്സയ്ക്ക് ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്.

ക്ഷീര വിപണനരംഗത്ത് ഈ പഞ്ചായത്തിൽ പ്രധാനമായുള്ളത് ദീപ്തിഗിരി, നല്ലൂർനാട്, എന്നിവിടങ്ങളിലുള്ള ക്ഷീരോൽപാദന സഹകരണ സംഘങ്ങളാണ്. പല വാർഡുകളിലും പാൽ സംഭരണ കേന്ദ്രങ്ങൾ ഇനിയും തുടങ്ങേണ്ടതായിട്ടുണ്ട്.

കാലിത്തീറ്റയുടെ ദൗർലഭ്യമാണ് ക്ഷീരോൽപാദകർ നേരിടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്ന് മേച്ചിൽ സ്ഥലങ്ങളില്ലായ്മ, തീറ്റപ്പുൽ കൃഷിയുടെ അഭാവം, മാർക്കറ്റിൽ ലഭിക്കുന്ന കാലിത്തീറ്റയുടെ വില, കൂടുതൽ നെൽകൃഷിയിലുണ്ടായ കുറവും പ്രകൃതി ക്ഷോഭവും മൂലമുണ്ടാകുന്ന വൈക്കോൽ ക്ഷാമം എന്നിവയാണ് പ്രധാന കാരണങ്ങൾ.

ഇടത്തരം ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ താരതമ്യേന ലാഭകരമായി പ്രവർത്തിക്കുന്നുണ്ട്. എങ്കിലും പ്രാദേശികമായി നിർമ്മിച്ച വിലകുറഞ്ഞ കോഴിത്തീറ്റയുടെ അഭാവം ഉല്പാദനച്ചെലവ് വർദ്ധിപ്പിക്കുന്നു. വ്യവസായികാടിസ്ഥാനത്തിൽ നടത്തുന്ന മുട്ടക്കോഴി വളർത്തൽ യൂണിറ്റുകളില്ല. അടുക്കള മുറ്റത്തെ കോഴി വളർത്തൽ വ്യാപകമായിത്തന്നെ ഉണ്ടെങ്കിലും നല്ലയിനം മുട്ടക്കോഴി കുഞ്ഞുങ്ങളുടെ ലഭ്യത അപര്യാപ്തമാണ്.

ഇവിടെ സ്ഥിരമായി പേപ്പട്ടി ശല്യമുണ്ടാകാറുണ്ട്. തെരുവു നായ്ക്കളെ ഫലപ്രദമായ രീതിയിൽ നശിപ്പിക്കുവാൻ സാധിച്ചിട്ടില്ല. പ്രാദേശികമായി പട്ടി പിടിക്കുന്നവരുടെ അഭാവമാണ് മുഖ്യ കാരണം. പഞ്ചായത്തിൽ പട്ടികൾക്ക് ലൈസൻസ് നിർബ്ബന്ധമാക്കിയിട്ടില്ല. പ്രതിരോധ മരുന്നുകൾ ആവശ്യമായ മാത്രയിൽ ലഭിക്കുന്നില്ല.

## പ്രധാന പ്രശ്നങ്ങൾ

1. കാലിത്തീറ്റ കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്നില്ല.
2. ഉല്പാദച്ചെലവിനനുസരിച്ച് പാലിന് മതിയായ വില ലഭിക്കുന്നില്ല.
3. പേപ്പട്ടി ശല്യം സ്ഥിരമായി ഉണ്ടാകുന്നു.
4. IRDP തുടങ്ങിയ പശു വായ്പാ പദ്ധതികളുടെ വായ്പാ തുക വളരെ കുറവാണ്.
5. 4,5,10,11 വാർഡുകളിൽ മൃഗചികിത്സാ സൗകര്യമില്ല.

6. പുൽകൃഷിയ്ക്ക് മേൽത്തരം വിത്തിനങ്ങൾ ലഭ്യമല്ല.

7. അകിടുവീക്കം, മടന്തൻ പനി, വിശപ്പില്ലായ്മ, ക്ഷീരസന്നി, വന്ധ്യത തുടങ്ങിയ രോഗങ്ങൾ കൂടുതലായി ഉണ്ടാകുന്നതുമൂലം ഉല്പാദനം കുറയുന്നു.

8. 3,4,7,8,9,11 വാർഡുകളുടെ പല പ്രദേശങ്ങളിലും പാൽ വിപണന സൗകര്യം ഇല്ല.

9. പഞ്ചായത്തിൽ ശാസ്ത്രീയമായ അറവുശാലയില്ല.

10. നല്ലയിനം മുട്ടക്കോഴികുഞ്ഞുങ്ങൾ വേണ്ടത്ര ലഭ്യമല്ല.

11. എടവക മൃഗാശുപത്രിയ്ക്ക് അടിസ്ഥാന സൗകര്യങ്ങളില്ല.

## സാധ്യതകൾ

1. സഹകരണ മേഖലയിൽ ചെറുകിട കാലിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ തുടങ്ങുക.

2. കന്നുകുട്ടി പരിപാലന പദ്ധതി (SLBP) വ്യാപകമാക്കുക.

3. IRDP ലോൺ തുക വർദ്ധിപ്പിക്കുക. വ്യവസ്ഥകൾ ലഘൂകരിയ്ക്കുക.

4. 4,5,10,11 വാർഡുകളിൽ മൃഗചികിത്സാ സൗകര്യം ഏർപ്പെടുത്തുക.

5. വീട്ടുമുറ്റത്തെ കോഴിവളർത്തൽ പദ്ധതി വ്യാപകമാക്കുക. സബ്സിഡി നിരക്കിൽ നല്ലയിനം മുട്ടക്കോഴികുഞ്ഞുങ്ങളെ ലഭ്യമാക്കുക.

6. ഇറച്ചിക്കോഴി വളർത്തലിന് സാമ്പത്തിക സഹായം നൽകുക.

7. പൊതുജന പങ്കാളിത്തത്തോടെ പേവിഷബാധ നിർമ്മാർജ്ജനം ചെയ്യുക.

8. തീറ്റപ്പുൽകൃഷിയ്ക്ക് പ്രോത്സാഹനം നൽകുക. വിത്തിനങ്ങൾ ലഭ്യമാക്കുക.

9. പശുവളർത്തൽ, ആടുവളർത്തൽ, പന്നിവളർത്തൽ തുടങ്ങിയവയ്ക്ക് ധനസഹായം നൽകുക.

10. മിനി ഡയറി യൂണിറ്റുകൾക്കും, വനിതാ സംരംഭകർക്കുള്ള ഡയറിയൂണിറ്റുകൾക്കും പ്രോത്സാഹനം നൽകുക.

11. ശാസ്ത്രീയവും ശുചിത്വമുള്ളതുമായ അറവുശാല സ്ഥാപിക്കുക.

12. ജില്ലാതലത്തിൽ കർഷകർക്ക് പരിശീലനം നൽകുന്നതിനുള്ള കേന്ദ്രം സ്ഥാപിക്കുക.

13. ബ്ലോക്കുതലത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ സഞ്ചരിയ്ക്കുന്ന മൃഗാശുപത്രി, ഹാച്ചറി എന്നിവ സ്ഥാപിക്കുക.

14. കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിന് ധനസഹായം നൽകുക.

15. 3,4,7,8,9,11 വാർഡുകളിൽ പാൽ വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

16. സങ്കരയിനം പശുക്കുട്ടികളെ സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.

17. എടവക മൃഗാശുപത്രി വിപുലീകരിയ്ക്കുക. സ്വന്തമായി കെട്ടിടം, ജീവനക്കാർക്ക് താമസസ്ഥലം വെള്ളം, വൈദ്യുതി, ടെലിഫോൺ ആധുനിക ചികിത്സാസൗകര്യങ്ങൾ, മരുന്നുകൾ എന്നിവ ഏർപ്പെടുത്തുക. പഞ്ചായത്തു പ്രസിഡണ്ട് അദ്ധ്യക്ഷനായി മൃഗാശുപത്രി വികസന സമിതി രൂപീകരിച്ചു വികസന പ്രവർത്തനങ്ങൾ പൊതു ജനപങ്കാളിത്തത്തോടെ നടത്താവുന്നതാണ്.

18. പശുക്കൾക്കും ഉടമസ്ഥനും സൗജന്യ ഇൻഷൂറൻസ് സൗകര്യം ഏർപ്പെടുത്തുക.

19. സ്ക്കൂളുകളിൽ പൗൾട്രി ക്ലബ്ബുകൾ രൂപീകരിയ്ക്കുക.

20. 10-ാം വാർഡിൽ കാപ്പും ചാലിൽ ബീജധാന കേന്ദ്രം സ്ഥാപിക്കുക.

# മത്സ്യബന്ധനം

എടവക പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലൂടെ ഒഴുകുന്ന ചെറുതോടുകൾ, 20 കിലോമീറ്ററോളം നീളം വരുന്ന പുഴയോരം, സ്വകാര്യകുളങ്ങൾ, പൊതുകുളങ്ങൾ എന്നിവയാണ് മുഖ്യ ഉപരിതല ജലസ്രോതസ്സുകൾ

മത്സ്യബന്ധനം മുഖ്യതൊഴിലാക്കിയ ആരും തന്നെ ഈ പഞ്ചായത്തിലില്ല. എന്നാൽ സ്വകാര്യ കുളങ്ങളിൽ ചെറിയ തോതിൽ ശുദ്ധജല മത്സ്യകൃഷി നടത്തിവരുന്നു. ഇതുകൂടാതെ വിവിധ പദ്ധതികൾ പ്രകാരം നിർമ്മിച്ച പൊതുകുളങ്ങളും ശുദ്ധജല മത്സ്യകൃഷിയ്ക്ക് സാധ്യതയുള്ളതാണ്.

ഇതിന് വയനാട്ടിലെ കാലാവസ്ഥയ്ക്കനുകൂലമായ ട്രൗട്ട് തുടങ്ങിയ മത്സ്യകുഞ്ഞുങ്ങളെ വിതരണം ചെയ്യേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

1. മേൽത്തരം മത്സ്യക്കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ്. മത്സ്യകൃഷി വളർത്താനുള്ള സൗകര്യങ്ങൽ ഉണ്ടാക്കുക.

## സാധ്യതകൾ

1. ശുദ്ധജല മത്സ്യകൃഷിയ്ക്കാവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ ലഭ്യമാക്കുക.

2. മത്സ്യകൃഷിയ്ക്കാവശ്യമായ കുളങ്ങൾ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കുക.

3. ആദ്യകാലങ്ങളിലുള്ള കുളങ്ങൾ, ചിറകൾ പുതുക്കി നന്നാക്കി അതിന്റെ ഉപയോഗം നടത്തുക.

4. എടവക പഞ്ചായത്തിലെ 8ാം വാർഡിൽപ്പെട്ട പൈങ്ങാട്ടിരിയുള്ള പഞ്ചായത്തിന്റെ വകയിലുള്ള ജലസംഭരണിയിൽ വ്യാപകമായി മത്സ്യകൃഷി നടത്താവുന്നതാണ്. ഇപ്പോൾ നടത്തിവരുന്നത് ശാസ്ത്രീയമായ കൃഷിയല്ല.



# കുടിവെള്ളവും പൊതുജനാരോഗ്യവും

ആരോഗ്യമുള്ള ജനതയാണ് രാഷ്ട്രത്തിന്റെ സമ്പത്ത്. ഈ സമ്പത്ത് സംരക്ഷിക്കപ്പെടണമെങ്കിൽ അടിസ്ഥാന ജീവിത സൗകര്യങ്ങളിൽ പുരോഗതിയുണ്ടാവണം. ഇതോടൊപ്പം ആരോഗ്യആതുരശുശ്രൂഷാരംഗം രോഗവിമുക്തമാകണം. എടവക പഞ്ചായത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുവാൻ നിലവിലുള്ള മാർഗ്ഗങ്ങൾ താഴെ കൊടുക്കുന്നു.

| വാർഡുകൾ | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|
| സാധാരണ കിണർ | 230 | 201 | 171 | 97 | 229 | 148 | 137 | 173 | 200 | 88 | 129 | 1803 |
| പൈപ്പ് | 69 | 87 | – | 78 | 47 | 61 | 76 | 132 | 78 | 13 | 13 | 654 |
| മറ്റുള്ളവ | 157 | 7 | – | 125 | 64 | 103 | 50 | 122 | 285 | – | 75 | 988 |

- **പഞ്ചായത്തിൽ നിലവിൽ മുൻഗണന നൽകിയ പദ്ധതികൾ താഴെ ചേർക്കുന്നു.**

| വാർഡ് | കിണർ | കേണി |
|---|---|---|
| I | പന്നിയോട്ടുകുന്ന് | വെതിയറഭാഗം |
| II | പെരുംചോല കോളനി | ചെറുമണൽ കോളനി |
| III | അഞ്ചാം പീടിക | – |
| IV | – | ചന്ദനനട |
| V | പിലാച്ചാൽ | - |
| VI | കമ്മന അങ്കൺവാടി | - |
| VIII | – | പാത്രച്ചാൽ |
| IX | പാണ്ടിക്കടവ് വട്ടക്കുളം ജങ്ഷൻ അമ്പലവയൽ പ്രദേശം | - |
| XI | കമ്മന കുരിശിങ്കൽ | പൂളക്കൽ കോളനി |

നിലവിലുള്ള എടവക ശുദ്ധജല വിതരണ പദ്ധതി 150 കി. മി യോളം മാത്രമാണുള്ളത്. 107 പൊതുടാപ്പുകളും 129 ഗാർഹിക കണക്ഷനും 9 ഗാർഹികേതര കണക്ഷനും ഈ ശൃംഖലയിൽ ഉണ്ട്.

പഞ്ചായത്തിലെ കുടിവെള്ള പ്രശ്നം രൂക്ഷമാക്കുന്ന ഒരു പ്രവണതയാണ് പൊതു ടാപ്പുകളിലെ വെള്ളം ഉപയോഗിച്ച് വാഹനങ്ങൾ കഴുകുന്നത്. ഇത് തടയേണ്ടിയിരിക്കുന്നു. മലിന ശുദ്ധജല മിശ്രണം സംഭവിക്കാതിരിക്കാൻ ഗുണനിലവാരമുള്ള പൈപ്പുകൾ ഉപയോഗിക്കുകയും പുഴവെള്ളം അണുവിമുക്തമാക്കി വിതരണം ചെയ്യുകയും വേണം. നിലവിലുള്ള 8 കുഴൽ കിണറുകളിൽ രണ്ടെണ്ണം പ്രവർത്തിക്കുന്നില്ല. അതിന്റെ അറ്റകുറ്റപ്പണികൾക്ക് പ്രാമുഖ്യം നൽകേണ്ടതാണ്.

## കുടിവെള്ള ക്ഷാമ ബാധിത പ്രദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും

**ഒന്നാംവാർഡ് :-**പുളിഞ്ഞാമ്പറ്റയിൽ കുന്നത്ത് ജോണിയുടെ സ്ഥലത്തുള്ള പ്രകൃതിദത്ത നീരുറവയിൽ ടാങ്ക് കെട്ടിയാൽ 75 ഓളം വീടുകളിൽ കുടിവെള്ളം എത്തിക്കാൻ കഴിയുന്നതാണ്. പുളിഞ്ഞാമ്പറ്റ കോളനി, പുതുശ്ശേരിക്കോളനി, കല്ലോടിഅയിലമൂല റോഡ്, മാമ്പറ്റക്കുന്ന്, കാരങ്കോട്ട് കോളനി, എന്നീ സ്ഥലങ്ങളിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ നീട്ടിക്കൊടുക്കേണ്ടതാണ്. കല്ലോടിയിൽ നിലവിലുള്ള ഒരു പൊതുകിണർ അറ്റകുപ്പണി നടത്തുകയും മംഗലശ്ശേരി വിജയൻ എന്നയാളുടെ സ്ഥലത്ത് കിണർ കുത്തി മോട്ടോർ വെയ്ക്കുകയും ചെയ്യുകയാണെങ്കിൽ 50 വീട്ടുകാരുടെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം ഉണ്ടാകും. മെതിയറയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ അവിടെ ഒരു കിണർ ടാങ്ക് പദ്ധതി ആരംഭിക്കേണ്ടതാണ്.

**രണ്ടാം വാർഡ് :-**ചുണ്ടമുക്ക്-ചൂട്ടക്കടവ് റോഡ്, അഗ്രഹാരം-പന്നിച്ചാൽ റോഡ്, വീട്ടിച്ചാൽ-വേങ്ങാരം കടവ് റോഡ്, കാക്കഞ്ചേരി-അഗ്രഹാരം- കുളത്തുവയൽ റോഡ്, മൂലപ്പീടിക-കാക്കഞ്ചേരി റോഡ്, പെരിഞ്ചോല- കാക്കഞ്ചേരി റോഡ് പിലാക്കണ്ടി കോളനി-മരിയൻകുന്ന്-താണിയാട്ട് റോഡ്, എരമംഗലത്ത് കുന്ന്-ചെറുമണൽ റോഡ് എന്നീ ഭാഗങ്ങളിൽ കൂടി വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ നീട്ടിയാൽ 150 വീടുകളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാം.

**മൂന്നാം വാർഡ്:-** മൂന്നാം വാർഡിലെ എല്ലാ പോക്കറ്റ് റോഡുകളുടെ പാർശ്വങ്ങളിലൂടെയും വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ നീട്ടുക. അഞ്ചാ പീടിക മൂളിത്തോട് പാർശ്വങ്ങളിലും കാവൂരി ചാലിലും ടാങ്ക് ഉയർത്തി ശുദ്ധജലം എത്തിക്കാം.

**നാലാം വാർഡ്:-** എക്കമുണ്ടക്കുന്ന്, പുതിയിടം കുന്ന്, അത്തേരിക്കുന്ന്, എരണക്കൊല്ലിക്കോളനി എന്നീ പ്രദേശങ്ങളിലുള്ള കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി ചേറുംപാല വയലിൽ ഒരു കുളം നിർമ്മിച്ച് മോട്ടോർ വെയ്ക്കേണ്ടതാണ്. സബ്സെന്ററിനോടനുബന്ധിച്ചുള്ള കിണറിൽ മോട്ടോർ വയ്ക്കാവുന്നതാണ്.

**അഞ്ചാം വാർഡ്:-** പുലിക്കാട്ട് കുന്ന്, കുറുവംപാടിക്കോളനി, ആലപ്പുരക്കുന്ന്, തോണിച്ചാൽ കല്ലടിക്കുന്ന്, കൊറ്റിയാട്ട് കുന്ന്, ചുള്ളിയോട്ട് കുന്ന് എന്നീ സ്ഥലങ്ങളിൽ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കൂടൽക്കടവ് പദ്ധതിയുടെ സേവന പരിധിയിൽ ഈ പ്രദേശങ്ങളെപ്പെടുത്തിയാൽ മതി. മൂന്ന് ചെറുകിട ജലവിതരണ പദ്ധതികൾകൊണ്ടും ഈ വാർഡിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാം. കല്ലടിക്കുന്നിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പ്രാവർത്തികമാക്കിയാൽ ജലക്ഷാമം തീരും.

**ആറാം വാർഡ്:-** കൊടുമയിൽ കുന്ന്, കുറത്തോളി ഹെൽത്ത് സെന്റർ, കാവണക്കുന്ന്, താബോർപള്ളിക്കു സമീപം, നഞ്ഞോത്ത്കുന്ന്, L.F ചർച്ചിനു സമീപം, ഉരുളേരിക്കുന്ന് ആയിപ്പൊയിൽ ഭാഗം എന്നീ സ്ഥലങ്ങളിൽ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കുടൽക്കടവ് പദ്ധതിയുടെ സേവന പരിധിയിൽ ഈ പ്രദേശങ്ങളെ ഉൾപ്പെടുത്തുക. ഹെൽത്ത് സെന്ററിനു സമീപം 500 മീറ്റർ താഴെ കിണർ കുഴിച്ച് മോട്ടോർ വെച്ചാൽ 60 വീടുകൾക്ക് കുടിവെള്ളം നൽകാം. കബനീ നദിക്ക് ബണ്ട് കെട്ടുക.

**ഏഴാം വാർഡ്:-** വാർഡിൽ ചേമ്പിലോട്ട് കോളനി, വീട്ടിക്കുന്ന് കുണ്ടിച്ചിറ, എരണക്കൊല്ലി, പാതിരിച്ചാൽ, പള്ളിക്കൽ-പാതിരിച്ചാൽ റോഡ്, ചേമ്പിലോട്, കാരക്കുനി, എന്നീ ഭാഗങ്ങളിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ നീട്ടുകയും നിലവിലുള്ള ലൈൻ കാര്യക്ഷമമാക്കുകയും വേണം. പാതിരിച്ചാലിൽ കിണർ-ടാങ്ക് പദ്ധതി നടപ്പിലാക്കിയാൽ ഇവിടുത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കാം.

**എട്ടാം വാർഡ്:-** 1982 ൽ പായോട്ട് ആരംഭിച്ച ശുദ്ധജല പദ്ധതിയിൽ 14 ടാപ്പുകൾ വികസിപ്പിക്കണം. പാലമുക്ക് പുറക്കാട് റോഡ്, പാലമുക്ക് ചിമ്മിയിൽ റോഡ് പാലമുക്ക് ഒതയോത്ത് കോളനി, കന്നേരിക്കുന്ന് എന്നിവിടങ്ങളിലുള്ള ജലക്ഷാമം പരിഹരിക്കാൻ എടവക പദ്ധതിയിൽ പൈപ്പ് ലൈൻ നീട്ടുക. കൂടൽക്കടവ് പദ്ധതിയിൽ നല്ലൂർനാട് വില്ലേജിലെ ബാക്കി സ്ഥലങ്ങൾ കൂടി ഉൾപ്പെടുത്തണം.

**ഒമ്പതാം വാർഡ്:-** അഗ്രഹാരം, പാണ്ടിക്കടവ് റോഡ്, ചാമാടിപ്പൊയിൽ റോഡ്, മുത്താറിമൂലക്കുന്ന് വടക്ക് ഭാഗം, സ്കൂൾ കുന്നിന്റെ കിഴക്ക് ഭാഗം, കാവുങ്ങൽ കുന്ന്, കടന്നലാട്ട് കുന്ന് അമ്പലവയൽ പയിങ്ങാട്ടിരി റോഡ്, മേച്ചേരിക്കുന്ന്, വണ്ടിക്കുന്ന് എന്നീ സ്ഥലങ്ങൾ ഉയരത്തിലുള്ളവയായതിനാൽ ആവശ്യത്തിന് ഫൗണ്ടൻ പോസ്റ്ററുകൾ ലഭ്യമാക്കി വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ വികസിപ്പിക്കണം. ഇതിന് കഴിയാത്ത -പക്ഷം ഈ പ്രദേശങ്ങളിൽ കിണർ-ടാങ്ക് പദ്ധതി നടപ്പാക്കണം.

**പത്താം വാർഡ്:-** അകമനച്ചാൽ കൂട്ടിക്കുറി കോളനി, എന്നിവിടങ്ങളിലേക്ക് വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ നീട്ടുക. കാപ്പുചാൽ, കുന്ദമംഗലം, നെച്ചോളി കോളനി, എടച്ചേരി കോളനി പൊതുകിണർ അനുവദിക്കുകയോ കൂടൽക്കടവ് പദ്ധതിയുടെ പരിധിയിൽപ്പെടുത്തുകയോ ചെയ്യേണ്ടതാണ്. നെല്ലേരിക്കുന്നിൽ ഒരു ചെറുകിട ശുദ്ധജല പദ്ധതി ആവിഷ്ക്കരിക്കുകയോ, കൂടൽക്കടവ് പദ്ധതിയുടെ പരിധിയിൽപ്പെടുത്തുകയോ ചെയ്യുക.

**പതിനൊന്നാം വാർഡ് :-** വാർഡിലെ എല്ലാ പോക്കറ്റ് റോഡുകളിലും ആവശ്യത്തിന് ഫൗണ്ടൻ പോസ്റ്റുകൾ സ്ഥാപിച്ച് കുന്നിൻ മുകളിലുള്ളവർക്കും കുടിവെള്ളം എത്തിക്കേണ്ടതാണ്. ഇതിന് കൂടൽക്കടവ് പദ്ധതി പ്രയോജനപ്പെടുത്തേണ്ടതാണ്. നെച്ചോളിഭാഗത്ത് കിണർകുഴിക്കുക. ചൂളക്കൽ മുക്കത്ത് കോളനികൾക്ക് സമീപമുള്ള കിണറിൽ മോട്ടോർ വെച്ച് ശുദ്ധജലം എത്തിക്കുക.

# പൊതുജനാരോഗ്യം

**ആ**തുരരും നിലവിളികളുമില്ലാത്ത രണ്ടായിരമാണ്ട് എന്ന ലക്ഷ്യവുമായി മുന്നേറുമ്പോൾ സേവന മേഖലകളിൽ മുമ്പിൽ നിൽക്കുന്ന കേരളം ഈ രംഗത്ത് മലമ്പനി-വസൂരി നിർമ്മാർജ്ജനവും കുറഞ്ഞ മാതൃ-ശിശു മരണനിരക്കും താദൃശ പ്രവർത്തനങ്ങളും മൂലം ലക്ഷ്യം പ്രാപിച്ചിരിക്കുകയാണ്. എങ്കിലും ഉദ്യോഗസ്ഥതലത്തിലും സംവിധാനങ്ങളിലും രീതികളിലും പല അപാകതകളും ദൃശ്യമാണ്.

1972 ൽ ശ്രീ ചാലിയാടൻ കുഞ്ഞബ്ദുള്ള ഹാജി 7 -ാം വാർഡിൽ ചെയ്ത സ്ഥലത്താണ് പ്രൈമറി ഹെൽത്ത് സെന്റർ പ്രവർത്തനമരംഭിച്ചത്. തുടക്കത്തിൽ നല്ല രീതിയിൽ പ്രവർത്തിച്ച് കൊണ്ടിരുന്ന ഗവ: റൂറൽ ഡിസ്പെൻസറിയും പിന്നീട് നാമമാത്രമായ ഐ.പി.വിഭാഗവും ജനങ്ങൾക്ക് വളരെയധികം സഹായകമായിരുന്നു. മലമ്പനി, വസൂരി, വയറിളക്കരോഗങ്ങൾ എന്നിവയ്ക്കെതിരെ ഇക്കാലത്ത് പരിമിതികൾക്കിടയിൽ നിന്നും ആരോഗ്യ പ്രവർത്തകർ നിലകൊണ്ടു. ലോകാരോഗ്യസംഘടനയും, കേന്ദ്ര ആരോഗ്യവകുപ്പും പ്രാവർത്തികമാക്കിയ ഇൻഡ്യ പോപ്പുലേഷൻ പ്രോജക്ടിലെ 4 പിന്നോക്ക ജില്ലകളിൽ വയനാടും ഉൾപ്പെട്ടതോടെ ഈ മേഖലയിലും പ്രവർത്തനങ്ങൾ ഊർജ്ജസ്വലമായി. എന്നാൽ ഇന്ന് IPP സ്കീമിന്റെ കാലാവധി കഴിഞ്ഞിട്ടും കുടുംബക്ഷേമപ്രവർത്തനങ്ങളിലും മാതൃശിശു സംരക്ഷണ രംഗത്തും വന്ന നേട്ടമല്ലാതെ കാര്യമായ മാറ്റം പൊതുജനാരോഗ്യരംഗത്ത് കാണുന്നില്ല.

എടവക പഞ്ചായത്തിൽ മൊത്തം സർവ്വേ നടത്തിയതിന് ശേഷം ആയിരത്തോളം ആളുകളെ പരിശോധിച്ച 92ൽ കല്ലോടിയിൽ സംഘടിപ്പിച്ച ക്യാൻസർ പരിശോധനാ ക്യാമ്പ് പൊതുജന ശ്രദ്ധയാകർഷിച്ച ഒരു പരിപാടിയായിരുന്നു.

**പഞ്ചായത്തിലെ രോഗികളെ സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.**

| | | |
|---|---|---|
| രക്തസമ്മർദ്ദം | – | 121 |
| ക്യാൻസർ | – | 38 |
| കുഷ്ഠം | – | 2 |
| ക്ഷയം | – | 83 |
| ഹൃദ്രോഗം | – | 90 |

(അവലംബം-സാമൂഹ്യസാമ്പത്തികസർവ്വേ)

**പകർച്ചവ്യാധിവിവരങ്ങൾ**

| വർഷം | ജലജന്യരോഗങ്ങൾ | വായുജന്യരോഗങ്ങൾ | പ്രാണിജന്യരോഗങ്ങൾ |
|---|---|---|---|
| 1993–94 | 632 | 542 | 4 |
| 1994–95 | 645 | 546 | 4 |
| 1995–96ഒക്ടോ. | 565 | 539 | 5 |

പഞ്ചായത്തിലെ ജനനമരണവിവരങ്ങൾ പരിശോധിക്കുമ്പോൾ ഗുണപരമായ വ്യതിയാനമാണ് കാണുന്നത്.

| വർഷം | ജനനം | മരണം | ചാപിള്ള ജനനം. |
|---|---|---|---|
| 93–94 | 40 | 71 | 5 |
| 94–95 | 27 | 75 | 6 |
| 95–96 ഒക്ടോ. | 17 | 77 | 1 |

## സ്ഥാപനങ്ങളും സേവനങ്ങളും

എടവക പഞ്ചായത്തിലെ ആരോഗ്യസ്ഥാപനങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

എടവക പഞ്ചായത്തിലെ സർക്കാർ ആരോഗ്യ സ്ഥാപനങ്ങൾ

| | | | |
|---|---|---|---|
| പ്രാഥമിക ആരോഗ്യകേന്ദ്രം | 1 | IPP കുടുംബക്ഷേമ കേന്ദ്രങ്ങൾ | 7 |
| ആയുർവ്വേദ ആശുപത്രി | 1 | ഹോമിയോ ആശുപത്രി | 1 |
| അംബേദ്കർ മെമ്മോറിയൽ Sc/St ആശുപത്രി | 1 | ആകെ ജീവനക്കർ | 38 |

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം | കെട്ടിടം സ്വന്തം/വാടക | സ്ഥാപനപരമായ പ്രശ്നങ്ങൾ |
|---|---|---|---|---|---|---|
| 1. | പ്രൈമറി ഹെൽത്ത് സെന്റർ എടവക | VII | 1972 | 20(16+4) | ഗവ:കെട്ടിടം | പഴയ കെട്ടിടം വാഹനം ഇല്ല ക്വാർട്ടേഴ്സില്ല |
| 2. | കുടുംബക്ഷേമ കേന്ദ്രം കല്ലോടി | I | 1985 | 1(1/20) | ഗവ:കെട്ടിടം | വെള്ളംവെളിച്ചം ഇല്ല |
| 3. | കുടുംബക്ഷേമ കേന്ദ്രം എള്ളുമന്ദം | II | 1985 | 1(1/20) | ഗവ:കെട്ടിടം | വെള്ളം |
| 4. | കുടുംബക്ഷേമ കേന്ദ്രം വാളേരി | III | 1985 | 1(1/20) | വാടക | വെള്ളം വെളിച്ചം കെട്ടിടം |
| 5. | കുടുംബക്ഷേമ കേന്ദ്രം പൈങ്ങാട്ടിരി | VIII | 1985 | 1(1/20) | ഗവ:കെട്ടിടം | |
| 6. | കുടുംബക്ഷേമ കേന്ദ്രം എടവക | | 1985 | 1(1/20) | | |
| 7. | കുടുംബക്ഷേമ കേന്ദ്രം കുന്ദമംഗലം | IV | 1985 | 1/20 (phcപൊരുന്നന്നൂർ) | ഗവ:കെട്ടിടം | വെള്ളം വെളിച്ചം |
| 8. | കുടുംബക്ഷേമ കേന്ദ്രം കമ്മന | VI | 1985 | 1/20 (phcപൊരുന്നന്നൂർ) | ഗവ:കെട്ടിടം | വെള്ളം വെളിച്ചം |
| 9. | ആയുർവ്വേദ ആശുപത്രി | VII | 1992 | 5 | വാടക | വെള്ളംകെട്ടിടം ക്വാർട്ടേർസ് |
| 10. | ഹോമിയോ ആശുപത്രി. | III | 1995 | 4 | വാടക | കെട്ടിടം |
| 11. | ഡോ:അംബേദ്കർ മെമ്മോറിയൽ ആശുപത്രി sc/st പുതിയിടം കുന്ന്. | IV | 1994 | 9 | ഗവ:കെട്ടിടം | ഗതാഗതം |

## പ്രശ്നങ്ങൾ

മിക്കവാറും ആസ്പത്രി കെട്ടിടങ്ങളുടേയും നില ശോചനീയമാണ്. കാലകാലങ്ങളിൽ അറ്റകുറ്റപ്പണികൾ ഒരിടത്തും നടക്കുന്നില്ല. ആസ്പത്രി ഉപകരണങ്ങളുടെ സ്ഥിതിയും മറിച്ചല്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ആയുർവ്വേദ ഡിസ്പെൻസറിക്കും ഹോമിയോ ഡിസ്പെൻസറിക്കും സ്ഥലസൗകര്യങ്ങൾ ലഭ്യമായിട്ടും സ്വന്തമായി കെട്ടിടമായിട്ടില്ല. മറ്റ് ജില്ലകളിൽ നിന്ന് ആരോഗ്യമേഖലയിലെ ജീവനക്കാരായി എത്തുന്നവർക്ക് താമസിക്കാൻ താൽക്കാലിക് സൗകര്യങ്ങൾ പോലുമില്ല. എച്ച്.ഐ മാരുടെ

പ്രവർത്തനത്തിന് ഓഫീസോ, രജിസ്റ്ററുകളോ, ഇല്ലെന്ന് മാത്രമല്ല അവരുടെ പ്രവർത്തനവും തൃപ്തി കരമല്ലെന്ന് ഗ്രാമസഭാ നിർദ്ദേശങ്ങൾകാണിക്കുന്നു. ഭക്ഷണ സാധനങ്ങളുടെ നിർമ്മാണ വിപണനക്രി യകൾക്കും, അറവുശാലകൾക്കും മറ്റും മുൻകാലങ്ങളിൽ എച്ച്.ഐ മാരുടെ സർട്ടിഫിക്കറ്റോടെ മാത്രമെ ലൈസൻസ് നൽകിയിരുന്നുള്ളു. ഇന്ന് ഗ്രീൻ ചാനൽ പോലുള്ള സൗകര്യങ്ങൾ വന്നതുമൂലം ഇതാവ ശ്യമില്ലെന്നായത് മൂലം ധാരാളം പ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വന്നെത്തുന്ന മലേറിയയും, ഡെഗിഫീവർ, തുടങ്ങിയവയും ആരോഗ്യരംഗത്തെ സജീവ പ്രശ്നങ്ങ ളാണ്.

80% വീടുകൾക്കും കക്കൂസുകൾ ഇല്ലാത്തത് ഗുരുതരമായ ആരോഗ്യപ്രശ്നമാണ്. സ്ഥലപരിമി തി ഒരു കാരണമാണെങ്കിലും സാമ്പത്തിക പരാധീനതയാണ് കക്കൂസുകളില്ലാതിരിക്കാനുള്ള പ്രധാന കാരണം. 14000 രൂപക്ക് താഴെ വരുമാനമുള്ളവർക്ക് കക്കൂസ് സ്ഥാപിക്കാൻ പണം ഗ്രാന്റായി നൽകണം. ഈ മേഖലയിൽ ബോധവൽക്കരണം വളരെ അനിവാര്യമാണ്താനും. എന്നാൽ ചില അംഗൻ വാടിക ളിലും ഹെൽത്ത് സെന്ററുകളിലും ആരോഗ്യ വിദ്യാഭ്യാസക്ലാസുകൾ നടക്കുന്നുണ്ടെങ്കിലും പങ്കാളിക ളുടെ എണ്ണം കുറവാണ്. ഈ ക്ലാസുകൾ സാർവ്വത്രികമാക്കേണ്ടിയിരിക്കുന്നു. ICDS ന്റെ കീഴിൽ പ്രവർത്തി ക്കുന്ന അംഗൻവാടി വർക്കർമാരും MSS (മഹിളാസ്വസ്ത് സംഘത്തിന്റെ) പ്രവർത്തകരും ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവരുടെ പ്രവർത്തനം പരമാവധി പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. പൊതുകിണർ നിർമ്മിക്കുകയും പൊതു സ്ഥലങ്ങളിലെ മലമൂത്രവിസർജ്ജനം കർശനമായി തടയു കയും ചെയ്യേണ്ടിയിരിക്കുന്നു.

## പരിസരമലിനീകരണ പ്രശ്നങ്ങൾ

ഗ്രാമ്യതയാണ് പഞ്ചായത്തിന്റെ മുഖമുദ്ര. ഫാക്ടറികളുടെ പുകക്കുഴലുകൾ ഇവിടെയില്ലെങ്കിലും ചില പരിസരമലിനീകരണപ്രശ്നങ്ങൾ ഗ്രാമസഭകളിൽ നിന്ന് ഉയർന്ന് വന്നിട്ടുണ്ട്. 5-ാം വാർഡിൽ വികസിച്ച് വരുന്ന ചന്തയിലെ പരിസരമലിനീകരണം അനാരോഗ്യകരമാണ്. തോണിച്ചാൽ ദ്വാരക എന്നിവിടങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ ശ്രദ്ധിക്കാനും നടപ്പാക്കാനും ജാഗ്രതാ സമിതികൾ രൂപീകരിക്കേണ്ടതാണ്. ഇവിടങ്ങളിൽ ഡ്രെയിനേജ് സംവിധാനം നടപ്പിൽ വരുത്തുകയും വേണം.

9ാം വാർഡിൽ പാണ്ടിക്കടവിൽ അറവ് ശാലകൾ ഗുരുതരമായ പരിസ്ഥിതി പ്രശ്നമുണ്ടാക്കുന്നു. കുളങ്ങളിലെ ജലം വൃത്തികേടാകുകയും ഇത് വയറിളക്കം പോലുള്ള രോഗങ്ങൾക്ക് കാരണമാകു കയും ചെയ്യുന്നു. ഇവിടെ ആധുനിക അറവ് ശാല സ്ഥാപിച്ച് ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്.

4ാം വാർഡിൽ A.M.M.R സ്കൂളിനടുത്ത് മലിനജലം കെട്ടിക്കിടക്കുന്നത് മൂലം കൊതുകുകൾ പെരുകുകയും ഇത് രൂക്ഷമായ ആരോഗ്യപ്രശ്നമായി മാറുകയും ചെയ്തിട്ടുണ്ട്.

പഞ്ചായത്തിലെ മർച്ചന്റ്സ് അസോസിയേഷനുകളുടെ സഹകരത്തോടെ അങ്ങാടികൾ ശുചി യാക്കി നിലനിർത്താനു ഭക്ഷണശാലകളെ ആധുനീകരിക്കാനും രോഗമുക്തമാക്കാനും ശ്രമിക്കേണ്ട താണ്.

## അഭിപ്രായങ്ങളും നിർദ്ദേശങ്ങളും.

ഇന്ന് നിലവിലുള്ള ആരോഗ്യസ്ഥാപനങ്ങൾക്കും, ആശുപത്രികൾക്കും കെട്ടിടങ്ങൾ നിർമ്മിക്കുക. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ പഞ്ചായത്ത് തലത്തിൽ കോ ഓർഡിനേറ്റ് ചെയ്യുക. ഫാമിലി ഫെൽഫയർ സെന്ററുകളിൽ ആഴ്ചയിലൊരിക്കലെങ്കിലും ഡോക്ടർമാരുടെ സന്ദർശനം ഉറപ്പ് വരു ത്തുക. ഹെൽത്ത് സെന്ററുകളിൽ പഞ്ചായത്തു പ്രതിനിധികൾ മാസം തോറും സന്ദർശിച്ച് പ്രവർത്ത നങ്ങൾ വിലയിരുത്തുക. പൊതുജനങ്ങൾക്ക് ലഭ്യമാക്കാവുന്ന തരത്തിൽ ചെറുതരം രോഗങ്ങൾക്കുള്ള മരുന്നുകളും പ്രാഥമിക ചികിത്സക്ക് ആവശ്യമായ ഉപകരണങ്ങളും ലഭ്യമാക്കുക. ആദിവാസികളിൽപ്പെട്ട

പാരമ്പര്യ വൈദ്യന്മാരെ പ്രോത്സാഹിപ്പിച്ച് വേണ്ട സഹായ സഹകരണങ്ങൾ കിർത്താഡ്സുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തുക. 4ാം വാർഡിൽ പുതിയിടം കുന്നിൽ അംബേദ്കർ ആശുപത്രിയിലേക്ക് വാഹന സൗകര്യം ലഭ്യമാക്കുക. നിലവിലുള്ള വാഹനങ്ങളുടെ സേവനം ആദിവാസികളായ രോഗികൾക്ക് ലഭ്യമാക്കുക. പുതിയിടം കുന്ന് ആശുപത്രിയിലേക്ക് ഗതാഗതം ലഭ്യമാക്കാനായി ഒന്നോ രണ്ടോ ബസ്സുകൾക്കായി ട്രാൻസ്പ്പോർട്ട് വകുപ്പുമായി ബന്ധപ്പെട്ട് റൂട്ട് പെർമിറ്റ് വാങ്ങിക്കുക. ഹോമിയോ ആശുപത്രി വാളേരി, ആയുർവ്വേദ ആശുപത്രി പാതിരിച്ചാൽ എന്നിവക്ക് കെട്ടിടം നിർമ്മിക്കുന്നതിന് MP ഫണ്ടിൽ നിന്നും പണം കണ്ടെത്തുക. പഞ്ചായത്തിലെ പ്രൈമറി സ്കൂളിലെ ആരോഗ്യ സേവനങ്ങളിൽ ഹെൽത്ത് കാർഡ് സമ്പ്രദായം ഏർപ്പെടുത്തുകയും വിദ്യാലയങ്ങളിലെ പ്രതിരോധകുത്തിവെയ്പ്പുകൾ എല്ലാ വർഷവും നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക. മനുഷ്യന്റെ ആരോഗ്യപരമായ ജിവിതത്തിന് മിനിമം ആവശ്യങ്ങളായ ശുദ്ധവായു, ശുദ്ധജലം, സാനിറ്ററികക്കൂസ് ഇല ലഭ്യമായാൽ 80% പകർച്ച വ്യാധികളും തടയാൻ കഴിയുന്നതാണ്. ഈ വസ്തുതക്ക് ബോധവൽക്കരണത്തിൽ പ്രാധാന്യം നൽകേണ്ടതാണ്.

ആരോഗ്യ വകുപ്പിലെ ഫീൽഡു വിഭാഗം ജീവനക്കാരായും H.I, J.H.I തസ്തികകൾ പൊതുജനാരോഗ്യ പ്രശ്നം കൈകാര്യം ചെയ്യുന്നതിന്ന് പഞ്ചായത്തിലേക്ക് മാറ്റുക. 8ാം വാർഡിൽ 4 ഏക്കർ റവന്യൂഭൂമിയിൽ പച്ച മരുന്ന് കൃഷിത്തോട്ടം സ്ഥാപിക്കുക. ദ്വാരകയിൽ ഒഴിഞ്ഞുകിടക്കുന്ന പഞ്ചായത്ത് കെട്ടിടത്തിൽ താലൂക്ക് ആയുർവ്വേദ ആശുപത്രി ആരംഭിക്കുക. പരിസര–വ്യക്തി ശുചീകരണവും ആരോഗ്യവിദ്യാഭ്യാസത്തിലൂടെയും മറ്റ് മാധ്യമങ്ങളിലൂടെയും പൊതുജനങ്ങളെ ബോധവൽക്കരിക്കുക. പഞ്ചായത്ത് തലത്തിൽ സാനിറ്ററി വർക്കർമാരെ നിയോഗിക്കുക. സിനിമാതിയേറ്ററുകൾ, ആഹാരസാധനങ്ങൾ പാകം ചെയ്യുകയും വിൽക്കുകയും ചെയ്യുന്ന സ്ഥാപനങ്ങൾ, അറവുശാലകൾ, ഫാക്ടറികൾ, മില്ലുകൾ തുടങ്ങി പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുമ്പോഴും പുതുക്കുമ്പോഴും ഹെൽത്ത് ഇൻസ്പെക്ടർമാരെ രേഖാമൂലം അറിയിക്കുക.

പഞ്ചായത്തിലെ 8ാം വാർഡിൽ ഒഴിഞ്ഞു കിടക്കുന്ന സ്ഥലത്ത് ഒരു വൃദ്ധവികലാംഗ സദനം ആരംഭിക്കേണ്ടതാണ്. സാമൂഹ്യ സഹായ പദ്ധതി അനുസരിച്ച് പഞ്ചായത്തിലെ 5000/- രൂപക്ക് താഴെ മാസവരുമാനമുള്ള ഗർഭിണികൾക്ക് ഗ്രാന്റ് ലഭ്യമാക്കേണ്ടതാണ്. ഇപ്പോൾ ഇത് 357 പേരാണ്. എട്ടാം വാർഡിൽ പ്രവർത്തിക്കുന്ന മന്ദബുദ്ധികൾക്ക് വേണ്ടിയുള്ള സ്ഥാപനത്തിലെ 104 പേർക്കായി ഒരു ക്ഷേമപദ്ധതി ആവിഷ്കരിക്കണം. ദേശീയ കുഷ്ഠരോഗനിർമ്മാർജ്ജന പദ്ധതിയിൽപ്പെടുത്തി രോഗനിവാരണ പരിപാടികൾ നടപ്പിലാക്കണം. പഞ്ചായത്തിലുള്ള 247 വികലാംഗരെ പുനരധിവസിപ്പിക്കുകയും തൊഴിൽ ലഭ്യമാക്കുകയും വേണം.



# വിദ്യാഭ്യാസം

എടവകയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉത്ഭവം ഇവിടുത്തെ സ്വാതന്ത്ര്യ സമര പ്രസ്ഥാനവുമായും, ദേശീയ പ്രസ്ഥാനവുമായും ബന്ധപ്പെട്ടുകിടക്കുന്നതാണ്. ദേശീയ പ്രസ്ഥാനത്തിൽ ആവേശഭരിതരായ കുറെയാളുകൾ ചേർന്ന് ഒരു വിദ്യാലയം തന്നെ സ്ഥാപിച്ച ചരിത്രം എടവകയ്ക്കുണ്ട്. ഇന്ന് അയിലമൂലയിൽ സ്ഥിതിചെയ്യുന്ന നാഷണൽ എൽ.പി.സ്കൂൾ ദേശാഭിമാനികളും ഉൽപതിഷ്ണുക്കളുമായ കുറച്ച് ആളുകളുടെ ശ്രമഫലമായുണ്ടായതാണ്. ദേശീയ പ്രസ്ഥാനം, ദേശീയബോധം എന്നൊക്കെയുള്ള വികാരം ജനങ്ങളെ ആവേശം കൊള്ളിച്ചിരുന്നത്കൊണ്ടാണ് സ്കൂളിന് നാഷണൽ (ദേശീയം) എന്ന പേര് തന്നെ വന്നത്. സ്വാതന്ത്ര്യ സമര സേനാനിയും, സാമൂഹ്യ പ്രവർത്തകനുമായിരുന്ന ശ്രീ.വി.എ.കുഞ്ഞിരാമൻ നമ്പ്യാരാണ് സ്കൂൾസ്ഥാപിക്കാൻ നേതൃത്വം കൊടുത്തത്.

എന്നാൽ ഇതിനൊക്കെ വളരെ മുമ്പു തന്നെ പള്ളിക്കൽ പയിങ്ങാട്ടിരി എന്നീ സ്ഥലങ്ങളിൽ വിദ്യാലയങ്ങൾ ആരംഭിച്ചിരുന്നു. 1896ൽ പള്ളിക്കലിൽ ബോർഡ് മാപ്പിള എൽ.പി.സ്കൂൾ എന്ന പേരിൽ ആരംഭിച്ചതാണ് എടവക പഞ്ചായത്തിലെ ആദ്യത്തെ ഔപചാരിക പ്രാഥമിക വിദ്യാലയം. വടക്കത്തി ദേവസ്വം ഊരാളൻ നല്ല വീട്ടിൽ കേളുനായർ എന്ന മൂപ്പിൽ നായരാണ് സ്ക്കൂൾ നിർമ്മാണത്തിനാവശ്യമായ സ്ഥലം നൽകിയത്. 1957ൽ മലബാർ ഡിസ്ട്രിക്ട് ബോർഡ് വിദ്യാലയം ഏറ്റെടുത്തശേഷം സ്കൂളിന്റെ പേര് ഗവ.എൽ.പി.സ്കൂൾ പള്ളിക്കൽ എന്നായി മാറി. ആരംഭകാലത്ത് 5-ാം തരം വരെ ഉണ്ടായിരുന്നെങ്കിലും പഠിക്കാൻ കുട്ടികളെ കിട്ടാത്തത് കാരണം 4-ാം ക്ളാസായി ചുരുങ്ങി.

പയിങ്ങാട്ടിരി ഗ്രാമത്തിൽ താമസിക്കുന്ന ആളുകളുടെ മക്കൾക്ക് പഠിക്കാൻ ഉദ്ദേശിച്ചുകൊണ്ട്നിർമ്മിച്ച പയിങ്ങാട്ടിരി ഗവ.എൽ.പി.സ്കൂൾ 1908-ലാണ് സ്ഥാപിതമായത്. മലബാർ ബോർഡ് ഗേൾസ്സ്കൂൾ എന്നായിരുന്നു വിദ്യാലയത്തിന്റെ ആദ്യപേര്. സ്വാതന്ത്ര്യത്തിനു ശേഷം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വിദ്യാലയങ്ങൾ ഉയർന്നു വന്നു. സെന്റ് ജോസഫ് യു.പി.സ്കൂൾ, കല്ലോടി (1948), നവോദയം എൽ.പി.സ്കൂൾ കമ്മന, എ.എൻ.എം.യു.പി.സ്കൂൾ എടവക എന്നിവയാണ് (1954) പഞ്ചായത്തിലെ പഴക്കം ചെന്ന മറ്റുവിദ്യാലയങ്ങൾ.

ഒരു നൂറ്റാണ്ടോളം ദൈർഘ്യമുള്ള എടവകയിലെ വിദ്യാഭ്യാസ ചരിത്രത്തിന്റെ സ്രഷ്ടാക്കളും, പ്രധാനികളുമാണ് കാലയവനിക്കുള്ളിൽ മറഞ്ഞ മറഞ്ഞ ജനാബ്.ബി.സൂപ്പിമാസ്റ്റർ, ശ്രീ.വി.എ.കുഞ്ഞിരാമൻ നമ്പ്യാർ, ഇന്നും ആധ്യാത്മിക - സാമൂഹ്യ പ്രവർത്തന രംഗത്ത് നിറഞ്ഞ് നിൽക്കുന്നവരായ സർവ്വശ്രീ.പി.കുഞ്ഞിരാമൻ നായർ, സി.കെ.നാരായണൻ നായർ, റവ.ഫാ.ജോസഫ് മേമന, 1985ൽ സംസ്ഥാന അധ്യാപക അവാർഡിനർഹനായ ശ്രീ.എം.എൻ.ശംഭു മാസ്റ്റർ തുടങ്ങിയവർ. സ്വകാര്യമേഖലയിൽ ആദ്യമായി വിദ്യഭ്യാസ സ്ഥാപനം ആരംഭിച്ചത് ശ്രീ.പി.കുഞ്ഞിരാമൻ നായരാണ്. 1948ൽ അദ്ദേഹം സ്ഥാപിച്ച എടച്ചന എലിമെന്ററി സ്ക്കൂളാണ് ഇന്ന് കല്ലോടിയിൽ സ്ഥിതിചെയ്യുന്ന സെന്റ് ജോസഫ് യു.പി.സ്കൂൾ.

വടക്കൻ വയനാട്ടിലെ പ്രധാനകുടിയേറ്റ കേന്ദ്രമായ എടവക പഞ്ചായത്തിലെ ആളുകൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു വേണ്ടി 1976 വരേയും മാനന്തവാടി, വെള്ളമുണ്ട എന്നീ സ്ഥലങ്ങളെ

ആശ്രയിക്കേണ്ടിവന്നിരുന്നു. 1976ൽ കല്ലോടിയിൽ ആരംഭിച്ച സെന്റ് ജോസഫ്സ്ഹൈസ്കൂളാണ് വിദ്യാഭ്യാസ രംഗത്തെ മുന്നേറ്റത്തിന് സാക്ഷ്യം വഹിച്ച മറ്റൊരു പ്രധാന ഘടകം. ഇന്ന് 6 എൽ.പി.സ്കൂളുകളും, 4 യു.പി.സ്കൂളുകളും, 2 ഹൈസ്കൂളുകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ പട്ടികജാതി-പട്ടിക വർഗ വിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾക്ക് വേണ്ടി പ്രവർത്തിക്കുന്ന സംസ്ഥാനത്തെ ഏക റസിഡൻഷ്യൽ വിദ്യാലയം (ഡോ.അംബേദ്ക്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ) നമ്മുടെ പഞ്ചായത്തിലെ കുന്ദമംഗലത്ത് സ്ഥിതി ചെയ്യുന്നു.

മാനന്തവാടി താലൂക്കിലെ ഏക സർക്കാർ സാങ്കേതിക വിദ്യാലയം (ടി.എച്ച്.എസ്.നല്ലൂർനാട്), അൺ എയിഡഡ് മേഖലയിൽ പ്രവർത്തിക്കുന്നതും, സർക്കാർ അംഗീകാരമില്ലാത്തതുമായ ഹിൽബ്ലൂംസ് സ്ക്കൂൾ എന്നിവയും പഞ്ചായത്തിലുണ്ട്. മേൽപറഞ്ഞ എല്ലാ വിദ്യാലയങ്ങളിലും കൂടി 6277 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. സ്കൂളുകളുടെ എണ്ണം, പേര്, വിദ്യാർത്ഥികളുടേയും, അധ്യാപകരുടെയും എണ്ണം എന്നിവ പട്ടിക 1A യിൽ കൊടുത്തിട്ടുണ്ട്. കൂടാതെ പട്ടികജാതി- പട്ടികവർഗ വിദ്യാർത്ഥികളുടെ എണ്ണം എന്നിവ 1B, 1Cയിൽ കൊടുത്തിട്ടുണ്ട്.

## പട്ടിക 1 A

## വിദ്യാർത്ഥികൾ - അധ്യാപകർ

| നമ്പർ | സ്കൂൾ | മാനേജ്മെന്റ് | വിദ്യാർത്ഥികൾ | | | അല്ലാത്തവർ |
|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | |
| 1 | GLPS വാളേരി LP | സർക്കാർ | 37 | 41 | 78 | 10 |
| | UP | | 73 | 62 | 135 | |
| 2. | GLPS പള്ളിക്കൽ | സർക്കാർ | 168 | 139 | 307 | 11 |
| 3. | GLPS പയിങ്ങാട്ടിരി LP | സർക്കാർ | 146 | 115 | 261 | |
| | UP (v) | " " | 29 | 36 | 65 | 9 |
| 4. | NLPS എടവക LP | എയിഡഡ് | 76 | 74 | 150 | |
| | അയിലമൂല UP | | 21 | 15 | 36 | 6 |
| 5. | SJUPS കല്ലോടി LP | | 198 | 166 | 364 | |
| | UP | | 356 | 309 | 665 | 30 |
| 6. | ANMUPS എടവക LP | | 106 | 100 | 206 | |
| | UP | | 100 | 102 | 202 | 17 |
| 7. | PRMCPS പാണ്ടിക്കടവ് | | 108 | 100 | 208 | 8 |
| 8. | NLPS കമ്മന LP | | 125 | 90 | 215 | |
| | UP (v) | | 23 | 23 | 56 | 9 |
| 9. | AUPS ദ്വാരക LP | | 281 | 275 | 556 | |
| | UP | | 275 | 265 | 540 | 29 |
| 10. | SPCPS പുതിയിടംകുന്ന് | | 66 | 60 | 126 | 4 |
| 11. | SJHS കല്ലോടി | | 384 | 401 | 785 | 37 |
| 12. | SHHS ദ്വാരക | | 424 | 478 | 902 | 28 |
| 13. | AMMRS നല്ലൂർ നാട് UP | | 85 | | 85 | |
| | HS | സർക്കാർ റസിഡൻഷ്യൽ | 75 | | 75 | |
| 14. | THS ദ്വാരക | സർക്കാർ ടെക്നിക്കൽ സ്കൂൾ | 105 | 16 | 121 | 20 |
| 15. | Hillblooms സ്കൂൾ LP | അൺഎയിഡഡ് | 52 | 40 | 92 | |
| | | (അംഗീകാരമില്ലാത്തത്) | 28 | 19 | 47 | |
| ആകെ | | | 3341 | 2936 | 6277 | 242 |

അവലംബം - സെക്കൻഡറി ഡാറ്റാ.

## പട്ടിക 1 B

## LP,UP,HS വിഭാഗങ്ങളിലെ പെൺകുട്ടികൾ ശതമാനത്തിൽ

| ആകെ | LP | | | UP | | | | HS | | | |
|---|---|---|---|---|---|---|---|---|---|---|---|
| വിദ്യാർത്ഥികൾ | ആൺ | പെൺ | % | ആകെ | ആൺ | പെൺ | % | ആകെ | ആൺ | പെൺ | % |
| 2563 | 1363 | 1200 | 46.8% | 1831 | 990 | 841 | 46% | 1883 | 988 | 895 | 47.5% |

(അവലംബം-സെക്കൻഡറി ഡാറ്റ)

## പട്ടിക 1 C

## SC/ST വിദ്യാർത്ഥികളുടെ വിവരം

| No. | സ്കൂളിന്റെ പേര് | ആൺ | പെൺ | ആകെ | മൊത്തംവിദ്യാർത്ഥികളുടെ ആനുപാതിക ശതമാനം |
|---|---|---|---|---|---|
| 1. | ഗവ: യു. പി വാളേരി | 31 | 32 | 63 | 24.8 % |
| 2. | ഗവ: എൽ.പി പള്ളക്കൽ | 11 | 4 | 15 | 4.8% |
| 3. | ഗവ: എൽ.പി പയിങ്ങാട്ടിരി | 24 | 18 | 42 | 14.2% |
| 4. | എ.എൽ.പി എടവക അയിലമൂല | 16 | 17 | 33 | 17.7% |
| 5. | സെന്റ് ജോസഫ് യു.പി കല്ലോടി | 114 | 50 | 164 | 14.2% |
| 6. | എ.എൽ.എം.യു.പി എടവക | 93 | 107 | 200 | 49% |
| 7. | പി.ആർ.എം.എൽ.പി പാണ്ടിക്കടവ് | 12 | 17 | 29 | 13.9% |
| 8. | എൻ.എൽ.പി കമ്മന | 68 | 55 | 123 | 45.3% |
| 9. | എ.യു.പി ദ്വാരക | 64 | 61 | 125 | 11.3% |
| 10. | സെന്റ് ഗേൾസ് L.Pപുതിയിടംകുന്ന് | 34 | 24 | 58 | 38% |
| 11. | സെന്റ് ജോസഫ്സ് ഹൈസ്കൂൾ കല്ലോടി | 32 | 24 | 56 | 7.2% |
| 12. | എച്ച്. എച്ച് ഹൈസ്കൂൾ ദ്വാരക | 26 | 30 | 56 | 6.2% |
| 13. | എ.എം.എം.ആർ.എസ് നല്ലൂർനാട് | 146 | – | 146 | 91% |
| 14. | ടി. എച്ച. എസ് ദ്വാരക, മാനന്തവാടി | 3 | 2 | 5 | 4.1% |
| | ആകെ | 674 | 441 | 1115 | 17.76% |

അവലംബം സ്കൂൾ രേഖകൾ

സാമ്പത്തിക സാമൂഹിക കാരണങ്ങളാൽ വളരെ ചെറിയൊരു ശതമാനം വിദ്യർത്ഥികൾ ഇടയ്ക്ക് പഠനം നിർത്തുന്നുണ്ട്. 1996-977 അധ്യയന വർഷത്തിൽ പഠനം നിർത്തിയവരുടെ പട്ടിക 1 (D) യിൽ കൊടുത്തിരിക്കുന്നു.

## പട്ടിക 1 D

### പഠനം നിർത്തിയവരുടെ കണക്ക് - 1996-97

| പട്ടിക ജാതി- പട്ടിക വർഗം | | | മറ്റുള്ളവർ | | |
|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 29 | 17 | 46 | 54 | 27 | 81 |

അവലംബം സ്കൂൾ രേഖകൾ

കഴിഞ്ഞ കുറച്ചുകാലമായി നടന്നു കൊണ്ടിരിക്കുന്ന വിദ്യാഭ്യാസ രംഗത്തെ വരേണ്യവൽക്കരണ ശ്രമങ്ങളുടെ ഭാഗമായി മുക്കിലും, മൂലയിലും പ്രവർത്തിക്കുന്ന ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളാണ് മികച്ചതെന്ന തെററായ ധാരണ വളർന്നു കൊണ്ടിരിക്കയാണല്ലോ. ഇത്തരം ധാരണകളുടെ അടിസ്ഥാനത്തിൽ ചുരുക്കം ചിലയാളുകൾ തങ്ങളുടെ മക്കളെ മാനന്തവാടിയിലും പരിസരത്തും പ്രവർത്തിക്കുന്ന അൺ- എയിഡഡ് ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിൽ പറഞ്ഞയക്കുന്നുണ്ട്. പൊതു വിദ്യാഭ്യാസത്തിന്റെ ഗുണ നിലവാരം മെച്ചപ്പെടുത്തിക്കൊണ്ടു മാത്രമേ ഇത്തരം വിദ്യാലയങ്ങൾക്കെതിരെ ശാസ്ത്രീയമായി ചെറുത്തു നിൽക്കാനൊക്കൂ.

മാനന്തവാടി താലൂക്കിലെ ഏക സർക്കാർ കോളേജ് സ്ഥിതിചെയ്യുന്നത് എടവക പഞ്ചായത്തിലാണ് എങ്കിലും സയൻസ് വിഷയങ്ങൾ പഠിക്കണമെങ്കിൽ മറ്റ് സ്ഥലങ്ങളിലേക്ക് പോകണമെന്നുള്ളതാണ് സ്ഥിതി. 1981 ൽ ആരംഭിച്ച കോളേജിൽ P.D.C ക്ക് സയൻസ് ഗ്രൂപ്പുകളും, സയൻസ് പ്രധാനവിഷയമായിട്ടുള്ള ഡിഗ്രി കോഴ്സുകളും ആരംഭിക്കേണ്ടിയിരിക്കുന്നു. ഇതിനുള്ള എല്ലാ ഭൗതിക സൗകര്യങ്ങളും ഇന്ന് കോളേജിനുണ്ട്. സ്വകാര്യമേഖലയിൽ ഒരു ഐ.ടി.സി പഞ്ചായത്തിലെ ദ്വാരകയിൽ പ്രവർത്തിക്കുന്നുണ്ട്. അവിടെ വിവിധ ട്രേഡുകളിലായി 51 കുട്ടികൾ പഠിക്കുന്നു. ദ്വാരകയിൽ 2 പാരലൽ കോളേജുകളും പ്രവർത്തിക്കുന്നുണ്ട്. 2 കോളേജുകളിലും S.S.L.C, Pree Degree കോഴ്സുകൾ നടത്തുന്നുണ്ട്. രണ്ട് സ്ഥാപനങ്ങളിലുമായി ആകെ 244 കുട്ടികൾ പഠിക്കുന്നു. ദ്വാരകയിൽത്തന്നെ 22 വിദ്യാർത്ഥികളുള്ള CAC ടൈപ്പ് റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിക്കുന്നുണ്ട്. ഗവ: ടെക്നിക്കൽ ഹൈസ്ക്കൂളിന്റെ അനുബന്ധമായി ടി.ജി.എം.ടി.ഇ യുടെ ആഭിമുഖ്യത്തിൽ ഗാർമെന്റ് മേക്കിങ്ങ് എന്ന തൊഴിൽ പരിശീലന കോഴ്സ് നടത്തുന്നുണ്ട്.

മന്ദബുദ്ധികളായ കുട്ടികളേയും വികലാംഗരായ ആളുകളേയും തൊഴിൽ പരിശീലിപ്പിക്കുന്ന 2 സ്ഥാപനങ്ങൾ കൃസ്ത്യൻ മിഷണറിമാരുടെ നേതൃത്വത്തിൽ തോണിച്ചാലിൽ പ്രവർത്തിക്കുന്നു. നിർധന അഗതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സൗജന്യതാമസം, ഭക്ഷണം എന്നിവ നൽകി അവരുടെ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടു കൂടി പഴശ്ശി ബാല മന്ദിരം എന്ന ഒരു സ്ഥാപനവും തോണിച്ചാലിലുണ്ട്.

പ്രീ.പ്രൈമറി വിദ്യാഭ്യാസ രംഗത്ത് 22 അംഗൻ വാടികളും, 1 ഇംഗ്ലീഷ് മീഡിയം നഴ്സറിയും, 4 മലയാളം മീഡിയം നഴ്സറി സ്കൂളുകളും പഞ്ചായത്തിലുണ്ട്. മൂന്ന് വയസ്സിനും അഞ്ചു വയസ്സിനുമിടയിലുള്ള കുട്ടികളധികവും സാമൂഹ്യക്ഷേമ വകുപ്പ് നടത്തുന്ന അംഗൻ വാടികളിലാണ് പോകുന്നത്. എന്നാൽ അംഗനവാടികളിൽ പലതിനും മതിയായ കളിക്കോപ്പുകളോ, മറ്റു സൗകര്യങ്ങളോ ഇല്ല. കുഞ്ഞുങ്ങൾക്ക് കളിക്കാനും സ്വാതന്ത്രമായി പെരുമാറാനും കഴിയുന്ന ആരോഗ്യകരമായ സാഹചര്യം നഴ്സറിയിലുണ്ടാവണം. അതിനാവശ്യമായ സൗകര്യങ്ങൾ നിലവിലുള്ള അംഗൻവാടികളിൽ ഉണ്ടാക്കുകയും പുതുതായി 7 അംഗൻ വാടികൾ അനുവദിച്ചു കിട്ടുകയും വേണം.

പഞ്ചായത്തിന്റെ ഇന്നത്തെ ജനസംഖ്യയ്ക്കും, വിസ്തൃതിയ്ക്കും അനുസരിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടെങ്കിലും പഞ്ചായത്തിലെ എല്ലാ വാർഡിലും നിരക്ഷരരായ ആളുകൾ ധാരാള

മുണ്ട്. 1990 ൽ നടന്ന കേരളാ സമ്പൂർണ്ണ സാക്ഷരതാ പരിപാടിയുടെ ഭാഗമായി സാക്ഷരത 90 % വരെ എത്തിയതായിരുന്നു. എന്നാൽ തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കാൻ സാധിക്കാതിരുന്നത് കൊണ്ട് അക്ഷരാഭ്യാസം നേടിയവർ നിരക്ഷരരായി മാറി. പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പ്രവർത്തിക്കുന്ന യുവജന ക്ലബ്ബുകളുടെ സഹകരണം തേടിക്കൊണ്ട് തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ സജീവമാക്കിയാൽ മാത്രമെ 1990-91 കാലയളവിൽ നാം നേടിയെടുത്ത നേട്ടം നിലനിർത്താനാകൂ.

6277 വിദ്യാർത്ഥികളും, 242 അധ്യാപകരുമുള്ള ഔപചാരിക വിദ്യാഭ്യാസ രംഗം മികച്ച രീതിയിലാണ് നടക്കുന്നത് എന്ന് നമുക്ക് അവകാശപ്പെടാൻ വയ്യ. S.S.L.C വിജയശതമാനത്തിന്റെ കാര്യത്തിൽ പഞ്ചായത്തിലെ വിദ്യാലയങ്ങൾ സാമാന്യം മെച്ചപ്പെട്ട നിലവാരം പുലർത്തുന്നുണ്ടെങ്കിലും, പൊതുവെ വിദ്യാർത്ഥികളുടെ നിലവാരത്തകർച്ച സമൂഹത്തിന്റെ ഗൗരവപരമായ ചർച്ചയ്ക്ക് വിഷയീഭവിക്കേണ്ടതാണ്.

കഴിഞ്ഞ 4 വർഷത്തെ S.S.L.C വിജയശതമാനം, 1996-97 വർഷത്തെ പാദവാർഷിക പരീക്ഷയിൽ കുട്ടികൾക്ക് ലഭിച്ച മാർക്ക് എന്നിവ VI A, VIB എന്നിവയിൽ കൊടുത്തിട്ടുണ്ട്.

### പട്ടിക VIA

| നമ്പർ | സ്കൂൾ | 1992-93 | 1993-94 | 1994-95 | 195-96 |
|---|---|---|---|---|---|
| 1. | SJHS കല്ലോടി | 55% | 52% | 46% | 55% |
| 2. | SHHS ദ്വാരക | 87% | 79% | 79% | 72% |
| 3. | AMMRS നല്ലൂർ നാട് | – | – | – | 100% |
| 4. | THSനല്ലൂർ നാട് | 87.5% | 82% | 90% | 100% |

(അവലംബം സ്ക്കൂൾ രേഖകൾ)

### പട്ടിക VI B
### 1996-97 കാൽക്കൊല്ല പരീക്ഷ

| ക്ലാസ് | ആകെ കുട്ടികൾ | 30%ത്തിനു താഴെ മാർക്ക് ലഭിച്ചവർ | 30%- 40% | 40%-50% | 50%-60% | 60%ത്തിനു മുകളിൽ |
|---|---|---|---|---|---|---|
| II | 636 | 139 | 66 | 102 | 141 | 188 |
| IV | 596 | 99 | 73 | 128 | 118 | 178 |
| V | 602 | 130 | 122 | 150 | 75 | 125 |
| VI | 512 | 102 | 99 | 129 | 81 | 101 |
| VII | 567 | 124 | 126 | 114 | 96 | 107 |
| VIII | 641 | 251 | 200 | 79 | 60 | 51 |
| IX | 599 | 233 | 225 | 73 | 40 | 28 |
| X | 436 | 137 | 166 | 40 | 30 | 63 |
| | | 1215 | 1037 | 815 | 641 | 841 |
| | | 26.7% | 22.8% | 17.9% | 13.9% | 18.7% |

(AMMRS, THS, Hill blooms എന്നിവയുടെ മാർക്ക് ഇതിൽ ഉൾപ്പെട്ടിട്ടില്ല)

(അവലംബം-സ്കൂൾ രേഖകൾ)

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നടത്തിപ്പിച്ച് ഗവൺമെന്റിന്റെയും, സ്വകാര്യ ഏജൻസികളുടെയും മാത്രം കടമയല്ല. മറിച്ച് സമൂഹത്തിന്റെയൊട്ടാകെയാണെന്ന ധാരണ ജനങ്ങളിൽ വളർന്നുവരണം. പ്രാദേശികാസൂത്രണത്തിന് ഊന്നൽ നൽകി വരുന്ന കാലമാണല്ലോ ഇത്. ജനാധിപത്യത്തിന് ശക്തമായ അടിവേരുകൾ സൃഷ്ടിക്കാൻ പ്രാദേശിക തലത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്ന ആസൂത്രണപ്രക്രിയയ്ക്ക് സാർവ്വത്രിക അംഗീകാരം നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രാദേശിക വികസനത്തിൽ വിദ്യാഭ്യാസം അവിഭാജ്യഘടകമാണ്. ഇതിന് രണ്ട് വശങ്ങളുണ്ട്. ആഗോള തലത്തിൽ വളർന്നുവരുന്ന ശാസ്ത്ര സാങ്കേതിക വിദ്യകളുടേയും, സാമൂഹ്യജ്ഞാനത്തിന്റെയും വിവരങ്ങൾ വികസിപ്പിച്ച് പ്രാദേശികാസൂത്രണത്തിനുപയോഗിക്കുക എന്നതാണെന്ന്. മറ്റൊന്ന് മനുഷ്യരെ സ്വന്തം ചുറ്റുപാടുകളെ തിരിച്ചറിയാൻ പ്രേരിപ്പിക്കുകയും, കായികവും, മാനസികവുമായ അധ്വാനം വഴി അവയെ ഉപയോഗിക്കാനുള്ള സർഗ്ഗ ശക്തി വളർത്തിക്കൊണ്ടു വരികയും ചെയ്യുക എന്നതാണ്. ഇന്നത്തെ ലോകത്തിൽ ഇവ രണ്ടും ഒത്തിണങ്ങിയാലേ വിദ്യഭ്യാസപരമായി ഉയർന്ന കഴിവുകളുള്ള മനുഷ്യശക്തിയെ സൃഷ്ടിക്കാൻ കഴിയുകയുള്ളൂ. സമൂഹവികസനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകമായിരിക്കുമത്. ഇത് പാടെ വിസ്മരിച്ചുകൊണ്ട് തെറ്റായ ഒരു പരീക്ഷാ സമ്പ്രദായത്തിന് കുട്ടികളെ ഒരുക്കലാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യമെന്ന് വന്നിരിക്കുന്നു. ഈ ധാരണ മാറ്റി പൊതു വിദ്യാലയങ്ങളെ ആശ്രയിക്കുന്ന മുഴുവൻ കുട്ടികളുടേയും വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കാൻ വമ്പിച്ച ജനകീയ ഇടപെടലുകളിലൂടെയേ സാധിക്കൂ.

പട്ടിക VI B യിൽ സൂചിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ മൂന്നു മുതൽ പത്തുവരെ പഠിക്കുന്ന വിദ്യാർത്ഥികളിൽ ഏതാണ്ട് 50% പേരും പ്രതീക്ഷിത മിനിമം നിലവാരത്തിലും താഴെയാണ്. ഇത് മാറ്റിയെടുക്കണമെങ്കിൽ വിദ്യാർത്ഥികളെ വിജ്ഞാന സമ്പാദനത്തിനും, പ്രായോഗിക പ്രവർത്തനങ്ങൾക്കും ഉത്തേജിപ്പിക്കുന്ന പഠനാന്തരീക്ഷം വളർന്നു വരണം. പഠനാന്തരീക്ഷമെന്നത് കേവലം ഭൗതിക സാഹചര്യങ്ങൾ വർധിപ്പിക്കൽ മാത്രമല്ല വിദ്യാർത്ഥികളും, അധ്യാപകരും, നാട്ടുകാരും ഒരുപോലെ പങ്കാളികളാകുന്ന വിദ്യാലയ സംസ്കാരം സൃഷ്ടിച്ചെടുക്കുക എന്നതു കൂടിയാണ്. മൽസര പരീക്ഷകളുടെ വിജയത്തിന്റെ മാത്രം അടിസ്ഥാനത്തിൽ സ്ക്കൂളുകളെ നല്ലതെന്നും, ചീത്തയെന്നും വേർതിരിക്കുന്നതുകൊണ്ട്, സ്കൂളുകൾ തമ്മിൽ അനാരോഗ്യകരമായ മത്സരമാണ് ഉണ്ടാകുന്നത്. ഈ പ്രവണത അവസാനിപ്പിക്കലായിരിക്കണം വിദ്യാഭ്യാസ രംഗം മെച്ചപ്പെടുത്താൻ ചെയ്യേണ്ട ആദ്യ പ്രവർത്തനങ്ങളിലൊന്ന്. ഇതിനായി പഞ്ചായത്ത് തല സമഗ്ര വിദ്യാഭ്യാസ പദ്ധതിക്ക് രൂപം കൊടുക്കണം. കേരളത്തിലെ പല ജില്ലകളിലും വിജയകരമായി നടപ്പാക്കി കൊണ്ടിരിക്കുന്ന സ്കൂൾ കോംപ്ളക്സ് സമ്പ്രദായം അടുത്ത അധ്യായന വർഷാരംഭത്തിൽ തന്നെ നടപ്പാക്കണം.

***സ്കൂൾ കോംപ്ലക്സിന്റെ സംഘടനാ സംവിധാനം താഴെ കൊടുത്ത രീതിയിൽ ആകാവുന്നതാണ്.***

1. പഞ്ചായത്ത് വിദ്യാഭ്യാസ സമിതി

| | |
|---|---|
| ചെയർമാൻ | ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്. |
| കൺവീനർ | നേതൃ സ്ക്കൂൾ ഹൈഡ് മാസ്റ്റർ |
| കോഡിനേറ്റർ | നേതൃ സ്ക്കൂളിലെ തൽപരനായ ഒരു അധ്യാപകൻ |

**അംഗങ്ങൾ:-** 1) പഞ്ചായത്ത് മെമ്പർമാർ 2) ഹെഡ്മാസ്റ്റർ 3) പി.ടി.എ പ്രസിഡണ്ടുമാർ 4) അധ്യാപക സംഘടനാ പ്രതിനിധികൾ 5) രാഷ്ട്രീയ പാർട്ടി പ്രവർത്തകർ 6) രണ്ട് വിദ്യാഭ്യാസ പ്രവർത്തകർ 7) മൂന്ന് സന്നദ്ധ സംഘടനാ പ്രതിനിധികൾ

**ചുമതലകൾ:-** പഞ്ചായത്ത് തല വിദ്യാഭ്യാസ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക, സ്ക്കൂൾ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുക, പഞ്ചായത്ത് തല ക്യാമ്പുകളും മറ്റും സംഘടിപ്പിക്കുക, വിഭവ സമാഹരണം നടത്തുക.

**2. പഞ്ചായത്ത് അക്കാദമിക് സമിതി.**

| | |
|---|---|
| ചെയർമാൻ | – തൽപരനായ റിട്ടയർ ചെയ്ത ഒരു അധ്യാപകൻ |
| കൺവീനർ | – തൽപരനായ നേതൃസ്ക്കൂൾ അധ്യാപകൻ |

**അംഗങ്ങൾ:-** വിവിധ സബ്ജക്ട് സമിതി കൺവീനർമാർ, അക്കാദമിക വൈദഗ്ധ്യമുള്ള 3 പ്രാദേശിക വിദഗ്ധർ, 2 പ്രൈമറി അധ്യാപകർ.

**ചുമതലകൾ:-**അക്കാദമിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള തനത് പരിപാടികൾ നടപ്പിലാക്കുക, പ്രതിമാസ അധ്യാപക സംഗമം ആസൂത്രണം ചെയ്ത് നടപ്പാക്കുക.

**3. സ്കൂൾ വിദ്യാഭ്യാസ സമിതി**

ചെയർമാൻ - വാർഡ് മെമ്പർ, വൈ. ചെയർമാൻമാർ- പി.ടി.എ പ്രസഡന്റ്

കൺവീനർ - ഹെഡ്മാസ്റ്റർ, ജോ. കൺവീനർ - തൽപരനായ ഒരധ്യാപകൻ

**അംഗങ്ങൾ :-** സ്റ്റാഫ് സെക്രട്ടറി, അധ്യാപക പ്രതിനിധി, 2 റിട്ടയർ ചെയ്തവരോ അല്ലാത്തവരോ ആയ വിദ്യാഭ്യാസ പ്രവർത്തകർ, 2 സന്നദ്ധ പ്രവർത്തകർ.

**ചുമതലകൾ:-** സ്കൂൾ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുക, വിഭവസമാഹരണം നടത്തുക, ഭൗതിക സൗകര്യം ഉറപ്പിക്കുക. ക്ലാസ്സ് പി.ടി.എ കൾ രൂപീകരിച്ച് രക്ഷാകർത്താക്കളുമായി നിരന്തര ബന്ധം സ്ഥാപിച്ച് കുട്ടികളുടെ പഠന പുരോഗതി ഉറപ്പിക്കുക.

മേൽ സൂചിപ്പിച്ച രീതിയിൽ അധ്യാപകരും, വിദ്യാർത്ഥികളും, ബഹുജനങ്ങളുമെല്ലാ മടങ്ങിയ പുതിയ കൂട്ടായ്മ വളർത്തിയെടുക്കാൻ ഗ്രാമപഞ്ചായത്ത് മുൻകൈയെടുക്കണം. ഇങ്ങനെ വളർന്ന് വരുന്ന കൂട്ടായ്മക്ക് പഞ്ചായത്തിലെ വിവിധ വിദ്യാലയങ്ങളിലെ ഇന്നത്തെ പരിമിതമായ അക്കാഡമിക് സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ സാധിക്കും. വിദ്യാർത്ഥികൾക്ക് 'പഠനം പാൽപായസവും' അധ്യാപകർക്ക് 'അധ്യാപനം അതിമധുരവും' ആകണമെങ്കിൽ വിദ്യാലയത്തിലെ അക്കാഡമിക് സൗകര്യങ്ങൾ മികാവുറ്റതായിരിക്കണം. എന്നാൽ നമ്മുടെ പഞ്ചായത്തിലെ ഭൂരിഭാഗവും വിദ്യാലയങ്ങളിലു മതിയായ അക്കാഡമിക്സൗകര്യങ്ങൾ ഇല്ല എന്നാണ് ദ്വിതീയ സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നത്. ഓരോ വിദ്യാലയത്തിലെയും അക്കാഡമിക് ഭൗതിക സൗകര്യങ്ങൽ എന്നിവ പട്ടിക Iv, V എന്നിവയിൽ കൊടുത്തിട്ടുണ്ട്.

## പട്ടിക V
## ഭൗതിക സാഹചര്യങ്ങൾ

| | സ്കൂൾ | ആകെ വിദ്യാർത്ഥികൾ | അധ്യാപകർ | | മൂത്രപ്പുര | കക്കൂസ് | കുടി വെള്ളം | വൈദ്യുതി | ചുറ്റു മതിൽ |
|---|---|---|---|---|---|---|---|---|---|
| | | | ആവശ്യമുള്ളത് | നിലവിലുള്ളത് | | | | | |
| 1 | GUP വാളേരി | 213 | 10 | 10 | 1 | 1 | ഉണ്ട് | ഉണ്ട് | ഇല്ല |
| 2. | GLPS പള്ളിക്കൽ | 307 | 11 | 11 | 2 | 1 | ഉണ്ട് | ഇല്ല | ഇല്ല |
| 3. | GLPS പയിങ്ങാട്ടിരി | 326 | 9 | 9 | 1 | ഇല്ല | പൊതു പൈപ്പ് | ഇല്ല | ഇല്ല |
| 4. | ANMUPS എടവക എള്ളുമന്ദം | 408 | 17 | 17 | 1 | 1 | ഉണ്ട് | ഇല്ല | ഇല്ല |
| 5. | NLPS എടവക അയിലമൂല | 186 | 6 | 6 | 1 | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 6. | SJUPS കല്ലോടി | 1029 | 30 | 30 | 2 | 2 | പൈപ്പ് | ഉണ്ട് | ഇല്ല |
| 7. | PRMLPS പാണ്ടിക്കടവ്. | 208 | 8 | 8 | 1 | ഇല്ല | പൊതു പൈപ്പ് | ഇല്ല | ഇല്ല |
| 8. | NLPS കമ്മന | 271 | 9 | 9 | 2 | 1 | ഉണ്ട് | ഉണ്ട് | ഇല്ല |
| 9. | AUPS ദ്വാരക | 1096 | 29 | 29 | 2 | 3 | ഉണ്ട് | ഉണ്ട് | ഇല്ല |
| 10. | SPLPS പുതിയിടംകുന്ന് | 126 | 4 | 4 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 11. | SJHS കല്ലോടി | 785 | 37 | 37 | 1 | 2 | ഉണ്ട് | ഉണ്ട് | ഇല്ല |
| 12. | SHHS ദ്വാരക | 902 | 30 | 28 | 2 | 7 | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 13. | AMMRS നല്ലൂർനാട് | 160 | 13 | 12 | 1 | 3 | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 14. | JTS ,സ്കൂൾ, നല്ലൂർനാട് | 122 | 34 | 20 | 1 | 1 | പൊതു പൈപ്പ് | ഉണ്ട് | ഇല്ല |
| 15. | Hill Blooms പാണ്ടിക്കടവ് | 229 | 12 | 12 | 2 | 3 | ഉണ്ട് | ഉണ്ട് | ഉണ്ട് |

(അവലംബം സെക്കന്ററി ഡാറ്റാ

ഗ്രാമസഭാ റിപ്പോർട്ടുകളിൽ താഴെ പറയുന്ന നിർദ്ദേശങ്ങളും ഉയർന്നു വന്നിട്ടുണ്ട് :-

1) പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന വിദ്യാലയങ്ങളായ പള്ളിക്കൽ ഗവ: എൽ.പി സ്കൂൾ, പയിങ്ങാട്ടിരി ഗവ: എൽ. പി സ്കൂൾ എന്നിവ യു.പി സ്കൂളായും, വാളേരി ഗവ: യു. പി സ്കൂൾ, ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ഏറ്റവും കൂടുതൽ പഠിക്കുന്ന എടവക എ. എൻ. എം. യു. പി. സ്ക്കൂൾ എന്നിവ ഹൈസ്ക്കൂളായും ഉയർത്തുക.

2) അപ് ഗ്രേഡ് ചെയ്യേണ്ട മററ് വിദ്യാലയങ്ങൾ 3ാം വാർഡിലെ പ്രവർത്തിക്കുന്ന നാഷണൽ L. P സ്കൂൾ, 4ാം വാർഡിലെ സെന്റ് പോൾസ് എൽ.പി.സ്കൂൾ, 6ാം വാർഡിലെ നവോദയം L.P സ്കൂൾ.

3) കല്ലോടി സെന്റ് ജോസഫ് ഹൈസ്ക്കൂൾ ഹയർസെക്കൻഡറി സ്ക്കൂളായി ഉയർത്തുക.

4) Xാം വാർഡ്, VI-ാംവാർഡിലെ കുരിശിങ്കൽ, I -ാം വാർഡിൽ ചൊവ്വ എന്നിവിടങ്ങളിൽ പുതുതായി L.P സ്ക്കൂൾ ആരംഭിക്കുക. IX-ാം വാർഡിൽ സർക്കാർ U.P സ്കൂൾ ആരംഭിക്കുക.

ശാസ്ത്രീയമായ വിദ്യാഭ്യാസ സർവ്വേയുടെ അടിസ്ഥാനത്തിലായിരിക്കണം മുകളിൽ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടത്.

5) നിലവിലുള്ള സ്കൂളുകളോടനുബന്ധിച്ച് പ്രീ-പ്രൈമറി സ്കൂളുകൾ ആരംഭിക്കുക.

6) മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സ്കൂൾ പി.ടി.എ യ്ക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ക്യാഷ് അവാർഡ് ഏർപ്പെടുത്തുക.

7) DPEP പദ്ധതി പ്രകാരം ചേമ്പിലോട് അനുവദിച്ച എൽ.പി സ്കൂളിന്റെ നിർമ്മാണം ഉടൻ തുടങ്ങുക.

8) X ാം വാർഡിൽ ട്രൈബൽ ഡിപ്പാർട്ട് മെന്റിന്റെ മേൽ നോട്ടത്തിൽ പ്രവർത്തിക്കുന്ന കിന്റർ ഗാർട്ടൺ സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുക.

9) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ദ്വാരകയിലെ ടെക്നിക്കൽ സ്കൂളിന്റെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

10) ദ്വാരകയിൽ ഒരു പോളി-ടെക്നിക്ക് അനുവദിക്കുക.

11) മാനന്തവാടി ഗവ:കോളേജിൽ ശാസ്ത്ര വിഷയങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന കോഴ്സുകൾ ആരംഭിക്കുക.

12) വിദ്യാലയങ്ങളിലെ പി.ടി.എ, മദർ പി.ടി.എ എന്നിവയുടെ പ്രവർത്തനം സജീവമാക്കുക.

13) വിദ്യാലയങ്ങളിൽ പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക. പഞ്ചായത്ത് തലത്തിൽ വിദ്യാർത്ഥികൾക്ക് വേണ്ടി കലാ- കായിക മൽസരങ്ങൾ നടത്തുക.

അവസാനമായി പറയുവാനുള്ളത് തകർന്നു കൊണ്ടിരിക്കുന്ന വിദ്യാഭ്യാസ ഗുണ നിലവാരം മെച്ചപ്പെടുത്താനുള്ള പരിപാടികൾ ആവിഷ്ക്കരിക്കണമെന്നാണ്. ഇത്തരം പ്രവർത്തനത്തിൽ വിദ്യാഭ്യാസത്തിലും, സാംസ്ക്കാരിക പുരോഗതിയിലും, താൽപര്യമുള്ള എല്ലാവരെയും പങ്കാളികളാക്കണം. നാം നേടിയ നേട്ടങ്ങൾ നിലനിർത്താനും, വളർത്താനും കഴിയണമെങ്കിൽ നമ്മുടെ പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെ മാത്രമെ സാധിക്കൂ.

## പട്ടിക IV
## അക്കാദമിക്ക് സൗകര്യങ്ങളുടെ ലഭ്യത

| | ലൈബ്രറി | പ്രവർത്തിക്കാത്തത് | ലാബ് | പ്രവർത്തിക്കാത്തത് | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ്റിക്കോർഡർ | ടെലിവിഷൻ | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ബ്ലാക്ക് ബോർഡ് | മാതൃ സംഘം സജീവം | ക്ലാസ് PTA പ്രവർത്തിക്കുന്നു. |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ഉള്ളത് | 11 | – | 11 | – | 9 | 7 | 6 | 2 | – | 2 | 3 | 13 | 9 |
| ഇല്ലാത്തത് | 4 | 4 | 4 | 4 | 6പരിമിതം | 8 | 9 | 13 | 15 | 13 | – | 1ൽ ഇല്ല | 5ൽ ഇല്ല |

## പട്ടിക 7
## വിദ്യാലയ സൗകര്യങ്ങൾ

| | സ്കൂളിന്റെ പേര് | സ്കൂളിന്റെ കൈവശമുള്ള സ്ഥലം | ഓഫീസ് മുറി | സ്റ്റാഫ് മുറി | പാചക മുറി | കളി സ്ഥലം | ഫർണീച്ചർ ആവശ്യത്തിന് ഉണ്ടോ | കുറവുള്ളതിന്റെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | ഡസ്ക് | ബഞ്ച് | മേശ | കസേര | ഓഫീസ് ഫർണീച്ചർ |
| 1 | GUPS വാളേരി | 1.0500 ഹെക്ടർ | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | 20 | 20 | 8 | 8 | 4 |
| 2. | GLPS പള്ളിക്കൽ | 98 സെന്റ് | ഉണ്ട് | ഇല്ല | ഉണ്ട് | സ്ഥലംഉണ്ട് നിരപ്പാക്കണം | ഇല്ല | 40 | 25 | 4 | 4 | 1 |
| 3. | GLPS പയിങ്ങാട്ടിരി | 0.29 ഏക്കർ | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 25 | 25 | 9 | 9 | 10 |
| 4. | NLPS എടവക | 172 സെന്റ് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | 30 | 25 | 4 | 5 | 2 |
| 5. | SJUPS കല്ലോടി | 200 സെന്റ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് പരിമിതം | ഇല്ല | 75 | 100 | 15 | 20 | 2 |
| 6. | ANMUPS എടവക | 150 സെന്റ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 20 | 20 | 3 | 3 | 2 |
| 7. | PRMLPS പാണ്ടിക്കടവ്. | 100 സെന്റ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 40 | 10 | 5 | 5 | 2 |
| 8. | NLPS കമ്മന | 200 സെന്റ് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | 10 | 10 | 2 | 2 | എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല |
| 9. | SPLPS പുതിയടംകുന്ന് | 100 സെന്റ് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | 25 | – | – | – | 5 |
| 10. | AUPS ദ്വാരക | 300 സെന്റ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 75 | 25 | 10 | 20 | 3 |
| 11. | SJHS കല്ലോടി | 404 സെന്റ് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | – | – | – | – | 2 |
| 12. | SHHS ദ്വാരക | 300 സെന്റ് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | 25 | 25 | 5 | 10 | 2 |
| 13. | AMMRS നല്ലൂർനാട് | 1400 സെന്റ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 10 | 10 | 10 | 10 | 5 |
| 14. | THS നല്ലൂർനാട് | 750 സെന്റ് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | [illegible] | [illegible] | [illegible] | [illegible] | [illegible] |



# ഗതാഗതം ഊർജ്ജം, മാർക്കറ്റ്

എടവക ഗ്രാമപഞ്ചായത്തിന് സാമാന്യം ഭേദപ്പെട്ട ഒരു റോഡ് ശൃംഘലയുണ്ട്. പഞ്ചായത്തിലെ മൊത്തം റോഡുകളുടെ നീളം PWD 17 Km, ടാർ ചെയ്ത പഞ്ചായത്ത് റോഡ് 37.77 km, മെറ്റൽ പതിച്ച പഞ്ചായത്ത് റോഡ് 11.25 Km, മെറ്റൽ പതിക്കാത്ത മൂന്ന് മീറ്ററിൽ കൂടുതൽ വീതിയുള്ള മൺ റോഡുകൾ 106.33 Km, 3 മീറ്ററിൽ കുറഞ്ഞ വീതിയുള്ള മൺ റോഡുകൾ ഏകദേശം 128 Km എന്നിങ്ങനെയാണ്.

കഴിഞ്ഞ 10 വർഷം കൊണ്ട് (1986-96) ഈ പഞ്ചായത്തിൽ ഗണ്യമായ തോതിൽ ഗതാഗതം സൗകര്യ വർദ്ധിച്ചിട്ടുണ്ട്. ഈ കാലയളവിൽ പഞ്ചായത്ത് മുഖേന മൊത്തം Rs.53,39,000 /- (അമ്പത്തിമൂന്ന് ലക്ഷത്തി മുപ്പത്തൊമ്പതിനായിരം രൂപ) ഈ ഇനത്തിൽ ചെലവാക്കിയിട്ടുണ്ട്.

പഞ്ചായത്തിലെ ഏറ്റവും നീളം കൂടിയ P.W.D റോഡായ മാനന്തവാടി കണ്ടത്തുവയൽ റോഡിന്റെ ചരിത്രം 1756 മുതൽ ആരംഭിക്കുന്നു. ഹൈദരാലിയുടെ പടയോട്ടകാലത്താണ് ഈ ജനപാത രൂപം കൊള്ളുന്നത്. പാണ്ടിക്കടവ് പക്രത്തളം റോഡെന്നാണ് ഇതറിയപ്പെട്ടിരുന്നത്. പാണ്ടിക്കടവിന്റെയും ചൂട്ടക്കടവിന്റെയും മധ്യത്തിലൂടെയായിരുന്നു ഈ പാത മാനന്തവാടിയുമായി കൂട്ടിച്ചേർന്നിരുന്നത്. അതുപോലെ മറ്റൊരു പുരാതന റോഡായിരുന്നു ചങ്ങാടക്കടവ്, ദ്വാരക, പീച്ചങ്കോട്ട് പടിഞ്ഞാറത്തറ, പൊഴുതന, കുതിരപ്പാണ്ടിറോഡ്. 1936 ലെ കുടിയേറ്റ കാലം മുതല്ക്കാണ് പഞ്ചായത്തിൽ മറ്റു റോഡുകൾ രൂപം കൊള്ളാൻ തുടങ്ങിയത്. മാനന്തവാടി കണ്ടോത്ത് വയൽറോഡ് ഇന്നത്തെ നിലയിൽ ഗതാഗതയോഗ്യമാക്കുന്നതിന് ജനകീയ സമിതികൾ നേതൃത്വപരമായ പങ്കുവഹിച്ചിട്ടുണ്ട്. പാണ്ടിക്കടവ് മുതൽ ഘട്ടം ഘട്ടമായാണ് ഈ റോഡിന്റെ പണി സന്നദ്ധ പ്രവർത്തനം മൂലം പൂർത്തീകരിച്ചത്. ഏറെ ജനശ്രദ്ധയാകർഷിച്ച പതിനായിരം പേർ പങ്കെടുത്ത ശ്രമദാനം ഈ റോഡ് നിർമ്മാണത്തിന്റെ മാത്രം സവിശേഷതയാണ്.

തോണിച്ചാലിൽ നിന്ന് പള്ളിക്കലിനെ ബന്ധിക്കുന്ന PWD റോഡിന്റെ പണി മാനന്തവാടി വികസന ബ്ലോക്കിന്റെ സഹായത്തോടെ പാലമൊക്ക് നുസ്രത്തുൽ ഇസ്ലാം സംഘമാണ് നടത്തിയിരുന്നത്.

ഈ പഞ്ചായത്തിന് വികസനത്തിന്റെ അടിത്തറയിട്ട മുൻ പ്രസിഡണ്ട് ശ്രീ. പി. കുഞ്ഞിരാമൻ നായരായിരുന്നു. രണ്ടേനാൽ എള്ളുമന്ദം റോഡിന്റെ ജനപങ്കാളിത്തത്തോടെയുള്ള നിർമ്മാണത്തിന് ആദ്യവസാനം നേതൃത്വം കൊടുത്തത്.

ഒരു ജന മുന്നേറ്റത്തിന്റെ ഫലമായുണ്ടായ പള്ളിക്കൽ പാതിരിച്ചാൽ റോഡിന് സഹകരണത്തിന്റെയും, സംഘർഷത്തിന്റെയും, വ്യവഹാരത്തിന്റെയും കഥ പറയാനുണ്ട്. വെള്ളമുണ്ടയെ മാനന്തവാടിയുമായി ഏറ്റവും കുറഞ്ഞ ദൂരം കൊണ്ട് ബന്ധിപ്പിക്കുന്നതാണ് ഈ റോഡ്.

സഹന സമരത്തിന്റെ വിജയമാണ് പീച്ചങ്കോട് പാതിരിച്ചാൽ റോഡ് പഠിപ്പിക്കുന്നത്. പീച്ചങ്കോട് നിന്ന് ആരംഭിക്കുന്ന ഈ റോഡിന്റെ തുടക്കത്തിൽ സ്ഥലം ഉടമ റോഡിന് സ്ഥലം വിട്ടുകൊടുത്തില്ല.

നാട്ടുകാർ ശ്രമദാനമായി പാതിരിച്ചാലിൽ നിന്ന് ഇങ്ങോട്ടു റോഡു വെട്ടിത്തീർത്തു അവസാനം പീച്ച ങ്കോട്ടുള്ള സ്ഥലം ഉടമ സ്വയം റോഡിന്ന് സ്ഥലം വിട്ടുകൊടുത്തു.

കല്ലോടി നിവാസികളുടെ ശ്രമദാനം മൂലം നിർമ്മിച്ചതാണ് കല്ലോടി പാതിരിച്ചാൽ റോഡ്, കല്ലോടി ഒരപ്പ് റോഡ് എന്നിവ. കമ്മന, കല്ലോടി പ്രദേശങ്ങളിലെ റോഡു നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്ന ക്രൈസ്തവ പുരോഹിതരെ പ്രത്യേകം സ്മരിക്കുന്നു. ജനങ്ങളുടെ കൂട്ടായ ശ്രമവും, സമ്മർദ്ദവുമാണ് എടവകയെ മാനന്തവാടിയുമായി ബന്ധിപ്പിക്കുന്ന ചങ്ങാടക്കടവ് പാലം എന്നിവയുടെ നിർമ്മാണത്തിലെത്തിച്ചത്. സ്വാതന്ത്ര്യപ്പിറവിക്ക് ശേഷം പണിയിക്കപ്പെട്ട ഈ പാലങ്ങൾ കിട്ടാൻ ജനനേതാക്കൾ തിരുവനന്തപുരം വരെ നിവേദക സംഘത്തെ നയിച്ചിട്ടുണ്ട്.

നാട്ടുകാരുടെ കായികശേഷി റോഡു നിർമ്മാണത്തിന് നല്കി സ്വരൂപിച്ച സംഖ്യ ഡിസ്പെൻസറി നിർമ്മാണത്തിന് സംഭാവന ചെയ്ത സംഭവവും ഇവിടുണ്ട്. ഇത്തരം പ്രവർത്തനങ്ങളിൽ മുൻപ്രവർത്തനങ്ങളിൽ പ്രസിഡണ്ട് ശ്രീ ശങ്കരൻ മാസ്റ്ററുടെ നേതൃത്വം എടുത്തു പറയേണ്ടതാണ്.

## ഗതാഗത പ്രശ്നങ്ങൾ

1. ചില വാർഡുകളിൽ വേണ്ടത്ര റോഡു സൗകര്യങ്ങളില്ല.

2.നിലവിലുള്ള റോഡുകളുടെ നിലവാരം വേണ്ടത്ര മെച്ചപ്പെട്ടതല്ല.

3. മിക്ക റോഡുകൾക്കും കൾവർട്ടുകളും ഓടകളുമില്ല.

4. റോഡുകൾക്ക് പൊതുവെ വീതികുറവാണ്.

5. വർഷത്തിൽ ഒരിക്കൽ പോലും അറ്റകുറ്റപ്പണികൾ നടത്താറില്ല.

6. മണ്ണിന്റെ ഘടന റോഡിന്റെ ഉറപ്പിനെ പ്രതികൂലമായ ബാധിക്കുന്നു.

7. വാഹനങ്ങൾ റോഡിൽ നിർത്തി കഴുകുന്നതുകൊണ്ട് റോഡ് എളുപ്പം കേടാകുന്നു.

8. റോഡരുകിൽ മരം, കല്ല്, എന്നിവ ഇട്ട് ഡ്രേയിനേജ് മൂടിക്കളയുന്നു.

9. വീതി കുറഞ്ഞ വളവുള്ള റോഡുകൾ അപകടസാധ്യത പുലർത്തുന്നു.

10. റോഡുകൾ കയ്യേറി പറമ്പുവച്ച് പലരും സ്ഥലം വീതികൂട്ടിയിട്ടുണ്ട്.

11. പൊതു റോഡിൽ പെട്ടിക്കടകൾ സ്ഥാപിക്കുന്നത് തടസങ്ങൾ ഉണ്ടാക്കുന്നു.

## പരിഹാര നിർദ്ദേശങ്ങൾ

1. ഓരോ റോഡിന്റെയും സംരക്ഷണത്തിന് പ്രാദേശിക ജനകീയ സമിതികൾ രൂപീകരിക്കുക.

2. പ്രധാന റോഡുകൾ ടാർ ചെയ്യാനും നിലവിലുള്ളവ സംരക്ഷിക്കാനും ഉള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

3. എല്ലാ റോഡുകൾക്കും ഓടകൾ നിർമ്മിക്കാൻ സന്നദ്ധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. മഴക്കാലത്തിനു മുമ്പ് ഈ പ്രവർത്തി പൂർത്തിയാക്കുക.

4. പുതു റോഡുകൾ ഉണ്ടാക്കാനുള്ള പദ്ധതി മുൻഗണനാക്രമത്തിൽ ആവിഷ്ക്കരിക്കുക.

5. ഉദ്യോഗസ്ഥ അഴിമതി തടയാനും നിശ്ചിത സംഖ്യ ഉപയുക്തമാക്കാനും കാരാറുകാരുടെ ചൂഷണം ഒഴിവാക്കാനും റോഡു നിർമ്മാണ പ്രവർത്തനം ജനകീയ സമിതികൾക്ക് നൽകുക.

6. റോഡു പണി നൽകുമ്പോൾ ശ്രമദാനത്തിലൂടെ 1/3 ഭാഗം ചെലവു വഹിക്കാൻ സന്നദ്ധമാകുന്ന ജനകീയ സഭകൾക്ക് മുൻഗണന നൽകണം.

7. പുതിയ റോഡിന് ഫണ്ട് അനുവദിക്കുമ്പോൾ ആവശ്യമായ വീതിയിൽ റോഡിന് സ്ഥലം വിട്ടുതരുന്നുണ്ടോ എന്ന് പരിശോധിക്കണം. ഇങ്ങനെ വിട്ടു തരുന്ന സ്ഥലം വീണ്ടും കയ്യേറി പോകാതിരിക്കാൻ പ്രത്യേകം അളന്ന് പഞ്ചായത്ത് രേഖയിൽ സ്ക്കെച്ചടക്കം രേഖപ്പെടുത്തി വെയ്ക്കണം.

8. റോഡിൽ വാഹനങ്ങൾ കഴുകുന്നതു തടയാൻ പഞ്ചായത്ത് കർശന നിയമ നടപടികൾ സ്വീകരിക്കണം. ഇത്തരം സ്ഥലങ്ങളിൽ പഞ്ചായത്ത് വക നിരോധന ബോർഡുകൾ സ്ഥാപിക്കണം.

9. റോഡുവശങ്ങളിൽ കല്ലുകളും മരങ്ങളും നിക്ഷേപിക്കുന്നതും മറ്റു കയ്യേറ്റങ്ങളും നിരീക്ഷിച്ച് പഞ്ചായത്തിൽ വിവരം നൽകാൻ സ്ഥിരമായ ജനകീയ റോഡു സംരക്ഷണ സമിതികൾ രൂപീകരിക്കണം.

10. കുഞ്ഞാം നിരവിൽപ്പുഴ വഴി വയനാട്ടിലേയ്ക്കുള്ള റോഡു നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ ഗവർമ്മെണ്ടിൽ സമ്മർദ്ദം ചെലുത്തുക.

### പട്ടിക 1

### എടവക പഞ്ചായത്തിലെ അറ്റകുറ്റപണി (റീ-ടാറിങ്ങ്) നടത്തേണ്ട ടാർ റോഡുകൾ

| No. | റോഡിന്റെ പേര് | ദൂരം | ഓട ഉണ്ട്/ഇല്ല | ആവശ്യമായ കലുങ്ക് | വാർഡുകളിൽ |
|---|---|---|---|---|---|
| 1. | പാലമൊക്ക് എള്ളുമന്ദം ഒരപ്പ് റോഡ് | 2.900 | ഇല്ല | 4 | I, II, VII |
| 2. | പള്ളിക്കൽ പാതിരിച്ചാൽ റോഡ് | 2.620 | ഇല്ല | 4 | VII |
| 3. | പീച്ചംകോട് കല്ലോടി റോഡ് | 7km | " " | 7 | IV, VII, X |
| 4. | അഞ്ചാം പീടിക പുതുശ്ശേരി റോഡ്. | 3.200 | " " | 4 | III |
| 5. | കല്ലോടി ഒരപ്പ് റോഡ്. | 2.650 | " " | 3 | I |
| 6. | പയിങ്ങാട്ടിരി പാണ്ടിക്കടവ് റോഡ്. | 2.200 | " " | 2 | VIII, IX |
| 7. | പന്നിച്ചാൽ അഗ്രഹാരം പാണ്ടിക്കടവ് റോഡ്. | 4km | " " | 1 | II. IX |
| 8. | പള്ളിക്കൽ പാലമുക്ക് റോഡ്. | 500m | " " | - | VII |
| 9. | കുരിശിങ്കൽ കരിന്തരക്കടവ് റോഡ്. | 1.800 | " " | - | XI |
| 10 | പാതിരിച്ചാൽ വെള്ളമുണ്ട റോഡ് | 1.700 | " " | 1 | VII |

## പട്ടിക II

### ടാർ ചെയ്യേണ്ട മെറ്റൽ റോഡുകൾ

| നമ്പർ | റോഡിന്റെ പേര് | ടാർ ചെയ്യേണ്ട ദൂരം | വാർഡ് | കലുങ്ക് |
|---|---|---|---|---|
| 1. | ചുണ്ടമൊക്ക് ചൂട്ടക്കടവ് റോഡ്. | 2.500 | II, IX | 2 |
| 2. | വീട്ടിച്ചാൽ വേങ്ങാരം എള്ളുമന്ദം റോഡ്. | 2.500 | I,II | 3 |
| 3. | പായോട്ട് കമ്പിക്കുന്ന് പാണ്ടിക്കടവ് റോഡ്. | 3.50 | VIII,IX | 2 |
| 4. | പാതിരിച്ചാൽ നടക്കൽ റോഡ്. | 2.500 | VII, IV | 1 |
| 5. | ഈസ്റ്റ് പാലമൊക്ക് ചേമ്പിലോട്ട് റോഡ്. | 2.00 | IV,VII | – |
| 6. | എള്ളുമന്ദം വേങ്ങാരം റോഡ്. | 2.500 | II | 2 |
| 7. | ദ്വാരക പുലിക്കാട് കമ്മന റോഡ്. | 3.00 | V, XI | 1 |
| 8. | മൂളിത്തോട് ഇണ്ടേര്യരിക്കുന്ന് റോഡ്. | 600 M | III | 2 |
| 9. | അയിലമൂല-മെതിയറ-ചൊവ്വയിൽ റോഡ്. | 2.500 | I,III | 2 |
| 10. | അഗ്രഹാരം കാക്കഞ്ചേരി റോഡ്. | 3.00 | I,II | 3 |
| 11. | ദ്വാരക പ്ലാച്ചാൽ റോഡ്. | 1.500 | X | 1 |
| 12. | കുണ്ടോണി പത്തിൽ കുന്ന് റോഡ്. | 0.500 | X | – |
| 13. | തോണിച്ചാൽ കാപ്പുംചാൽ റോഡ്. | 2.500 | IV,X | 3 |
| 14. | കമ്മന വള്ളിയൂർ കാവ് റോഡ്. | 2.200 | VI | 2 |
| 15. | തോണിച്ചാൽ കണ്ടകർണ്ണൻ കൊല്ലി റോഡ്. | 4.00 | V | 2 |
| 16. | വള്ളിയൂർ കാവ് കമ്മന ചെറുവയൽ റോഡ് (കരിന്തിരി) | 3.00 | XI | 2 |
| 17. | കുനിക്കരച്ചാൽ പ്രിയദർശിനി റോഡ് | 1.00 | III | 1 |
| 18. | ദ്വാരക അകമനച്ചാൽ റോഡ്. | 2.00 | X | 1 |
| 19. | കാപ്പും ചാൽ കൂട്ടിക്കുറി കോളിക്കാം പാളി പണിയ കോളനി റോഡ്. | 2.50 | X | 1 |
| 20. | 4ാം മൈൽ കുണ്ടോണി റോഡ് | 1.50 | X | 1 |
| 21. | പത്തിൽ കുന്ന് അങ്കൻ വാടി റോഡ്. | 1.00 | X | – |

## പട്ടിക III

### മെറ്റൽ ചെയ്ത് ടാറിടേണ്ട മൺ റോഡുകൾ

| നമ്പർ | റോഡുകളുടെ പേര് | വാർഡ് | ദൂരം | കൾവർട്ടുകൾ |
|---|---|---|---|---|
| 1. | അയിലമൂല കൊഴിഞ്ഞലേരി, കൊച്ചാട്, | I | 1.500 | 1 |
| 2. | കമ്മോം കാരാങ്കോട്ട് കോളനി റോഡ് | ” | 1.00 | - |
| 3. | എള്ളുമന്ദം, അത്തിയോറ പുളിഞ്ഞാമ്പറ്റ | ” | 3.00 | 4 |
| 4. | കമ്മോം അത്തിയോറ റോഡ് | ” | 2.00 | 2 |
| 5. | ഒരപ്പ് വേങ്ങാരം കാക്കഞ്ചേരി | ” | 5.00 | 7 |
| 6. | കല്ലോടി കൊഴിഞ്ഞലേരി പുളിഞ്ഞാമ്പറ്റ | ” | 2.00 | 3 |
| 7. | എള്ളുമന്ദം ചായിമ്മേൽ കോളനി റോഡ് | ” | 1.00 | 1 |
| 8. | കുവ്വാമൂല എള്ളുമന്ദം റോഡ് | ” | 1.500 | – |
| 9. | 2/4 ചെറുമണൽ റോഡ് | II | 2.00 | 2 |
| 10. | താനിയാട് കൊല്ലറക്കൽ പീടിക റോഡ് | ” | 3.00 | 1 |
| 11. | മയലങ്ങാടി കോളനി റോഡ് | ” | 1.00 | – |
| 12. | മുക്കിൽ പീടിക കാക്കഞ്ചേരി | ” | 1.500 | 2 |
| 13. | പെരുഞ്ചോല കോളനി ചേർക്കാട് കോളനി റോഡ് | ” | 3.00 | – |
| 14. | കൊളത്തുവയൽ കോളനി റോഡ് | ” | 1.00 | – |
| 15. | മൂളിത്തോട് ഇണ്ടേരി കോളനി | III | 1.500 | 2 |
| 16. | ചാലിൽപ്പുറം മെതിയറ റോഡ് | ” | 1.00 | 1 |
| 17. | അഞ്ചാം പീടിക കാവൂരിച്ചാൽ | ” | 0.800 | – |
| 18. | അയിലമൂല തിരുമംഗലം റോഡ് | ” | 1.00 | 1 |
| 19. | പാലയണക്കുന്ന് മെതിയറ റോഡ് | ” | 1.00 | 2 |
| 20. | അഞ്ചാംപീടിക കാപ്പുംകുന്ന് റോഡ് | ” | 1.00 | 1 |
| 21. | വെങ്ങയോട് വാഴത്താറ്റ്കടവ് | ” | 1.00 | 1 |

| | | | | |
|---|---|---|---|---|
| 22. | ഓടയോട് മങ്കൊല്ലി റോഡ് കാപ്പും ചാലുമായി ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ് | IV | 1.00 | 1 |
| 23. | ചന്ദനനട കാരക്കുനി പാലമൊക്ക് റോഡ് | " | 1.00 | – |
| 24. | മൂന്നാംമൈൽ കാവറ്റകോളനി റോഡ് | " | 0.900 | 1 |
| 25. | കൊറോത്തുമ്മൽ റോഡ് | " | 0.750 | 1 |
| 26. | എക്കമുണ്ടകുറിച്ച്യാക്കോളനി റോഡ് | " | 1.00 | – |
| 27. | പൈങ്ങാട്ടിരി എക്കമുണ്ട റോഡ് | " | 1.00 | – |
| 28. | അത്ത്യേരികോളനി റോഡ് | " | 1.500 | – |
| 29. | ചന്ദനനട കുണ്ടറമൂല മാമട്ടക്കുന്ന് റോഡ് | " | 2.500 | 2 |
| 30. | പുതിയിടം കുന്ന് മങ്കൊല്ലി റോഡ് | " | 2.00 | 3 |
| 31. | കാരക്കുനി കുന്ദമംഗലം റോഡ് | " | 0.500 | 1 |
| 32. | കുന്ദമംഗലം കമാൽകുന്ന് റോഡ് | " | 0.600 | – |
| 33. | ദ്വാരകതാമ്പോർ കമ്മനറോഡ് | V | 4.00 | 2 |
| 34. | ഉള്ളിശ്ശേരി പുലിക്കാട് കരിന്തിരിക്കടവ് | " | 4.00 | 3 |
| 35. | പായോട് കരിന്തിരിക്കടവ് റോഡ് | " | 4.00 | 2 |
| 36. | പുലിക്കാട് എടവട്ടൻ വെങ്കിലാട്ട് കോളനി | " | 2.00 | 2 |
| 37. | കുണ്ടാല വെങ്കിലാട്ട് കോളനി റോഡ് | " | 1.00 | 2 |
| 38. | പുലിക്കാട് കുഴിക്കണ്ടം റോഡ് | " | 1.500 | – |
| 39. | പുലിക്കാട് ആലപ്പുര റോഡ് | " | 0.750 | – |
| 40. | പുലിക്കാട് കോളേരി പണിപ്പുര റോഡ് | " | 0.750 | – |
| 41. | ദ്വാരക ചാമാടത്ത് വഴി അരുനിരക്കുന്ന് | " | 1.500 | 2 |
| 42. | ദ്വാരക ചുള്ളിയോട് കുന്ന് കോളനി റോഡ് | " | 0.750 | – |
| 43. | ഇരുമ്പു പാലം പിലാക്കണ്ടികുന്ന് റോഡ് | " | 1.00 | 1 |
| 44. | കോളേജ് പായോട് റോഡ് | " | 1.00 | – |

| | | | | |
|---|---|---|---|---|
| 45. | തോണിച്ചാൽ അങ്കൺവാടി റോഡ് | ” | 1.00 | – |
| 46. | തോണിച്ചാൽ പുളിക്കൽ ഡാം റോഡ് | ” | 0.750 | – |
| 47. | തോണിച്ചാൽ കണ്ടകർണ്ണം കൊല്ലിലിങ്ക് റോഡ് | ” | 0.500 | – |
| 48. | ദ്വാരക നെല്ലിക്കൽ റോഡ് | ” | 1.00 | – |
| 49. | തോണിച്ചാൽ കുരിശിങ്കൽ റോഡ് (ലിങ്ക് റോഡ്) | ” | 0.750 | – |
| 50. | അരിനിരക്കുന്ന് കച്ചേറ്റി റോഡ് (കോളനി) | ” | 1.00 | – |
| 51. | വീട്ടിയേരി കോളനി റോഡ് | VI | 1.00 | 1 |
| 52. | കൊയിലേരി പാലം താനിക്കൽ (പുഴയോരം) | ” | 1.500 | 1 |
| 53. | വള്ളിയൂർ കാവ് താനിക്കൽ റോഡ് | ” | 1.300 | 1 |
| 54. | വെസ്റ്റ് പാലമൊക്ക് കാരക്കുനി ചേമ്പിലോട് | VII | 1.500 | 1 |
| 55. | അയിലമൂല മക്കോളി റോഡ് | ” | 0.800 | – |
| 56. | കല്ലുമൊട്ടൻ കുന്ന് ആട്ടം കൊല്ലി റോഡ് | ” | 0.600 | – |
| 57. | അബേദ്ക്കർ നടക്കൽ റോഡ് | ” | 0.800 | – |
| 58. | എരണക്കൊല്ലി ചങ്ങാടം റോഡ് | ” | 0.600 | 1 |
| 59. | ചന്ദനനട ചേമ്പിലോട്ട് കോളനി റോഡ് | ” | 0.350 | – |
| 60. | കുണ്ടിച്ചിറ അയിലമൂല റോഡ് | ” | 1.00 | – |
| 61. | അയിലമൂല കാപ്പും കുന്ന് കോളനി റോഡ് | ” | 1.100 | 2 |
| 62. | പാതിരിച്ചാൽ കാരക്കുനി ലിങ്ക്റോഡ് | ” | 0.400 | – |
| 63. | ചെറുവയൽ മിനിസ്റ്റേഡിയം മാമട്ടകുന്ന് (ലിങ്ക് റോഡ്) | ” | 1.00 | 1 |
| 64. | ഹെൽത്ത് സെന്റർ കുന്നേരിക്കുന്ന് റോഡ് | VIII | 0.800 | 1 |
| 65. | കുന്നേരിക്കുന്ന് ഗവ:കോളേജ് റോഡ് | ” | 2.00 | 3 |
| 66. | മിൽമുക്ക് അമ്പലവയൽ റോഡ് | ” | 1.600 | 3 |
| 67. | ചങ്ങാടക്കടവ് പാണ്ടിക്കടവ് റോഡ് | ” | 1.00 | 2 |

| | | | | |
|---|---|---|---|---|
| 68. | പുറക്കാടി അമ്പലവയൽ റോഡ് | ” | 1.750 | 2 |
| 69. | ഒതയോത്ത് കോളനി റോഡ് | VIII | 0.750 | – |
| 70. | പാലമൊക്ക് ചിമ്മീൽ റോഡ് | ” | 0.600 | 1 |
| 71. | പാലമൊക്ക് പുറക്കാടി റോഡ് | ” | 0.800 | 1 |
| 72. | എമ്മാവൂസ് വില്ല റോഡ് | ” | 0.900 | 1 |
| 73. | പന്നിച്ചാൽ കടന്നലാട്ട് കുന്ന് (2/4) റോഡ് | IX | 2.500 | 3 |
| 74. | പാണ്ടിക്കടവ് അങ്കൺ വാടി പോർക്കിലി ഭഗവതി ക്ഷേത്രം കല്ലോടി റോഡ് | ” | 1.500 | – |
| 75. | അഗ്രഹാരം മുത്താറി മൂല റോഡ് | ” | 2.500 | 3 |
| 76. | അമ്പലവയൽ മേച്ചേരിക്കുന്ന് ചാമാടിപൊയിൽ റോഡ് | ” | 1.500 | – |
| 77. | ചാമാടിപൊയിൽ പോർക്കലി ഭഗവതി ക്ഷേത്രം റോഡ് (കോളനി റോഡ്) | ” | 1.00 | 2 |
| 78. | പരുത്തിവയൽ ചിറക്കൽ റോഡ് | X | 2.00 | 1 |
| 79. | അകമനച്ചാൽ തെന്നാട്ടിൽ മൂല റോഡ് | ” | 2.00 | – |
| 80. | കാപ്പുംചാൽ കുന്ദമംഗലം റോഡ് | ” | 2.500 | 1 |
| 81. | പിലാച്ചാൽ കുന്ദമംഗലം റോഡ് | ” | 1.500 | 2 |
| 82. | കാപ്പുറം ചാൽ കൂട്ടിക്കുറി കോളനിക്കാംപാളി പണിയകോളനി | ” | 2.500 | 1 |
| 83. | പീച്ചങ്കോട്ട് നെല്ലരിക്കുന്ന് റോഡ് | ” | 0.500 | – |
| 84. | ചെറുവയൽ കോളനി റോഡ് | XI | 0.500 | – |
| 85. | പൂളക്കൽ കോളനി റോഡ് | ” | 0.600 | – |

## നടപ്പാത

എല്ലാ ഗ്രാമസഭകളിൽ നിന്നും വാർഡുകളിൽ പലസ്ഥലങ്ങളിലും നടപ്പാതകൾ ഉണ്ടാക്കാനും കല്ലുപാകാനും നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്.

•

## പട്ടിക IV

## പാലംകെട്ടാൻ ആവശ്യപ്പെട്ട സ്ഥലങ്ങൾ

| | |
|---|---|
| 1-ാം വാർഡും 3-ാം വാർഡും ബന്ധിപ്പിക്കുന്ന | – മെതിയറ തോട്ടുമുക്ക് പാലം |
| 2. എടവക പഞ്ചായത്തിനെ തവിഞ്ഞാൽ പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന | – ഒരപ്പ് പാലം |
| 3. രണ്ടാം വാർഡിലുള്ള നന്നാക്കേണ്ട പാലം | – മാരാടിപ്പൊയിൽ പാലം |
| 4. എടവക പഞ്ചായത്തിനെ തവിഞ്ഞാൽ പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന മെതിയറ റോഡിൽ | – മതിയറപാലം |
| 5. താനിക്കൽ കടവിൽ | – താനിക്കൽ കടവ് പാലം |
| 6. കണ്ഠകർണ്ണം കൊല്ലി തോടിന്ന് (പായോട് കരിന്തിരി റോഡിൽ) | – ചെറിയപാലം |
| 7. അഞ്ചാംപീടിക കാപ്പുംകുന്ന് റോഡിൽ | – ചെറിയപാലം |
| 8. കരിന്തിരിക്കടവ് പാലം (VI, XI, V വാർഡുകളെ പനമരം മാനന്തവാടി പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന പാലം) | – കരിന്തിരിക്കടവ് പാലം |
| 9. വേങ്ങാരം കടവ് പാലം | – ഒരപ്പുഴയിൽ I, II വാർഡിനെ ബന്ധിപ്പിക്കുന്നു<br>IV – X വാർഡുകളെ ബന്ധിപ്പിക്കുന്ന കാവറ്റപ്പാലം, അത്തേരിപ്പാലം<br>IV-ാം വാർഡിലെ എക്കമുണ്ട പാലം IV-ാം വാർഡിലെ പനങ്കുറ്റി പാലം |

## പട്ടിക V

## പുതിയ ബസ്സ് റൂട്ടുകൾ

| | |
|---|---|
| 1. മാനന്തവാടിയിൽ നിന്ന് ഒരപ്പിലേക്ക് | – കല്ലോടി വഴി –എള്ളുമന്ദം വഴി |
| 2. മാനന്തവാടിയിൽ നിന്ന് കോഴിക്കോട്ടേക്ക് | – 1- പാണ്ടിക്കടവ് കല്ലോടി<br>2- പാണ്ടിക്കടവ് പാതിരിച്ചാൽ 7/4വഴി. |
| 3. മാനന്തവാടിയിൽ നിന്ന് – വെള്ളമുണ്ടക്ക് | – 1- പാണ്ടിക്കടവ് കല്ലോടി പാതിരിച്ചാൽ 7/4വഴി<br>2- പാണ്ടിക്കടവ് പാണ്ടിക്കടവ് , പള്ളിക്കൽ, പാതിരിച്ചാൽ AMMR സ്കൂൾ 7/4 വഴി |
| 4. മാനന്തവാടി – മക്കിയാട് | – 1- തോണിച്ചാൽ, പള്ളിക്കൽ അയിലമൂല വഴ<br>2- പാണ്ടിക്കടവ് കല്ലോടി<br>3- പാണ്ടിക്കടവ് പാതിരിച്ചാൽ 7/4വഴി. |
| 5. മാനന്തവാടി – കല്പറ്റ | – 1. പാണ്ടിക്കടവ് പള്ളിക്കൽ കല്ലോടി, പാതിരിച്ചാൽ A.M.M.R സ്കൂൾ വഴി 4ാം മൈൽ കല്പറ്റ. |

2- പാണ്ടിക്കടവ്, പാതിരിച്ചാൽ, 7/4, തരുവന, പടിഞ്ഞാറെത്തറ

6. കല്പറ്റ - മാനന്തവാടി - 4ാം മൈൽ, പീച്ചങ്കോട്. A.M.M.R സ്കൂൾ പാതിരിച്ചാൽ, പള്ളിക്കൽ മാനന്തവാടി

7. മാനന്തവാടി - വെള്ളമുണ്ട - 1. മുളിത്തോട് - പുതുശ്ശേരി വഴി

8. മാനന്തവാടി - മാനന്തവാടി - പിച്ചംകോട് - AMMR സ്കൂൾ, പാതിരിച്ചാൽ, കല്ലോടി, പാണ്ടിക്കടവ് (സർക്കുലർ സർവ്വീസ്)

9. മാനന്തവാടി - കമ്മന - ഉള്ളിശ്ശേരി - പുലിക്കാട് വഴി

10. മാനന്തവാടി - മാനന്തവാടി - അമ്പലവയൽ , പയിങ്ങാട്ടിരി, തോണിച്ചാൽ (സർക്കുലർ സർവ്വീസ്)

11. മാനന്തവാടി - പന്തിപ്പൊയിൽ - പാണ്ടിക്കടവ്, പാതിരിച്ചാൽ, 8/4 വഴി

12. മാനന്തവാടി - കമ്മന - 4-ാം മൈൽ, 6-ാം മൈൽ, കുണ്ടാല വഴി.

**വെയ്റ്റിംഗ്ഷെഡ് :-** ഒരപ്പ്, എള്ളുമന്ദം, വീട്ടിച്ചാൽ, ചൊവ്വ, പുളിഞ്ഞാമ്പറ്റ കവല, ദ്വാരക ITC പടിക്കൽ കമ്പിപ്പാലത്തിന് സമീപം, കല്യാണത്തും പള്ളിക്കര പയിങ്ങാട്ടിരി, പാലമുക്ക്, പാണ്ടിക്കടവ് പന്നിച്ചാൽ എന്നിവിടങ്ങളിൽ ബസ് വെയിറ്റിംഗ് ഷെഡ് വേണമെന്ന് ഗ്രാമസഭകളിൽ നിന്ന് നിർദ്ദേശം ഉയർന്നിട്ടുണ്ട്.

# ഊർജ്ജം

എടവക പഞ്ചായത്തിലേക്കുള്ള ഇല്കട്രിസിറ്റി മാനന്തവാടിക്കടുത്ത കണിയാരം 110KVA. സബ്സ്റ്റേഷൻ മുഖേനയാണ് എത്തിച്ചേരുന്നത്. മാനന്തവാടി ഇലക്ട്രിക്കൽ മേജർ സെക്ഷന്റെ മേൽനോട്ടത്തിലാണ് കണണ്ട് വിതരണം ചെയ്യുന്നത്. 24കി.മീ. ഹൈടെൻഷൻ ലൈനും 91കി.മീ. ലോ ടെൻഷൻ ലൈനും ഈ പഞ്ചായത്തിലേക്ക് വലിച്ചിട്ടുണ്ട്. താഴെപറയുന്ന സ്ഥലങ്ങളിലുള്ള ട്രാൻസ്ഫോമറുകൾ മുഖേനയാണ് വൈദ്യുതി വിതരണം ചെയ്യുന്നത്. പാണ്ടിക്കടവ് I (160KVA); പാണ്ടിക്കടവ് II (100), പയിങ്ങാട്ടിരി (63), ദ്വാരക (100), കുന്ദമംഗലം (100), പള്ളിക്കൽ (100), കല്ലോടി (100), എള്ളുമന്ദം (100), പീച്ചങ്കോട് (100), പായോട് (160), പായോട് II (100), A.M.M.R സ്കൂൾ (100) 1969ൽ എടവകയിൽ ആദ്യമായി പയിങ്ങാട്ടിരിയിൽ ആണ് വൈദ്യുതി എത്തിയത്.

പഞ്ചായത്തിൽ 1560 ഗാർഹിക ഉപഭോക്താക്കളും, 72 വ്യാപാര ഉപഭോക്താക്കളും, 29 വ്യവസായ ഉപഭോക്താക്കളും, 45 കാർഷിക ഉപഭോക്താക്കളുമാണുള്ളത്. 35% വീടുകളേ പഞ്ചായത്തിൽ വൈദ്യുതീകരിച്ചിട്ടുള്ളൂ. ഉപഭോക്താക്കളുടെ ആധിക്യംകൊണ്ട് മിക്ക ട്രാൻസ്ഫോമറുകളും അമിതഭാരം വഹിക്കുന്നവയാണെന്നാണ് പഠനം തെളിയിക്കുന്നത്.

## നേരിടുന്ന പ്രശ്നങ്ങൾ

1970 കാലഘട്ടത്തിൽ മാനന്തവാടി സെക്ഷനിൽ കേന്ദ്രഗവൺമെണ്ടിന്റെ പല സ്കീമിലേക്കുള്ള ഫണ്ടുകൾ എത്തിയപ്പോൾ കാർഷികാവശ്യത്തിനു പോലും വേണ്ടത്ര അപേക്ഷകർ ഉണ്ടായിരുന്നില്ല. ഇന്ന് ആവശ്യക്കാരുടെ നീണ്ട ക്യൂ കറണ്ടിനുവേണ്ടി കാത്തിരിക്കുകയാണ്. കാരണം വേണ്ടത്ര ഫണ്ടില്ല,

സാധനങ്ങളില്ല, ആവശ്യങ്ങൾക്കനുസരിച്ച് വിതരണം ചെയ്യാൻ കറണ്ടില്ല. ഉള്ളവയ്ക്കാണെങ്കിൽ വോൾട്ടേജില്ല.

വോൾട്ടേജ് കമ്മി നികത്താൻ സാമ്പത്തിക ഭദ്രതയുള്ളവർ സ്റ്റെപ്-അപ് സ്റ്റെബ്ലൈസർ എന്നിവ ഉപയോഗിക്കുന്നു. തൻമൂലം ദരിദ്രർ കൂടുതൽ മങ്ങിയ വെളിച്ചത്തിൽ കഴിയേണ്ടിവരുന്നു.

മിക്ക സമയങ്ങളിലും കറണ്ട്കട്ട് അനുഭവപ്പെടുന്നു. കറണ്ട് ലഭിച്ചവർക്ക് തന്നെ ആവശ്യാനുസരണം മെയ്ന്റനൻസ് ഡിപ്പാർട്ടുമെണ്ടിൽ നിന്ന് ലഭിക്കുന്നില്ല. ഇലക്ട്രിസിറ്റി ബോർഡിലെ ഉദ്യോഗസ്ഥരുടെ അനാസ്ഥ ഗ്രാമസഭാ റിപ്പോർട്ടുകളിൽ ഉയർന്നു വന്നിട്ടുണ്ട്.

കറണ്ടിന് അപേക്ഷകൊടുത്ത് മിനിമം ഗ്യാരണ്ടി വച്ച് വളരെ വർഷം കാത്തിരിക്കുന്നവരെ മറികടന്നുകൊണ്ട് സ്പെഷൽ ഓർഡർ പ്രകാരം തൽപരകക്ഷികൾക്ക് കറണ്ട് നല്കുന്ന പതിവും കണ്ടുവരുന്നുണ്ട്.

## പരിഹാരമാർഗങ്ങൾ

1. വയനാട്ടിൽ കറണ്ട്ക്ഷാമം കറണ്ട് ക്ഷാമം പരിഹരിക്കാൻ ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞ് പണി ആരംഭിക്കാൻ അനുമതി കാത്തിരിക്കുന്ന "മാനന്തവാടി ഹൈഡ്രോ ഇലക്ട്രിക്കൽ പദ്ധതി" എത്രയും വേഗം ആരംഭിക്കുക.

2. പണി ഏതാണ്ട് പൂർത്തിയായിക്കൊണ്ടിരിക്കുന്ന പടിഞ്ഞാറത്തറയിലുള്ള കുറ്റ്യാടി ഓഗ്മെന്റേഷൻസ്ക്കീം എത്രയും പെട്ടെന്ന് കമ്മീഷൻ ചെയ്യുക.

3. ആവശ്യമായ സ്ഥലങ്ങളിൽ പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം കുറയ്ക്കുക.

4. യഥാകാലങ്ങളിൽ ലൈനുകളിൽ അറ്റകുറ്റപണികൾ നടത്തുക.

5. ലൈനുകളിലെ ടച്ചിങ്ങുകൾ നീക്കുക ഇതിനായി ബോർഡ് ഉദ്യോഗസ്ഥരുമായി സഹകരിക്കാൻ ഓരോ ഏരിയായിലും സന്നദ്ധ സംഘങ്ങൾ ഉണ്ടാക്കുക.

6. പഞ്ചായത്തിലേക്ക് വരുന്ന പുതിയ ലൈൻവർക്കുകൾ സന്നദ്ധസംഘങ്ങൾ ഏറ്റെടുക്കുക. ഒരു പരിധിവരെ കൈക്കൂലിയും അഴിമതിയും അവസാനിപ്പിക്കാൻ ഇത് മൂലം കഴിയും.

7. പഞ്ചായത്തിൽ 88 സ്ട്രീറ്റുലൈറ്റുകൾ ഇപ്പോഴുണ്ട്. ഇതിനുവേണ്ടി പ്രതിമാസം 1331 രൂപ പഞ്ചായത്ത് ചെലവാക്കുന്നുണ്ട്. ഫിറ്റിങ്സിന്റെയും ബൾബിന്റെയും ഗുണനിലവാരമില്ലായ്മ മൂലം പലപ്പോഴും ലൈറ്റുകൾ കത്താറില്ല. ബൾബും ഫിറ്റിങ്സും പഞ്ചായത്ത് നേരിട്ടുനൽകി ആവശ്യസ്ഥലങ്ങളിൽ സ്ഥാപിക്കുകയെന്നതാണ് ഇതിനുള്ള പരിഹാരം.

8. റോഡരികിൽ കെട്ടിടം പണിയുമ്പോൾ ബിൽഡിങ്ങ് റഗുലേഷൻ ആക്ടനുസരിച്ച് മാത്രം അനുമതി നൽകിയാൽ ലൈനുകളെ രക്ഷിക്കാനാകും.

ഭൂരിപക്ഷം വീടുകളും വൈദ്യുതീകരിക്കാത്തത് കൊണ്ട് വെളിച്ചത്തിന് മണ്ണെണ്ണയെയാണ് ആശ്രയിക്കുന്നത്. 2145ലിറ്റർ മണ്ണെണ്ണയാണ് റേഷൻഷാപ്പുകളിലൂടെ മാസത്തിലൊരിക്കൽ പഞ്ചായത്തിൽ വിതരണം ചെയ്യുന്നത്. 212 ലിറ്റർ പെർമിറ്റ് മുഖേനയും വിതരണം ചെയ്യുന്നു.

താപത്തിന് ഏറിയ പങ്കും വിറകാണ് ഉപയോഗിച്ചുവരുന്നത്. 331 സമ്പന്ന കുടുംബങ്ങളിൽ 3

വർഷത്തോളമായി പാചക വാതകം ഉപയോഗിച്ചു തുടങ്ങിയിട്ടുണ്ട്. ഈ വീടുകളിലും വിറക് ഒരു ബദൽ ഇന്ധനമായി ഉപയോഗിക്കുന്നു.

ലഭിച്ചകണക്കുകനുസരിച്ച് മൊത്തം 422 പരിഷത്ത് അടുപ്പുകൾ ഉപയോഗിച്ചു വരുന്നു. ഇത്തരം 500 അടുപ്പുകൾ ഉപയോഗരഹിതമാണെന്നാണ് അന്വേഷണ റിപ്പോർട്ട് നൽകുന്ന സൂചന. 8 ഗോബർ ഗ്യാസ് പ്ളാന്റുകളാണ് പഞ്ചായത്തിലുള്ളത്. ഇന്ധന ക്ഷാമം പരിഹരിക്കാൻ താഴെ പറയുന്ന മാർഗ്ഗങ്ങളിലൂടെ ശ്രമിക്കാം.

1.ഇന്ധനക്ഷാമം പരിഹരിക്കാൻ വ്യാപകമായ തോതിൽ സാമൂഹ്യവൽക്കരണം നടത്തുക ഇതിനായി ജനകീയ പങ്കാളിത്തം ഉപയോഗിക്കാം.

2. പഞ്ചായത്ത് വക പുതിയതായി റോഡുകൾ അനുവദിക്കുമ്പോഴും, വീതികൂട്ടാൻ ഫണ്ട് അനുവദിക്കുമ്പോഴും റോഡിന്റെ പാർശ്വങ്ങളിൽ മരം വച്ചുപിടിപ്പിക്കുകയെന്നത് നിർബന്ധമാക്കുക.

3. വിറക് ദൗർലഭ്യം അനുഭവപ്പെടുന്ന ഇക്കാലത്ത് പഞ്ചായത്തിൽ പരിഷത്ത് അടുപ്പിന്റെ നേട്ടങ്ങൾ പ്രചരിപ്പിക്കുക.

4. പഞ്ചായത്തിലെ പലവീടുകൾക്കും നമ്പറിട്ടിട്ടില്ല, ഇത്തരം വീടുകൾ നമ്പറിട്ട് പഞ്ചായത്തിന് വരുമാനം കൂട്ടുക. അതൊടൊപ്പം റേഷൻകാർഡ് ലഭിക്കാനുള്ള പഞ്ചായത്ത്നിവാസികളുടെ പ്രയാസം ദുരീകരിക്കാനും മണ്ണെണ്ണ ലഭ്യമാക്കാനും കഴിയും

പഞ്ചായത്തിൽ വൈദ്യുതി ആവശ്യമായ സ്ഥലങ്ങളും, സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കേണ്ട കേന്ദ്രങ്ങളും.

| ഇലക്ട്രിക് ലൈൻ ആവശ്യമായ സ്ഥലങ്ങൾ | വാർഡ് | സ്ട്രീറ്റ്ലൈറ്റ് ആവശ്യമായ കേന്ദ്രങ്ങൾ |
|---|---|---|
| 1. കൊച്ചാട്ട്, പുതുശ്ശേരിക്കുന്ന്, പള്ളിയാർകെട്ട്, കൊഴിഞ്ഞലേരിക്കുന്ന്, മില്ല് മുക്ക്. | I | ചൊവ്വകല്ലോടി റോഡ് |
| 2. താനിയാട്, മാങ്ങലാടി, കാക്കഞ്ചേരി, മാരാടി, കാപ്പുമ്മൽ കുളത്തുവയൽ | II | കാക്കഞ്ചേരി, എള്ളുമന്ദം, പൂളച്ചാൽ |
| 3. കാവൂരിച്ചാൽ, പാലയണക്കുന്ന്, വാളേരി, വെട്ടുകൊല്ലി, മെതിയറ, പാറക്കടവ്, ചെകിടൻകൊല്ലി. | III | അയിലമൂല, മൂളിത്തോട്, അഞ്ചാം പീടിക, വാളേരി |
| 4. എക്കമുണ്ടകുന്ന്, കുന്ദമംഗലം വായനശാല, പുതിയിടം കുന്ന്, കോറോത്തുമ്മൽ | IV | പാലമൊക്ക് കാരക്കുനി റോഡ്, ചന്ദന നട, കൊറോത്തുമ്മൽ റോഡ് |

| ഇലക്ട്രിക് ലൈൻ ആവശ്യമായ സ്ഥലങ്ങൾ | വാർഡ് | സ്ട്രീറ്റ്ലൈറ്റ് ആവശ്യമായ കേന്ദ്രങ്ങൾ |
|---|---|---|
| 5. അരിനിരക്കുന്ന്, പിലാക്കണ്ടിക്കുന്ന്, കോളേരിക്കുന്ന്, താബോർകുന്ന്, തോണിച്ചാൽ കല്ലിടിക്കുന്ന്, പുലിക്കാട് കുന്ന്, പെങ്കിലോട്ട് കോളനി, കോളേരി കോളനി. | V | കോളേജ് മുതൽ തോണി ച്ചാൽ വരെ. കരിന്തിരിക്കട വിൽ ദ്വാരക T.H.S |
| 6. കാഞ്ഞിരാത്ത്, മുത്തേടത്ത്, വീട്ടിയേരിക്കുന്ന്. | VI | 6ാം മൈൽ വരെ, കൊയിലേരി പാലം, കമ്മന സിറ്റി, വള്ളിയൂർ കാവ് പാലം, കുരിശിങ്കൽ. |
| 7. ചന്ദന നട, കാരക്കുനി, മക്കോളിപ്പീടികമുതൽ കുണ്ടിച്ചിറ അയിലമൂല വരെ, 2/4 പാലമൊക്ക് (West), 2/4 കോ-ഓപ്പറേറ്റീവ് ബാങ്ക് വരെ. | VII | പള്ളിക്കൽ പാതിരിച്ചാൽ റോഡ് (2 K.M) പാതിരിച്ചാൽ, അബേദ്ക്കർ റോഡ്, പള്ളി ക്കൽ-കമ്മോം റോഡ്, പാല മൊക്ക് (വെസ്റ്റ്) ചെറുവയൽ കോളനി റോഡ്. |
| 8. അമ്പലവയൽ, പുറക്കാടി പ്രദേശങ്ങൾ, കവണക്കുന്ന്, കുന്നേരിക്കുന്ന് പ്രദേശങ്ങൾ | VIII | പൈങ്ങാട്ടിരി അമ്പലവയൽ റോഡ്, പാലമുക്ക് തോണി ച്ചാൽ റോഡ്, പായോട് മിൽമുക്ക് റോഡ്. |
| 9. കടന്നലാട്ടു കുന്ന്, മേച്ചേരിക്കുന്ന് കൂലോട്ടുമൂല, മുത്താറമൂല | IX | അഗ്രഹാരം പാണ്ടിക്കടവ് 2/4വരെ പാണ്ടിക്കടവ് ചാമാടിപ്പൊയിൽ |
| 10. അകമനച്ചാൽ കുന്ന്, എടച്ചേരിക്കുന്ന്, കൂട്ടിക്കുനികോളിക്കാം പാടി | X | 4ാം മൈൽ, ദ്വാരകപീച്ചങ്കോട്ട്, ദ്വാരക അകമനച്ചാൽ, പീച്ച ങ്കോട്ട്. കാപ്പും ചാൽ, നെല്ലേ രിക്കുന്ന്, കാപ്പുംചാൽ, എട ച്ചേരിക്കുന്ന് കുണ്ടോണ്ടി 4ാം മൈൽ |
| 11. ചെറുവയൽ, പൂളക്കൽ കോളനി, വള്ളിയൂർക്കാവ്, നെച്ചോളി കോളനി, കുരിശിങ്കൽ | XI | കരിന്തിരിക്കടവ്, |

## പട്ടിക II
## പഞ്ചായത്തിൽ വൈദ്യുതീകരിക്കേണ്ട കോളനികൾ

| കോളനിയുടെ പേര് | വാർഡ് |
|---|---|
| 1. ചായിമ്മേൽ ആദിവാസി കോളനി, മെതിയറ ചൊവ്വകോളനി. | I |
| 2. അഞ്ചുവയത്തിൽ കോളനി, കുഞ്ഞുവീട് കോളനി, മെതിയറ കോളനി, അത്തിയോറ കോളനി, കൊഴിഞ്ഞിലേറികുഴിനിലം, പുതുശ്ശേരി കോളനി | |
| 3. ഇണ്ടേരിക്കോളനി, തിരുമംഗലം കോളനി | III |
| 4. അത്തേരി പണിയ കോളനി, കാവറ്റ കോളനി, പനം കുറ്റികുറിച്ച്യകോളനി, എരഞ്ഞാൽ കോളനി, എക്കമുണ്ട കോളനി, മാമട്ടം കുന്ന്, അയനക്കൽ കോളനി | IV |
| 5. പുലിക്കാട് കുറുമപ്പാടി കോളനി | V |
| 6. പന്നിയോറകുറിച്ച്യ കോളനി, വീട്ടിയേരി പണിയകോളനി | VI |
| 7. എരണകൊല്ലി കോളനി, കൂളിപ്പൊയിൽ പന്നിയിൽ കോളനി | VII |
| 8. കാവണക്കുന്ന് കോളനി, കുന്നേരിക്കുന്ന് കോളനി | VIII |
| 9. മുത്താറി മൂല അഗ്രഹാരം കോളനി | IX |
| 10. അയിനിക്കൽ കോളനി, കുണ്ടോണിക്കോളനി, പത്തിൽകുന്ന് കോളനി, എടച്ചേരിക്കുന്ന് കോളനി, വീട്ടിക്കുളം കോളനി, കൂട്ടിക്കുറി കോളിക്കാം പാടികോളനി | X |
| 11. ചോയിപ്പാട് പുലിക്കാട്, മുക്കത്തു കോളനി, പൂളക്കൽ കോളനി, കൊടുമയിൽ കോളനി, കോശാലി കോളനി, കുരിശിങ്കൽ കോളനി. | XI |

## പട്ടിക III
## സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കാനാവശ്യപ്പെട്ട സ്ഥലങ്ങൾ

| സ്ഥലത്തിന്റെ പേര് | വാർഡ് |
|---|---|
| 1. പാണ്ടിക്കടവ് | IX |
| 2. തോണിച്ചാൽ | IV–VIII |
| 3. ദ്വാരക | X |
| 4. പൈങ്ങാട്ടിരി | VIII |
| 5. പാലാമൊക്ക് (East) | VIII |
| 6. പള്ളിക്കൽ | VII |
| 7. 2/4 | II |
| 8. കല്ലോടി | VII |
| 9. പാതിരിച്ചാൽ | VII |
| 10. അയിലമൂല | III |
| 11. കമ്മന | VI |
| 12. എള്ളുമന്ദം, ഒരപ്പ് | I |
| 13. 4–ാം മൈൽ ജംക്ഷൻ | X |
| 14. പീച്ചംങ്കോട് കാവുംചാൽ | VIII |
| 15. പായോട് | VIII |

# മാർക്കറ്റ്

പഞ്ചായത്തിലെ മുഖ്യവിളകളായ ഇഞ്ചി, കുരുമുളക്, കാപ്പി, നെല്ല്, അടക്ക, തേങ്ങ, റബ്ബർ കിഴങ്ങു വർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ വിപണനം നടത്താനുള്ള ഒരു സ്ഥിരമായ മാർക്കറ്റോ ചന്തയോ പഞ്ചായത്തിലില്ല. ആകെയുള്ളത് ഒരു കാലിച്ചന്തയാണ്. ചെറിയ വരുമാനം പഞ്ചായത്തിന് പാണ്ടിക്കടവ് കാലിച്ചന്ത വഴിലഭിക്കുന്നുണ്ടെങ്കിലും ചന്തയിലെ സൗകര്യങ്ങൾ തുലോം പരിമിതമാണ്. പശുക്കളെകെട്ടാനുള്ള ഷെഡ്ഡുകൾ, വളക്കുഴികൾ എന്നിവ ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഉള്ള ഷെഡ്ഡുകൾ യഥാസമയത്ത് റിപ്പേർചെയ്തുകാണുന്നില്ല. ചന്തസ്ഥലം ചെളിനിറഞ്ഞ ചതുപ്പുനിലമായതുകൊണ്ട് കാലികളെ പുറം സ്ഥലങ്ങളിലോ, റോഡുകളിലോ കെട്ടിയാണ് വിപണനം നടത്തുന്നത്. തന്മൂലം ചന്തലേലത്തിൽ ധനാഗമമാകേണ്ട ചാണകം നഷ്ടപ്പെടുന്നു. ഇതിനുള്ള പരിഹാരം ചന്തനിലം കല്ല് പതിച്ച് ഉറപ്പിക്കലും, മറ്റ് സ്ഥലങ്ങളിൽ വച്ചു കാലികളെ വിപണനം ചെയ്യുന്നത് തടയുകയുമാണ്.

കാർഷിക ഉൽപ്പന്നങ്ങൾക്ക് സ്ഥിരമായ കൊടുക്കൽ വാങ്ങൽ കേന്ദ്രം പഞ്ചായത്തിലില്ലാത്തതുകൊണ്ട് അടുത്ത പഞ്ചായത്തിലെ മാനന്തവാടി, വെള്ളമുണ്ട എന്നിവിടങ്ങളെയാണ് കർഷകർ മുഖ്യമായും ആശ്രയിക്കുന്നത്. വിപണനം ചെയ്യാനായി ഇഞ്ചി, വാഴക്കുല എന്നിവയുമായി ദൂരസ്ഥലങ്ങളിലേക്ക് കർഷകർ പോകുന്നത് സാധാരണമാണ്.ഏറ്റവും സാധ്യതയുള്ള അടക്ക, ഇഞ്ചി, ഏത്തക്ക സംസ്ക്കരണകേന്ദ്രങ്ങൾ മറ്റു പഞ്ചായത്തുകളുമായി സഹകരിച്ച് വയനാട്ടിൽ തന്നെ ഉണ്ടാക്കാനുള്ള പദ്ധതി ആവിഷ്കരിക്കണം. കാലവർഷത്തിന്റെ അസ്ഥിരതപോലെ മാർക്കറ്റിന്റെ അഭാവവും കൃഷിക്കാരെ സദാ ഭാഗ്യപരീക്ഷണത്തിന് ഇരയാക്കുന്നു.

ഇതിനൊരു പരിഹാരമായി പഞ്ചായത്തു തലത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു മാർക്കറ്റ് സ്ഥാപിക്കണം. മാനന്തവാടി പട്ടണത്തിന്റെ സാമീപ്യമുള്ള പാണ്ടിക്കടവാണ് ഇതിന് അനുയോജ്യം. ഈ സ്ഥലത്തെ കാലിച്ചന്തയുടെ വിജയം ഇതിന് പ്രചോദനം നൽകും. ഇതിന്റെ വിജയമനുസരിച്ച് പഞ്ചായത്തിലെ വിവിധ വാർഡുകളിലെ പ്രധാനസ്ഥലങ്ങളിൽ മാർക്കറ്റുകൾ ആരംഭിക്കാം. ഇത്തരത്തിൽ നിർദ്ദേശം വന്ന സ്ഥലങ്ങളാണ് ദ്വാരക, തോണിച്ചാൽ, രണ്ടേ നാല്, കല്ലോടി, എള്ളുമന്ദം, കമ്മന, പാതിരിച്ചാൽ, അയിലമൂല.

മൺസൂൺ കാലത്ത് വയനാട്ടിൽ ധാരാളമുണ്ടാകുന്ന ചക്ക, മാങ്ങ, പൈനാപ്പിൾ എന്നിവ കേടുകൂടാതെ സൂക്ഷിച്ചുവെക്കാൻ കഴിയുന്ന പ്ളാന്റുകൾ സ്ഥാപിച്ച് കർഷകരെ സഹായിക്കാൻ പഞ്ചായത്ത് പദ്ധതികൾ ആവിഷ്ക്കരിക്കണം.

ഏത്തക്ക ഉപയോഗിച്ചുണ്ടാക്കുന്ന വിഭവങ്ങളായ ചിപ്സ് ശർക്കര ഉപ്പേരി എന്നിവക്കും കപ്പവറുത്തതിനും ഇന്ന് ധാരാളം ഉപഭോക്താക്കളുണ്ട്. അതിനോട് ബന്ധപ്പെട്ട ഭക്ഷ്യോല്പന്നങ്ങളുടെ നിർമ്മിതിക്കും വിപണത്തിനും ഇവിടെ നല്ല സാദ്ധ്യതകൾ ഉണ്ട്.

ഇപ്പോൾ പഞ്ചായത്തിൽ മൊത്തം 3625 കാർഡുകളിലൂടെയാണ് റേഷൻ വിതരണം ചെയ്യുന്നത്. ഇതനുസരിച്ച് പഞ്ചായത്തിൽ മുതിർന്നവർ 15039 പേരും കുട്ടികൾ 35696പേരുമാണുള്ളത്. ആഴ്ചയിൽ അരി 33637 കിലോയും അത്രതന്നെ ഗോതമ്പും ഷാപ്പുകളിലൂടെ വിതരണം ചെയ്യുന്നു. പഞ്ചായത്തിന്റെ വിവധ ഭാഗങ്ങളിലുള്ള 7 ഷാപ്പുകളിലൂടെയും, മാനന്തവാടി താഴെ അങ്ങാടിയിലുള്ള ഒരു ഷാപ്പിലൂടെയുമാണ് വിതരണം ചെയ്യുന്നത്. മാസത്തിൽ 7250കിലോ മൈദയും, 3625kg സൂചിയും ഇവിടെ വിതരണം ചെയ്യപ്പെടുന്നുണ്ട്.

പൊതു വിതരണം മെച്ചപ്പെടുത്താൻ രണ്ടേനാൽ, കല്ലോടി, ദ്വാരക, പാതിരിച്ചാൽ, പാണ്ടിക്കാടവ് എന്നിവിടങ്ങളിൽ മാവേലിസ്റ്റോർ ആരംഭിക്കാൻ ഗ്രാമസഭകളിൽ നിന്ന് ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. സ്ഥിരമായ മാർക്കറ്റ് സമ്പ്രദായം വിജയിച്ചാൽ കർഷകർക്ക് ഉൽപന്നങ്ങളുണ്ടാക്കാനുള്ള ഉത്തേജനം ലഭിക്കുകയും അതുവഴി ജനങ്ങളുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരികയും ചെയ്യും.

പഞ്ചായത്തിൽ നടന്നുവരുന്ന ഇറച്ചി, മീൻമാർക്കറ്റുകളിൽ, ശുചീകരണത്തിന് തീരെ പ്രാമുഖ്യം നൽകിക്കാണുന്നില്ല. അതിനാൽ ആധുനിക അറവശാല പാണ്ടിക്കടവിൽ സ്ഥാപിക്കണം. വിവിധ വാർഡുകളിലെ ശുചീകരണ പരിസ്ഥിതി. പ്രശ്നങ്ങൾ അവലോകനം ചെയ്ത് നിർദ്ദേശം നൽകാനുള്ള ബാധ്യത പഞ്ചായത്ത് ബോർഡിന്റെ ചട്ടങ്ങളിൽ വരുത്തണം.



# വ്യവസായം

എടവക പഞ്ചായത്തിൽ പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ വൻകിട വ്യവസായ സ്ഥാപനങ്ങൾ ഒന്നുമില്ല. 46.27 ചതുരശ്ര കി.മീ വിസ്തീർണ്ണമുള്ള എടവക പഞ്ചായത്തിന്റെ പടിഞ്ഞാറെ അറ്റമായ വാളേരി മുതൽ കിഴക്കേ അറ്റമായ കമ്മന വരെ കബനി നദിയുടെ തീരപ്രദേശമാണ്. അതു കൊണ്ട് തന്നെ വ്യാവസായികമായി മുന്നേറാൻ പഞ്ചായത്തിന് ധാരാളം സാധ്യതകളുണ്ട്. നിലവിലുള്ള വ്യവസായ സ്ഥാപനങ്ങളുടെ പട്ടിക 1 (A) യിൽ കൊടുത്തിട്ടുണ്ട്.

| വ്യവസായത്തിന്റെ പേര് | എണ്ണം | തൊഴിലാളികൾ |
|---|---|---|
| 1. ഈർച്ച മില്ല് | 2 | 18 |
| 2. ബാങ്കുകൾ | 3 | 18 |
| 3. സ്റ്റോൺ ക്രഷറർ | 1 | 14 |
| 4. റൈസ് മിൽ | 42 | 42 |
| 5. കരിങ്കൽ ക്വാറി | 6 | 80 |
| 6. വസ്ത്ര നിർമ്മാണം | 7 | 54 |
| 7. ഇഷ്ടിക ചൂള | 3 | 60 |
| 8. ഫർണീച്ചർ ഷോപ്പ് | 6 | 54 |
| 9. ബ്രഡ് കമ്പനി | 1 | 10 |
| 10. കോഴി ഫാം | 5 | 10 |
| 11. പപ്പട നിർമ്മാണം | 3 | 12 |
| 12. ഫ്ളവർ മിൽ | 5 | 5 |
| 13. ഓയിൽ മിൽ | 1 | 3 |
| 14. കച്ചവട വാണിജ്യസ്ഥാപനങ്ങൾ | 252 | 750 |
| 15. അച്ചടി | 1 | 6 |
| ആകെ | 338 | 1136 |

പട്ടികയിൽ സൂചിപ്പിച്ചതുപോലെ ഏററവും കൂടുതൽ ആളുകൾ പണിയെടുക്കുന്നത് കച്ചവട വാണിജ്യ സ്ഥാപനങ്ങളിലാണ്. പ്രസ്തുത സ്ഥാപനങ്ങൾ ബാങ്കുകളിൽ നിന്ന് ധനസഹായം സ്വീകരിച്ചാണ് നടത്തിപ്പോരുന്നത്. ബാങ്കുകളാവട്ടെ ഇവയെ കോമേഴ്സ്യൽ വിഭാഗത്തിൽ പെടുത്തിയാണ് പലിശ ഈടാക്കുന്നത്. ഈ കാരണം കൊണ്ട് നാമമാത്രമായ വളർച്ചാ നിരക്ക് മാത്രമെ ഈ മേഖലയിലും ഉണ്ടായിട്ടുള്ളൂ. 1978 ൽ 198 സ്ഥാപനങ്ങൾ ഉണ്ടായിരുന്നപ്പോൾ 1996 മാർച്ചിൽ 252 സ്ഥാപനങ്ങളായി വർധിച്ചു. വളർച്ചാ നിരക്ക് 21.4% സ്വകാര്യവ്യക്തികൾ നടത്തുന്ന 2 തടിമില്ലുകൾ പഞ്ചായത്തിന്റെ അതിർത്തിയിൽ കബനി നദിയുടെ തീരത്ത് (പാണ്ടിക്കടവിലും, ചങ്ങാടക്കടവിലും) പ്രവർത്തിക്കുന്നു. വൈദ്യുതിയുടെ ദൗർലഭ്യം, നിലവിലുള്ള ചില നിയമങ്ങൾ, ഉദ്യോഗസ്ഥൻമാരുടെ ഈ സ്ഥാപനങ്ങളോടുള്ള മനോഭാവം എന്നിവ ഇവയുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സമായി നിലകൊള്ളുന്നു.

പത്താം വാർഡിൽ പീച്ചാംങ്കോട്ട് പ്രവർത്തിക്കുന്ന ക്വാളിറ്റി ബ്രഡ് കമ്പനി ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ നിർമ്മിച്ച് ഉപഭോക്താക്കളുടെ പ്രശംസ നേടി വരുന്നു. വളർച്ചാ സാധ്യതയുള്ള ഇത്തരം സ്ഥാപനങ്ങളെ എല്ലാ രീതിയിലും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

നാലാം വാർഡിൽ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന സ്റ്റോൺ ക്രഷർ കഴിഞ്ഞ കാലവർഷത്തിൽ, മറ്റും തകർന്നു പോയിരുന്നു. പ്രസ്തുത സ്ഥാപനത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. ധാരാളം തൊഴിൽ സാധ്യതകളുള്ള ഈ സ്ഥാപനം പരിസര മലിനീകരണ മുക്തമാക്കി സുഗമമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ട ബാധ്യത അധികാരികൾക്കുണ്ട്. കെട്ടിട നിർമ്മാണത്തിനുള്ള അടിസ്ഥാന അസംസ്കൃതവസ്തുക്കൾ നൽകുന്ന ആറ് ക്വാറികൾ പ്രവർത്തിക്കുന്നു. തൊഴിലില്ലായ്മ രൂക്ഷമാകുന്ന ഇക്കാലത്ത് ഉയർന്ന കൂലി നിരക്കുള്ള ക്വാറികളും പ്രോത്സാഹിപ്പിക്കപ്പെടണം.

സ്വാകാര്യ വ്യക്തികൾ നടത്തുന്ന 5 കോഴി ഫാമുകൾ പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി പ്രവർത്തിക്കുന്നുണ്ട് സാമാന്യം ലാഭകരമായ രീതിയിലാണ് ഇവ നടന്നുപോകുന്നത്. ഇത്തരം സ്ഥാപനങ്ങൾക്ക് വിപുലമായ സാധ്യത ഈ പഞ്ചായത്തിൽ നിലവിലുണ്ട്.

## ബാങ്കിംഗ് വ്യവസായം

നല്ലൂർനാട് സർവ്വീസ് സഹകരണ ബാങ്ക്, മാനന്തവാടി ഫാർമേഴ്സ് സഹകരണബാങ്കിന്റെ ഒരു ശാഖ, നോർത്ത് മലബാർ ഗ്രാമീൺ ബാങ്കിന്റെ ഒരു ശാഖ എന്നിവ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. കാലാകാലങ്ങളിൽ അധികാരത്തിലിരുന്ന സഹകരണ ബാങ്കുകളുടെ ഭരണ സമിതികൾ സ്ഥാപനങ്ങളുടെ പുരോഗതിക്ക് വേണ്ടി പ്രയത്നിച്ചിട്ടുണ്ട്.

ഗ്രാമീണ ബാങ്ക് തങ്ങളെ സമീപിക്കുന്ന കർഷകരേയും, ചെറുകിട കച്ചവടക്കാരേയും, പലവിധ സർട്ടിഫിക്കറ്റുകളുടെ പേരു പറഞ്ഞ് ബുദ്ധിമുട്ടിക്കുന്നു. ഈ ബാങ്കിന്റെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കണം. ഇതോടൊപ്പം തന്നെ വായ്പ എടുത്ത തുക ഉചിതമായ ആവശ്യങ്ങൾക്കാണ് വിനിയോഗിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ട ബാധ്യതയും ബാങ്കുകൾക്കുണ്ട്. കൃഷി നാശമോ മറ്റേതെങ്കിലും അവിചാരിതമായ കാരണങ്ങളാലോ വായ്പ എടുത്ത വ്യക്തിക്ക് എടുത്ത ലോൺ കൃത്യസമയത്ത് തിരിച്ചടയ്ക്കാൻ സാധിക്കാതെ വന്നാൽ പലിശ ഇളവു ചെയ്തു കൊടുക്കാൻ ബാങ്ക് അധികൃതർ തയ്യാറാകണം. അതിനായി ജനപ്രതിനിധികൾ ഉൾക്കൊള്ളുന്ന ഉപദേശക സമിതികൾ രൂപീകരിക്കുന്നത് അഭികാമ്യമായിരിക്കും.

## പ്രശ്നങ്ങൾ

ഈ പഞ്ചായത്തിനെ സംബന്ധിച്ച് ധാരാളം അനുകൂല ഘടകങ്ങൾ ഉണ്ടെങ്കിലും വ്യവസായ രംഗത്ത് ഒട്ടും മുന്നേറാൻ സാധിക്കാത്തത് താഴെ പറയുന്ന കാരണങ്ങൾ കൊണ്ടാണ്.

1. സാങ്കേതിക പരിജ്ഞാനകുറവ്.

2. വ്യവസായ മേഖലയുമായുള്ള സമ്പർക്ക കുറവ്.

3. വ്യവസായ വികസനവുമായി ബന്ധപ്പെട്ട് ശാസ്ത്രീയ ബോധവൽക്കരണകുറവ്.

4. വൈദ്യുതിയുടെ അപര്യാപ്തത

5. തൊഴിൽ സംരംഭകർക്ക് പുതിയ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കാൻ ധന സഹായത്തിനായി ധനകാര്യ സ്ഥാപനങ്ങളെ സമീപിക്കുമ്പോഴുണ്ടാകുന്ന അനാരോഗ്യകരമായ പെരുമാറ്റം.

## സാധ്യതകൾ

1. ഏതു വ്യവസായവും വിജയകരവുമായി നടത്തിക്കൊണ്ടുപോകാൻ പ്രത്യേക പരിശീലനം നടത്തി സംരംഭകരെ പ്രാപ്തരാക്കണം. ഇതിനുവേണ്ടി പ്രാദേശിക ക്യാമ്പുകൾ പഞ്ചായത്തടിസ്ഥാനത്തിൽ സംഘടിപ്പിക്കണം.

2. വ്യവസായികമായി മുന്നേറിയ സ്ഥലങ്ങളിലേക്ക് പഠനയാത്ര സംഘടിപ്പിക്കുക.

3. വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് യഥാസമയം വൈദ്യുതി ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.

4. തുന്നൽ ജോലിയുടെ കോൺട്രാക്റ്റ് എടുത്ത് ചെറുകിട സ്ഥാപനങ്ങൾക്ക് കൊടുക്കുന്ന ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾ രൂപീകരിക്കാവുന്നതാണ്. ഉദാ: സ്കൂൾ യൂണിഫോം

5. ഭക്ഷ്യ ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുക. ഉദാ: കുടിൽ വ്യവസായമായി പലഹാരങ്ങൾ നിർമ്മിച്ച് ഹോട്ടലുകളിൽ വിതരണം ചെയ്യുക.

6. കൂത്താട്ടുകുളം ബേക്കൺ ഫാക്ടറി മോഡലിൽ Meat Product എക്സ്പോർട്ട് കേന്ദ്രം ആരംഭിക്കുക.

7. പഴ വർഗ്ഗങ്ങളുടെ വാക്വം പാക്കേജ് ആന്റ് എക്സ്പോർട്ട് കേന്ദ്രം തുടങ്ങുക.

8. അനുയോജ്യമായ സ്ഥലങ്ങളിൽ സ്റ്റോൺ ക്രഷർ സ്ഥാപിക്കുന്നതിന് താൽപര്യമുള്ള ആളുകൾക്ക് എല്ലാ വിധ പ്രോത്സാഹനവും നൽകുക.

8. പഞ്ചായത്ത് മുൻ കൈയെടുത്ത് ഇന്ന് ബസ്സ് ഗതാഗതം തീരെ ഇല്ലാത്ത സ്ഥലങ്ങളിലേക്ക് മിനി ട്രാൻസ്പോർട്ട് സർവ്വീസ് നടത്തി ഗ്രാമീണ ഗതാഗതം പ്രോത്സാഹിപ്പിക്കാവുന്നതാണ്.

ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ആരംഭിക്കാവുന്ന വ്യവസായ യൂണിറ്റുകൾ

## പട്ടിക II

### ഭക്ഷ്യ ഉൽപ്പന്നങ്ങൾ

| നമ്പർ | ഇനം |
|---|---|
| 1. | ചിപ്സ് നിർമ്മാണം (നേന്ത്രക്കായ, കപ്പ) |
| 2. | പപ്പട നിർമ്മാണം |
| 3. | പാൽ സംസ്ക്കരണം |
| 4. | പഴം സംസ്ക്കരണം |
| 5. | കറി പൗഡർ |
| 6. | ബേക്കറി |
| 7. | ബേബി ഫുഡ് |
| 8. | കരിക്ക് ശീതള പാനീയം |
| 9. | മൽസ്യ മാർക്കറ്റ് |
| 10. | പച്ചക്കറി സംസ്കരണം |
| 11. | മാട്ടിറച്ചി സംസ്കരണം |
| 12. | ശീതള പാനീയം (പഞ്ചായത്ത് വെയിറ്റിങ്ങ് ഷെഡിനോട് ചേർന്ന് ചെറിയ സ്റ്റാളുകൾ ആരംഭിക്കാവുന്നതാണ്) |
| 13. | കശുമാങ്ങ സംസ്കരണം |
| 14. | കുടിവെള്ളം ബോട്ടിംലിംഗ് (മിനറൽ വാട്ടർ) |
| 15. | മിൽക്ക് ബൂത്ത് |

### ചുരുങ്ങിയ മുതൽ മുടക്കിൽ കമ്പോളം ലഭിക്കാൻ, സാധ്യതയുള്ള വ്യവസായങ്ങൾ

| നമ്പർ | ഇനം | നമ്പർ | ഇനം |
|---|---|---|---|
| 1. | ഇഷ്ടിക നിർമ്മാണം. | 2. | ഫർണീച്ചർ നിർമ്മാണം |
| 3. | ഹോളോബ്രിക്സ് | 4. | സോപ്പ് നിർമ്മാണം |
| 5. | ഗാർമെന്റ്സ് | 6. | സ്റ്റോൺ ക്രഷർ |
| 7. | പ്ലാസ്റ്റിക്ക് കസേര നിർമ്മാണ, മറ്റ് പ്ലാസ്റ്റിക്ക് ഉൽപന്നങ്ങൾ | 8. | കുട്ട,വട്ടി, പായ, പരമ്പ്, ബുക്ക് ബൈൻഡിങ്ങ്. |

| | | | |
|---|---|---|---|
| 9. | വാഴനാർ, കാപ്പിക്കമ്പ്കൊണ്ട് കരകൗശല വസ്തുക്കൾ | 10. | കാലിത്തീറ്റ നിർമ്മാണം. |
| 11. | ജൈവവള നിർമ്മാണം. | 12. | തടിമില്ല്. |
| 13. | റബ്ബർപാൽ സംസ്കരണം | 14. | കാർഷിക വിഭവ സംഭരണ കേന്ദ്രം. |
| 15. | പട്ടുനൂൽ നിർമ്മാണം. | 16. | കൈത്തറി നിർമ്മാണം. |
| 17. | ചെങ്കല്ല് നിർമ്മാണം | 18. | കൊപ്ര നിർമ്മാണം. |
| 19. | പാക്ക് ഉൽപ്പന്ന നിർമ്മാണം. | 20. | ഇഞ്ചി സംസ്കരണം. |
| 21. | കോഴിഫാം. | 22. | കെൽട്രോൺ യുണിറ്റ്. |
| 23. | ഫ്ളവർ മിൽ | 24. | പെയിന്റ്, മെറ്റൽ പെയിന്റ് |
| 25. | കെട്ടിട നിർമ്മാണ സാമഗ്രികൾ. | 26. | മോട്ടോർ റീ വൈൻഡിങ്ങ്. |
| 27. | ഇലക്ട്രോണിക്സ്, കംപ്യൂട്ടർ സോഫ്റ്റ് വെയർ ഹൗസ്. | 28. | ഓട്ടോമൊബൈൽ |
| 29. | ചെരുപ്പ് നിർമ്മാണം. | 30. | ആയുർവ്വേദ ഔഷധം. |
| 31. | പന്നി വളർത്തൽ. | 32. | കൺസ്യൂമർ സ്റ്റോർ (സഹകരണ സംഘം) |
| 33. | ടയർ വർക്സ്. | 34. | സ്പ്രേ പെയിന്റ്. |
| 35. | വെയിസ്റ്റ് പ്ലാസ്റ്റിക്ക് ഉരുക്കി മറ്റുൽപ്ന്നങ്ങൾ ഉണ്ടാക്കുക. | 36. | തുകൽ സംസ്കരണം. |
| 37. | ആട് വളർത്തൽ | | |

## ടൂറിസം

പ്രാദേശിക ടൂറിസം വികസനത്തിനും പഞ്ചായത്തിൽ സാധ്യതകളുണ്ട്. മാനന്തവാടി ഗവ:കോളേജിനോട് ചേർന്നു കിടക്കുന്ന സ്ഥലത്ത് മനോഹരമായ ഉദ്യാനം നിർമ്മിക്കാവുന്നതാണ്. മാനന്തവാടി പഴശ്ശി റിസോർട്ടിന് എതിർ വശമുള്ള കബനി പുഴയോരം, ചങ്ങാടക്കടവ് മുതൽ പാണ്ടിക്കടവ് വരെയുള്ള ഭാഗം മനോഹരമായ ഒരു കുട്ടികളുടെ പാർക്കായി വികസിപ്പിക്കുക.

ടൂറിസം വാരാഘോഷവേളയിൽ കരകൗശല വസ്തുക്കളുടെ വിൽപനയും, പ്രദർശനവും സംഘടിപ്പിക്കുക.

പഞ്ചായത്തിലെ പ്രധാന ഉൽസവങ്ങളോടനുബന്ധിച്ച് കാർഷിക വ്യാവസായിക സാംസ്കാരിക പ്രദർശനം സംഘടിപ്പിക്കുക.

## നിർദ്ദേശങ്ങൾ

1. പുതിയ വ്യവസായങ്ങൾ തുടങ്ങാൻ നമ്മുടെ യുവജനങ്ങളുടെ ഇടയിൽ വ്യവസായ വികസന ബോധം വളർത്തിയെടുക്കാൻ ആവശ്യമായ സാഹചര്യം ഉണ്ടാക്കി എടുക്കണം.

2. വ്യവസായങ്ങൾ സംരഭകരെ നിരന്തരമായി പ്രോത്സാഹിപ്പിച്ച് വ്യവസായങ്ങൾ തുടങ്ങുകയും, പ്രസ്തുത രംഗത്ത് നല്ല നിലയിൽ പ്രവർത്തിക്കാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുവാൻ ഒരു സ്ഥിരം മോണിറ്ററിങ്ങ് കമ്മിറ്റി രൂപീകരിക്കുകയും വേണം.

3. വ്യവസായ സ്ഥാപനങ്ങളിൽ ശക്തമായ തൊഴിലാളി മാനേജ്മെന്റ് ബന്ധം വളർത്തിയെടുക്കണം.

മുകളിൽ കൊടുത്തിരിക്കുന്ന സാധ്യതകളും നിർദ്ദേശങ്ങളും മുൻഗണനാ ക്രമം നിശ്ചയിച്ച് നടപ്പാക്കണം. നമ്മുടെ പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് ഇവിടെത്തന്നെ വ്യവസായ യൂണിറ്റുകൾ ആരംഭിക്കാൻ സാധിച്ചാൽ ജനങ്ങളുടെ സാമൂഹ്യ- സാമ്പത്തിക ജീവിത നിലവാരത്തിൽ വമ്പിച്ച മാറ്റം പ്രതീക്ഷിക്കാവുന്നതാണ്.



# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

നവീനശിലായുഗം മുതൽക്ക് വയനാട്ടിൽ പാർപ്പിടമുറപ്പിച്ച നൂറ്റാണ്ടുകൾ പഴക്കമുള്ള ഒരു തനത് സംസ്കാരത്തിന്റെ ഉടമകളാണ് ആദിവാസികൾ. കോട്ടയം രാജാവിന്റെ കാലത്താണ് ആദിവാസികളുടെ ജീവിതഘടനയിൽ സാരമായ മാറ്റം സംഭവിച്ചു തുടങ്ങിയത്. ഭൂമിയുടെ മേൽ അവർക്കുണ്ടായിരുന്ന അവകാശങ്ങൾ ഇതോടെ നായർ പ്രമാണിമാരുടെ വരുതിയിലേക്ക് മാറ്റപ്പെട്ടു. ആദിവാസികൾ സ്വതന്ത്രമായി കൃഷിയിറക്കിയിരുന്ന ഭൂമിയും വനവിഭവങ്ങൾക്ക് വേണ്ടി ആശ്രയിച്ചിരുന്ന കാടുകളും പരമ്പരാഗതമായ ആരാധനാകേന്ദ്രങ്ങളും അവർക്ക് അന്യമായി. തലമുറകളായി യഥേഷ്ടം ഉപയോഗിച്ചിരുന്ന ഭൂമിക്ക് കൈവശാവകാശ രേഖ വേണമെന്ന് അന്നവർക്ക് അറിയില്ലായിരുന്നു. മാറി മാറി വന്ന അധികാരശക്തികളോടും സംസ്കാര വിശേഷങ്ങളോടും ചെറുത്തു നിൽക്കാൻ കഴിയാതെ അധ:സ്ഥിതരായി മാറ്റപ്പെടുകയായിരുന്നു ഇവർ. സ്വാതന്ത്ര്യ പ്രാപ്തിയോടെ ആദിവാസികളെ ഉദ്ധരിക്കാൻ നടന്നുവന്ന ശ്രമങ്ങളെല്ലാം അവരെ അപകർഷതാ ബോധത്തിലേക്ക് കൊണ്ടെത്തിക്കുകയായിരുന്നു എന്നുവേണം അനുമാനിക്കാൻ.

എടവക ഗ്രാമപഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 24746 ൽ പട്ടികജാതി–പട്ടികവർഗ്ഗത്തിൽ പെട്ടവരുടെ എണ്ണം 3857 ആണ്.ഇത് പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ15.6 വരും. ഇതിൽ പുരുഷൻമാർ 1922 ഉം സ്ത്രീകൾ 1935 ഉം ആണ്. കോളനികളും ഒറ്റപ്പെട്ട വീടുകളിലുമായി 824 കുടുംബങ്ങൾ താമസിക്കുന്നു. ഈ പഞ്ചായത്തിലെ ആദിവാസികൾ മൊത്തം 426.39 ഏക്കർ ഭൂമിയും, 189.55 ഏക്കർ നെൽപ്പാടവും കൈവശം വച്ചു വരുന്നു. ഭൂമി കൈവശമുള്ളവരിൽ ബഹുഭൂരിപക്ഷവും കുറുച്ച്യ വിഭാഗത്തിൽപ്പെട്ടവർണ്. ഏറ്റവും കുറഞ്ഞ ഭൂമികൈവശമുള്ളത് പണിയവിഭാഗത്തിനാണ്. ആദിവാസികൾക്കായി രണ്ടാം വാർഡിലും, പതിനൊന്നാംവാർഡിലുമായി ഓരോ പൊതുശ്മശാനങ്ങൾ ഉണ്ട്.

**പട്ടികജാതി/പട്ടികവർഗ്ഗ -ജനസംഖ്യ**

| പട്ടികജാതി | | പട്ടികവർഗ്ഗം | | |
|---|---|---|---|---|
| പു | സ്ത്രീ | പു | സ്ത്രീ | ആകെ |
| 118 | 110 | 1804 | 1825 | 3857 |

## സാക്ഷരത

1990 ലെ അക്ഷരകേരളം പരിപാടിക്കായി നടത്തിയ സർവ്വേപ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 1437 നിരക്ഷരർ ഉണ്ടായിരുന്നു. അക്ഷരകേരളം പരിപാടിയിലൂടെ ഈവിഭാഗത്തിന്റെ സാക്ഷരതാശതമാനം 75 വരെ എത്തിയിരുന്നു. എന്നാൽ തുടർ സാക്ഷരതാ പരിപാടിയുടെ അഭാവം നിമിത്തം അക്ഷരാഭ്യസം നേടിയവർ ക്രമേണ നിരക്ഷരതയിലേക്ക് വഴുതിമാറി. ആദിവാസികളുടെ

ഇടയിൽ നിർബന്ധ വിദ്യാഭ്യാസത്തിന് ഉതകുന്നതരത്തിലുള്ള ബോധവൽക്കരണത്തിലൂടെയെ അവരുടെ വിദ്യാഭ്യാസനിലവാരം ഉയർത്താൻ സാധിക്കൂ. കേരളത്തിൽ ആകെയുള്ള രണ്ട് അംബേദ്കർ റസിഡൻഷ്യൽ സ്ക്കൂളുകളിൽ ഒന്ന് ഈ പഞ്ചായത്തിലാണെന്നുള്ളത് അഭിമാനകരമാണ്. എങ്കിലും ഈ വിദ്യാലയത്തിൽ കുട്ടികളുടെ പ്രവേശനം പരിമിതപ്പെടുത്തിയതിനാലും, സംസ്ഥാനാടിസ്ഥാനത്തിൽ നടത്തുന്നതിനാലും വയനാട് പോലുള്ള പിന്നോക്ക പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് നാമമാത്രമായേ പ്രവേശനം ലഭിക്കുന്നുള്ളൂ. വിദ്യാഭ്യാസപരമായി ഏറെ പിന്നോക്കം നിൽക്കുന്ന ആദിവാസികൾക്ക് ഈ സ്ക്കൂളിൽ നിശ്ചിതശതമാനം റിസർവ്വ് ചെയ്താൽ അവരുടെ വിദ്യാഭ്യസ നിലവാരം ഇനിയും ഉയർത്താൻ സാധിക്കും

## പാർപ്പിടം

ആദിവാസി ജനവിഭാഗങ്ങളിൽ പകുതിയോളം വരുന്നവർക്ക് താമസസൗകര്യം ഇനിയും ഉണ്ടാകേണ്ടതായിട്ടുണ്ട്. ഒട്ടനവധി കോളനികളിൽ പണിതവീടുകളിൽ മിക്കവയും പൂർണ്ണമായൊ, ഭാഗികമയോ നിലം പൊത്തിവയാണ്. അവ അടിയന്തിരമായി പുതുക്കിപണിയേണ്ടിയിരിക്കുന്നു. വീടുകളോടനുബന്ധിച്ച് കക്കൂസുകൾ നിർമ്മിച്ചുകൊടുക്കേണ്ടത് അത്യാവശ്യമാണ്. കോളനികളിൽ പലതിനും കുടിവെള്ള സൗകര്യം ഉള്ളതായികാണുന്നില്ല. വൈദ്യുതി എത്തിനോക്കാത്ത ആദിവാസികോളനികൾ നിരവധിയാണ്.

## ആരോഗ്യരംഗം

അടിയന്തിരചികിൽസാ സൗകര്യത്തിന്റെ അപര്യാപ്തത മൂലം കോളനികളി ൽ കോളറ, മഞ്ഞപ്പിത്തം, ടൈഫോയിഡ്, ക്ഷയം, തുടങ്ങിയ രോഗങ്ങൾ കണ്ടുവരുന്നു. ഹെൽത്ത്സെന്ററുകളിൽ സ്ഥിരമായി ഡോക്ടറുണ്ടായിരിക്കുക, രോഗികളെ കിടത്തിചികിൽസിക്കാനുള്ള സൗകര്യമുണ്ടായിരിക്കുക തുടങ്ങിയവ പരിഹാരമാർഗ്ഗമായി ചൂണ്ടിക്കാണിക്കുന്നു. ഇതിനു പുറമെ ആദിവാസി കോളനികളിൽ ചികിൽസ എത്തിക്കുന്നതിന്റെ ഭാഗമായി ഒരു മൊബൈൽ ഡിസ്പൻസറിയുടെ സേവനം ലഭ്യമാക്കുന്നത് ഏറെ ഫലപ്രദമായിരിക്കും. എല്ലാ വീടുകൾക്കും കക്കൂസ് നിർമ്മിക്കുക, ശുദ്ധജലം ലഭ്യമാക്കുക മുതലായവ സാധ്യമായാൽ അരോഗ്യരംഗത്തെ പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരമാകുന്നതാണ്. കൂടാതെ ഈ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ട്രൈബൽ ആശുപത്രിയുടെ സേവനം പട്ടികവർഗക്കാരൊടൊപ്പം പട്ടികജാതിക്കാർക്കും ലഭ്യമാക്കണം.

## ആചാരനുഷ്ഠാനങ്ങൾ

ആദിവാസികളിൽ പ്രധാന വർഗമായ കുറിച്യരുടെ കുലദൈവം മലക്കാരി ദേവനാണ്. അവരുടെ ഉത്സവം "തിറ"യാണ്. ഈ പഞ്ചായത്തിലെ തോണിച്ചാൽ തിറ അവരുടെ പ്രധാന ഉത്സവമാണ്. "കുന്ദമംഗലം- കാപ്പുംചാൽ തിറ" കഴിഞ്ഞ 30 വർഷമായി മുടങ്ങിയിരിക്കയാണ്. സാമ്പത്തിക കാരണങ്ങളാലാണ് പ്രധാനമായും തിറ മുടങ്ങിയത്. കുറിച്യ സമുദായങ്ങളുടെഇടയിൽ "തീണ്ടൽ" എന്ന ദുരാചാരം വർഷങ്ങൾക്കുമുമ്പ് നിലനിന്നിരുന്നു. ആദിവാസികളിൽ തന്നെയുള്ള പണിയർ, അടിയർ, പുലയർ മുതലായവർ അധ:മർണരെന്ന് കുറിച്യ വിഭാഗത്തിൽ പെട്ടവർ കരുതുകയും അവരെ സ്പർശിക്കുന്നതോ, അവർ അടുത്ത് വരുന്നതോ നിഷിദ്ധമാണെന്ന് കണക്കാക്കുകയും ചെയ്തു വന്നിരുന്നു. വീര പഴശ്ശിയുടെ പടയാളികളായ കുറിച്യർ ആചാരനുഷ്ഠാനങ്ങളുടെ കാര്യത്തിലും വൃത്തിയുടെ കാര്യത്തിലും മറ്റ് ആദിവാസി വിഭാഗങ്ങളെ അപേക്ഷിച്ച് വളരെ മുൻപന്തിയിലാണ്. അമ്പും വില്ലും ഉപയോഗിച്ചും അപൂർവ്വമായി തോക്കുപയോഗിച്ചുമുള്ള നായാട്ട് ഈ വിഭാഗത്തിന്റെ ഒരു പ്രത്യേകതയാണ്. തുലാപത്ത് ഇവരുടെ നായാട്ടുത്സവം കൂടിയാണ്. അമ്പെയ്ത്ത് കലയിൽ ഇവർ ഏറെ പ്രാവീണ്യം നേടിയവരാണ്. ഈ ആയോധന കലയിൽ ശാസ്ത്രീയമായ പരിശീലനവും പ്രോത്സാഹനവും ലഭ്യമാക്കിയാൽ ഈ മേഖലയിൽ അവർ വെന്നിക്കൊടി പാറിക്കുമെന്നതിൽ തർക്കമില്ല. മുൻകാ

ലങ്ങളിൽ പൂർണ്ണമായും മരുമക്കത്തായ സമ്പ്രദായവും, കൂട്ടുകുടുംബ വ്യവസ്ഥയും നിലനിന്നിരുന്നു വെങ്കിലും ഈ അടുത്ത കാലത്തായി ഗണ്യമായ മാറ്റം സംഭവിച്ചിട്ടുണ്ട്. 35% കുടുംബങ്ങളിൽ മരുമക്കത്തായ സമ്പ്രദായം ഇപ്പോഴും തുടരുന്നു. കുറിച്യ വിഭാഗത്തിൽ പെട്ടവർ വളരെ സത്യസന്ധരും, സന്മാർഗ്ഗിക ബോധമുള്ളവരുമാണ്. പ്രസിദ്ധരായ പാരമ്പര്യ വൈദ്യൻമാർ ഇവരുടെ ഇടയിലുണ്ട്. നാടൻ പാട്ടുകളും, ഇമ്പമേറിയ നെൽകുത്തുപാട്ടുമൊക്കെ ഇവർക്കിടയിൽ നിന്നും അപ്രത്യക്ഷമായി തുടങ്ങിയിട്ടുണ്ട്.

മാനന്തവാടിയിലെ വള്ളിയൂർക്കാവ് ഉത്സവം വയനാട്ടിലെ മുഴുവൻ ആദിവാസി സമുദായങ്ങൾക്കും വളരെ പ്രധാനപ്പെട്ടതാണ്. പ്രത്യേകിച്ചും പണിയ വിഭാഗം ഏറ്റവും വലിയ ഉത്സവമായി ഇതിനെ കണക്കാക്കുന്നു. വയലുകളിൽ ഞാറുനടീൽ പെട്ടന്ന് തീർക്കുന്നതിനായി ജൻമിമാർ അവരുടെ വയലുകളിൽ "കമ്പളം" എന്ന ഒരു ചടങ്ങ് സംഘടിപ്പിക്കാറുണ്ടായിരുന്നു. തുടിയുടേയും, കുഴലൂത്തിന്റെയും, വട്ടക്കളിയുടെയും സംഗീത സാന്ദ്രമായ ലഹരിയിൽ അടിമകളായ ആദിവാസികൾ മേലനക്കി അധ്വാനിക്കും. അടിമകളുടെ ഉള്ളിളക്കി വരുന്ന ശക്തി മുഴുവൻ ഉടമകൾ ഇത് വഴി ചൂഷണം ചെയ്തിരുന്നു. വിശാലമായ നെൽപാടം മുഴുവൻ ഒറ്റ ദിവസം കൊണ്ട് നട്ട് തീർക്കുന്നതിന്ന് ഈ ചടങ്ങ് കൊണ്ട് സാധിച്ചിരുന്നു.

പട്ടികജാതി വിഭാഗത്തിൽ പെട്ട പുലയ സമുദായത്തിൽ പെട്ട 17 ഓളം കുടുംബങ്ങൾ 4ാം വാർഡിലും, 7ാം വാർഡിലുമായി അധിവസിക്കുന്നു. ഇവരും സാമൂഹ്യമായും സാമ്പത്തികമായും വിദ്യാസപരമായും ഏറെ പിന്നിൽ നിൽക്കുന്ന ജനവിഭാഗമാണ്.

## തൊഴിൽ

ആദിവാസി ജന വിഭാഗങ്ങളുടെ തൊഴിൽ കാർഷികവൃത്തിയാണ്. കുറിച്യ കുടുംബങ്ങൾ തങ്ങളുടെ കൂട്ടുകുടുംബത്തിനവകാശപ്പെട്ട വിശാലമായ കൃഷിസ്ഥലത്ത് കൃഷിയിറക്കി ഉപജീവനം നടത്തിവരുന്നു. വിളവിറക്കുന്നതിലും, വിളവെടുക്കുന്നതിലും കുടുംബങ്ങൾ പരസ്പരം സഹായിച്ച് ഒരുത്സവ ലഹരി പങ്കിടുന്നത് ഇവരുടെ ഇടയിൽ ഇപ്പോഴും കാണാം. എന്നാൽ പണിയ, അടിയാ, പുലയ വിഭാഗത്തിൽ പെട്ടവർ തങ്ങൾക്ക് പറയത്തക്ക കൃഷിഭൂമി ഇല്ലാത്തതിനാൽ ഭൂഉടമകളുടെ കീഴിൽ കർഷക തൊഴിലാളികളായി ജോലിചെയ്ത് ഉപജീവനമാർഗ്ഗം കഴിക്കുന്നു. പരമ്പരാഗത തൊഴിലായി പായ, കുട്ട, വട്ടി, മുറം, കുമ്പ എന്നിവയുടെ നിർമ്മാണം ഇവർ ഉപതൊഴിലായി സ്വീകരിച്ചുവരുന്നുണ്ട്.

## പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല. കോളനികളിൽ നിരക്ഷരത നിലനിൽക്കുന്നു.

2. കോളനികളിൽ ആവശ്യത്തിന് കുടിവെള്ളം, വൈദ്യുതി ഇല്ല.

3. കൈവശ ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.

4. ആരോഗ്യ രക്ഷാസംവിധാനം തൃപ്തികരമല്ല.

5. സ്വന്തമായി വീടോ, വീട് വെയ്ക്കാൻ സ്ഥലമോ ഇല്ല.

6. പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിന്റെ ക്ഷേമത്തിനു വേണ്ടി നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ച് അറിവ് വേണ്ടത്ര ഇല്ല.

7. IRDP പദ്ധതികളും, മറ്റു പദ്ധതികളും ഉപയോഗപ്പെടുത്തുന്നില്ല.

## നിർദ്ദേശങ്ങൾ

ആദിവാസികളുടെ ഉന്നമനത്തിനുവേണ്ടി S.C.P., T.S.P., SCA to SEP, SEA to TSP എന്നീ പദ്ധതി പ്രകാരം പ്രവൃത്തി നിശ്ചയിക്കുന്നത് ഉദ്യോഗസ്ഥൻമാരും ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടും മാത്രം ഉൾക്കൊള്ളുന്ന ജില്ലാ തല കമ്മിറ്റിയാണ്. ഈ കമ്മിറ്റി തെരഞ്ഞെടുക്കുന്ന പദ്ധതികളും ജോലികളും പലപ്പോഴും മുൻഗണനാ ക്രമമനുസരിച്ചുള്ളതായി കാണുന്നില്ല. ആയതിനാൽ പഞ്ചായത്തുകളുടെ നിർദ്ദേശം സ്വീകരിച്ചുകൊണ്ട് പദ്ധതികൾക്ക് മുൻഗണനാക്രമം നിശ്ചയിക്കുകയോ, മേൽപറഞ്ഞ ജില്ലാ തല വർക്കിംഗ് ഗ്രൂപ്പിൽ പഞ്ചായത്ത് പ്രസിഡണ്ടുമാരെ ഉൾപ്പെടുത്തുകയോ ചെയ്യേണ്ടതാണ്. ഇങ്ങനെ ചെയ്യുന്ന പക്ഷം പദ്ധതികളുടെ മുൻഗണനാക്രമം നിശ്ചയിക്കുന്നതിൽ കൃത്യത പാലിക്കാൻ കഴിയൂ.

| വാർഡ് | കോളനിയുടെ പേര് | ആവശ്യമായ വീടുകളുടെ എണ്ണം | കക്കൂസ് | കുടിവെള്ളം | വൈദ്യുതി | റോഡ് | മറ്റാവശ്യങ്ങൾ |
|---|---|---|---|---|---|---|---|
| I | | | | | | | |
| 1. | ചായിമ്മൽ കോളനി | ✓ | ✓ | ✓ | ✓ | ✓ | വാർഡിൽ ഒരു ആയുർവേദ ഡിസ്പെൻസറിയും സാംസ്കാരിക നിലയവും സ്ഥാപിക്കുക. |
| 2. | മെതിയറ കോളനി | ✓ | ✓ | ✓ | ✓ | ✓ | |
| 3. | അഞ്ചുവൈത്തിൽ കോളനി | ✓ | ✓ | ✓ | ✓ | ✓ | |
| 4. | കുഴിനിലം കോളനി | ✓ | ✓ | ✓ | ✓ | ✓ | |
| 5. | ചൊവ്വ കോളനി | ✓ | ✓ | ✓ | ✓ | ✓ | |
| 6. | പുതുശ്ശേരി കോളനി | ✓ | ✓ | ✓ | ✓ | ✓ | |
| 7. | പുളക്കുഴി കോളനി | ✓ | ✓ | ✓ | ✓ | ✓ | |
| II | | | | | | | |
| 1. | പെരുഞ്ചോല കോളനി | ✓ | ✓ | ✓ | ✓ | ✓ | |
| 2. | വേങ്ങാരം കോളനി | ✓ | ✓ | ✓ | ✓ | ✓ | |
| 3. | കാക്കഞ്ചേരി കോളനി | ✓ | ✓ | ✓ | ✓ | ✓ | |
| 4. | കുളത്തുവയൽ കോളനി | ✓ | ✓ | ✓ | ✓ | ✓ | |
| 5. | ചുള്ളിയിൽ കോളനി | ✓ | ✓ | ✓ | ✓ | ✓ | |
| 6. | ചേർക്കോട്ട് കോളനി | ✓ | ✓ | ✓ | ✓ | ✓ | |
| 8. | കാപ്പുമ്മൽ കോളനി | ✓ | ✓ | ✓ | ✓ | ✓ | |
| 9. | ചെറുമണൽ കോളനി | ✓ | ✓ | ✓ | ✓ | ✓ | |
| 10. | മൂട്ടേരി കോളനി | ✓ | ✓ | ✓ | ✓ | ✓ | |
| III | | | | | | | |
| 1. | നിലവിലുള്ള കോളനികളിൽ 30വീടുകൾ വേണം. | | | | | | |
| 2. | കല്ലോടി നിന്ന് പൈപ്പ്ലൈൻ വെങ്ങലോട്ട് വരെ നീട്ടണം. | | | | | | |
| 3. | വാളേരിയിൽ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, ട്രൈബൽ ഹോസ്റ്റൽ, ഗ്രന്ഥശാല എന്നിവ വേണം. | | | | | | |
| 4. | അഞ്ചാം പീടിക-ഇണ്ടിയേരി കോളനി റോഡ് നിർമ്മിക്കണം. | | | | | | |

| വാർഡ് | കോളനിയുടെ പേര് | ആവശ്യമായ വീടുകളുടെ എണ്ണം | കക്കൂസ് | കുടിവെള്ളം | വൈദ്യുതി | റോഡ് | മറ്റാവശ്യങ്ങൾ |
|---|---|---|---|---|---|---|---|
| V | | | | | | | |
| 1. | അത്തേരി കുന്ന് അയനിക്കൽ കോളനി | ✓ | ✓ | ✓ | ✓ | ✓ | |
| 2. | അത്തേരിക്കുന്ന് കോളനി | ✓ | ✓ | ✓ | ✓ | ✓ | |
| 3. | എരണാൽ കോളനി | ✓ | ✓ | ✓ | ✓ | ✓ | |
| 4. | കാവറ്റ കോളനി | ✓ | ✓ | ✓ | ✓ | ✓ | |
| | മൊത്തം 40 വീടുകൾ വേണം | | | | | | |
| V | | | | | | | |
| 1. | കൊറ്റയാട്ട് കോളനി | ✓ | ✓ | ✓ | ✓ | ✓ | വാർഡിൽ ഒരു ആയുർവേദ ഡിസ്പെൻസറി സ്ഥാപിക്കണം. |
| 2. | കോളേരി കോളനി | ✓ | ✓ | ✓ | ✓ | ✓ | |
| 3. | മംഗലത്ത് കോളനി | ✓ | ✓ | ✓ | ✓ | ✓ | |
| 4. | പുലിക്കാട് കോളനി | ✓ | ✓ | ✓ | ✓ | ✓ | |
| 5. | കുറുമ കോളനി | ✓ | ✓ | ✓ | ✓ | ✓ | |
| 6. | കല്ലടിക്കുന്ന് കോളനി | ✓ | ✓ | ✓ | ✓ | ✓ | |
| 7. | അയനിമൂല കോളനി | ✓ | ✓ | ✓ | ✓ | ✓ | |
| 8. | കച്ചേറ്റിപാറ കോളനി | ✓ | ✓ | ✓ | ✓ | ✓ | |
| | മൊത്തം 53 വീടുകൾ വേണം | | | | | | |
| VI | | | | | | | |
| 1. | കുറിച്ചകോളനികൾ | ✓ 3 | ✓ | ✓ | ✓ | ✓ | 1. വള്ളിയൂർക്കാവ് റോഡ് സോളിംഗ് ടാറിംഗ് നടത്തുക. 2. വള്ളിയൂർക്കാവ് ശുദ്ധജല പദ്ധതിയുമായി കോളനികളെ ബന്ധപ്പെടുത്തുക. 3.വാർഡിൽ പൊതുശ്മശാനം നിർമ്മിക്കുക. |
| 2. | അടിയാർ കോളനി | ✓ 5 | ✓ | ✓ | ✓ | ✓ | |
| 3. | പണിയർ കോളനി | ✓ 4 | ✓ | ✓ | ✓ | ✓ | |
| VII | | | | | | | |
| 1. | വെങ്ങണക്കൊല്ലി കോളനി | ✓ | - | - | ✓ | | 1.മാമട്ടം കുന്നിൽ സാംസ്കാരിക നിലയം 2. വനിതകൾ ക്ക് വേണ്ടി വാഴനാര് വ്യവസായം |
| 2. | പന്നിയിൽ കോളനി | ✓ | - | - | ✓ | | |
| 3. | എരണകൊല്ലി കോളനി | ✓ | - | ✓ | ✓ | | |
| 4. | കുണ്ടിച്ചിറ കോളനി | ✓ | - | - | ✓ | | |
| VIII | മൊത്തം 25 വീടുകൾ വേണം | | | | | | |
| 1. | പാത്രച്ചാൽ കോളനി | ✓ | ✓ | ✓ | ✓ | ✓ | 1. SC/ST വിഭാഗത്തിന് കോഴി ഫാം അനുവദിക്കുക. 2. ടാപ്പുകൾ പൈപ്പുകൾ ആവശ്യത്തിന് ദീർഘിപ്പിക്കുക. |
| 2. | കുന്നേരിക്കുന്ന് കോളനി | ✓ | ✓ | ✓ | ✓ | ✓ | |
| 3. | കാവണക്കുന്ന് കോളനി | ✓ | ✓ | ✓ | ✓ | ✓ | |
| 4. | ഒതയോത്ത് കോളനി | ✓ | ✓ | ✓ | ✓ | ✓ | |
| | | മൊത്തം 20 വീടുകൾ വേണം | | | | | |

| വാർഡ് IX | കോളനിയുടെ പേര് | ആവശ്യമായ വീടുകളുടെ എണ്ണം | കക്കൂസ് | കുടിവെള്ളം | വൈദ്യുതി | റോഡ് | മറ്റാവശ്യങ്ങൾ |
|---|---|---|---|---|---|---|---|
| 1. | അഗ്രഹാരം കോളനി | ✓ | ✓ | ✓ | ✓ | ✓ | വാർഡിൽ ഒരു ആശുപത്രി സ്ഥാപിക്കണം (പാണ്ടിക്കടവ്) |
| 2. | ചാമാടി കോളനി | ✓ | ✓ | ✓ | ✓ | ✓ | |
| 3. | മുത്താറി മൂല കോളനി | ✓ | ✓ | ✓ | ✓ | ✓ | |

മൊത്തം 20 വീടുകൾ വേണം

X

| | | | | | | | |
|---|---|---|---|---|---|---|---|
| 1. | പത്തിൽ കുന്ന് കോളനി | ✓ | ✓ | ✓ | ✓ | ✓ | വീട്‌വെയ്ക്കാൻ സ്ഥലമില്ലാത്തവർക്ക് അതിനുള്ള സ്ഥലം ലഭ്യമാക്കുക. |
| 2. | എടച്ചേരിക്കുന്ന് കോളനി | ✓ | ✓ | ✓ | ✓ | ✓ | |
| 3. | കൂട്ടിക്കുറി കോളനി | ✓ | ✓ | ✓ | ✓ | ✓ | |
| 4. | കോളിക്കാംമ്പാളി കോളനി | ✓ | ✓ | ✓ | ✓ | ✓ | |
| 5. | വീട്ടിക്കളം കോളനി | ✓ | ✓ | ✓ | ✓ | ✓ | |
| 6. | അയനിക്കൽ കോളനി | ✓ | ✓ | ✓ | ✓ | ✓ | |
| 7. | കുണ്ടോണിക്കുന്ന് കോളനി | ✓ | ✓ | ✓ | ✓ | ✓ | |

മൊത്തം 100 വീടുകൾ വേണം

XI

| | | | | | | | |
|---|---|---|---|---|---|---|---|
| 1. | കമ്മനകുരിശിങ്കൽ കോളനി | ✓ | ✓ | ✓ | ✓ | ✓ | 1. വാർഡിൽ ഒരു ആയുർവേദ ആശുപത്രി വേണം. 2. പൂളയ്ക്കൽ കടവിൽ ചെക്ക് ഡാം 3. ആദിവാസി ശ്മശാനത്തിന് ചുറ്റുമതിൽ 4. കരിന്തിരിക്കടവ് പാലം നിർമ്മിക്കുക. |
| 2. | മൊക്കത്ത് കോളനി | ✓ | ✓ | ✓ | ✓ | ✓ | |
| 3. | നൊച്ചോളികോളനി | ✓ | ✓ | ✓ | ✓ | ✓ | |
| 4. | ചെറുവയൽ കോളനി | ✓ | ✓ | ✓ | ✓ | ✓ | |
| 5. | പൂളയ്ക്കൽ കോളനി | ✓ | ✓ | ✓ | ✓ | ✓ | |
| 6. | കൊടുമയിൽ കോളനി | ✓ | ✓ | ✓ | ✓ | ✓ | |

മൊത്തം 30 വീടുകൾ വേണം

ശുഭം



# പാർപ്പിടവും സാമൂഹ്യക്ഷേമവും

എടവക പഞ്ചായത്ത് നല്ലൂർനാട്, എടവക എന്നീ രണ്ട് വില്ലേജുകൾ ചേർന്നതാണ്. വിദ്യാഭ്യാസപരമായും സാമ്പത്തികമായും പുരോഗതി പ്രാപിച്ച എടവക പഞ്ചായത്തിലെ പാർപ്പിടസ്ഥിതി ഒരു പരിധിവരെ തൃപ്തികരമാണ്. വയനാട് ജില്ലയിലെ പ്രത്യേക പരിതസ്ഥിതി കണക്കിലെടുക്കുമ്പോൾ എടവക പഞ്ചായത്ത് ഒരു ഗ്രാമ പഞ്ചായത്താണ്. പാർപ്പിട സ്ഥിതി തൃപ്തികരമാകാൻ പ്രാധാനകാരണം ഗവൺമെന്റ് - ഗവൺമെന്റിതര ധനസഹായ പദ്ധതി, കൂലിനിരക്കിലുള്ള ഉയർച്ച എന്നിവയാണ്. ഗൾഫ് വരുമാനത്തിന്റെ സ്വാധീനം പാർപ്പിട സൗകര്യം ഉയർത്തുന്നതിന് കാരണമായിട്ടുണ്ട്. കഴിഞ്ഞ അഞ്ചാറ് വർഷങ്ങൾക്കിടയിലാണ് പഞ്ചായത്തിൽ കോൺക്രീറ്റ് കെട്ടിടങ്ങൾ നിർമ്മിച്ചുതുടങ്ങിയത്.

പഞ്ചായത്തിൽ ആകെ വീടുകൾ 4778 (നാലായിരത്തി എഴുന്നൂറ്റി എഴുപത്തെട്ട്) ആണ്. അതിൽ 301 ഓടിട്ടവീടുകൾ ഉണ്ട്. ഇത് 62%ത്തോളം വരും. മേൽക്കൂര ഓലയും പുല്ലുമായുള്ളവ 1040. ഇത് 22%ആണ്. പഞ്ചായത്തിൽ 431 കുടിലുകൾ ഉണ്ട്. 10%ത്തിൽ കൂടുതലാണിത്. 6%ത്തോളം വീടുകൾ കോൺക്രീറ്റ് കെട്ടിടങ്ങൾ ആണ്. കർഷകത്തൊഴിലാളികളാണ് പഞ്ചായത്തിൽ അധികവും. അതുകൊണ്ടു തന്നെ ഓട് മേഞ്ഞ വീടുകൾ കുടിലുകളെക്കാൾ ശോചനീയവുമാണ്. ഓടിട്ടവീടുകളിൽ 30%ത്തോളം വീടുകളുടെ തറയെ സിമന്റ് ചെയ്തിട്ടുള്ളു. ബാക്കിയുള്ളവ പരമ്പരാഗത രീതിയിൽ ചാണകവും മറ്റും ഉപയോഗിച്ച് നിർമ്മിച്ചിരിക്കുന്നു.

**പട്ടിക 1**

**വീടുകൾ**

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|
| കോൺക്രീറ്റ് | 35 | 19 | 17 | 12 | 44 | 30 | 24 | 41 | 29 | 22 | 17 | 290 |
| ഓട് | 385 | 327 | 208 | 235 | 385 | 221 | 267 | 258 | 373 | 221 | 134 | 3014 |
| ഓല | 98 | 117 | 64 | 77 | 149 | 41 | 67 | 72 | 104 | 102 | 149 | 1040. |
| കുടിൽ | 36 | 14 | 44 | 31 | 79 | 11 | 45 | 22 | 52 | 18 | 79 | 431 |

അവലംബം - സാമൂഹ്യ സാമ്പത്തിക സർവ്വെ

പഞ്ചായത്തിൽ P.W.D റോഡിനു സമീപവും സ്ഥലസൗകര്യം ലഭിക്കുന്ന പ്രദേശങ്ങളിലുമാണ് കൂടുതലായി വീടുകൾ നിർമ്മിക്കുന്നത്. വയൽ നികത്തി കെട്ടിടം പണിയുന്ന അവസ്ഥ ചുരുക്കം ചിലസ്ഥലങ്ങളിലുണ്ട്. കോൺക്രീറ്റ് കെട്ടിടങ്ങൾ നിർമ്മിക്കുന്ന പ്രവണത കൂടി വരുന്നു. ഭവനനിർമ്മാണ മേഖലയിൽ പരിശീലനം സിദ്ധിച്ച തൊഴിലാളികളുടെ കുറവും കൂലിനിരക്കിൽ വർദ്ധനവും ഉണ്ട്. കെട്ടിട നിർമ്മാണതൊഴിലാളികളുടെ കൂലിനിരക്ക് സ്ത്രീകൾ -80, പുരുഷൻ - 120. കെട്ടിട നിർമ്മാണ

സാമഗ്രികൾ വളരെകുറച്ച് മാത്രമേ ഈ പഞ്ചായത്തിൽ ലഭ്യമാകുന്നുള്ളൂ. നിർമ്മാണ സാമഗ്രികളുടെ വില വർദ്ധിച്ചുവരുന്നു. ആയതിനാൽ ചിലവ് കുറഞ്ഞ കെട്ടിട നിർമ്മാണ സാമഗ്രികളുടെ നിർമ്മാണ സംരംഭങ്ങൾ വിജയിക്കാൻ സാദ്ധ്യതയുണ്ട്.

ഭവനനിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ജനങ്ങൾ വീട് നിർമ്മാണത്തിന് ഉപയോഗപ്പെടുത്തുന്നു. എന്നാൽ അമിതമായ പലിശയും സങ്കീർണ്ണമായ ജാമ്യവ്യവസ്ഥയും, യഥാസമയം വായ്പ ലഭിക്കായ്കയും കാരണം സാധാരണക്കാരായ ജനങ്ങൾ വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. ഭവനനിർമ്മാണ വായ്പകൾ സാധാരണക്കാരന് ലഭിക്കത്തക്കരീതിയിൽ സുതാര്യമാക്കേണ്ടിയിരിക്കുന്നു.

സാമൂഹ്യ സാമ്പത്തിക സർവ്വെയിൽ നിന്നും ലഭിച്ച കണക്കുകൾ പ്രകാരം ഈ പഞ്ചായത്തിൽ 600-ഓളം കുടുംബങ്ങൾ വീടില്ലാത്തവരാണ്. സർക്കാർ ഏജൻസികൾ മുഖേന പഞ്ചായത്തിൽ ലഭിച്ച വീടുകളുടെ എണ്ണം വളരെ കുറവാണ്. പഞ്ചായത്തിൽ ഇടത്തരം കുടുംബങ്ങളാണ് കൂടുതലായിട്ടുള്ളത്. അതുകൊണ്ട് ദുർബലവിഭാഗങ്ങൾക്ക് വീടുവെയ്ക്കാനും ഇടത്തര വിഭാഗക്കാർക്ക് വീട് പുതുക്കിപണിയിക്കാനുമുള്ള വായ്പകൾ ലഭ്യമാക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽ ആദിവാസിക്കോളനിയിലെ വീടുകളുടെ സ്ഥിതി വളരെമോശമാണ്. അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണ്. ഒരു വീട്ടിൽ തന്നെ മൂന്നും നാലും കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന അവസ്ഥ കൂടുതലായി കണ്ടുവരുന്നു. കഴിഞ്ഞ കാലഘട്ടങ്ങളിൽ ആദിവാസികൾക്ക് നിർമ്മിച്ചുകൊടുത്ത വീടുകൾ നാശോന്മുഖമായിരിക്കുന്നു. ഇതിനു കാരണം കരാറുകാരന്റെ ചൂഷണവും ഗുണഭോക്താക്കളുടെ നശീകരണ പ്രവണതയുമാണ്. ഈ നശീകരണ പ്രവണതയ്ക്ക് കാരണം ബോധവത്ക്കരണത്തിന്റെ അഭാവം ആണ്.

കൂലിനിരക്കിലെയും അതിലുപരി സാധനങ്ങളുടെ വിലക്കയറ്റവും നിമിത്തം വീട് നിർമ്മിക്കാൻ സർക്കാർ ബ്ളോക്ക് മുഖേന വിവിധ പദ്ധതികളിലൂടെ നൽകുന്ന RLEGP, NREP, IAY, JRY, IDWS എന്നീ പദ്ധതികളുടെ വായ്പ പരിധി വർദ്ധിപ്പിക്കുകയും സാങ്കേതിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുകയും ചെയ്യണം. പ്രകൃതിക്ഷോഭത്താൽ വീട് നഷ്ടപ്പെട്ടവർക്ക് പുനരധിവാസ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും, അർഹതപ്പെട്ടവർക്ക് മുഴുവൻ ലഭ്യമാകുന്നില്ല. നഷ്ടപ്പെട്ട വീടുകൾ പുനർനിർമ്മിക്കാനോ നന്നാക്കാനോ ഈ ധനസഹായം പര്യാപ്തമല്ല. ഭവനരഹിതർക്ക് വീട് നിർമ്മിച്ച് നൽകാൻ സർക്കാർ ഇപ്പോൾ ലഭ്യമാകുന്ന ധനസഹായം കൊണ്ട് സാധിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

നിലവിൽ ഭൂമിയില്ലാത്ത ഭവനരഹിതർക്ക് ഭൂമിലഭ്യമാക്കണം ഇതിനു വേണ്ടി പഞ്ചായത്തിന്റെ വിവിധ വാർഡുകളിലുള്ള മിച്ചഭൂമിയും, പുറമ്പോക്ക് ഭൂമിയും പതിച്ചുകൊടുക്കണം. 155 ഏക്കറോളം പുഴ പുറമ്പോക്ക് ഭൂമി ഈ പഞ്ചായത്തിലുണ്ട്. ഗുണഭോക്താക്കൾക്ക് ചുരുങ്ങിയ പലിശനിരക്കിൽ വായ്പയും ലഭ്യമാക്കണം.

ജനകീയ ആവശ്യങ്ങളിൽ പരമപ്രധാനമായ പാർപ്പിട പ്രശ്നം അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കപ്പെടണം. അതിനുള്ള നിർദ്ദേശങ്ങളും സാധ്യതകളും താഴെകൊടുക്കുന്നു.

## A . നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് തലത്തിൽ ഭവനനിർമ്മാണ സംഘം ആരംഭിക്കുക.
2. ചിലവുകുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.
3. നിർമ്മിതി കേന്ദ്രത്തിന്റെ ഒരു ശാഖ പഞ്ചായത്തിൽ ആരംഭിക്കുക.
4. നിർമ്മാണ തൊഴിലാളികൾക്ക് പരിശീലനം ആരംഭിക്കുക.

5. കെട്ടിടനിർമ്മാണ സാമഗ്രികൾ ഉണ്ടാക്കുന്നതിന് ആവശ്യമായ സഹകരണ സംഘങ്ങൾ ആ ഭിക്കുക.

6. ഭവനനിർമ്മാണത്തിന് നൂതന ധനസഹായ പദ്ധതികൾ ആവിഷ്കരിക്കുക.

7. നിലവിലുള്ള ഭവനനിർമ്മാണ ധന സഹായ, വായ്പാ പദ്ധതികൾ കാലാനുസൃതമായി വർദ്ധിപ്പിക്കുക.

8. ആദിവാസി കോളനികളിലെ നിലവിലുള്ള വീടുകൾ പുതുക്കിപ്പണിയുക.

9. പുഴപുറമ്പോക്കിലും മിച്ചഭൂമിയിലും താമസിക്കുന്ന ജനങ്ങൾക്ക് ഭൂമിപതിച്ചുകൊടുക്കുക.

10. 2-ാം വാർഡിലെ മംഗലാടി പ്രദേശത്തുള്ള പഞ്ചായത്ത് വക 1 ഏക്കർ 90 സെന്റ് സ്ഥലം രഹിതർക്ക് പതിച്ചു കൊടുക്കുക.

11. ഭവനനിർമ്മാണ വായ്പ പഞ്ചായത്ത് വഴി വിതരണം ചെയ്യുക.

## B. സാദ്ധ്യതകൾ

1. കുറഞ്ഞനിരക്കിൽ ഭവനനിർമ്മാണത്തിനാവശ്യമായ സ്ഥലം വിവിധ വാർഡുകളിലെ പലവ്യക്തികളും വാഗ്ദാനം ചെയ്തിരിക്കുന്നു.

2. ധനസഹായ പദ്ധതികളിലൂടെ ലഭിക്കുന്ന കെട്ടിടങ്ങൾക്ക് അതാത് പ്രദേശത്തെ മനുഷ്യപ്രയത്നം ശ്രമദാനമായി വാഗ്ദാനം ചെയ്തിരിക്കുന്നു.

## സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര നിർമ്മാർജ്ജന പദ്ധതിയും സംഘടിത, അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേ പദ്ധതികളുമാണ് നിലവിലുള്ളത്. ഈ പദ്ധതികൾക്ക് പുറമെ പട്ടികജാതി-വർഗ്ഗ വികസനവും വനി കളുടെ പുരോഗതിക്കായി വനിതാ വികസന കോർപ്പറേഷനും പ്രവർത്തിക്കുന്നു. മേൽപറഞ്ഞ പദ്ധതികളിൽ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ് പരിമിതമായി പഞ്ചായ ത്തിൽലഭ്യമാകുന്നത്. നാമമാത്രമായി മറ്റ് ജനക്ഷേമ പദ്ധതികളും ജനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്

ജനക്ഷേമപദ്ധതികളെ കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് ലഭിക്കായ്ക, ഉദ്യോഗ സ്ഥരുടെ അനാസ്ഥ എന്നിവ ഈ രംഗത്തെ എടുത്ത് പറയത്തക്ക പ്രശ്നങ്ങളാണ്. മുൻകാലങ്ങളിൽ സാമൂഹ്യക്ഷേമരംഗത്ത് പഞ്ചായത്തിൽ ലഭ്യമായിക്കൊണ്ടിരുന്ന സാമൂഹ്യക്ഷേമപദ്ധതികൾ മാനന്ത വാടി ബ്ളോക്കിന്റെ കീഴിലുള്ള നല്ലൂർ നാട്, എടവക എന്നീ വില്ലേജ് എക്സ്റ്റർഷൻ ഓഫീസുകളില ടെയായിരുന്നു.

ഈ രണ്ട് ആഫീസുകളിലെ 1992-ലെ IRDP സർവ്വെ അനുസരിച്ച് ദാരിദ്ര്യരേഖയ്ക്കു താഴെ ജീവിക്കുന്ന ജനറൽ വിഭാഗത്തിൽപെട്ട 2859പേരും, ST-വിഭാഗത്തിൽപെട്ട 855 പേരും SCവിഭാഗ ത്തിൽപ്പെട്ട 32പേരും ഉണ്ട് (ആകെ 3245). നിലവിലുള്ള IRDP ലിസ്റ്റിൽ അർഹതയില്ലാത്ത വളരെയ ധികം പേർ ഉള്ളതിനാൽ അർഹരായ ഒരു പറ്റം ജനങ്ങൾക്ക് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നുണ്ട്. കിട്ടുന്ന ആനുകൂല്യങ്ങൾ തന്നെ യഥാസമയം ലഭിക്കുന്നില്ല. ദേശസാൽകൃത ബാങ്കുകൾ IRDP പദ്ധതി അനുസരിച്ച് വായ്പ അനുവദിക്കുന്നതിൽ ഒരു പരിധിവരെ ഉദാസീനത കാണിക്കുന്നു. ഇതിനൊരു പരിഹാരം കാണാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുക. അർഹരായവരെ IRDP ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി വാർഡ് അടിസ്ഥാനത്തിൽ സാമ്പത്തിക സർവ്വെ നടത്തുക.

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിന് പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന സംരംഭമാണ് DWRCA വിവിധ വാർഡുകളിലായി 1987 മുതൽ 1996 വരെ പശുവളർത്തൽ, ആടുവളർത്തൽ, ടൈലറിംഗ് യൂണിറ്റ് എന്നീ ഇനങ്ങളിലായി ഏഴ് യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. ഇതിൽ അംഗമായിരിക്കുന്നവർ 78ആണ്. നാല് യൂണിറ്റുകൾ പ്രവർത്തനക്ഷമമല്ല.

18മുതൽ35വരെ പ്രായമുള്ള യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം പദ്ധതി. ഈ പദ്ധതി പ്രകാരം പഞ്ചായത്തിൽ പരിശീലനം ലഭിച്ചവരുടെ കണക്ക്.

**പട്ടിക II**

| പരിശീലനവിഷയത്തിന്റെ പേര് | സ്പിന്നിങ്ങ് വീവിങ്ങ് | ടൈപ്പ് റൈറ്റിംഗ് | വർക്ക് ഷോപ്പ്മെക്കാനിസം | കമ്പോസിങ്ങ് | ടൈലറിംഗ് | ഫോട്ടോഗ്രഫി | ടി.വി മെക്കാനിസം | കാർപെന്ററി |
|---|---|---|---|---|---|---|---|---|
| ലഭിച്ചവരുടെ എണ്ണം | 17 | 3 | 1 | 1 | 7 | 1 | 1 | 1 |
| സ്വയം തൊഴിൽ എണ്ണം | 2 | – | 1 | – | 7 | 1 | 1 | 1 |
| ഇതരതൊഴിൽ | 15 | 3 | – | 1 | – | – | – | – |

പരിശീലനം ലഭിക്കുന്നവർക്ക് തുടർന്ന് യോഗ്യതാടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നില്ല എന്നത് ഈ പദ്ധതിയുടെ പോരായ്മയാണ്. വളരെ ചുരുക്കം ചിലർക്കേ ഈ പദ്ധതിയിലൂടെ പരിശീലനം നൽകാൻ കഴിയുന്നുള്ളൂ. ഈ പദ്ധതിക്ക് ഗുണഭോക്താക്കളെ ലഭിക്കുന്നില്ലായെന്ന ഒരു പോരായ്മകൂടിയുണ്ട്. അത് പരിഹരിക്കാൻ യുവതീയുവാക്കൾക്ക് ബോധവത്ക്കരണം നൽകേണ്ടത് അത്യാവശ്യമാണ്.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് (CRSP) സി.ആർ.എസ്.പി. 1992–95 കാലഘട്ടത്തിൽ SC–2, ST–35, ജനറൽ 50 എന്നിങ്ങനെ ആകെ 87കക്കൂസുകൾ പഞ്ചായത്തിൽ കൊടുത്തിട്ടുണ്ട്.

ഗ്രാമീണ കൈതൊഴിലാളികൾക്ക് നവീന തൊഴിൽ ഉപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾകിറ്റ്. ഈ പദ്ധതിയിലൂടെ സഹായം ലഭിച്ചവരുടെ എണ്ണം 18 ആണ്.

## വിധവാ പെൻഷൻ

ഈ പഞ്ചായത്തിൽ 65പേർക്ക് വിധവാ പെൻഷൻ ഇപ്പോൾ ലഭിക്കുന്നുണ്ട്. പ്രായപൂർത്തിയായ ആൺകുട്ടികൾ ഉള്ള വിധവകൾക്ക് ഈ പെൻഷൻ ലഭിക്കുകയില്ല. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടിയിരിക്കുന്നു.

## വികലാംഗപെൻഷൻ

ഈ പഞ്ചായത്തിൽ 88 പേർക്ക് വികലാംഗപെൻഷൻ ലഭിക്കുന്നുണ്ട്. ഗ്രാമസഭ ചർച്ചകളിൽ നിന്നും വികലാംഗത്വം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് വൈഷമ്യങ്ങൾഉള്ളതായി സൂചിപ്പിച്ചിട്ടുണ്ട്.

### പഞ്ചായത്തിലെ ചലനവൈകല്യമുള്ളവരുടെ കണക്ക്

**പട്ടിക III**

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | Total |
|---|---|---|---|---|---|---|---|---|---|---|---|---|
| No. | 3 | 20 | 5 | 13 | 17 | 3 | 10 | 8 | 19 | 2 | 2 | 102 |

### വാർദ്ധക്യകാല പെൻഷൻ

ഈ പഞ്ചായത്തിൽ 26 പേർക്ക് വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നുണ്ട്. സാമ്പത്തികമായ പിന്നോക്കം നിൽക്കുന്ന 60വയസ്സിന് മുകളിലുള്ള വൃദ്ധർക്കാണ് ഈ പെൻഷൻ പദ്ധതി ലഭ്യമാക്കുന്നത്.

### കർഷകതൊഴിലാളി പെൻഷൻ

അർഹരായ കർഷകതൊഴിലാളികളെ മാത്രം ക്ഷേമ നിധിയിൽ ഉൾപ്പെടുത്തുകയും ഈ പെൻഷൻ പഞ്ചായത്ത് വഴി വിതരണം ചെയ്യുകയും വേണം.

### തൊഴിലില്ലായ്മ വേതനം

അർഹതയുള്ള അഭ്യസ്ഥവിദ്യർക്ക് വേതനം കിട്ടാത്ത അവസ്ഥ പഞ്ചായത്തിൽ നിലവിലുണ്ട് അനർഹമായി വേതനം കൈപറ്റുന്നവരും നിലവിലുണ്ട് ഇങ്ങനെ നൽകപ്പെടുന്ന തുക പ്രത്യുല്പാദന മേഖലയിലേക്ക് തിരിച്ചുവിടുന്നത് ഗൗരവമായി ചിന്തിക്കേണ്ട വിഷയമാണ്.

### ക്ഷയരോഗ പെൻഷൻ

ഈ പഞ്ചായത്തിൽ 43 ക്ഷയരോഗികൾ ഉണ്ട്. ഇതിൽ 6 പേർക്ക് ആനുകൂല്യം തിരിച്ചുവരുന്നു.

### അങ്കൺവാടികൾ

ഗ്രാമീണവീട്ടമ്മമാരുടെ ഏകോപനവും കുട്ടികളുടെ പരിപാലനവും അങ്കൺവാടികളിലൂടെ സാധ്യമാവുന്നു. 24846 ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ 11 വാർഡുകളിലായി 22 അങ്കൺവാടികളുണ്ട്. ഈ 22 അങ്കൺവാടികളുടെയും കെട്ടിടങ്ങൾ നാശത്തിന്റെ വക്കിലെത്തിയിരിക്കുന്നു. മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളോ വേണ്ടത്ര കളിക്കോപ്പുകളോ പ്രസ്തുത അങ്കൺവാടികളിൽ ഇല്ല. തന്മൂലം സ്വകാര്യസ്ഥാപനത്തിലേക്ക് തങ്ങളുടെ കുട്ടികളെ അയക്കാൻ ആളുകൾ താത്പര്യപ്പെടുന്നു. മറ്റൊരു കാരണം പുത്തൻ വിദ്യാഭ്യാസ സംസ്ക്കാരത്തിന്റെ സ്വാധീനമാണ്. അങ്കൺവാടി പ്രവർത്തകരുടെ സേവന-വേതന വ്യവസ്ഥ ഉയർത്തണം. ഇപ്പോഴുള്ള വേതനം തുച്ഛമാണ്. അതോടൊപ്പം അവരുടെ കർത്തവ്യത്തെകുറിച്ച് ബോധവതികളാക്കേണ്ടതുമാണ്.

ചിലവാർഡുകളിൽ ട്രൈബൽ അങ്കണവാടികൾ നിലവിലുണ്ട്. അതിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം. ചിലവാർഡുകളിൽ സ്വകാര്യ നഴ്സറികൾ നിലവിലുണ്ട്.

| വാർഡ് | നിലവിൽഉള്ളവ | | വിവിധ വാർഡുകളിൽ അങ്കൺവാടി ആവശ്യമുള്ള സ്ഥലങ്ങൾ |
|---|---|---|---|
| 1 | 3 | കെട്ടിടം പുനർ നിർമ്മിക്കുക ഭൗതികസാഹചര്യം മെച്ചപ്പെടുത്തുക | |
| 2 | 2 | " " | ചുള്ളിയിൽ കോളനി മംഗലാടി അന്തിയാട് |
| 3 | 2 | " " | അയില മൂല |
| 4 | 2 | " " | എരഞ്ഞാൽ കോളനി, കാരക്കുനി കോളനി |
| 5 | 2 | " " | കൊറ്റ്യാട്ട് കുന്ന്, തോണിച്ചാൽ, പുലിക്കാട് |
| 6 | 1 | " " | കുടുമയിൽ |
| 7 | 4 | " " | |
| 8 | 1 | " " | കുന്നേരിക്കുന്ന്, പാലമുക്ക്, പാത്രച്ചാൽ കോളനി |
| 9 | 2 | " " | ലക്ഷംവീട് കോളനി |
| 10 | 1 | " " | നെല്ലേരിക്കുന്ന് |
| 11 | 2 | " " | 2 അങ്കൺ വാടി ആവശ്യമാണ്. |
| Total | 22 | | |

പഞ്ചായത്തിൽ ഒരു പ്രൈമറി ഹെൽത്ത്സെന്ററും 6 സബ്സെന്ററുകളും ഉണ്ട്. പ്രസ്തുത ആരോഗ്യകേന്ദ്രങ്ങളെയാണ് പ്രദേശവാസികൾ ചികിത്സക്കായി ആശ്രയിക്കുന്നത്. പക്ഷേ ഈ ആരോഗ്യകേന്ദ്രങ്ങളിൽ നിന്നും ജനങ്ങൾക്ക് ആതുര ശുശ്രൂഷ ലഭിക്കുന്നില്ല. ആരോഗ്യകേന്ദ്രങ്ങളുടെ നില ആരോഗ്യകരമാക്കുകയും, ഉദ്യോഗസ്ഥരെ ചുമതലബോധമുള്ളവരാക്കുകയും, നിലവിലുള്ള ആരോഗ്യകേന്ദ്രങ്ങളിൽ ഡോക്ടർ, നേഴ്സ്, മറ്റ് ജീവനക്കാർ എന്നിവരെ നിയമിക്കുകയും വേണം.

## നിർദ്ദേശങ്ങൾ

1. പൊതുജനങ്ങൾക്ക് ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി, വിവിധ പെൻഷൻ പദ്ധതികൾ ഇവയെക്കുറിച്ച് ബോധവൽക്കരണം നൽകുക. പെൻഷൻ യഥാസമയം വിതരണം ചെയ്യുന്നതിന് ഫണ്ട് അനുവദിക്കുക.

2. ഗുണഭോക്താക്കൾക്ക് ബോധവത്കരണം നടത്തുക.

3. പെൻഷൻ പദ്ധതിയിലെ സാങ്കേതിക തടസ്സങ്ങൾ നീക്കംചെയ്യുന്നതിന് നടപടി സ്വീകരിക്കുക.

4. പഞ്ചായത്തിൽ വാർഡടിസ്ഥാനത്തിൽ സാമ്പത്തിക സർവ്വെനടത്തുക.

5. പെൻഷൻ പദ്ധതികളുടെ ചുമതല ഗ്രാമപഞ്ചായത്തിനെ ഏല്പിക്കുക.

6. അങ്കൺവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക.

7. അങ്കൺവാടികളിലൂടെ കുട്ടികൾക്ക് നൽകുന്ന പോഷകാഹാരത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുക.

8. അങ്കൺവാടികളുടെ കെട്ടിട നിർമ്മാണത്തിനായി പഞ്ചായത്ത് ഭൂമിയോ മിച്ചഭൂമിയോ വിട്ടു കൊടുക്കുക.

9. ആദിവാസി കോളനിയോടനുബന്ധിച്ച് ട്രൈബൽ അങ്കൺവാടികൾ ആരംഭിക്കുക.

10. അങ്കൺവാടി പ്രവർത്തകരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും സേവന–വേതന വ്യവസ്ഥകൾ ഉയർത്തുകയും ചെയ്യുക. ഇവരെ പൊതു പ്രവർത്തനങ്ങളിൽ സജീവമാക്കാൻ ബോധവത്കരണം നടത്തുക.

11. ട്രൈബൽ ആശുപത്രിയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

12. പഞ്ചായത്തിൽ അനുയോജ്യമായ സ്ഥലത്ത് ഒരു വൃദ്ധമന്ദിരം സ്ഥാപിക്കുക.

13. അംബേദ്ക്കർ മെമ്മോറിയൽ റസിഡൻഷ്യൽ സ്കൂൾ നിലവിലുള്ള സൊസൈറ്റി ഭരണത്തിൽ നിന്നും ഗവണ്മെന്റിന്റെ നേരിട്ടുള്ള ഭരണസംവിധാനത്തിലേക്ക് കൊണ്ടുവരിക.

പഞ്ചായത്തിൽ വിവിധവാർഡുകളിലായി മഹിളാ സമാജങ്ങൾ നിലവിലുണ്ടെങ്കിലും അവയുടെ പ്രവർത്തനം കാര്യക്ഷമമല്ല. സർക്കാരിന്റെ വിവിധ പരിശീലന പരിപാടികളിലൂടെ ഇവർക്ക് പരിശീലനം നൽകി ഇവരുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സാധിക്കും.

ശുഭം



# സംസ്ക്കാരം

## ആമുഖം

വയനാടിന്റെ മഹത്തായ സാംസ്ക്കാരിക സാമൂഹിക മുന്നേറ്റത്തിന് എടവക പഞ്ചായത്തിന്റെ സംഭാവനകൾ എന്നും എടുത്തുപറയത്തക്കതാണ്. വയനാടൻ സംസ്ക്കാരത്തിന്റെ തിരുനെറ്റിയിലെ സിന്ദൂരതിലകമാകാൻ എടവക പഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട് എന്നത് നമുക്കേവർക്കും അഭിമാനത്തിനു വക നൽകുന്നു.

കോട്ടയം നാട്ടുരാജ്യത്തിന്റെ സംസ്കാര താന്ത്രിക, വിദ്യാഭ്യസ സമൃദ്ധിക്കുവേണ്ടി തഞ്ചാവൂർ, പാലക്കാട് നിന്നും വയനാട്ടിൽകുടിയരുത്തപ്പെട്ട പൈങ്ങാട്ടിരി ഗ്രാമസമൂഹം, ആദ്യാത്മികതയുടെ ചൈതന്യം തുളുമ്പിനിൽക്കുന്ന രാജരാജേശ്വരി ക്ഷേത്രം, പതിറ്റാണ്ടുകളുടെ പാവനമായ കഥപറയുന്ന പള്ളിക്കൽ കല്യാണത്തും പള്ളി, തോണിച്ചാൽ മലക്കാരി ക്ഷേത്രം, കുടിയേറ്റ കർഷകരുടെ ആദ്ധ്യാത്മിക ഭാവത്തിന്റെ സാകാരമായ തോണിച്ചാൽ സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, കല്ലോടി ഫൊറോന പള്ളി, പുരാതനമായ ജൈനക്ഷേത്രം, കുന്നത്ത് ദേവീക്ഷേത്രം, കണ്ടർമൂല ക്ഷേത്രം, പഴശ്ശി പള്ളിയറ, കമ്മന വള്ളിയൂർകാവ് തുടങ്ങിയവ എടവക പഞ്ചായത്തിന്റെ സംസ്ക്കാരത്തിന്റെ നാഴിക കല്ലുകളാണ്.

## ഗ്രന്ഥ ശാലകൾ സാംസ്കാരിക നവോത്ഥാനപാതയിൽ

ആദ്ധ്യാത്മികതയുടെ ചുവടുപിടിച്ച് മുന്നേറിയ നമ്മുടെ സംസ്കാരത്തെ അക്ഷരാർത്ഥത്തിൽ സമഗ്ര പുരോഗമനത്തിലേക്കു നയിച്ചത് നമ്മുടെ ഗ്രന്ഥശാലാപ്രസ്ഥാനങ്ങളായിരുന്നു. 1951 ൽ സ്ഥാപിതമായ എള്ളുമന്ദം ഗ്രാമോദ്ധാരണ വായന ശാലയും, എടവക ദേശീയ വായനശാലയും ഈ വഴിത്താരയിലെ അമൂല്യമുത്തുകൾ തന്നെ തലമുറകൾക്ക് വിജ്ഞാനം പകർന്നു മുന്നേറുന്ന ഇവയിലെ അംഗസംഖ്യ യഥാക്രമം 337 ഉം 200 ആയി സംസ്ക്കാരത്തിന്റെ വടവൃക്ഷങ്ങളായി പടർന്നു നിൽക്കുന്നു. ഈ പഞ്ചായത്തിലെ 9 വായനശാലകളും വിജ്ഞാനത്തിന്റെയും വികസനത്തിന്റെയും ശക്തി കേന്ദ്രങ്ങളാണെന്നു സംശയലേശമന്യെ പറയാൻ കഴിയും. അവയുടെ വിശദമായ പട്ടിക താഴെ ചേർക്കുന്നു.

| പേര് | സ്ഥാപിച്ച വർഷം | അംഗങ്ങൾ | പുസ്തകങ്ങളുടെ എണ്ണം | ഗ്രേഡ് | പ്രതിദിന വിതരണം | സ്വന്തം കെട്ടിടം | മറ്റുപ്രവർത്തനങ്ങൾ | ആവശ്യങ്ങൾ |
|---|---|---|---|---|---|---|---|---|
| 1.ഗ്രാമോദ്ധാരണ വായനശാല എള്ളുമന്ദം | 1951 | 337 | 5957 | A | 67 | ഉണ്ട് | സാക്ഷരതാപ്രവർത്തനം ഓണാഘോഷം,വാർഷികാഘോഷം | 45വർഷം പഴക്കമുള്ള കെട്ടിടത്തിന്റെ പുനരുദ്ധാരണം |
| 2.ദേശീയ വായനശാല, എടവക. | 1951 | 200 | 4028 | | 25 | ഉണ്ട് | ഓണാഘോഷം | റഫറൻസ്ലൈബ്രറി, പഞ്ചായത്ത് പത്രമാസികകൾ, പൊതു കക്കൂസ് നിർമ്മിക്കണം. |
| 3. യുവജന വായനശാല, തോണിച്ചാൽ | 1963 | 175 | 3588 | B | 15 | ഉണ്ട് | വാർഷികം, ഓണാഘോഷം, കലാകായിക മത്സരങ്ങൾ പൂക്കളമത്സരം, | കമ്മ്യൂണിറ്റി ഹാൾ,സാംസ്കാരിക നിലയംതുടങ്ങിയവ നിർമ്മിക്കണം |
| 4.യുവധാര വായനശാല പുലിക്കാട് | 1984 | 96 | 750 | | 10 | ഉണ്ട് | ഓണാഘോഷങ്ങൾ,കലാകായികമത്സരങ്ങൾ | വൈദ്യുതി, പത്രമാസികകൾ ലഭ്യമാക്കണം. |
| 5. ഉദയാ വായനശാല കല്ലോടി | 1964 | 651 | 3385 | | 15 | | " " | പഞ്ചായത്തിൽ നിന്നുംപത്രങ്ങൾ അനുവദിക്കണം. |
| 6.ജവഹർ മെമ്മോറിയൽ വായനശാല പാണ്ടിക്കടവ് | 1962 | 50 | 500 | | 8 | പഞ്ചായത്ത് കെട്ടിടം | സാക്ഷരതാ പരിപാടി | വൈദ്യുതി, പ്ത്രമാസികകൾ ഇവ ലഭ്യമാക്കണം |
| 7.സി.എച്ച്.സ്മാരക ഗ്രന്ഥശാല ചുണ്ടമൊക്ക് 2/4 | 1989 | 195 | 800 | | 10 | ഇല്ല | " " | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനു വേണ്ട സാമ്പത്തിക സ്ഥിതിയില്ല. കെട്ടിടം പത്രമാസികകൾ ഇവ ലഭ്യമാക്കണം. |
| 8.മംഗളോദയം വായനശാല | | | | | | | | |
| 9.ജോസ് കുഴിവേലി മെമ്മോറിയൽ വായനശാല, കുന്ദമംഗലം | 1976 | 120 | 600 | | | ഉണ്ട് | ഇപ്പോൾ പ്രവർത്തനങ്ങളില്ല. | കെട്ടിടസൗകര്യമുണ്ടെങ്കിലും അലമാരകൾ മറ്റു ഭൗതിക സാഹചര്യങ്ങളില്ല. |

## ക്ലബ്ബുകൾ-കലാകായിക സംസ്ക്കാരത്തിന്റെ ഈറ്റില്ലങ്ങൾ

വായനശാലയോടനുബന്ധിച്ചും അല്ലാതെയും പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്തതും ചെയ്യാത്തതുമായ ഒട്ടനവധി ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബുകൾ നമ്മുടെ സംസ്ക്കാരത്തിന്റെ മുതൽ കൂട്ടുകളാണ്. എന്നാൽ അവയിൽ ചിലതെല്ലാം കെട്ടിടവും ഫണ്ടുമില്ലാതെ നാമമാത്രമായും തീർന്നിട്ടുണ്ട്.ചിലതിന്റെയെല്ലാം പ്രവർത്തനങ്ങൾ ഒന്നോ രണ്ടോ ആഘോഷങ്ങളിൽ ഒതുങ്ങിപ്പോകാറുമുണ്ട്. വിവിധ കാലയളവുകളുൽ നമ്മുടെ സംസ്ക്കാരത്തെ സമ്പന്നമാക്കിയിരുന്ന, സമ്പന്നമാക്കിക്കൊണ്ടിരുന്ന ക്ലബ്ബുകൾ ഇവയാണ്.

1. ഉദയാ ആർട്സ് & സ്പോർട്സ് ക്ലബ്ബ് കല്ലോടി.

2.സന്തോഷ് യുവജന ആർട്സ് & സ്പോർട്സ് ക്ലബ്ബ്, എള്ളു മന്ദം.

3.പാണ്ടിക്കടവ് ആർട്സ് & സ്പോർട്സ് ക്ലബ്ബ്.

4.പ്രതിഭ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, പുലിക്കാട്.

5.ദി അംബേദ്കർ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, ചൊവ്വ.

6.സാംഗാ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, ചായിമ്മൽ

7. പള്ളിയറ ആർട്സ് & സ്പോർട്സ് ക്ലബ്ബ്.

8.പൗരസമിതി' കുനിക്കരച്ചാൽ

9.സാരഥി ആർട്സ് & സ്പോർട്സ് ക്ലബ്ബ്, കമ്മന

10. സൗഹൃദ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, കമ്മന

11. കബനി ആർട്സ് & സ്പോർട്സ് ക്ലബ്ബ്, ചങ്ങാടക്കടവ്

12. കാവേരി ആർട്സ് & സ്പോർട്സ് ക്ലബ്ബ്, ചങ്ങാടക്കടവ്.

13. യംഗ്സ്റ്റാർ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, കുന്ദമംഗലം.

കല്ലോടി ഉദയ ആർട്സ് & സ്പോർട്സ് ക്ലബ്ബ് 12 വർഷമായി നടത്തിവരുന്ന "ദി വയനാട് വോളിബോൾ ടൂർണമെന്റ് കായിക കലാമത്സരങ്ങൾ തുടങ്ങിയവ പ്രത്യേകം എടുത്തു പറയേണ്ടിയിരിക്കുന്നു. എള്ളുമന്ദത്ത് കലാകായിക സാംസ്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന സന്തോഷ് ആർട്സ് & സ്പോർട്സ് ക്ലബ്ബ് അനുകരണീയമായ പ്രവർത്തനശൈലി കൊണ്ട് തിളങ്ങി നിൽക്കുന്നു. നെഹ്റുയുവക് കേന്ദ്ര അഫിലിയേഷനുള്ള പാണ്ടിക്കടവ് "ആർട്സ് & സ്പോർട്സ് ക്ലബ്ബ് ആരോഗ്യ ബോധവൽക്കരണ രംഗത്തെ ആശാ കേന്ദ്രമാണെന്നതും ചൂണ്ടിക്കാണിക്കട്ടെ. എയിഡ്സ് ബോധവൽക്കരണം, ഹിന്ദി ദൈവാരാചരണം ഇവയും ഇതിന്റെ പ്രവർത്തന പരിധിയിൽ വന്നുകഴിഞ്ഞ വിഷയങ്ങളാണ്. ഓണാഘോഷങ്ങൾ, കേരളോത്സവങ്ങൾ സാഹിത്യകലാമത്സരങ്ങൾ എന്നിവ ആരോഗ്യകരമായ സംസ്ക്കാര സമൃദ്ധിക്കുതകും വിധം ഗ്രന്ഥശാലകളിലൂടെയും ക്ലബ്ബുകളിലൂടെയും വളർന്നു വരുന്നുണ്ട്.

## സാംസ്കാരിക സംവഹനം വ്യക്തികളിലൂടെ

കഥാപ്രസംഗകലയിലും നാടിന്റെ പുരാതനമായ ചരിത്ര സാംസ്കാരിക ഗാഥകൾ തനിമ നഷ്ടപ്പെടാതെ പറഞ്ഞു മനസ്സിലാക്കുന്നതിലും തോണിച്ചാൽ ശ്രീ അയ്യപ്പൻ മാസ്റ്റർ വഹിക്കുന്ന പങ്ക് പ്രത്യേകം എടുത്തു പറയേണ്ടതാണ്. നാളെയുടെ നാമ്പുകൾക്ക് കരുത്തും വീര്യവും പകരുന്ന അയ്യപ്പൻ മാസ്റ്ററുടെ വിവരണം നമ്മുടെ സംസ്ക്കാരധാരയുടെ ഓരോ പുത്തൻ തിരകളായി നമ്മിലൂടെ പ്രകാശിക്കാതിരിക്കില്ല.

## പഴയ സാംസ്കാരിക ചരിത്രം.

ഇപ്പോൾ നിലവിലുള്ള പഞ്ചായത്ത് കെട്ടിടവും സാംസ്ക്കാരിക നിലയവും നിൽക്കുന്ന സ്ഥലം ബഹുമാന്യനായ സി.എച്ച് കുഞ്ഞബ്ദുള്ള ഹാജി സംഭാവനയായി കൊടുത്തിട്ടുള്ളതാണ്. അദ്ദേഹത്തിന്റെ മഹാമനസ്കത വ്യക്തി സംസ്കാരത്തിന്റെ മകുടോദാഹരണമാണ്. അത് മഹത്തായ ഒരു സമൂഹ സംസ്ക്കാരത്തെ ഊട്ടിവളർത്തിക്കൊണ്ടിരിക്കുന്നു. പഞ്ചായത്തിനു നിലവിലുള്ള മിനി സ്റ്റേഡിയം (മാമട്ടംകുന്ന്) റവന്യൂ കൈയേറ്റത്തിൽ നിന്ന് മോചിപ്പിച്ച് പഞ്ചായത്തിനു നിലനിർത്തിയതിൽ മുഹമ്മദിൻ സ്പോർട്സ് ക്ലബ്ബ് വഹിച്ച പങ്ക് സ്തുത്യർഹമാണ്.

## ഉത്സവങ്ങൾ, പെരുന്നാളുകൾ

നമ്മുടെ ക്ഷേത്രോത്സവങ്ങളും പള്ളിപ്പെരുന്നാളുകളും സംസ്ക്കാര ചരിത്രത്തിലെ രജതരേഖകളായി മതമൈത്രിയുടെ വാതിലുകൾ നമുക്കായി തുറന്നിടുന്നവയാണ്. ദ്രാവിഡ സംസ്ക്കാരത്തിലെ സൂര്യാരാധനയും ഗോത്രവർഗ്ഗ സംസ്ക്കാരത്തിലെ ആൽമര പൂജയും (പ്രകൃതി ശക്തികളെ ആരാധിക്കുന്ന പ്രവണത) ഒക്കെ കൂടി കലർന്ന പുരാതനമായ അനുഷ്ഠാന ശൈലിയായിരുന്നു. ആദ്യകാലത്ത് തോണിച്ചാൽ ഉത്സവത്തിന് കുറിച്ച്യർ, കുറുമർ,കാടർ, പണിയർ എന്നീ ആദിവാസി വിഭാഗങ്ങളാണ് ആഘോഷങ്ങൾക്ക് ഒത്തു ചേർന്നിരുന്നത്. അവർ ബാണാസുരൻ മലയെ കാക്കുന്ന ദൈവത്തിനെ 'മലക്കാരി'എന്നു വിളിച്ചു. വർഷങ്ങളോളം തുടർന്നു പോന്ന ഈ ആചാര രീതികൾ കോട്ടയം രാജഭരണത്തോടെ വ്യത്യാസപ്പെട്ടു തിറയുത്സവമായി മാറി. മുന്നൂറ്റൻ വേഷവും, മലയർക്ക് വാദ്യവും, കരിങ്ങാലി നായന്മാരുടെ പങ്കാളിത്തവും ആശാരിയ്ക്ക് രഥവും കൊല്ലന് ആയുധവും, തട്ടാന് ആഭരണവും കൊടുക്കുവാനുള്ള അവകാശമായി സ്വീകരിച്ചു. വ്യത്യസ്ത വിഭാഗങ്ങളുടെ കൂട്ടായ്മയിലൂടെ ഇതിലും മൈത്രിയുടെ സംസ്ക്കാരം ഊട്ടിയുണർത്തി. പിന്നീട് സാമ്പത്തിക പ്രശ്നം ഉരുത്തിരിഞ്ഞപ്പോൾ രജിസ്റ്റേർഡ് കമ്മിറ്റി ഭരണമേറ്റെടുത്തു. തച്ചോളി ഒതേനന്റെ കാലത്തിനുമപ്പുറം പഴക്കമുള്ള ഈ ഉത്സവത്തിന് പറയാനുള്ളതും എടവക പഞ്ചായത്തിന്റെ ശ്രേഷ്ഠമായ സംസ്ക്കാരത്തിന്റെ കഥകൾ തന്നെ. ആദിവാസികളിലൂടെ കടന്നുവന്ന് ക്ഷേത്ര ഊരാളന്മാരിലൂടെ ജനകീയ കമ്മറ്റിക്കു കൈമാറുമ്പോൾ നമ്മുടെ തനതായ സംസ്ക്കാരത്തെ തലമുറകളിൽ നിന്നു തലമുറകളിലേക്കു കൈമാറുകയായിരുന്നു ചെയ്തത്.

ആലഞ്ചേരി നമ്പ്യാർ തന്റെ കുടുംബത്തിലെ രോഗിയും അന്ധയുമായ സ്ത്രീയെ സുഖപ്പെടുത്തിയതിനു പ്രതിഫലമായി ഷെയ്ക്കിനു സമ്മാനിച്ച സ്ഥലത്തു നിർമ്മിച്ച പുരാതനമായ പള്ളിക്കൽ കല്യാണത്തും പള്ളി സമുദായിക ആചാരങ്ങൾക്കുമപ്പുറം സംസ്ക്കാരത്തിന്റെ നിത്യധാരയായി നിലനിൽക്കുന്നു. കുടിയേറ്റ കർഷകരുടെ ആത്മീയ ചൈതന്യമായി നിലനിൽക്കുന്നു തോണിച്ചാൽ സെ:സെബാസ്റ്റ്യൻ പള്ളി പ്പെരുന്നാൾ. കല്ലോടി ഷൊറോനാ പള്ളി പെരുന്നാൾ നമ്മിലെ സംസ്ക്കാര സമ്പന്നതയെ കാത്തു സൂക്ഷിക്കുന്ന സ്വർണ്ണനൂലിഴകളാണ്. ദഫ് മുട്ട്, കോൽക്കളി, തിറിയുത്സവം, പെരുന്നാൾ ഇവയെല്ലാം അണമുറിയാത്ത സംസ്ക്കാരത്തിന്റെ മതഭേദമില്ലാത്ത ധാരകളാണെന്ന് നാം മനസ്സിലാക്കി കഴിഞ്ഞു. ഇവിടെ ഹിന്ദു, കൃസ്ത്യൻ, മുസ്ളീം മതവിഭാഗങ്ങൾ തോളോടു തോൾ ചേർന്ന് വ്യത്യസ്ഥവർണ്ണപുഷ്പങ്ങളെ മൈത്രിയുടെ ചരടിൽ കൊരുക്കുകയാണ്. ഇത് വയനാട്ടിലെ ആധുനിക മനുഷ്യരുടെ കഥ. ഇനി ആദിവാസികളുടെ സംസ്ക്കാര ധാരയിലേക്കൊന്നെത്തിനോക്കാം.

## ആദിവാസികൾ - സംസ്കാരത്തിന്റെ ആദ്യതിരിനാളങ്ങൾ

കുറിച്യരും, കുറുമരും, പണിയരും, പുലയരുമാണ് വയനാട്ടിലെ ആദിവാസി വിഭാഗങ്ങൾ. തിരുവിതാംകൂറിൽ നിന്ന് വയനാട്ടിലേക്കുണ്ടായ കുടിയേറ്റം പോലെ കാടുകളിൽ നിന്ന് കോളനികളിലേക്കു

കുടിയേറിയ ഇവർ നമ്മുടെ പഞ്ചായത്തിലെ പുരാതന സംസ്ക്കാരത്തിന്റെ ഉടമകളാണ്. കുറിച്ച്യ കുറുമവിഭാഗങ്ങളിലെ കൂട്ടുകുടുംബ വ്യവസ്ഥ ഒരു നല്ല സംസ്ക്കാരത്തിന്റെ കൂട്ടായ്മയുടെ സ്വർഗ്ഗ ചൈതന്യമാണ്. കുറിച്ച്യ പാരമ്പര്യം വീറും വാശിയുമുള്ള പഴശ്ശി സൈന്യത്തിന്റെ പാരമ്പര്യമാണ്. സ്നേഹിക്കുന്നവർക്കും വിശ്വസിക്കുന്നവർക്കും വേണ്ടി ജീവൻ പണയപ്പെടുത്തിയും സേവനം ചെയ്യുന്ന ഈ സംസ്ക്കാരം എങ്ങനെ അവഗണിക്കാനാവും. പുരോഗതിയുടെ പാതയിലേക്ക് ഇവരെ നയിക്കുക എളുപ്പമാണ്. എന്നാൽ 'വള്ളിയൂർക്കാവ് പണ'ത്തിന്റെയും 'കുണ്ടൽപ്പണിയുടെയും', 'വല്ലിപ്പണിയുടേയും' പിടിയിൽ നിന്ന് ഇനിയും മനസ്സുകൊണ്ടെങ്കിലും മാറാത്ത പണിയവിഭാഗങ്ങളുടെ നിഷ്കളങ്കസംസ്കാരത്തെ മാനിക്കാതിരിക്കാൻ കഴിയുമോ? നാടിന്റെ നാരായവേരുകളായ ഇവരെ പിഴുതെടുത്ത് പുതിയ മണ്ണിൽ പ്രതിഷ്ഠിക്കുമ്പോൾ അവരുടെ സംസ്ക്കാരത്തിന്റെ കൊച്ചു കൊച്ചു വേരുകൾ പൊട്ടാതെ സൂക്ഷിക്കേണ്ടിയിരിക്കുന്നു.

നാം അത്ഭുതമൂറുന്ന മിഴികളുമായി ആംകാഷയോടെ കാതോർക്കുന്ന തുടിതാളവും ചുവടുകളും കുഴൽ വിളിയും നമ്മുടെ സംസ്കാരത്തിന്റെ ആദിമ നാദങ്ങളും ചടുലതാളങ്ങളുമാണെന്നത് നമുക്ക് മറക്കാതിരിക്കാം. ഒരു പിടിക്കാലത്തെ അദ്ധ്വാനമത്രയും ഒരു തിറയുത്സവത്തിലോ, വള്ളിയൂർക്കാവിലോ ചിലവിടുന്ന ഇവർ മതാനുഷ്ഠാനങ്ങളുടെ മാസ്മരലോകത്തിൽ ഒരുമിക്കുന്നവരാണ്. ആ ഐക്യം സംസ്കാരത്തിന്റെ പേരിൽ അഭിമാനിക്കുന്നവർക്കന്യമാകാം. തിരണ്ടുകല്യാണം, കല്യാണം, ശവസംസംകാരം, ദൈവത്തെക്കാണൽ ഇവയെല്ലാം പഴഞ്ചൻ എന്നു പറഞ്ഞ് പുറന്തള്ളുമ്പോൾ പഴമയുടെയും പുതുമയുടെയും കണ്ണികളെ വിളക്കിചേർക്കുന്ന അഗ്നിയായി അവ വർത്തിക്കുന്നു. സ്ത്രീധന സമ്പ്രദായത്തിനെതിരെ പ്രായോഗികമായിത്തന്നെ രംഗത്തുള്ള ആദിവാസി സംസ്ക്കാരം ആധുനികവാസിക്കു ചിന്തിക്കാൻ കൂടിയാവില്ല. അതുകൊണ്ട് ആദിവാസി വികസനം അവരുടെ സംസ്ക്കാരത്തിന്റെ, ലാളിത്യത്തിന്റെ, തനിമയുടെ വികസനമായി നമുക്ക് 9ാം പദ്ധതിയിൽ ഉൾപ്പെടുത്താം. ഒപ്പം അവർക്ക് ആധുനികതയുടെ പാതയും സജ്ജമാക്കാം.

## എടവക പഞ്ചായത്തിലെ സാംസ്കാരികോന്നമനത്തിന് അത്യാവശ്യമായ നിർദ്ദേശങ്ങൾ

1. പള്ളിയറ ആർട്സ് ക്ളബിന് കറണ്ടുകിട്ടാനുള്ള സംവിധാമുണ്ടാക്കുക.

2. ചൊവ്വയിൽ കമ്മ്യൂണിറ്റിഹാൾ പണിയുക. മനുഷ്യപ്രയത്നത്തിന്റെ 50% 1ാം വാർഡിലെ ജനങ്ങൾ വാഗ്ദാനം ചെയ്യുന്നു.

3. ആഗസ്തികവലയിൽ വായനശാല സ്ഥാപിക്കുക.

4. ദേശീയ വായനശാലയോടനുബന്ധിച്ച് കമ്മ്യൂണിറ്റി ഹാൾ പണിയുക മനുഷ്യപ്രയത്നത്തിന്റെ 100%വാഗ്ദാനം ചെയ്യുന്നു.

5. വാളേരി ഗിരിവർഗ്ഗ കോളനിയിൽ TV ആവശ്യം.

6. കുന്നേരിക്കുന്നിൽ 2 സെന്റ് പഞ്ചായത്ത് വക സ്ഥലത്ത് വായനശാല, സാംസ്കാരിക നിലയം ഇവ സ്ഥാപിക്കണം. മനുഷ്യപ്രയത്നം 50%വാർഡ് നിവാസികൾ വാഗ്ദാനം ചെയ്യുന്നു.

7. പൈങ്ങാട്ടിരി ഗ്രാമ ചരിത്രവും, കല്യാണത്തും പള്ളി (പള്ളിക്കൽ) ചരിത്രവും രേഖപ്പെടുത്തി വെക്കണം.

8. അറവുശാല കെട്ടിടത്തിൽ നിന്ന് 9ാം വാർഡിലെ വായനശാല മാറ്റിസ്ഥാപിക്കുവാൻ സഹായമുണ്ടാകണം.

9. പാണ്ടിക്കടവിൽ കളിസ്ഥലമായി ഉപയോഗിക്കുന്ന സ്ഥലം മിനിസ്റ്റേഡിയമാക്കണം.

10. 10ാം വാർഡിൽ വായനശാല ഇല്ല. ഇതനുവദിച്ചാൽ പുസ്തകങ്ങൾ വാർഡ്തലത്തിൽ സംഘടിപ്പിക്കും.

11. സ്ത്രീകൾക്ക് വായനശീലം വളർത്താൻ സഞ്ചരിക്കുന്ന ഗ്രന്ഥശാല പഞ്ചായത്ത് തലത്തിൽ ആരംഭിക്കണം.

12. സ്ത്രീകളെയും അമ്മമാരേയും ബോധവൽക്കരണം നടത്തി സാംസ്ക്കാരിക പൈതൃക കഥാരൂപത്തിൽ തലമുറകളിലേക്കു കൈമാറാൻ പര്യാപ്തമാക്കണം.

13. നാട്ടിപ്പാട്ട്,നെല്ലുകുത്തുപാട്ട്, കൊയ്ത്തുപാട്ട്, ആദിവാസി നൃത്തം, ദഫ്മുട്ട്, കോൽക്കളി, ഗദ്ദിക ഇവ തനതായ രീതിയിൽ സംരക്ഷിക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്യണം.

14. ക്ളബുകളുടെ പ്രവർത്തനം മുടങ്ങാതിരിക്കാൻ പഞ്ചായത്തുതലത്തിൽ ക്ളബുകളുടെ കോ-ഓർഡിനേഷൻ കമ്മറ്റി രൂപീകരിക്കണം.

15. ഒരു സാംസ്കാരിക നിലയം മാത്രമുള്ള പഞ്ചായത്തിൽ കഴിയുന്നത്ര സാംസ്ക്കാരിക നിലയങ്ങൾ സ്ഥാപിക്കുക.

16. പഞ്ചായത്ത് കായികമേളകൾ സംഘടിപ്പിക്കുക.

17. മാമാട്ടക്കുന്ന് മിനിസ്റ്റേഡിയം സ്ഥാപിക്കണം.

18. ആദിവാസി ബോധവൽക്കരണം ശക്തമാക്കുക.

19. 2ാം ഘട്ട സാക്ഷരത ഊർജ്ജിതമാക്കുക.

20. ലൈബ്രറികൾക്ക് / വായനശാലകൾക്ക് എല്ലാ പത്രമാസികകളും ലഭിക്കാൻ സൗകര്യമുണ്ടാക്കുക.

വയനാടിന്റെ സംസ്ക്കാരിക പൈതൃകത്തിൽ നിന്ന് ഒരു നവ സംസ്ക്കാരത്തിന്റെ കെട്ടുറപ്പുള്ള സൗധം പണിതുയർത്തുകയാണ് നമ്മുടെ അവഗണിക്കാനാവാത്ത കർത്തവ്യം . സമൂഹ സംസ്ക്കാരത്തിനുവേണ്ടിയുള്ള നമ്മുടെ പരിശ്രമം വ്യക്തി സംസ്ക്കാരത്തിലധിഷ്ഠിതമാവട്ടെ. 9ാം പദ്ധതി ഒരു സാംസ്ക്കാരിക നവോത്ധാനത്തിന്റെ പദ്ധതിയാവുമെന്ന് പ്രത്യാശിക്കാം.

ശുഭം



# വനിതാക്ഷേമം

എടവക ഗ്രാമപഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 12252 പേർ സ്ത്രീകളാണ്. അതായത് 49.51% 11 വാർഡുകളിലായി 4752 കുടുംബങ്ങൾ ഉള്ളതിനാൽ 647 കുടുംബങ്ങൾ സ്ത്രീനിയന്ത്രണത്തിലുള്ളവയാണ്. പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾക്ക് സാക്ഷരതാ ശതമാനവും തൊഴിൽ ശതമാനവും കുറവായി കാണുന്നു. പൊതുസ്ഥാപനങ്ങളുടെ തലപ്പത്ത് പ്രവർത്തിക്കുന്ന സത്രീകൾ നാമമാത്രമാണ്. ഇതുവരെ നടപ്പാക്കിയിട്ടുള്ള ക്ഷേമപ്രവർത്തനങ്ങളൊന്നും സ്ത്രീകൾക്ക് വേണ്ടത്ര പ്രയോജനപ്പെട്ടിട്ടില്ല. സാമൂഹിക സാമ്പത്തിക സാംസ്കാരിക മേഖലകളിൽ സ്ത്രീ പങ്കാളിത്തം വളരെ കുറവാണ്. ഇവിടുത്തെ കാർഷിക വ്യാവസായ ആരോഗ്യ വിദ്യാഭ്യാസ തൊഴിൽ മേഖലകളിൽ സ്ത്രീകൾക്ക് വേണ്ടത്രപ്രാധാന്യം ലഭിയ്ക്കുന്നില്ല. സ്ത്രീ പുരുഷ സമത്വം സാക്ഷാൽക്കരിക്കുന്നതിന് ആവശ്യമായ നടപടികൾ ഒന്നും വേണ്ടത്ര പുരോഗതി പ്രാപിച്ചിട്ടില്ല.

മേൽപറഞ്ഞ ഘടകങ്ങളെ വിവിധങ്ങളായി തിരിച്ച് ഒരു അവലോകനം നടത്തുന്നത് ഉചിതമായിരിക്കും.

## 1 കാർഷിക മേഖല

ഈ മേഖലയിൽ ഉണ്ടായമാറ്റങ്ങൾ സ്ത്രീകളുടെ തൊഴിൽ അവസരങ്ങൾ കുറയാൻ കാരണമായിട്ടുണ്ടെങ്കിലും ഇപ്പോയും സ്ത്രീകളുടെ പ്രധാന തൊഴിൽ മേഖല കൃഷിയും അനുബന്ധ പ്രവർത്തനങ്ങളുമാണ്. കൃഷി പണിയ്ക്ക് പോയിരുന്ന സ്ത്രീകളിൽ ഒരു ചെറിയ ശതമാനം പുതിയ തൊഴിലുകൾ തേടുന്നതിന് നിർബന്ധിതരായിട്ടുണ്ട്. കാർഷിക മേഖലയിലുള്ള സ്ത്രീകളുടെ പങ്കാളിത്തം വെറും 9.7%ൽ ഒതുങ്ങി നിൽക്കുന്നു. ആധുനിക രീതിയിലുള്ള കാർഷിക പദ്ധതികൾ ആവിഷകരിക്കുകയും സ്ത്രീകൾക്ക് മുൻഗണന കൊടുക്കുകയും ചെയ്ത് മെച്ചപ്പെട്ട കാർഷിക തൊഴിൽ സാഹചര്യം സൃഷ്ടിക്കാനും അതുവഴി ഈ മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കാനും സാധിക്കും. കാർഷിക മേഖല പുനരുജ്ജീവിപ്പിക്കുന്നതിന് ആവശ്യമായ എല്ലാ ഘടകങ്ങളും ഈ പഞ്ചായത്തിലുണ്ട്. ഉദാഹരണത്തിന് കൂൺ കൃഷി, ഔഷധ സസ്യകൃഷി, പച്ചക്കറി കൃഷികൾ, കുറ്റിമുല്ല കൃഷി, പട്ടുനൂൽ പുഴു വളർത്തൽ, വിവിധതരം ഉദ്യാനകൃഷി തുടങ്ങിയവയ്ക്ക് നല്ല സാധ്യതയുണ്ട്.

## 2. തൊഴിൽ മേഖല

മറ്റു പല തൊഴിൽ മേഖലകളേയും അപേഷിച്ച് ഇപ്പോഴും കൃഷിയുമായി ബന്ധപ്പെട്ട തൊഴിലുകൾക്ക് തന്നെയാണ് പ്രാധാന്യം എന്ന് മുകളിൽ സൂചിപ്പിച്ചുവല്ലോ. സർവ്വീസ് മേഖലകളിലും മറ്റ് സർക്കാർ സർവ്വീസുകളിലും സ്ത്രീ പങ്കാളിത്തം കൂടിവരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. മൊത്തം സ്ത്രീകളിൽ 20.03% പേർ മാത്രമേ നിയതമായ തൊഴിലുകളെടുത്ത് ജീവിയ്ക്കുന്നുള്ളൂ. സൂക്ഷ്മമായി പരിശോധിച്ചാൽ പുതിയ തൊഴിൽ സംരംഭങ്ങളിലേയ്ക്ക് സ്ത്രീകൾ കടന്നു വരുന്നതായി കാണാം. കന്നുകാലി സംരക്ഷണവും ക്ഷീര വികസന പ്രവർത്തനങ്ങളും കുടംബങ്ങളോട് അനുബന്ധിച്ച് പ്രവർത്തിച്ച് വരുന്നു. എന്നാൽ സാങ്കേതികമായ അറിവില്ലായ്മയും സാമ്പത്തിക പരാ

ധീനതകളും പ്രശ്നമാണ്. കാലിത്തീറ്റ, തീറ്റ പുല്ല് എന്നിവ തദ്ദേശീയമായി ഉൽപാദിപ്പിക്കുകയും സ്ത്രീകൾക്ക് ക്ഷീരവികസനത്തെ സംബന്ധിച്ച് വൊക്കേഷണൽ ട്രെയിനിങ്ങുകൾ നൽകി സാമ്പത്തിക സഹായം ലഭ്യമാക്കുകയും ചെയ്താൽ ഈ പഞ്ചായത്തിൽ ക്ഷീര വിപ്ളവം സൃഷ്ടിക്കുവാൻ കഴിയും.

ആട്, കോഴി, താറാവ്, പന്നി, മുയൽ, തേനീച്ച തുടങ്ങിയവയെ കുടുംബത്തിനോട് അനുബന്ധിച്ച് വളർത്തുന്നതല്ലാതെ ഗ്രൂപ്പായോ വ്യാവസായികാടിസ്ഥാനത്തിലോ ഉൽപ്പാദിപ്പിക്കാനുതകുന്ന സംരംഭങ്ങൾ നാമമാത്രമാണ്. ധാരാളം ജലസമ്പത്ത് ഉള്ളതിനാൽ മത്സ്യകൃഷിക്ക് സാധ്യത ഉണ്ട്. ഈ മേഖലയിൽ സ്ത്രീകൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും ലഭ്യമാക്കണം. പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ള സ്ത്രീകൾക്ക് ആവശ്യത്തിനുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുകയും വിപണത്തിനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും സാമ്പത്തിക സഹായങ്ങൾ നൽകുകയും ചെയ്താൽ വമ്പിച്ച വികസന സാദ്ധ്യതയുണ്ട്. ടൈലറിംഗ്, റെഡിമെയ്ഡ് ഉൽപാദനം, ബിസിനസ് എന്നീ സംരംഭങ്ങളിൽ ഏതാണ്ട് 31ഓളം സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ നിലവിലുണ്ട്. കൂടുതൽ കൂട്ടായ സംരംഭങ്ങൾ സഹകരണ അടിസ്ഥാനത്തിൽ സ്ഥാപിക്കാൻ കഴിയും. സ്ത്രീകളുടെ നേതൃത്വത്തിലുള്ള കരകൗശല വസ്തുക്കളുടെ ഉൽപാദനം, സോഫ്റ്റ്വെയർ, ചെരുപ്പ് നിർമ്മാണം എന്നിവ ഈ പഞ്ചായത്തിൽ ഇല്ല തന്നെ. ക്വാറി, കെട്ടിട നിർമ്മാണം, മണൽ വാരൽ തുടങ്ങിയ അപകട സാധ്യതയുള്ള തൊഴിൽ മേഖലകളിൽ സ്ത്രീകൾ പണിയെടുക്കുന്നുണ്ട്. അവർക്ക് ന്യായമായ കൂലി സമ്പ്രദായവും ഇൻഷൂറൻസ് സമ്പ്രദായവും ഉറപ്പ് വരുത്തണം. വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് വേണ്ടി സെമിനാറുകളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കണം.

## 3. ചെറുകിട വ്യവസായം

സ്ത്രീകളുടെ വ്യവസായരംഗം ടൈലറിംഗ്-റെഡിമെയ്ഡ് യൂണിറ്റുകൾ, നാമമാത്രമായ ഗ്രൂപ്പ് ഫാമിംഗ് എന്നിവയിൽ ഒതുങ്ങി നിൽക്കുന്നു. ഏതാണ്ട് 17ഓളം സ്വയം തൊഴിൽ സംരംഭങ്ങൾ എല്ലാം തന്നെ സാമാന്യം നല്ല രീതിയിൽ പ്രവർത്തിക്കുന്നു. IRDP, DWCRA വനിതാ വികസന കോർപ്പറേഷൻ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ തുടങ്ങിയവയിൽ നിന്നുള്ള പ്രോത്സാഹനം തുലോ കുറവായി കാണുന്നു. സ്ത്രീകൾക്ക് ഇത്തരം ഏജൻസികളെ കുറിച്ചുള്ള അജ്ഞത ഇതിന് ഒരു കാരണമായി പറയപ്പെടുന്നു. ഇവയേകുറിച്ചുള്ള അറിവുകൾ നൽകുകയും നൂതനമായ മേഖലകളിൽ സ്ത്രീകൾക്ക് തൊഴിൽ പരിശീലനം നൽകുകയും വേണം. ആടുമാടുകളെ വളർത്തൽ, റെഡിമെയ്ഡുകൾ, അച്ചാറുകൾ കറിപൗഡറുകൾ, മെഴുകുതിരി വ്യവസായം കരകൗശല വസ്തുക്കളുടെ ഉത്പാദനം ഭക്ഷ്യസംസ്ക്കരണം കാർഷിക ഉൽപന്ന സംസ്കരണം, ഇഷ്ടികനിർമ്മാണം, കക്കച്ചൂള, ക്രഷർ, കമ്പോസ്റ്റ് വള നിർമ്മാണം തുടങ്ങിയ സംരംഭങ്ങൾക്ക് ഇവിടെ നല്ല സാധ്യതയുണ്ട്. ഉൽപാദിപ്പിയ്ക്കുന്ന വസ്തുക്കൾ വിപണനത്തിന് ആവശ്യമായ മാർക്കറ്റിംഗ് സൗകര്യം ഈ പഞ്ചായത്തിലോ മറ്റ് പ്രധാന കേന്ദ്രങ്ങളിലോ സൗകര്യപ്പെടുത്താവുന്നതാണ്. ഇതിനായി ആഴ്ചചന്തകൾ ഏർപ്പെടുത്താം. DRDA, IRDP, DWCRA തുടങ്ങിയ ഏജൻസികളുടെ സഹായം വേണ്ട വിധം ലഭ്യമാക്കാൻ കഴിയണം.

## 4. ആരോഗ്യം

സ്ത്രീകളെ പൊതുവായി കണക്കാക്കുമ്പോൾ പ്രത്യേകം എടുത്ത് പറയത്തക്ക ആരോഗ്യ പ്രശ്നങ്ങൾ ഒന്നും തന്നെയില്ല. എങ്കിലും വിളർച്ച, പോഷകാഹാരകുറവ്, ശുചിത്വക്കുറവ് തുടങ്ങിയവ മൂലമുണ്ടാകുന്ന അസുഖങ്ങളാണ് അധികവും. രോഗാതുരത പുരുഷന്മാരെ അപേഷിച്ച് സ്ത്രീകളിലാണ് കൂടുതൽ P.H.Cകളിലും ഹെൽത്ത് സെന്ററുകളിലും ആവശ്യമായ മരുന്നുകൾ എത്തിയ്ക്കണം. P.H.Cയിൽ സ്ഥിരം ഡോക്ടറേയും മറ്റു ജീവനക്കാരെയും നിയമിക്കണം. സ്കൂളുകളിലും അങ്കൺവാടികളിലും മഹിളാസംഘടനകളിലും ആരോഗ്യ പ്രവർത്തകർ ബോധവൽക്കരണ ക്ലാസുകൾ നടത്തണം.

ആരോഗ്യവതിയായ സ്ത്രീ ആരോഗ്യമുള്ള സമൂഹത്തെ നിർമ്മിക്കുന്നു എന്ന കാഴ്ചപ്പാടിൽ ഒരു പുതിയ ആരോഗ്യ നയം രൂപപ്പെടുത്തേണ്ടിയിരിക്കുന്നു.

## 5 വിദ്യാഭ്യാസം

സ്കൂൾ കോളേജ് വിദ്യാർത്ഥികളിൽ അധികവും പെൺകുട്ടികളാണെങ്കിലും ശാസ്ത്രസാങ്കേതിക രംഗങ്ങളിൽ സ്ത്രീകൾ പുരുഷന്മാരെ അപേക്ഷിച്ച് പിന്നിലാണ്. സാക്ഷരതാ പ്രവർത്തനങ്ങൾ വിദ്യാഭ്യാസ രംഗത്ത് നല്ല ഫലം ഉളവാക്കിയിട്ടുണ്ട്. സ്ത്രീകൾക്ക് വേണ്ടിയുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടു പോകേണ്ടതുണ്ട്. വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്നവരിൽ കൂടുതലും സ്ത്രീകളാണ്. പ്രീ–പ്രൈമറി വിദ്യാഭ്യാസരംഗമായ 22 അങ്കൺവാടികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. അങ്കൺവാടികൾക്ക് ആവശ്യമായ ഉപകരണങ്ങൾ, നല്ലകെട്ടിടങ്ങൾ, പ്രാഥമിക സൗകര്യങ്ങൾ തുടങ്ങിയവ അപര്യാപ്തമാണ്. സ്ത്രീ വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യത്തെക്കുറിച്ച് സമൂഹത്തെ ബോധവൽക്കരിക്കുവാനാവശ്യമായ നടപടികൾ ഉണ്ടാവണം.

## 6. സാമൂഹ്യക്ഷേമം

സമൂഹത്തിൽ നിലവിലുള്ള ചുറ്റുപാടുകൾ അനുസരിച്ച് സ്ത്രീകൾക്ക് പൊതുരംഗത്ത് പ്രവർത്തിക്കാൻ പലവിധ പ്രയാസങ്ങളും അനുഭവപ്പെടുന്നുണ്ട്. പൊതു പ്രവർത്തനം തീരെ നിരുത്സാഹപ്പെടുത്തുന്ന സമൂഹങ്ങളും ഇല്ലാതില്ല. ഭർത്താവ്, കുട്ടികൾ, മാതാപിതാക്കൾ എന്നിവർക്ക് പ്രാധാന്യം നൽകി സ്ത്രീകൾ ഒതുങ്ങിക്കൂടുന്നതായാണ് കണ്ടുവരുന്നത്. സ്ത്രീയ്ക്ക് പുരുഷനോടൊപ്പം പ്രവർത്തന സ്വാതന്ത്ര്യവും തുല്യതയും ലഭിയ്ക്കുന്നില്ല. ബാലികാ വിവാഹം ഇവിടെ ധാരാളം ഉണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ചില സമൂഹങ്ങളിൽ ഇത് പ്രോൽസാഹിപ്പിക്കുന്ന രീതികൾ ഇന്നും നിലവിലുണ്ട്. മൊത്തം ദമ്പതിമാരിൽ 589പേർ 15നും 19നും ഇടയിൽ പ്രായമുള്ളവരാണ്. സ്ത്രീകൾക്ക് നേരെ സ്ത്രീധനത്തിന്റെ പേരിലും അല്ലാതെയും അക്രമങ്ങളും പീഢനങ്ങളും നടക്കുന്നുണ്ട്. മാധ്യമങ്ങളിലും സിനിമകളിലും സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പ്രവണത കണ്ടുവരുന്നു. പുരുഷന്മാരുടെ മദ്യ–മയക്കുമരുന്ന് ഉപയോഗം സ്ത്രീകളുടെ പിന്നോക്കാവസ്ഥക്ക് ഒരു കാരണമാണ്. മദ്യനിരോധനം കൊണ്ട് സമൂഹത്തിനും സ്ത്രീക്കും ധാരാളം സദ്ഫലങ്ങൾ ഉണ്ടായിട്ടുണ്ട്. സ്ത്രീകൾക്ക് വേണ്ടി നേതൃത്വ പരിശീലന ക്ലാസുകളും ബോധവൽക്കരണ സെമിനാറുകളും സംഘടിപ്പിക്കേണ്ടത് അത്യാവശ്യമാണ്. വിവിധ തുറകളിലുള്ള സ്ത്രീ–പുരുഷ അനുപാതവും വിശകലനവും ചുവടെ ചേർക്കുന്നു.

| വിവരങ്ങൾ | പുരുഷന്മാരുടെ എണ്ണം /ശതമാനം | സ്ത്രീകളുടെ എണ്ണം /ശതമാനം |
|---|---|---|
| ജനസംഖ്യ | 12494 | 12252 |
| | 50.49% | 49.57% |
| സാക്ഷരർ | 9684 | 8554 |
| | 77.5% | 69.81% |
| 19വയസ്സിൽ താഴെയുള്ള ദമ്പതിമാർ | -- | 589 |
| | -- | 11.29% |
| പ്രധാനതൊഴിലുകളിൽ | 6276 | 1572 |
| ഏർപ്പെട്ടിരിക്കുന്നവർ | 80% | 20% |
| കൃഷിതൊഴിലാക്കിയവർ | 2158 | 232 |
| | 90.3% | 9.7% |
| കർഷകത്തൊഴിലാളികൾ | 1956 | 910 |
| | 68.25% | 31.75% |

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. കൃഷി ഉപജീവനമാർഗമായി സ്വീകരിച്ച സ്ത്രീകൾക്ക് സാമ്പത്തീക സഹായങ്ങളും പദ്ധതികളെപ്പറ്റിയുള്ള ബോധവൽക്കരണവും നൽകണം. സ്ത്രീകർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ആഴ്ചചന്തകൾ പോലുള്ള വിപണനസൗകര്യങ്ങൾ ഉണ്ടാക്കണം.

2. തൊഴിൽ രഹിതരായ സ്ത്രീകൾക്ക് യോഗ്യതാനുസരണം തൊഴിൽ ലഭിക്കാൻ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കണം. തുല്യജോലിക്ക് തുല്യവേതനം നടപ്പാക്കണം വേതനം ന്യായമാണെന്ന് ഉറപ്പുവരുത്തണം.

3. എല്ലാ മേഖലകളിലും സ്ത്രീകൾക്ക് ജനസംഖ്യാനുപാതികമായ പ്രാധിനിധ്യം ഉറപ്പുവരുത്തണം.

4. വിധവകളെയും സാമ്പത്തിക പിന്നോക്കക്കാരെയും വിവിധ പദ്ധതികളിൽ പ്രത്യേകം പരിഗണിക്കണം. വിധവാ പെൻഷൻ അർഹരായവർക്കെല്ലാം കിട്ടുന്നുണ്ട് എന്ന് ഉറപ്പുവരുത്തണം.

5. വികലാംഗർ, മന്ദബുദ്ധികൾ, അവിവാഹിതരായ അമ്മമാർ എന്നിവരെ പുനരധിവസിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

6. വാർദ്ധക്യകാലത്ത് സ്ത്രീകളെ സംരക്ഷിക്കാൻ ആവശ്യമായ ചുറ്റുപാടുകൾ സമൂഹത്തിൽ ഉണ്ടാവണ.

7. ആരോഗ്യസ്ഥാപനങ്ങൾ വൃദ്ധമന്ദിരങ്ങൾ എന്നിവ ആരംഭിക്കുകയും നിലവിലുള്ളവ പ്രവർത്തനക്ഷമമാക്കുകയും വേണം.

8. മഹിളാ സമാജങ്ങൾ, മഹിളാ സംഘടനകൾ എന്നിവ കാര്യക്ഷമമാക്കണം.

9. മദ്യം, മയക്കുമരുന്ന്, സ്ത്രീധനപീഢനം തുടങ്ങിയവക്കെതിരെ സമൂഹ മന:സാക്ഷിയെ ഉണർത്തത്തക്കവിധത്തിൽ ജനകീയ ബോധവൽക്കരണം നടത്തണം.

10. സമ്പൂർണ്ണ മദ്യനിരോധം നടപ്പാക്കുക.

11. ബാലികാ വിവാഹം കർശനമായി നിയന്ത്രിക്കണം.

12. അശ്ളീല പോസ്റ്ററുകൾ, വിവിധ മാധ്യമങ്ങളിലെ അശ്ളീലത എന്നിവയ്ക്കെതിരെ ബോധവൽക്കരണവും നിയമനടപടികളും നടപ്പാക്കണം.

13. അങ്കൺവാടി ജീവനക്കാർക്ക് ന്യായമായ വേതനം ഉറപ്പുവരുത്തണം. കെട്ടിടങ്ങളും മറ്റു സൗകര്യങ്ങളും ഏർപ്പെടുത്തണം.

14. സ്വയം തൊഴിൽ സംരംഭകരായി മുന്നോട്ടുവരുന്ന സ്ത്രീകൾക്ക് സബ്സിഡിനിരക്കിലുള്ള വായ്പകൾ അനുവദിക്കണം.

15. സാങ്കേതിക തൊഴിലധിഷ്ഠിത വിദ്യാഭ്യാസരംഗത്ത് പെൺകുട്ടികൾക്ക് മുന്തിയ പരിഗണനകൊടുക്കണം.

16. സ്ത്രീകൾക്കായി സഞ്ചരിക്കുന്ന ഗ്രാമീണവായനശാല ആരംഭിക്കണം.

17. കായിക വിദ്യാഭ്യാസ പദ്ധതിയിൽ സ്ത്രീകൾക്ക് പ്രാധാന്യം നൽകണം.

18. പഞ്ചായത്ത് ഷോപ്പിംങ്ങ് കോംപ്ളക്സുകൾ അനുവദിക്കുമ്പോൾ സ്ത്രീകൾക്ക് മുൻഗണന നൽകണം.

19. ആദിവാസി സ്ത്രീകളെ ലൈഗികമായി ചൂഷണം ചെയ്യുന്നത് തടയാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

20. സ്ത്രീകളുടെ കേസുകൾ കൈകാര്യം ചെയ്യാൻ പഞ്ചായത്തു തലത്തിൽ പ്രത്യേക സംവിധാനം ഉണ്ടാക്കേണ്ടതാണ്.



# സഹകരണം

നമ്മുടെ പഞ്ചായത്തിലെ നല്ലൂർനാട് വില്ലേജിൽ കർഷകരെ ഋണ ബാദ്ധ്യതകളിൽ നിന്നും ഹുണ്ടിക പലിശക്കാരുടെ ചൂഷണത്തിൽ നിന്നും രക്ഷപ്പെടുത്തുന്നതിനു വേണ്ടി വിവിധോദ്ദേശ ഐക്യ നാണയ സംഘമായി ഇന്നു നാം കാണുന്ന നല്ലൂർ നാട് സർവ്വീസ് സഹകരണ ബാങ്ക് 1922ൽ രജിസ്റ്റർ ചെയ്തു. ആരംഭദശയിൽ അംഗബലം പത്തുമാത്രമായിരുന്നു. സംഘത്തിന്റെ സ്ഥാപക പ്രസിഡണ്ട് ശ്രീ.സി.കെ.കുഞ്ഞിരാമൻ നായരുമായിരുന്നു. ഭരണസമിതി 'പഞ്ചായത്തു സഭ' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. പഞ്ചായത്തുസഭയിൽ ശ്രീമാൻമാരായ എം.കെ. കണാരൻ നമ്പ്യാർ, കിഴക്കേവീട്ടിൽ കൃഷ്ണൻ നായർ, ശ്രീ വി. എം രാമൻ നമ്പ്യാർ എന്നിവരും അംഗങ്ങളായിരുന്നു. ആദ്യകാല മെമ്പർമാർ അധികവും അക്കാലത്തെ കർഷകപ്രമുഖരായിരുന്ന ശ്രീ.സി.കെ.കുഞ്ഞിരാമൻ നായർ, ശ്രീ.അച്ചുക്കുട്ടി നായർ, ശ്രീ.കെ.അയ്യപ്പൻ എന്ന രാമൻ നായർ, ശ്രീ.വി.എം.രാമൻ നമ്പ്യാർ, ശ്രീ. കെ. രായരു നായർ, ശ്രീ.വി.സി. അപ്പുക്കുറുപ്പ്, ശ്രീ.എം.കെ.കണാരൻ നായർ, ശ്രീ.പുത്തൻ വീട്ടിൽ ശങ്കരൻ നായർ, ശ്രീ.ടി.പി.കണ്ണൻ നമ്പ്യാർ, ശ്രീ.കെ.കൃഷ്ണൻ നായർ എന്നിവരായിരുന്നു. 1961ൽ വിവിധോദ്ദേശ നാണയസംഘമെന്ന ഈ പ്രസ്ഥാനം ഒരു സഹകരണ ബാങ്കായി രജിസ്റ്റർ ചെയ്യപ്പെട്ടു. എന്നാൽ ഇല്ലായ്മയുടെയും ബാലാരിഷ്ടതകളുടെയും പിടിയിലകപ്പെട്ട് 1988 വരെ ഇതിന്റെ പ്രവർത്തനം മന്ദീഭവിച്ചു. 1988ൽ ജില്ലാ ബാങ്കിന്റെ സഹകരണത്തോടെ രൂപീകരിച്ച ഭരണസമിതി ഒരു പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കി. 10അംഗങ്ങളുമായി തുടങ്ങിയ സഹകരണ പ്രസ്ഥാനം ഇന്ന് 3154 അംഗങ്ങളുള്ള 1847072.50 രൂപ ഓഹരി മൂലധനമുള്ള സഹകരണസംഘമായി നിലനിൽക്കുന്നു. എന്നാൽ '3 ജീവനക്കാരെ' മാത്രമാശ്രയിച്ചു പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന്റെ പ്രവർത്തനം മന്ദീഭവിക്കാൻ ഇതു കാരണമാകുന്നു. 14,00,0000 നിക്ഷേപമായി സമാഹരിക്കുന്നതിനും 202,00,000 വായ്പ നൽകുന്നതിനും ബാങ്കിനു കഴിഞ്ഞിട്ടുണ്ട്. മൊത്തം 1591000 രൂപ നഷ്ടത്തിലാണെങ്കിലും തന്നാണ്ടിലെ ലാഭം 385000 ആണെന്നത് അഭിമാനിക്കത്തക്കതാണ്. ഇത് പൊതുജന സഹകരണത്തിന്റെ കരുത്തായി നമുക്ക് കണക്കാക്കാം. വർഷത്തിൽ 16728 രൂപ മാത്രമാണ് ബാങ്കിന്റെ എസ്റ്റാബ്ളീഷ്മെന്റ് ചാർജ്. ബാങ്കിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന വളംഡിപ്പോ നല്ലൂർനാടിന്റെ കാർഷിക പുരോഗതിക്ക് സന്മനസ്സോടെ നീട്ടുന്ന സഹായ ഹസ്തമാണെന്നതിൽ സംശയമില്ല. വിപുലമായ പൊതുജനസഹകരണവും അപ്പെക്സ് ബാങ്കിന്റെ സഹായവും പിൻബലവുമുള്ള നല്ലൂർനാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് സഹകരണമേഖലയിലെ സമുന്നതസ്ഥാനങ്ങളിലേക്കു നടന്നടുക്കുമെന്ന് നമ്മുക്ക് പ്രത്യേശിക്കാം. ഇന്ന് നിലവിലില്ലാത്ത കാർഷിക ദീർഘകാല വായ്പയും, ഭവനനിർമ്മാണ വായ്പയും ലഭിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ ഉണ്ടാക്കേണ്ടത് നാടിന്റെ ആവശ്യമായി മാറിയിരിക്കുന്നു.

## മാനന്തവാടി ഫാർമേഴ്സ് സഹകരണബാങ്ക്, എടവക ബ്രാഞ്ച്

എടവക വില്ലേജിലെ കർഷകരുടെ കാർഷിക പുരോഗതിയെ ലക്ഷ്യമാക്കി 1984ൽ മാനന്തവാടി ഫാർമേഴ്സ് സഹകരണബാങ്കിന്റെ ഒരു ബ്രാഞ്ച് എടവകയിൽ സ്ഥാപിക്കുകയുണ്ടായി.അന്നത്തെ ബേങ്കിന്റെപ്രസിഡണ്ടായി രുന്ന ശ്രീ.ഒ.ടി.നാരായണൻ നമ്പ്യാർ ഇതിനു വേണ്ടിഎടുത്ത ത്യാഗങ്ങൾ പ്രത്യേകം സ്മരണീയമാണ്. ഇപ്പോൾ ഇതിന്റെഅംഗസംഖ്യ 1560 ഉം ഓഹരിമൂലധനം 78000 രൂപയുമാണ്.

മൊത്തത്തിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം കാർഷികവായ്പകൾക്കുപുറമെ വ്യവസായവായ്പകൾ,ചെറുകിട കുടിൽ പരമ്പരാഗത വ്യവസായവായ്പകൾ, ദീർഘകാല വ്യ്പകൾ എന്നിവ പരമാവധി നൽകുന്നുണ്ട്. ഇതിന്റെ കീഴിൽ എടവക വില്ലേജിലുള്ള രണ്ടു വളം ഡിപ്പോകൾ എന്നും കർഷകരുടെ ആശ്വാസകേന്ദ്രങ്ങളാണ്. ആകെ ഒരു കോടിയോളം കാർഷികവായ്പകൾ വികരണം ചെയ്യാൻ ബാങ്കിനുകഴിഞ്ഞിട്ടുണ്ട്. 3 ജീവനക്കാർ മാത്രമുള്ള ഈ ബാങ്കിന്റെ പ്രവർത്തനത്തെ ഉദ്യോഗസ്ഥപരിമിതി സാരമായിത്തന്നെ ബാധിച്ചിട്ടുണ്ട്.ബാങ്കിന്റെ പ്രവർത്തനം വിപുലീകരിച്ച് ഇതൊരു സഹകരണ സഹ്യനായി വളരുമെന്ന് നമുക്കു പ്രതീക്ഷിക്കാം.

### പട്ടിക A

### സഹകരണ ബാങ്കുകളും സാമ്പത്തിക നിലയും

| സ്ഥാപനത്തിന്റെ പേര്. | ക്രഡിറ്റ്. നോൺ ക്രഡിറ്റ്. | ആരംഭിച്ച വർഷം | ആകെ അംഗങ്ങൾ | പിരിച്ചുകിട്ടിയ ഓഹരി മൂലധനം | നിക്ഷേപങ്ങൾ | വായ്പകൾ |
|---|---|---|---|---|---|---|
| നല്ലൂർനാട് സർവ്വീസ് സഹകരണ ബേങ്ക്. ക്രഡിറ്റ് | ക്രഡിറ്റ് | 1922 | 3154 | 1847072.50 | 14084424.15 | 20150601 |
| മാനന്തവാടി ഫാർമേഴസ് സഹകരണ ബേങ്ക് എടവക ബ്രഞ്ച്. | ക്രഡിറ്റ് | 1984 | 1560 | 78000 | 3908808 | 9668621 |

## ക്ഷീരോത്പാദകസഹകരണ സംഘങ്ങൾ

കല്ലോടി, ദീപ്തിഗിരി, നല്ലൂനാട് എന്നിവിടങ്ങളിലായി മൂന്നുക്ഷീരോത്പാദന സഹകരണസംഘം 1983 ൽ സ്ഥാപിക്കപ്പെട്ടു. 1989 മുതൽ മിൽമയുടെ കീഴിൽ പ്രവർത്തിക്കുന്ന ദീപ്തിഗിരി സംഘവും, നല്ലൂർ നാട് സംഘവും സ്ഥാപിക്കപ്പെട്ടത് 1984 ൽ ആണ്. ഒട്ടനവധി പരിമിതികളിലൂടെ കടന്നുപോകുന്ന ഈ മൂന്ന് സഹകരണസംഘവും ഒത്തുചേർന്നാലും ഈ പഞ്ചായത്തിലെ ക്ഷീരോത്പാദകരുടെ ആവശ്യങ്ങൾ വേണ്ടവിധത്തിൽ നിറവേറ്റാൻ അപര്യാപ്തമാണ്. അംഗങ്ങളുടെ നിസ്സീമമായ സഹകരണവും സംഘങ്ങളുടെ ഉദാരമായ വ്യവസ്ഥകളും ഈ സംഘങ്ങളെ ലാഭകരമാക്കുന്നു. സംഘങ്ങളുടെ വിപുലീകരണവും കൂടുതൽ സംഘങ്ങൾ സ്ഥാപിക്കലും ഈ പഞ്ചായത്തിന്റെ അനിവാര്യമായ ആവശ്യങ്ങളിൽപ്പെടുന്നു. പഞ്ചായത്തിൽ '96 ഒക്ടോബർ മാസത്തിൽ ശേഖരിച്ച പാൽ 52205 ലിറ്ററും പഞ്ചായത്തിൽ വിറ്റത് 11675 ലിറ്ററും പുറമേക്കയച്ചത് 40530 ലിറ്ററും ആണ്.

| സംഘത്തിന്റെ പേര് | ആരംഭിച്ച വർഷം | ആകെ അംഗങ്ങൾ | പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം | ശേഖരിക്കുന്ന പാൽ | പഞ്ചായത്തിൽ വിൽക്കുന്നത് | പുറത്തേക്ക്അയക്കുന്നത്. |
|---|---|---|---|---|---|---|
| കല്ലോടി ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം (WH(D) APCO കല്ലോടി | 1983 | 450 | 2000 | 13809.600 ലിറ്റർ | 560.9 ലിറ്റർ | 13248.7ലിറ്റർ |
| ദീപ്തിഗിരി ക്ഷീരോത്പാദന സഹകരണസംഘം W(i)B Dഎള്ളുവന്തം | 1984 | 289 | 2890.00 | 12383.200ലിറ്റർ | 2407.200ലിറ്റർ | 9976.00ലിറ്റർ |
| നല്ലൂർനാട് ക്ഷീരോത്പാദക സഹകരണസംഘം W(ii)D തോണിച്ചാൽ | 1984 | 452 | 4520 | 26013.100 ലിറ്റർ | 8707ലിറ്റർ | 17306.00ലിറ്റർ |

## ഗ്രൂപ്പ് ഫാമിംഗ് സൊസൈറ്റികൾ

നമ്മുടെ പഞ്ചായത്തിൽ 28 കുരുമുളക് നെല്ല്, തെങ്ങ്, ഗ്രൂപ്പ് ഫാമിംഗ് സൊസൈറ്റികൾ നിലവിലുണ്ട് എന്നാൽ കാര്യക്ഷമതയുടെ കാര്യത്തിൽ ഇവ പിന്നോക്കം തന്നെയാണെന്നുള്ളത് എടുത്ത് പറയേണ്ടിയിരിക്കുന്നു. നിസ്വാർത്ഥമായ സഹകരണ്വും സേവന തത്പരതയും കൃഷിക്കാരുടെ കൂട്ടായ്മയും സൊസൈറ്റികളെ സജീവവും സമ്പന്നവും ആക്കുമെന്നതിൽ സംശയമില്ല. പഞ്ചായത്തിൽ നിലവിലുള്ള 5 റബ്ബറുത്പാദക സൊസൈറ്റികളുടെയും പ്രവർത്തനം ആശാവഹമല്ല. വൈവിധ്യമാർന്ന കൃഷിക്കുപ്രാധാന്യം നൽകുന്ന നമ്മുടെ പഞ്ചായത്തിൽ ഗ്രൂപ്പ് ഫാമിംഗ് സൊസൈറ്റികൾ എല്ലാ വിധത്തിലും പ്രസക്തമാണ്. കർഷകർക്ക് ആവശ്യമായ നല്ലയിനം വിത്തുകൾ, വളങ്ങൾ കീടനാശിനികൾ എന്നിവ യഥാസമയങ്ങളിൽ ലഭ്യമാക്കുവാൻ സൊസൈറ്റികൾക്കു കഴിയണം. വിള സംഭരണ കേന്ദ്രങ്ങൾ, ഔഷധ സസ്യകൃഷി, പുഷ്പകൃഷി തുടങ്ങിയവ ഗ്രൂപ്പ് ഫാമിംഗ് സൊസൈറ്റികളുടെ മേൽനോട്ടത്തിൽ സ്ഥാപിച്ച് ജനവിശ്വാസം നേടിയെടുത്താൽ പ്രവർത്തനം പുരോഗമനപ്രദമായിരിക്കും.

## വ്യവസായ സഹകരണ സംഘങ്ങൾ

വ്യവസായ സഹകരണ സംഘങ്ങൾ പഞ്ചായത്തിൽ അടിയന്തിര ആവശ്യങ്ങളിൽപ്പെടുന്നു. തൊഴിൽരഹിതരായ അഭ്യസ്തവിദ്യർ അനേകമുള്ള നമ്മുടെ പഞ്ചായത്തിൽ ജീവിത ഭദ്രതക്കുന്നൽ നൽകുന്ന സംരംഭങ്ങൾ എല്ലാവിധത്തിലും ആശാവഹമാണ്. പഞ്ചായത്തിലാവശ്യമായ വ്യാവസായികോത്പന്നങ്ങൾ പഞ്ചായത്തിൽത്തന്നെ ഉത്പാദിപ്പിക്കാവുന്നതാണ്. വിവിധ കുടിൽ വ്യവസായങ്ങൾ, ചെറുകിട വ്യവസായം, പരമ്പരാഗത വ്യവസായം എന്നിവയെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. സോപ്പുനിർമ്മാണം, എണ്ണമിൽ വ്യവസായം ഫ്ളവർമിൽ, ഇഷ്ടിക നിർമ്മാണം, കരിങ്കൽ പൊട്ടിക്കൽ ഹോളോബ്രിക്ക് നിർമ്മാണം, മെഴുകുതിരി നിർമ്മാണം, റബറുല്പന്നങ്ങൾ, ബേക്കറി, ഫർണിച്ചർ നിർമ്മാണം, കാലിത്തീറ്റ നിർമ്മാണം, ജൈവവള നിർമ്മാണം, കളിമൺ വ്യവസായം തടികൊണ്ടുള്ള കൗതുക വസ്തു നിർമ്മാണം തുടങ്ങിയവ വ്യവസായ സഹകരണ സംഘങ്ങളിലൂടെ പരിപോഷിപ്പിക്കാവുന്നവയാണ്.

## വനിതാ സഹകരണ സംഘങ്ങൾ

വനിതാ സഹകരണ സംഘങ്ങൾ പഞ്ചായത്തിൽ നിലവിലില്ല. എന്നാൽ ഇവിടെ സ്ത്രീകളുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക ഉന്നമനത്തിന് ഇവ അനിവാര്യമാവുന്ന സംരംഭങ്ങൾ ഇവയാണ്. ടെയിലറിംഗ്, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, അച്ചാർ, സ്ക്വാഷ് നിർമ്മാണം, പഴം അച്ചാർപൊടി, കറിപൗഡർ നിർമ്മാണം, ബുക്ക് ബൈൻഡിംഗ്, നാരുകൊണ്ടുള്ള ഉപകരണ നിർമ്മാണം, സ്കൂൾ ബാഗ് നിർമ്മാണം, ക്രിസ്തുമസ് ന്യൂ ഇയർ കാർഡ് നിർമ്മാണം, കരകൗശലവസ്തുക്കളുടെ നിർമ്മാണം ഇവ ഉല്ലാസപ്രദവും ഉത്പാദനക്ഷമവുമാണ്. വനിതകളെ സ്വയം പര്യാപ്തതയിലേക്കു നയിക്കുന്ന ഈ സംരംഭങ്ങൾ പഞ്ചായത്തിന്റെ സജീവമായ പരിഗണനയിൽ വരേണ്ടതാണ്.

## സഹകരണ സ്റ്റോറുകൾ

സ്ഥിരമായി പ്രവർത്തിക്കുന്ന സഹകരണ സ്റ്റോറായി മാനന്തവാടി ഗവ:കോളേജ് സഹകരണ സ്റ്റോർ മാത്രമാണുള്ളത്. വിദ്യാർത്ഥികൾക്ക് കുറഞ്ഞ നിരക്കിൽ നോട്ട് ബുക്കുകൾ പുസ്തകങ്ങൾ തുടങ്ങി മറ്റനവധി അത്യാവശ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിൽ ഈ സ്റ്റോർ സ്തുത്യർഹമായ സേവനമാണ് ചെയ്യുന്നത്. (Reg. No. D/31)സഹകരണ സംഘങ്ങളോടനുബന്ധിച്ച് ഓണാഘോഷവേളയിൽ സഹകരണ സ്റ്റോറുകൾ പ്രവർത്തിക്കാറുണ്ട്. ആശാവഹമായ ഈ സംരംഭം മറ്റവസരത്തിൽക്കൂടി ലഭ്യമാക്കേണ്ടതാണ്. കുറഞ്ഞ വിലക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കേണ്ടതാണ്. കുറഞ്ഞ വിലക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്ന സഹകരണ സ്റ്റോറുകൾ പഞ്ചായത്തിന്റെ അടി

യന്തിരാവശ്യമാണ്. കർഷകർ ഉത്പാദിപ്പിക്കുന്ന പഴം പച്ചക്കറി തുടങ്ങിയവ ശേഖരിച്ച് നടത്തുന്ന പൊതുവിതരണം കച്ചവടക്കാരുടെ ചൂഷണത്തിൽ നിന്നും സാധാരണ ജനങ്ങളെ രക്ഷിക്കുന്ന മഹനീയ പദ്ധതി തന്നെയാവും.

## ലേബർ കോൺട്രാക്ട് സൊസൈറ്റി

സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തിൽ ഒരു ലേബർ കോൺട്രാക്ട് സൊസൈറ്റി സ്ഥാപിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിന്റെ നിർമാണ പ്രവർത്തനങ്ങളിൽ കോൺട്രാക്ടർമാർ കാണിക്കുന്ന അഴിമതി, പക്ഷപാതം വഞ്ചന ഇവയൊഴിവാക്കാൻ ഇതുകൊണ്ട് കഴിയും.

## ഭവന നിർമ്മാണ സഹകരണ സംഘം.

പഞ്ചായത്തിന്റെയും സർക്കാരിന്റെയും ഭവന നിർമ്മാണ പദ്ധതികൾ നമുക്കിന്ന് അപര്യാപ്തമാണ്. പഞ്ചായത്തിലെ നിർധന വിഭാഗത്തിന്റെ വീട് എന്ന സ്വപ്നസാക്ഷാത്കാരത്തിനായി പഞ്ചായത്ത് തല വിഭവസമാഹരണവും വിതരണവും കാലഘട്ടത്തിന്റെ ആവശ്യമായി മാറിയിരിക്കുന്നു. പഞ്ചായത്തിൽ നിന്നനുവദിക്കുന്ന വീടുകളുടെ ചിലവു കുറഞ്ഞ നിർമിതി ഇവർക്ക് മാർഗ്ഗ നിർദ്ദേശം നൽകാവുന്നതാണ്.

## എടവക പഞ്ചായത്ത് സഹകരണമേഖലയിലെ ആവശ്യങ്ങളും നിർദ്ദേശങ്ങളും.

1. നല്ലൂർനാട് സഹകരണ ബാങ്കിലെ ഉദ്യോഗസ്ഥരുടെ എണ്ണം ആനുപാതികമായി വർധിപ്പിക്കുക.

2. ഈ ബാങ്കിലൂടെ ദീർഘകാല വായ്പകൾ വിതരണം ചെയ്യുക. ഭവനനിർമ്മാണ വായ്പകൾ നൽകുന്നതിനുള്ള തന്ത്രങ്ങൾ ആവിഷ്ക്കരിക്കുക

3. പട്ടികജാതി പട്ടികവർഗ്ഗ വായ്പകളുടെ തുക വർദ്ധിപ്പിക്കുക.

4. നല്ലൂർനാട്, എടവക സഹകരണസംഘങ്ങളുടെ മേൽനോട്ടത്തിൽ പുതിയ വളം ഡിപ്പോകൾ ആരംഭിക്കുക.

5. പാലുൽപാദനം വർദ്ധിപ്പിക്കാൻ ക്ഷീരോത്പാദകസഹകരണസംഘങ്ങൾ മെമ്പർമാർക്ക് ബോധവൽക്കരണം നടത്തുക. കാലിത്തീറ്റ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുക.

6. ലളിതമായ ക്ഷീരോത്പന്ന നിർമ്മാണത്തിൽ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് പരിശീലനം നൽകുക.

7. ഗ്രൂപ്പ് ഫാമിംഗ് സൊസൈറ്റികൾ കാര്യക്ഷമമാക്കുക.

8. വനിതാ സഹകരണ സംഘങ്ങൾ സ്ത്രീ പ്രാതിനിധ്യത്തിനനുസൃതമായി സ്ഥാപിക്കുക.

9. പശു വളർത്തലിന്റെ സെൻസസ് അനുസരിച്ച് ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ ആവശ്യാനുസരണം സ്ഥാപിക്കുക.

10. എല്ലാ സഹകരണ സ്ഥാപനങ്ങളോടുമനുബന്ധിച്ച് സഹകരണ സ്റ്റോറുകൾ സ്ഥാപിക്കുക.

12. സഹകരണ ബാങ്കുകൾക്ക് കമ്മന അയിലമൂല ബ്രാഞ്ചുകൾ സ്ഥാപിക്കുക.

13. കാർഷികോൽപ്പന്ന സംഭരണ വിതരണ സംസ്കരണ സംഘങ്ങൾ അനുയോജ്യമായ രീതിയിൽ സ്ഥാപിക്കുക.

14. പഴം പച്ചക്കറി സംസ്കരണ സംഘങ്ങൾ, വനിതാസഹകരണ സംഘങ്ങൾ ദ്വാരക, കമ്മന, കല്ലോടി, തോണിച്ചാൽ ഇവിടങ്ങളിൽ സ്ഥാപിക്കുക, കൂൺകൃഷി പ്രോത്സാഹിപ്പിക്കുക.

15. മൃഗവളർത്തൽ കോഴിവളർത്തൽ സംഘങ്ങൾ എല്ലാ വാർഡിലും ഓരോന്നു വീതം സ്ഥാപിക്കുക.

16. റബ്ബറുല്പന്ന സഹകരണ സംഘം കല്ലോടി കേന്ദ്രമാക്കി സ്ഥാപിക്കണം.

17. സഹകരണ വിത്തുസംഭരണ കേന്ദ്രം നേഴ്സറി ഇവ ആവശ്യാനുസരണം സ്ഥാപിക്കുക.

18. ട്രാൻസ്പോർട്ടു സൊസൈറ്റി, സഹകരണാശുപത്രി ഇവ യഥാക്രമം ദ്വാരക, കല്ലോടി എന്നിവിടങ്ങളിൽ ആരംഭിക്കുക.

19. sc/st സഹകരണ സംഘം എള്ളുമന്ദത്ത് ആരംഭിക്കുക.

20. കാലിത്തീറ്റ, ജൈവവള നിർമ്മാണ കേന്ദ്രം എള്ളുമന്ദത്ത് തുടങ്ങുക.

ജനകീയാസൂത്രണ പ്രക്രിയയുടെ പ്രസക്തി മനസ്സിലാക്കിയ ഒരു പ്രബുദ്ധ ജനതയുടെ സമഗ്രമായ ചർച്ചയിലൂടെ ഉരുത്തിരിഞ്ഞ ആശയങ്ങളാണ് ഇവിടെ റിപ്പോർട്ട് രൂപത്തിൽ ക്രോഡീകരിച്ചിട്ടുള്ളത്. സഹകരണത്തിലൂടെ മാത്രം സമ്പന്നമാക്കുന്ന പുരോഗതിയുടെ ആവിഷ്ക്കാരത്തിൽ നമുക്ക് ജാതി, മത, വർഗ്ഗ, വർണ്ണ, രാഷ്ട്രീയ ചിന്തകൾക്കതീതമായി ഒരുമിക്കാം. 9 ാം പദ്ധതി സമ്പന്നതയുടെ സ്വപ്ന സാക്ഷാത്കാരത്തിന്റെ ഒരു നല്ല നാളെയെ നമുക്ക് സമ്മാനിക്കുമെന്ന് പ്രത്യാശിക്കാം.

ശുഭം



# വിഭവസമാഹരണം

**പ**ഞ്ചായത്തിന്റെ വിഭവസമാഹരണ മേഖല പൊതുവിൽ ശുഷ്കമാണ്. പ്രസ്തുത മേഖലയിൽ കൂടുതൽ ശ്രദ്ധപതിയേണ്ടത് അനിവാര്യമത്രേ. കൃഷി, വ്യവസായം, മനുഷ്യപ്രയത്നം, ടൂറിസം എന്നീ മേഖലകൾക്ക് ഊന്നൽ നൽകിയുള്ള വിഭവസമാഹരണ മാർഗങ്ങൾ കണ്ടെത്തേണ്ടതുണ്ട്. എങ്കിൽ മാത്രമെ പഞ്ചായത്തിന് സർക്കാർ ഗ്രാന്റുകളെ മാത്രം ആശ്രയിക്കുന്ന സ്ഥിതിയിൽ നിന്ന് മുന്നോട്ട് പോകാനാവൂ. ഗ്രാന്റുവിതരണത്തിലെ കാലതാമസം വികസന പ്രക്രിയക്കു വിലങ്ങുതടിയാകുന്നതിനാൽ സർക്കാർ, പ്രത്യേകിച്ചും വാഹനനികുതി, സ്റ്റാമ്പ് ഡ്യൂട്ടി മുതലായവ പിരിക്കുന്ന മേഖലയിൽ വെച്ചുതന്നെ പഞ്ചായത്തിന് കൈമാറാനുള്ള അവസരം ഉണ്ടാക്കണം. ഇതു നിമിത്തം കാര്യക്ഷമവും സുതാര്യവുമായ ഫണ്ടു വിനിയോഗത്തിന് അവസരമൊരുക്കും.

പഞ്ചായത്തിൽ കൃഷിക്ക് പ്രാമുഖ്യമുണ്ടെങ്കിലും, കാർഷിക മേഖലയിലെ അസംതുലിതാവസ്ഥയും, അനാകർഷകത്വവും, തളർച്ചയും നിമിത്തം ഈ മേഖലയിൽ നിന്നും എടുത്തു പറയാവുന്ന വിഭവസമാഹരണം അസാദ്ധ്യമാവുന്നു.

വൻകിട വ്യവസായ സ്ഥാപനങ്ങൾ ഇല്ല തന്നെ, ചെറുകിട വ്യവസായങ്ങളും, കുടിൽ വ്യവസായങ്ങളും പേരിനുമാത്രം. ഈ രംഗത്തു വേണ്ട പ്രോത്സാഹനം നൽകിയാൽ വിഭവസമാഹരണത്തിനുള്ള സാദ്ധ്യത ഏറെയാണ്.

വിദേശത്തു ജോലിചെയ്യുന്നവർ 262 പേർ ഉണ്ടെങ്കിലും, ഉയർന്ന സാമ്പത്തിക നില കൈവരിച്ചവർ വളരെ കുറവായതിനാൽ എൻ.ആർ.ഐ വിഭവ സമാഹരണം മെച്ചമല്ല.

**വിദേശത്ത് ജോലിചെയ്യുന്നവരുടെ പട്ടിക – വാർഡ് അടിസ്ഥാനത്തിൽ**

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|---|
| എണ്ണം | 22 | 30 | 33 | 24 | 35 | 5 | 30 | 20 | 40 | 19 | 4 |

(അവലംബം പഞ്ചായത്ത് സാമൂഹ്യ സാമ്പത്തിക സർവേ-96)

**വിഭവസമാഹരണം (എടവക പഞ്ചായത്ത്) വരുമാനത്തിലെ വ്യതിയാനം**

| ക്രമനമ്പർ | ഇനം | 1991-92 | 1995-96 | വ്യത്യാസം | ശതമാനം |
|---|---|---|---|---|---|
| 1. | തനത് വരുമാനം | 13,50,876.47 | 17,35,595.44 | 3,84,718.97 | 28% |
| a. | കെട്ടിടി നികുതി | 115504.95 | 146273.00 | 20768.05 | 27% |
| b. | വിനോദ നികുതി | – | – | – | – |
| 2. | ഉപാധിരഹിത ഫണ്ട് | 74,460.00 | 1,33,651.00 | 59,191.00 | 79% |
| 3. | ജെ.ആർ.വൈ | 5,66,419.00 | 7,72,880.00 | 2,06,461.00 | 36% |
| 4. | ഗ്രാന്റുകൾ – സംഭാവനകൾ | 3,78,898.00 | 5,32,504.00 | 153606.00 | 46% |

വിഭവസമാഹരണം മെച്ചപ്പെടുത്തുന്നതിനായി നിലവിലുള്ള നികുതികൾ യുക്തി സഹമാക്കുകയും, മുഴുവൻ നികുതിദായകരും പഞ്ചായത്തിന് നികുതി നൽകുക വഴി വികസന പ്രവർത്തനങ്ങളിൽ ഭാഗക്കാരാവുകയും ചെയ്താൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും.

പഞ്ചായത്തിന്റെ വിഭവ സമാഹരണത്തിന് പ്രയോജനപ്രദമാവുന്ന ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. വരുമാനമുള്ള എല്ലാവരിൽ നിന്നും നികുതി പിരിക്കാൻ കഴിയണം.

2. നികുതിദായകന് നികുതി ഒരു ഭാരമായി തീരരുത്. അതിനാൽ വരുമാനത്തിന്റെ ചെറിയ ഒരു ഭാഗം മാത്രമെ നികുതിയായി പാടുള്ളൂ. ആ സാഹചര്യത്തിൽ എല്ലാവരും നികുതി കൊടുക്കാൻ താത്പര്യമുള്ളവരാകും.

3. നികുതി കൊടുക്കുന്നതു വഴി തങ്ങളും പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കുചേരുകയാണെന്നുള്ള ബോധം ജനങ്ങളിൽ ഉണ്ടാക്കിയെടുക്കണം.

4. നികുതി പിരിവിന്റെ നേതൃത്വമേറ്റെടുക്കാൻ വാർഡു മെമ്പറും, വാർഡ് വികസന സമിതിയും തയ്യാറാവണം.

5. പഞ്ചായത്തിന്റെ പ്രധാനഭാഗങ്ങളിൽ ക്യാമ്പുചെയ്ത് നികുതി പിരിവിനുള്ള സംവിധാനം ഏർപ്പെടുത്തണം.

6. കണക്കുകൾ കൃത്യമായി സൂക്ഷിക്കാനും, അത് ജനങ്ങളെ ബോധ്യപ്പെടുത്താനുമുള്ള സംവിധാനം പഞ്ചായത്താഫീസിൽ ഉണ്ടാക്കണം.

## കെട്ടിട നികുതി

നിലവിലുള്ള നികുതി കണക്കാക്കൽ കുറ്റമറ്റതല്ല. ഒരേ രീതിയിലുള്ള വീടുകൾക്ക് ഒരേ രീതിയിലെ നികുതി ഈടാക്കാൻ പാടുള്ളൂ. വീട് നിർമ്മാണത്തിലെ അനാവശ്യ ധൂർത്ത് ഒഴിവാക്കാൻ സ്ളാബ് സമ്പ്രദായം നടപ്പാക്കാവുന്നതാണ്. വീടിന് നികുതി എങ്ങനെ ചുമത്തി എന്ന വിവരം വീട്ടുടമയെ ബോധ്യപ്പെടുത്തേണ്ട ബാധ്യത അധികൃതർക്കുണ്ട്. വീടുകളല്ലാത്ത കെട്ടിടങ്ങൾക്ക് പ്രതിമാസ വാടകയുടെ അടിസ്ഥാനത്തിൽ നികുതി ഈടാക്കാവുന്നതാണ്. നികുതി പിരിവിലെ അഴിമതി കുറയ്ക്കാൻ ഒരു അസ്സസ്സ്മെന്റ് കമ്മിറ്റി പഞ്ചായത്തിൽ രൂപീകരിക്കുന്നത് നല്ലതാണ്. അതിൽ പ്രസിഡണ്ട്, വൈസ്പ്രസിഡണ്ട്, മൂന്നിൽ കുറയാത്ത നിഷ്പക്ഷമതികൾ എന്നിവർ അംഗങ്ങളായിരിക്കണം.

## തൊഴിൽ നികുതി

പഞ്ചായത്തിലെ വിരലിലെണ്ണാവുന്ന സർക്കാർ ഓഫീസുകളിലും, എയിഡഡ് വിദ്യാലയങ്ങളിലും ജോലി ചെയ്യുന്നവരിൽ നിന്നു മാത്രമെ തൊഴിൽ നികുതി ലഭിക്കുന്നുള്ളൂ. തൊഴിൽ ചെയ്യുന്ന മുഴുവൻ പേരും തൊഴിൽ നികുതി നൽകേണ്ടതാണ്. പഞ്ചായത്തിലെ മുഴുവൻ തൊഴിലാളികളെയും ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതിയിൽ കൊണ്ടുവരുകയും അംഗത്വമുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയും ചെയ്യാം. ഇതിൽ നിർമ്മാണ തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ എന്നിവരെയെല്ലാം ഉൾപ്പെടുത്താവുന്നതാണ്.

## വിനോദ നികുതി

വിനോദനികുതിയിനത്തിൽ പഞ്ചായത്തിന്റെ വരുമാനം നിലവിൽ ഒന്നും തന്നെയില്ല. വിഭവ സമാഹരണത്തിനു ഏറ്റവും അനുയോജ്യമായ മേഖലയാണെന്നതിനാൽ, ഈ രംഗത്ത് കൂടുതൽ

പ്രോത്സാഹനം പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവണം. പാണ്ടിക്കടവിൽ നിർമ്മിക്കുന്ന സിനിമാ തിയേറ്ററിന്റെ പണി പൂർത്തീകരിക്കുന്നതോടെ വിനോദനികുതി വരവ് ഇനത്തിൽ പഞ്ചായത്തിന് ചുവടുറപ്പിക്കാൻ കഴിയും. ഇതുകൂടാതെ ദ്വാരകയിൽ ഒരു സിനിമാ തിയേറ്റർ, ഒരു ക്രിക്കറ്റ് ഗ്രൗണ്ട്, ഒരു കമ്മ്യൂണിറ്റി ഹാൾ എന്നിവയ്ക്ക് സാദ്ധ്യതയുള്ളതിനാൽ അതിനുള്ള ശ്രമം പഞ്ചായത്ത് നടത്തുകയും അതുവഴി വിനോദ നികുതി വരവ് കണ്ടെത്താവുന്നതുമാണ്. ഇതിനു പുറമെ പാണ്ടിക്കടവ് മുതൽ ചങ്ങാടക്കടവ് വരെയുള്ള പ്രദേശത്ത് പുഴമ്പുറമ്പോക്കു ഭൂമി സ്വകാര്യ വ്യക്തികൾക്ക് ലീസിനു നൽകി അമ്യൂസ്മെന്റ് പാർക്കുകൾ സ്ഥാപിച്ചാൽ രണ്ടുവിധത്തിൽ പഞ്ചായത്തിനു മെച്ചമുണ്ടാക്കാം. ഒന്ന് ലീസ് ഇനത്തിലുള്ള വരുമാനം, മറ്റൊന്ന് വിനോദ നികുതി ഇനത്തിൽ.

## ഷോപ്പിങ്ങ് കോംപ്ളക്സ്

പഞ്ചായത്തിലെ കല്ലോടി, ദ്വാരക, തോണിച്ചാൽ എന്നീ പ്രദേശങ്ങളിൽ ഗ്രാമവികസന ബോർഡിന്റെ സഹായത്താൽ ഓഫീസ് കം ഷോപ്പിങ്ങ് കോംപ്ളക്സ് നിർമ്മിച്ച് അതിൽ നിന്നും കിട്ടുന്ന വരുമാനം പഞ്ചായത്തിന് മുതൽ കൂട്ടാവുന്നതാണ്. ഇതിനുപുറമെ ദ്വാരകയ്ക്കും, നാലാം മൈലിനും മധ്യേ ബസ്സ്റ്റാന്റ് കം ഷോപ്പിംങ്ങ് കോപ്ളക്സ് നിർമ്മിച്ചാൽ പഞ്ചായത്തിന് നല്ല വരുമാനമുണ്ടാക്കാം.

## ഗ്രാമചന്ത, മത്സ്യ, മാംസ മാർക്കറ്റ്

പഞ്ചായത്തിലെ പാണ്ടിക്കടവിൽ ഒരു ആഴ്ച ചന്തയും, മത്സ്യ-മാംസ മാർക്കറ്റും നിർമ്മിച്ചാൽ നല്ലൊരു വരുമാന മാർഗ്ഗമായി. ആഴ്ചച്ചന്ത മൂലം കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് പരമാവധി വില ലഭിക്കുവാനും ഇടയാകും.

പാണ്ടിക്കടവിൽ തന്നെ ആധുനിക രീതിയിൽ മൃഗങ്ങളെ അറുത്ത് മാംസവിതരണം ചെയ്യുന്നതിനുള്ള സ്ളോട്ടർ ഹൗസ് ഉണ്ടാക്കുകയും, അതിന്റെ വില്പന സ്റ്റാളുകൾ മൂളിത്തോട്, കല്ലോടി, രണ്ടേനാല്, പാണ്ടിക്കടവ്, ദ്വാരക, കുരിശിങ്കൽ, ഈസ്റ്റ് പാലമുക്ക് എന്നിവിടങ്ങളിൽ നിർമ്മിച്ച് ഓരോ സാമ്പത്തിക വർഷത്തേക്ക് ലേലം ചെയ്തുകൊടുക്കുകയും ചെയ്താൽ പഞ്ചായത്തിന് നല്ലൊരു ധനമാർഗ്ഗം എന്നതിലുപരി ജനങ്ങൾക്ക് നല്ലമാംസം കിട്ടുന്നതിന് ഉപകരിക്കുകയും ചെയ്യും. പാണ്ടിക്കടവിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന കന്നുകാലിച്ചന്തയിൽ നിന്നും ഈടാക്കുന്ന തുക പരിഷ്കരിച്ചാൽ കൂടുതൽ മെച്ചമായിരിക്കും.

## കച്ചവട ലൈസൻസ്

പഞ്ചായത്തിലെ കച്ചവട സ്ഥാപനങ്ങളുടെ ലൈസൻസ് ഫീ ഇനത്തിൽ 1995-96 ൽ പിരിഞ്ഞത് 13222 രൂപയാണ്. ഇതിൽ നിന്നു തന്നെ പഞ്ചായത്തിലെ മുഴുവൻ കച്ചവടക്കാരെയും നികുതി കൊടുക്കുന്നവരാക്കാൻ കഴിഞ്ഞിട്ടില്ല എന്നു മനസ്സിലാക്കാം. കച്ചവടം തുടങ്ങുന്നതിനു മുമ്പ് തന്നെ ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്. പഞ്ചായത്തിൽ ശരിയാം വിധം ഇത് നിർവ്വഹിക്കപ്പെടുന്നില്ല. എല്ലാ വാർഡുകളിലും ചെറുതും വലുതുമായ കച്ചവട സ്ഥാപനങ്ങളുടെ സർവ്വേ നടത്തുകയും ഒരു ലിസ്റ്റ് തയ്യാറാക്കി ലൈസൻസ് ഫീ ഈടാക്കുകയും, തൊഴിൽ നികുതി ഏർപ്പെടുത്തുകയും ചെയ്യാം.

## ടൂറിസം

പഞ്ചായത്തിൽ ടൂറിസം വികസനത്തിന് ഏറെ സാദ്ധ്യതകൾ ഉണ്ട്. മാനന്തവാടിപുഴ ഏകദേശം 20 കിലോമീറ്ററോളം ഈ പഞ്ചായത്തിലൂടെയാണ് ഒഴുകുന്നത്. സ്പീഡ് ബോട്ട് സർവ്വീസ്, ബോട്ട് ഹൗസുകൾ, ബോട്ട് റസ്റ്റാറന്റുകൾ, സ്കൂബ ഡൈവിംഗ്, ഫിഷിംങ്ങ് തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയാൽ പഞ്ചായത്തിന് പലതരം പ്രയോജനങ്ങൾ ലഭിക്കും. പ്രത്യേകിച്ചും വിനോദനികു

തിയിനത്തിൽ. ഇവക്കു പുറമെ ചങ്ങാടക്കടവിൽ നിന്നും മാനന്തവാടി പാർക്കിലേക്ക് സ്വകാര്യ മേഖല യിൽ റോപ്പ്വേ സംവിധാനം ഏർപ്പെടുത്തി ധനമാർഗം വർധിപ്പിക്കാം.

## മണൽ വാരൽ

സമൃദ്ധമായ പുഴയോരം ഉള്ളതിനാൽ മണൽ ലേലം ചെയ്യുന്ന വകയിൽ പഞ്ചായത്തിന് നല്ലൊരു തുക വരുമാനമായി ലഭിക്കുന്നുണ്ട്. 1995-96 വർഷത്തിൽ 180600 രൂപ മണൽലേലം വകയിൽ ലഭിച്ചിട്ടുണ്ട്. പക്ഷെ ഇതിനൊരു ദോഷ വശവുമുണ്ട്. സ്വകാര്യ മേഖലയ്ക്ക് ലേലം കിട്ടുന്നതിനാൽ മണൽ വാരലിന്റെ അളവ് തിട്ടപ്പെടുത്താനും, നിയന്ത്രിക്കാനും കഴിയുന്നില്ല. അതിനാൽ മണൽ വാരൽ തൊഴിലാളികളുടെ സഹകരണ സംഘമുണ്ടാക്കി മണൽ വാരൽ അവരെ ഏല്പിച്ചാൽ അനിയന്ത്രിത മായ മണൽ വാരൽ നിയന്ത്രിക്കാനും, ഇടത്തട്ടുകാരുടെ ചൂഷണം അവസാനിപ്പിക്കാനും, പഞ്ചായ ത്തിന് വരുമാനം കൂട്ടാനും കഴിയും. മണൽ വാരൽ മൂലം പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. അത്തരം പ്രദേശത്ത് പ്രത്യേകിച്ചും പുഴയോരത്ത് മുള, ഓട എന്നിവ വ്യാപകമായി നട്ടുപിടിപ്പിക്കു ന്നത് ഗുണകരമായിരിക്കും. ഭാവിയിൽ പഞ്ചായത്തിന് വരുമാനമായി ഭവിക്കുകയും ചെയ്യും.

## സേവിങ്ങ്സ് സ്കീം

പഞ്ചായത്തിൽ നിന്നും പിരിച്ചെടുക്കുന്ന ഇന്ദിരാവികാസ് പത്രയുടെ 15മുതൽ25 ശതമാനം വരെ അതാതു പഞ്ചായത്തിനു കിട്ടുന്ന ഒരു വ്യവസ്ഥയുണ്ട്. ഇതു പരമാവധി പ്രയോജനപ്പെടുത്തി പഞ്ചായത്ത് ഭരണസമിതിയും ഗ്രാമസഭകളും ചേർന്ന് പഞ്ചായത്തിൽ നിന്നും പരമാവധി സമ്പാദ്യ നിക്ഷേപം ഉണ്ടാക്കിയാൽ അതും ഒരു വരുമാനമാർഗമായി.

## ബാങ്ക്-പണമിടപാടു സ്ഥാപനങ്ങൾ

ബാങ്കുകൾ നിക്ഷേപങ്ങൾക്കനുസൃതമായി വായ്പാ വിതരണം കൂട്ടിയിട്ടില്ല, നോർത്ത് മല ബാർ ഗ്രാമീൺ ബാങ്കിന്റെ വായ്പാ വ്യവസ്ഥകൾ കൂടുതൽ സുതാര്യമാക്കേണ്ടതുണ്ട്. ഗ്രാമസഭകളൊ, പഞ്ചായത്തോ അംഗീകരിക്കുന്ന പദ്ധതികൾക്ക് വായ്പ കൊടുക്കുവാൻ ബാങ്കുകൾ തയ്യാറാകേണ്ട താണ്.

## ജനപങ്കാളിത്തം

എല്ലാ ഗ്രാമസഭാ റിപ്പോർട്ടുകളിലും മനുഷ്യവിഭവം വികസന പ്രവർത്തനങ്ങൾക്ക് സംഭാ വന ചെയ്യാനുള്ള പ്രഖ്യാപനങ്ങൾ ഉണ്ടായിട്ടുണ്ട്. മുൻകാലങ്ങളിൽ പതിനായിരം പേരെ അണിനി രത്തി റോഡുനിർമ്മാണം നടത്തിയ ചരിത്രമുള്ള പഞ്ചായത്തിന് ഇത്തരം പ്രഖ്യാപനങ്ങൾ മുതൽക്കൂ ട്ടാണ്. ഇത്തരം സേവനം ലഭ്യമാക്കിക്കൊണ്ട് മഴക്കാലത്തിനു മുൻപുതന്നെ ചെറിയ റോഡുകളുടെ അറ്റകുറ്റ പണികൾ നിർവ്വഹിക്കേണ്ടതാണ്.

## ചെലവ് ഇനം

പഞ്ചായത്ത് ഫണ്ടിന്റെ ഭീമമായ ഭാഗം പ്രത്യുല്പാദന പരമല്ലാത്ത മേഖലയിലാണ് ചെലവ ഴിക്കുന്നത്. പ്രത്യേകിച്ചും റോഡുകളുടെ അറ്റകുറ്റ പണികൾക്ക്. ഈ അവസ്ഥക്ക് മാറ്റമുണ്ടായേ തീരൂ.

### ചെലവ് ഇനങ്ങൾ

| ഇനം | 1991–92 | 1992–93 | 1993–94 | 1994–95 | 1995–96 |
|---|---|---|---|---|---|
| ഭരണം | 265,000.00 | 296265.27 | 298317.81 | 341103.88 | 453541.90 |
| പൊതുമരാമത്ത് | 699207.00 | 363292.00 | 773945.00 | 706487.00 | 999016.50 |
| വിദ്യാഭ്യാസം | 56315.70 | 9784.95 | 9323.10 | 5687.20 | 2627.80 |
| തെരുവുവിളക്ക് | 15972.00 | 15972 | 15972.00 | 15972.00 | 15972.00 |

ജനക്ഷേമപ്രവർത്തനങ്ങൾ ജനകീയ സമിതികളുടെ ഉത്തരവാദിത്വത്തിലും, പഞ്ചായത്തുതലത്തിലുള്ള കരാറു പണികൾ ജനകീയ കമ്മിറ്റികൾ വഴിയും നടപ്പിലാക്കിയാൽ കരാറ് സമ്പ്രദായം നിർത്തലാക്കാനും അതുവഴി അഴിമതിയും, ഉദ്യോഗസ്ഥ മേധാവിത്വവും ഇല്ലാതാക്കാനും കഴിയും മേൽപറഞ്ഞവയെല്ലാം പഞ്ചായത്തിന്റെ വിഭവ സമാഹരണ യജ്ഞത്തിന് ആക്കം കൂട്ടുകയും തദ്വാരാ പുതിയൊരു വികസന സംസ്കാരത്തന് നാന്ദി കുറിക്കുവാനും കഴിയും.

ശുഭം

# പിന്നുര

**“നി**രന്തര യുദ്ധവും ആക്രമണവുമാണ് ചരിത്രത്തിൽ രേഖപ്പെടുത്തിയതെന്നതിൽ ഞാൻ ഖേദിക്കുന്നു.” എന്ന് പറഞ്ഞത് ഗാന്ധിജിയാണ്. മുൻതാളുകളിൽ വീണ് കിടക്കുന്ന അക്ഷരങ്ങളും ചരിത്രമാണ്. യുദ്ധരഹിതവും സൃഷ്ടിന്മുഖവുമായ ചരിത്രമാണിത്. എടവക പഞ്ചായത്തിന്റെ ചരിത്രം. കടന്ന് പോന്ന വഴികളും തീയും തണ്ണീർപന്തലുകളും തിരിഞ്ഞ് നിന്ന് നോക്കുന്ന മിഴിയാണത്. നടന്ന് പോകാനുള്ള വഴിയിലേക്ക് തൊടുത്ത് നിൽക്കുന്ന ചൂണ്ട് വിരലാണത്.

ഈ താളുകൾ ഒമ്പതാം പദ്ധതിയിലേക്കും തുടർ നടപടികളിലേക്കുമാണ് കേന്ദ്രീകരിക്കുന്നത്. ശാഖകൾ വേരുകളാക്കപ്പെട്ടൊരു ആസൂത്രണ വികസന സമ്പ്രദായത്തിന് ഭദ്രമായ ബദൽ നൽകുന്നതിലൂടെ ജനതയുടെ ആത്മവിശ്വാസവും ക്രിയാശേഷിയും വളർത്താൻ കഴിയും എന്നാണിവിടുത്തെ കാഴ്ചപ്പാട്. ’97 ഏപ്രിൽ മുതലാരംഭിക്കുന്ന പദ്ധതിക്കാലത്ത് 73 ലക്ഷത്തോളം രൂപ പഞ്ചായത്തിന് ലഭ്യമാകും എന്നതാണ് ധനവിഭവപരമായി ഈ പരിപാടിയുടെ അടിസ്ഥാനം.

മുൻ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ ഇതൊരു സന്തോഷകരമായ സാമ്പത്തിക നിലയാണെങ്കിലും ആവശ്യങ്ങളുമായി തട്ടിച്ച് നോക്കുമ്പോൾ തുലോം നിസ്സാരമാണെന്ന് കാണാം. ഇവിടെയാണ് വികസന രാഷ്ട്രീയവും കൈമെയ് മറന്നുള്ള ഐക്യവും പ്രകടമാകേണ്ടത്. നീരിലാഴുന്നവന്റെ നേർക്കുള്ള കുതിപ്പ് പോലെ കായികമായും ബൗദ്ധികമായുമുള്ള ഇടപെടലുകൾ അനിവാര്യമാണെന്നർത്ഥം.

അടിസ്ഥാനമുള്ള സ്വപ്നങ്ങളെഴുതിയ ഈ വികസനരേഖ നമ്മുടെ പഞ്ചായത്തിന്റെ മനസ്സിൽ ജീവിക്കുകയും കൈയ്യിൽ വളരുകയും വേണം. സങ്കുചിതത്വങ്ങളിലേക്കും കളങ്ങളിലേക്കും നീങ്ങാതെ ഈ നക്ഷത്രങ്ങളെ വിരലാൽ തൊട്ട് നിൽക്കാൻ കഴിയുമെന്ന് പ്രത്യാശിക്കാം. ഈ വികസനരേഖയുടെ തയ്യാറാക്കലിലും അതിനാവശ്യമായ പഠന-മനനങ്ങളിലും സഹകരിച്ച എല്ലാ സുമനസ്സുകൾക്കും നന്ദിയർപ്പിക്കുന്നു.

**– എഡിറ്റർ**

# വികസന രേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

## സാമൂഹിക-സാംസ്കാരിക ചരിത്രം

സി.ടി. അബ്രാഹം മാസ്റ്റർ — സൈനുദ്ദീൻ മാസ്റ്റർ കാഞ്ഞായി

വി.എ വേലുക്കുട്ടി — ത്രേസ്യാമ്മാ ബേബി

## കൃഷിയും ജലസേചനവും

പി.കെ സുരേഷ് — തോമസ് വന്മേലിൽ

പുന്നാംതടത്തിൽ ബാബു — ത്രേസ്യ കെ. എ

## മൃഗസംരക്ഷണവും മത്സ്യബന്ധനവും

സി. എച്ച്. ഇബ്രാഹിം — ഡോ. എസ്. ആർ പ്രഭാകരൻ പിള്ള

കെ.ടി അഷറഫ് — സി.യു തോമസ്

## വ്യവസായം

തോമസ് അാക്കാന്തിരി — ഇല്ലിക്കൽ തോമസ്

എസ്. ശിവദാസൻ — ജ്യോതി ബാസു

## വിദ്യാഭ്യാസം

വി.പി ബാലചന്ദ്രൻ മാസ്റ്റർ — ബ്രാൻ പോക്കർ

കെ.പി അസീസ് മാസ്റ്റർ — ടി. സുകുമാരൻ

കെ. എസ് കല്യാണ കൃഷ്ണൻ

## വിഭവ സമാഹരണം

എം.എ വാഹിദ്മാസ്റ്റർ — എച്ച്.ബി പ്രദീപ് മാസ്റ്റർ

നസീർ തിണ്ടുമ്മൽ — പി. സി മൊയ്തു

## കുടിവെള്ളവും പൊതുജനാരോഗ്യവും

ജോയ് മാത്യു — ഒ. കെ രവി

കെ.ടി പ്രകാശൻ — മുട്ടത്തിൽ മാത്യു

## ഗതാഗതം ഊർജ്ജം, മാർക്കറ്റ്

തോട്ടുങ്കൽ ഉസ്മാൻ — ജസ്റ്റിൻ ബേബി

ലില്ലിതോമസ് — സി.എച്ച് അബ്ദുൽ അസീസ്

## പാർപ്പിടവും സാമൂഹ്യക്ഷേമവും

സിന്ധു കുഴിവേലിൽ — മേരി ജോസ് പ്രകാശ്

കെ. ഉണ്ണികൃഷ്ണൻ — ടി. എ തോമസ്

## സംസ്കാരം

| | |
|---|---|
| കെ. എൽ ശശി | കെ. യു ജോർജ്ജ് |
| മേരി കടകേലിൽ | ലീലാ കൃഷ്ണൻ |
| പി. ഐ ജോർജ്ജ് | |

## വനിതാ ക്ഷേമം

| | |
|---|---|
| കെ. എം ലില്ലിക്കുട്ടി ടീച്ചർ | ജോൺസൺ ജോസഫ് |
| മോളിടോമി | ഒ.ടി രാമദാസ് |
| പി. എ. ജോസഫ് | |

## സഹകരണ മേഖല

| | |
|---|---|
| അഗസ്റ്റിൻ മൂങ്ങനാനി | ജോസ് തലച്ചിറ |
| അമ്പാട്ട് മത്തച്ചൻ | എം.പി ജോസഫ് |
| എം.സി മാത്യു | സിസിലിമത്തച്ചൻ |

## പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

| | |
|---|---|
| എ. ബാലൻ | രാജൻ കൊല്ലിയിൽ |
| കെ.ജെ ജോസഫ് | സി. കെ കേളു |

## ജില്ലാ റിസോഴ്സ്പേഴ്സൺസ്

| | |
|---|---|
| ജോസ് പള്ളത്ത് | പി. കെ സുരേഷ് |
| വി.പി ബാലചന്ദ്രൻ | എച്ച്. ബി പ്രദീപ് |
| കെ. കെ മൊയ്തു | എം. എ വാഹിദ് |
| കെ. ജെ ജോസഫ് | കെ.ടി പ്രകാശൻ |
| കെ. ജെ പൗലോസ് | ജോസ് തലച്ചിറ |

## തലങ്ങ് വിലങ്ങ് പര്യടനം-പഠനസംഘം

| | |
|---|---|
| ഇ.ടി കരുണാകരൻ നായർ | എം. എ അഗസ്റ്റിൻ |
| എ. ജെ തോമസ് | രാജൻ കൊല്ലിയിൽ |
| ഇല്ലിക്കൽ തോമസ് | ലില്ലിക്കുട്ടി ടീച്ചർ |
| ജോസ് പള്ളത്ത് | സിന്ധു കുഴിവേലി |
| ജസ്റ്റിൻ ബേബി | തോമസ് വന്മേലിൽ |
| എച്ച്. ബി പ്രദീപ് | വി. പി ബാലചന്ദ്രൻ |
| പി. കെ സുരേഷ് | |

"ഇന്ത്യയുടെ ശക്തി കിടക്കുന്നത്
സൈന്യബലത്തിലല്ല, സമാധാനപ്രേമികളായ
ബഹുജനങ്ങളിലാണെന്ന് നാം അറിയണം"

